# നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്



# കേരളം



98-4

# നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്




## വാർഡുകൾ

1. കൂറ്റനാട്
2. പിലാക്കാട്ടിരി
3. വാവനൂർ നോർത്ത്
4. വാവന്നൂർ സൗത്ത്
5. നാഗലശ്ശേരി
6. കോതചിറ ഈസ്റ്റ്
7. കോതചിറ സൗത്ത്
8. കോതചിറ നോർത്ത്
9. പെരിങ്ങോട്
10. മാത്തൂർ

# പഴയ ഭരണ സാരഥികൾ



സി.കെ. നായർ



വി.പി. ആതൻകുട്ടി

# പുതിയ സാരഥികൾ



ഇരിക്കുന്നവർ: 1. പി.വി. നബീസ ടീച്ചർ 2. കെ.എം. മാധവവാര്യർ 3. കെ.പി. രാമചന്ദ്രൻ 4. കാർത്യായനി
നില്ക്കുന്നവർ: 1. കെ. ജയശ്രീ 2. എ. കുട്ടിനാരായണൻ 3. പി.കെ. മുരളീധരൻ 4. സി. നാരായണൻ
5. വി.പി രാജൻ 6. ഇ.പി. വള്ളി



കെ.പി. രാമചന്ദ്രൻ
പ്രസിഡൻറ്



പി.വി. നബീസ ടീച്ചർ
വൈസ് പ്രസിഡൻറ്



കെ.എം. മാധവ വാര്യർ
ചെയർമാൻ, സ്റ്റാൻറിംഗ് കമ്മറ്റി



**സമൂഹത്തിൽ ഏറ്റവും ദുർബലനും**
**ഭരണപങ്കാളിത്തബോധമുണ്ടാകുമ്പോഴേ**
**ജനാധിപത്യം സഫലമാവുകയുള്ളൂ.**





**മനുഷ്യസമൂഹത്തിൻെറ നന്മക്കായി മനുഷ്യൻ പണി എടുക്കുന്ന സ്ഥലമാണ് ഏറ്റവും വലിയ ക്ഷേത്രം - പള്ളി - ഗുരുദ്വാര**
**(1954-ൽ ഭംക്രാനംഗൽ ഡാം രാഷ്ട്രത്തിന് സമർപ്പിച്ച് നടത്തിയ പ്രസംഗത്തിൽ നിന്ന്.)**

**എവിടെ മാനസം നിർഭയമാകുന്നു**
**എവിടെ ശീർഷം സമുന്നതമാകുന്നു**
**എവിടെ വിജ്ഞാനം പൂർണ്ണ സ്വതന്ത്രമായ്**
**അവികലമായ് വിരാജിപ്പൂ നിത്യവും**
**മോചനത്തിൻെറ ആ സ്വർഗ്ഗരാജ്യത്തിലേ-**
**ക്കെൻെറ നാടൊന്നുരണേ!**

# ഉള്ളടക്കം


*പേജ്*

മുഖക്കുറിപ്പ് ........ 1

ഭാഗം 1 - പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലവും ഭൂപ്രകൃതിയും

ആമുഖം ........ 3

സാമൂഹിക സാംസ്കാരിക ചരിത്രം ........ 6

ഭൂപ്രകൃതിയും വിഭവങ്ങളും ........ 11

- മണ്ണ്
- ഭൂവിനിയോഗം
- ജലവിഭവം
- ജൈവസമ്പത്ത്
- മൃഗസമ്പത്ത്
- പക്ഷികൾ
- ജനപ്രകൃതി

ഭാഗം 2 - വികസനമേഖലകൾ

*പ്രഥമ മേഖല*

- കൃഷി, ജലസേചനം ........ 21
- മൃഗസംരക്ഷണം, മത്സ്യബന്ധനം ........ 30

*ദ്വിതീയ മേഖല*

- വ്യവസായം ........ 39
- ഗതാഗതം ........ 42
- ഊർജ്ജം ........ 48
- മാർക്കറ്റ് ........ 52
- വനം ........ 53

*തൃതീയ മേഖല*

- ആരോഗ്യം, കുടിവെള്ളം, ശുചിത്വം ........ 54
- വിദ്യാഭ്യാസം ........ 60
- സംസ്കാരം ........ 65
- വനിതാക്ഷേമം ........ 69
- പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം ........ 73
- പാർപ്പിടം ........ 76
- സാമൂഹ്യക്ഷേമം ........ 79
- സഹകരണം ........ 81
- വിഭവസമാഹരണം ........ 84
- ഉപസംഹാരം ........ 92

# മുഖക്കുറിപ്പ്

മഹാഭൂരിപക്ഷം വരുന്ന

സാധാരണജനം ഇന്നലെ വരെ

അധികാരത്തളങ്ങളിൽ നിന്നും ഏറെ

അകലെയായിരുന്നു. ഇന്നിതാ

അധികാരം ജനങ്ങളിലെത്തിച്ചേരുന്നു.

പരിവർത്തനത്തിൻെറ ഈ ദശാസന്ധി

യിൽ, നാഗലശ്ശേരി പഞ്ചായത്തിൻെറ

വികസനത്തിനായി നാം തീർക്കുന്ന

കൂട്ടായ്മയിൽ സ്വയം സമർപ്പിക്കാൻ

ഒത്തു ചേരൂ....



നാഗലശ്ശേരി പഞ്ചായത്ത് ഓഫീസ്



പിലാക്കാട്ടിരിയിലുള്ള
സാംസ്കാരിക നിലയം



കൂറ്റനാട് ബസ് സ്റ്റാൻഡ്

# ഭാഗം 1

# പഞ്ചായത്തിൻെറ ചരിത്ര പശ്ചാത്തലവും ഭൂപ്രകൃതിയും

## ആമുഖം

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനകാലത്തുതന്നെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും പഞ്ചായത്ത്രാജിനെക്കുറിച്ചും ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്നും അതുകൊണ്ടുതന്നെ സമ്പൂർണ ഗ്രാമസ്വരാജാണ് നമ്മുടെ ലക്ഷ്യമെന്നും ഗാന്ധിജി ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ സ്വാതന്ത്ര്യം ലഭിച്ച് ഭരണഘടനയ്ക്ക് രൂപം കൊടുക്കുന്ന അവസരത്തിൽ തദ്ദേശഭരണം ഒരു മാർഗ്ഗനിർദ്ദേശകതത്വമായി ഉൾപ്പെടുത്തുകയേ ഉണ്ടായുള്ളു. പഞ്ചായത്തുകൾക്ക് അധികാരം പകർന്നുകൊടുക്കുന്നതിനോ കാലാകാലങ്ങ ളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനോ സംസ്ഥാനങ്ങൾക്ക്യാതൊരു ഭരണഘടനാബാദ്ധ്യതയും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ മിക്ക സംസ്ഥാനങ്ങളും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താതെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥഭരണം തുടരാൻ അനുവദിച്ചു. എന്നാൽ ചില സംസ്ഥാനങ്ങളാകട്ടെ തെരഞ്ഞെടുപ്പ് നടത്തി പഞ്ചായത്ത്രാജ്സംവിധാനം നടപ്പിൽ വരുത്തി. അതിന് ഉദാഹരണങ്ങളായിരുന്നു ബംഗാളും കർണാടകവും. ഈ രണ്ട് സംസ്ഥാനങ്ങളും സംസ്ഥാന ഗവൺമെൻറിൻെറ അധികാരങ്ങളിൽ നല്ലൊരു പങ്ക് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസംവിധാനത്തിന് കൈമാറുകയും പദ്ധതിചെലവിൻെറ നല്ല ശതമാനം പഞ്ചായത്തുകൾക്കുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തു. ഇതുമൂലം അവിടങ്ങളിലെ ഗ്രാമങ്ങളിൽ ഒരു പുതിയ ഉണർവ്വും മുന്നേറ്റവും സൃഷ്ടിക്കാൻ കഴിഞ്ഞു. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് രാജീവ്ഗാന്ധി സംസ്ഥാനങ്ങളിൽ പഞ്ചായത്ത്രാജ് നടപ്പിലാക്കാൻ നിർബന്ധിക്കുമാറ് ഭരണഘടനാഭേദഗതികൾക്കുവേണ്ടി ശ്രമിച്ചത്. അന്ന് അത് നടപ്പിലായില്ലെങ്കിലും പിന്നീട് വന്ന ഗവൺമെൻറ് 1993-ൽ 73, 74 ഭരണഘടനാഭേദഗതികൾ പാസ്സാക്കിയെടുത്ത് പഞ്ചായത്ത്രാജ് സംവിധാനത്തിന് അടിത്തറ പാകി. ഇത് അനുസരിച്ച് കേരള അസംബ്ലി 1994 ഏപ്രിൽ മാസത്തിൽ പഞ്ചായത്ത്രാജ് നിയമം പാസ്സാക്കി.

1995 സെപ്തംബറിൽ ത്രിതലപഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരത്തിൽ വന്നു. പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കാത്തതുകൊണ്ടാണ് പഞ്ചായത്ത്രാജ് സംവിധാനത്തിൽ വിഭാവനംചെയ്ത അധികാരവികേന്ദ്രീകരണം പിന്നെയും നീണ്ടുപോയത്. ഈ സാഹചര്യത്തിലാണ് കേരളസർക്കാർ ഒമ്പതാംപദ്ധതിക്ക് രൂപം കൊടുക്കുവാനുള്ള പ്രവർത്തനം തുടങ്ങിവച്ചത്. കഴിഞ്ഞ പദ്ധതികളിൽനിന്നും വ്യത്യസ്തമായി ഉള്ള വിഭവം എങ്ങിനെ വിനിയോഗിക്കണമെന്നും, ഏതേതാവശ്യങ്ങൾക്ക് നീക്കിവയ്ക്കണമെന്നും, ഏതിന് മുൻഗണന നല്കണമെന്നും തീരുമാനിക്കുന്നത് ജനങ്ങളായിരിക്കണമെന്നും നിശ്ചയിച്ചു. അതാണ് ജനകീയാസൂത്രണംകൊണ്ട് ഉദ്ദേശിക്കുന്നത്. പരമാവധി ജനപങ്കാളിത്തത്തോടുകൂടി പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും ഒരു ജനകീയപ്രസ്ഥനമാക്കി മാറ്റാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ജനാധിപത്യത്തിൻെറ ഏറ്റവും അടിത്തട്ടിലുള്ള അധികാരവേദിയാണ് മുഴുവൻ ജനങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള ഗ്രാമസഭ. അതുകൊണ്ട് വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് ജനങ്ങളുടെ ആവശ്യങ്ങളും അവർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും അവരിൽനിന്ന് നേരിട്ടു മനസ്സിലാക്കാനും രേഖപ്പെടുത്താനും കഴിഞ്ഞു. പിന്നീട് അവ ക്രോഡീകരിച്ച് സ്കീമുകളാക്കി മാറ്റി വിവിധ സ്ഥലങ്ങളിൽ സംയോജിപ്പിച്ച് പണത്തിൻെറ ലഭ്യതയനുസരിച്ച് പദ്ധതികളാക്കി മാറ്റുന്നു. പദ്ധതിക്കാകെ നീക്കിവയ്ക്കുന്ന പണത്തിൻെറ 35 - 40 ശതമാനംവരെ പഞ്ചായത്തുകൾക്ക് അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി ജനജീവിതം എങ്ങനെ മെച്ചപ്പെടുത്താം എന്നാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. അതിന് ജാതിമതവ്യത്യാസങ്ങൾക്കതീതമായി മുഴുവൻ ജനങ്ങളെയും അണിനിരത്താൻ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ജനകീയാസൂത്രണത്തിന് ജനങ്ങൾക്ക് പരിശീലനം കൊടുക്കാനായി 1996 സെപ്തംബർ 21ന് പഞ്ചായത്തു തലത്തിൽ ഏകദിനശില്പശാല നടത്തി. ഈ പഞ്ചായത്തിൽനിന്ന് തെരഞ്ഞെടുത്ത ജില്ലാതല പരിശീലകരാണ് ക്ലാസ്സുകൾ നടത്തിയത്. നൂറിലധികംപേർ പങ്കെടുത്തു. വിവിധ പ്രചാരണപ്രവർത്തനങ്ങൾ നടത്തി വിശേഷാൽ സഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രമങ്ങൾ നടത്തി. ശരാശരി പങ്കാളിത്തം 167 ആയിരുന്നു: 75 മുതൽ 215 വരെ. ഈ ഗ്രാമസഭകളിൽ ജനങ്ങളുടെ ആവശ്യങ്ങളുടെ ഒരു മലവെള്ളപ്പാച്ചിൽതന്നെയായിരുന്നു. അതുപോലെ അവരുടെ അനുഭവസമ്പത്തിൽനിന്ന് ഉയർന്നുവന്ന പരിഹാര നിർദ്ദേശങ്ങളും . രണ്ടാംഘട്ട ജില്ലാ പരിശീലനത്തിന് കൂടുതൽപേരെ നിയമിച്ചു. പഞ്ചായത്ത്തലത്തിൽ രണ്ടാമത് നടന്ന ഒരുദിവസത്തെ പരിശീലനം പഞ്ചായത്ത്വികസന സെമിനാർ നടത്താനുള്ള പരിശീലന കളരിയായിരുന്നു. ഇതിൽ പങ്കാളിത്തം വേണ്ടത്ര ഉണ്ടായിരുന്നില്ല. സെമിനാറിൽ അവതരിപ്പിക്കാനുള്ള വികസനറിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനത്തിൽ നിരവധിപേരെ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞു. ചരിത്രത്തിൻെറ നിയോഗം ഏറ്റുവാങ്ങി പഞ്ചായത്തിൻെറ സാമൂഹ്യസാംസ്കാരികചരിത്രവും ഭാവിയുടെ സമഗ്ര വികസനരൂപരേഖയും അടങ്ങുന്ന ഈ സുപ്രധാന റിപ്പോർട്ട് ജനങ്ങൾക്ക് സമർപ്പിക്കുന്ന ധന്യമുഹൂർത്തത്തിൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഒരു പുതിയ വികസന അവബോധം വളർത്തിയെടുത്ത് ഇന്നിൻെറ വെല്ലുവിളികളെ ദൃഢനിശ്ചയത്തോടെ നേരിടുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

### പഞ്ചായത്ത്: പൊതുവിവരണം

പഴയ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാർ ജില്ലയിൽ പൊന്നാനി താലൂക്കിൽ ഉൾപ്പെട്ട അംശങ്ങളായിരുന്നു നാഗലശ്ശേരിയും കോതച്ചിറയും. നാഗലശ്ശേരിയിൽ 7 ദേശങ്ങളും കോതച്ചിറയിൽ 3 ദേശങ്ങളും ഉൾപ്പെട്ടിരുന്നു. ഈ രണ്ട് അംശങ്ങളും ചേർന്ന് 1961-ൽ വില്ലേജ് പുനഃസംഘടനാവേളയിൽ നാഗലശ്ശേരി വില്ലേജ് രൂപം കൊണ്ടു. കേരള സർക്കാരിൻെറ GO (P) No. 596 / 61 Dt. 1-1-61 പ്രകാരം നാഗലശ്ശേരി വില്ലേജ് ഉൾപ്പെട്ട പ്രദേശം നാഗലശ്ശേരി പഞ്ചായത്താ യി തീർന്നു. പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം ഇന്നേവരെ അതിർത്തിയിൽ മാറ്റമുണ്ടായിട്ടില്ല. പഞ്ചായത്ത് രൂപം കൊണ്ട അവസരത്തിൽ സ്പെഷ്യൽ ഓഫീസറാ യിരുന്നു ഭരണസാരഥി.

പിന്നീട് പുതിയ തെരഞ്ഞെടുപ്പ് നടന്ന്, 20-12-'63ന് പുതിയ ഭരണസമിതി നിലവിൽ വന്നു. പരേതനായ സി.കെ. നായരായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്.

### പ്രഥമ ഭരണസമിതിയംഗങ്ങൾ

| | | |
|---|---|---|
| പരേതനായ സി. കൃഷ്ണൻനായർ | - | പ്രസിഡൻറ് |
| " ഏ.വി. ചക്രപാണി വാരിയർ | - | വൈസ് പ്രസിഡൻറ് |
| " വി.പി. ആതൻകുട്ടി | - | മെമ്പർ |
| " പി.നാരായണമേനോൻ | - | മെമ്പർ |
| ശ്രീ. കെ.ആർ. അച്യുതൻ | - | മെമ്പർ |
| ശ്രീ. സി. ചാത്ത | - | മെമ്പർ |
| ശ്രീമതി പി. ലക്ഷ്മി അപ്പിശ്ശി | - | നോമിനേറ്റഡ്‌വനിതാ മെമ്പർ |

ഈ ഭരണസമിതി അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1979-ൽ നടക്കുന്നതുവരെ അധികാരത്തിൽ തുടർന്നു. 1979-ൽ പരേതനായ വി.പി. ആതൻകുട്ടി പ്രസിഡൻറായി രണ്ടാമത്തെ ഭരണസമിതി നിലവിൽ വന്നു.

### ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| പരേതനായ വി.പി. ആതൻകുട്ടി | - | പ്രസിഡൻറ് |
| ശ്രീ. കെ. മാധവൻനായർ | - | വൈസ് പ്രസിഡൻറ് |
| ശ്രീ. കെ.പി. ദാരികൻ | - | മെമ്പർ |
| ശ്രീമതി എൻ. സൗമിനി | - | മെമ്പർ |
| ശ്രീ. ഹംസമാസ്റ്റർ | - | മെമ്പർ |
| ശ്രീ. പി.കെ. കൃഷ്ണവർമ്മ | - | മെമ്പർ |
| ശ്രീ. ഇ. കുഞ്ഞിക്കുട്ടൻനായർ | - | മെമ്പർ |
| ശ്രീ. വി.ആർ. ഭാസ്കരൻ | - | മെമ്പർ |
| ശ്രീ. സി.കെ. ഗോപി | - | മെമ്പർ |

ആ ഭരണസമിതി 1984-ൽ കാലാവധി കഴിഞ്ഞതോടുകൂടി പിരിച്ചുവിടപ്പെട്ടു. വീണ്ടും തെരഞ്ഞെടുപ്പ് നടന്നത് 1988 ജനുവരിയിലായിരുന്നു. ശ്രീ. കെ.എം. മാധവവാരിയർ പ്രസിഡൻറായി ഭരണസമിതി അധികാരത്തിൽ വന്നു.

### ഭരണസമിതിയംഗങ്ങൾ

| | | |
|---|---|---|
| ശ്രീ. കെ.എം. മാധവവാരിയർ | - | പ്രസിഡൻറ് |
| ശ്രീ. സി.നാരായണൻ | - | വൈസ് പ്രസിഡൻറ് |
| ശ്രീ. വി.പി. ഹൈദ്രുമാസ്റ്റർ | - | മെമ്പർ |
| ശ്രീ. ടി. ശങ്കരൻ | - | മെമ്പർ |
| ശ്രീ. കെ. മാധവൻനായർ | - | മെമ്പർ |
| ശ്രീമതി ടി. ജയശ്രീ. | - | മെമ്പർ |
| ശ്രീ. വി.വി. ബാലചന്ദ്രൻ | - | മെമ്പർ |
| ശ്രീ. വേലായുധൻ | - | മെമ്പർ |
| ശ്രീ. കെ.പി. രാമചന്ദ്രൻ | - | മെമ്പർ |
| ശ്രീമതി എൻ. ദേവകിയമ്മ | - | മെമ്പർ |

1995 സെപ്തംബർവരെ ഈ ഭരണസമിതി അധികാരത്തിൽ തുടർന്നു. വീണ്ടും 1995 സെപ്തംബറിൽ തെരഞ്ഞെടുപ്പ് നടന്ന് ഇന്നു നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു.

## ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| ശ്രീ. കെ.പി. രാമചന്ദ്രൻ | - | പ്രസിഡൻറ് |
| ശ്രീമതി നബീസ ടീച്ചർ | - | വൈസ് പ്രസിഡൻറ് |
| ശ്രീ. കെ.എം. മാധവവാരിയർ | - | സ്റ്റാൻറിംഗ് കമ്മിറ്റി |
| കെ. ജയന്തി | = മെമ്പർ | ചെയർമാൻ |
| ശ്രീ. വി.പി. രാജൻ | - | മെമ്പർ |
| ശ്രീമതി കാർത്ത്യായനി | - | മെമ്പർ |
| ശ്രീ. സി. നാരായണൻ | - | സ്റ്റാൻറിംഗ് കമ്മിറ്റി അംഗം |
| ശ്രീ. കെ. മുരളീവർമ്മ | - | സ്റ്റാൻറിംഗ് കമ്മിറ്റി അംഗം |
| ശ്രീ. എ. കുട്ടിനാരായണൻ | - | സ്റ്റാൻറിംഗ് കമ്മിറ്റി അംഗം |
| ശ്രീമതി ഇ.പി. വള്ളി | - | സ്റ്റാൻറിംഗ് കമ്മിറ്റി അംഗം |

## പഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | നാഗലശ്ശേരി |
| അതിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | - | നാഗലശ്ശേരി |

## ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ

| നാഗലശ്ശേരി | തിരുമിറ്റക്കോട് | ചാലിശ്ശേരി |
|---|---|---|
| 1,2,3,10 | 5,6,9 | 7,8 |
| വാർഡുകൾ | വാർഡുകൾ | വാർഡുകൾ |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | തൃത്താല |
| താലൂക്ക് | - | ഒറ്റപ്പാലം |
| ജില്ല | - | പാലക്കാട |
| അസംബ്ലിമണ്ഡലം | - | തൃത്താല |
| വിസ്തീർണം | - | 26.20 ച: കി.മീ. |
| ജനസംഖ്യ | - | 23,288 (1991 സെൻസസ്) |
| പുരുഷന്മാർ | - | 11135 |
| സ്ത്രീകൾ | - | 12153 |
| ജനസാന്ദ്രത | - | ച: കി.മീറ്ററിന് 889 |
| സാക്ഷരർ (പു) | - | 8,334 |
| (സ്ത്രീ) | - | 8,455 |
| വാർഡുകളുടെ എണ്ണം | - | 10 |

കൂറ്റനാട്, പിലാക്കാട്ടിരി, വടക്കേ വാവനൂർ, തെക്കെ വാവനൂർ ചെറുചാൽപ്രം, മൂളിപറമ്പ്, കോതച്ചിറ തെക്ക്, കോതച്ചിറ വടക്ക്, പെരിങ്ങോട്, മാത്തൂർ.

## പഞ്ചായത്തിൻെറ അതിർത്തികൾ

| | | |
|---|---|---|
| കിഴക്ക് | : | തിരുമിറ്റക്കോട് പഞ്ചായത്ത് |
| തെക്ക് | : | തൃശൂർ ജില്ല - കടങ്ങോട്, കടവല്ലൂർ എന്നീ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | ചാലിശ്ശേരി, പട്ടിത്തറ പഞ്ചായത്തുകൾ |
| വടക്ക് | : | തൃത്താല പഞ്ചായത്ത് |

# സാമൂഹിക - സാംസ്കാരിക ചരിത്രം

വളരെ സമ്പന്നമായ ഒരു ഭൂതകാലമാണ് നാഗലശ്ശേരി പഞ്ചായത്തിനുള്ളത്. ഈ പ്രദേശത്തിന്റെ സ്ഥലനാമത്തെക്കുറിച്ച് പ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്. മഹാപണ്ഡിതന്മാർ ജീവിച്ചിരുന്ന, ഭാരതം മുഴുവൻ സംസ്കൃതവ്യാകരണത്തിന്റെ ഗുരുകുലമായി അറിയപ്പെട്ടിരുന്ന കൂടല്ലൂർ മനയിൽ വ്യാകരണശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലി മഹർഷിയെ പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നു. പതഞ്ജലി നാഗരാജാവിന്റെ അവതാരമാണെന്ന് വിശ്വസിക്കപ്പെടുന്നു. അങ്ങനെ നാഗരാജാവിനെ പ്രതിഷ്ഠിച്ച നാഗരാജശ്രീ വിളയാടുന്ന സ്ഥലം നാഗലശ്ശേരി ആയിത്തീർന്നു എന്നാണ് ഐതിഹ്യം. നാഗരാജാവിന്റെ പ്രതിഷ്ഠ കൂടല്ലൂർ മനയ്ക്കകത്ത് ഇപ്പോഴുമുണ്ട്.

നാടുവാഴിത്തത്തിന്റെ ശക്തമായ വേരോട്ടമുള്ള സ്ഥലമായിരുന്നുഇത്. ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും മൂന്ന് പ്രധാന ജന്മികളുടെ കീഴിലായിരുന്നു. 1) വേങ്ങാട്ടൂർ മന, 2) കൂടല്ലൂർ മന, 3) പൂമുള്ളി മന. വേങ്ങാട്ടൂർമനയും കൂടല്ലൂർ മനയും വളരെക്കാലം മുമ്പുതന്നെ ഇവിടെ നിലനിന്നിരുന്ന ജന്മിഗൃഹങ്ങളാണ്. പൂമുള്ളിമനയാകട്ടെ ശക്തൻതമ്പുരാന്റെ കാലത്ത് തൃശൂരിലുള്ള ഊരകത്തുനിന്ന് ഈ പ്രദേശത്തേക്ക് കുടിയേറിപ്പാർത്തതാണ്. ഇതിനെക്കുറിച്ചുള്ള പരാമർശം കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ കാണുന്നുണ്ട്. ഇതിനുംപുറമെ പത്തുപന്ത്രണ്ട് നമ്പൂതിരി ജന്മിഗൃഹങ്ങളും ഇവിടെയുണ്ടായിരുന്നു. നാടുവാഴിത്തത്തിന്റെ വേരുകൾ ഇവിടെ ആഴത്തിൽ ആഴ്ന്നിറങ്ങിയിരുന്നു എന്നതിന് തെളിവുകളുണ്ട്. നാടുവാഴിനമ്പ്യാന്മാരിൽനിന്നും ഏറ്റവും പ്രായംചെന്ന ആളെ നാടുവാഴി നമ്പിടിയായി തെരഞ്ഞെടുത്തിരുന്നു. അന്നത്തെ നമ്പിടിമാർ കൊല്ലിനും കൊലയ്ക്കും അധികാരമുള്ള ശക്തരായ നാടുവാഴികളായിരുന്നു. ആമക്കാവ്, കാരക്കാട്, കൊട്ടിലിങ്കൽ എന്നീ ദേവസ്വങ്ങൾ ഇവരുടെ കീഴിലായിരുന്നു. എന്നാൽ പിന്നീട് ബ്രാഹ്മണ്യത്തിന്റെ ആധിപത്യവും അവരോടുള്ള ബഹുമാനവും വർദ്ധിച്ചുവന്നതോടെ ഈ ദേവസ്വങ്ങൾ അവർക്ക് കീഴൊതുങ്ങിയതായി ഊഹിക്കാം. അടുത്ത കാലംവരെ കൊട്ടിലിങ്കൽ അമ്പലത്തിൽ നടക്കുന്ന എല്ലാ ചടങ്ങുകൾക്കും നാടുവാഴി നമ്പിടിയായിരുന്നു നേതൃത്വം നല്കിയിരുന്നത്.

ഒരു കാലത്ത് ജൈനമതസംസ്കാരം നമ്മുടെ നാട്ടിൽ വ്യാപകമായിരുന്നു എന്ന് ചരിത്രം പറയുന്നു. ഈ പ്രദേശത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും ജൈനമത സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണാം. ഉദാഹരണത്തിന് ചാലപ്പുറത്തുള്ള കട്ടിൽമാടം, പുരാവസ്തുഗവേഷണവകുപ്പിന്റെ സവിശേഷശ്രദ്ധയിൽപ്പെട്ടതാണ്. ഈ ചരിത്രസ്മാരകം കൂടാതെ തിരുത്തിപ്പാറ പ്രദേശത്ത് കാണപ്പെടുന്ന പതിനെട്ടരക്കിണറുകൾ അവരുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് കരുതപ്പെടുന്നു.

**കൂറ്റനാടിന്റെ ചരിത്രം**

നാഗലശ്ശേ രി പഞ്ചായത്തിന്റെ സിരാകേന്ദ്രമാണ് കൂറ്റനാട്. 1875 മുതൽ 1888 വരെ മലബാറിൽ കളക്ടറും മജിസ്ട്രേറ്റുമായിരുന്ന വില്യം ലോഗന്റെ മലബാർ മാന്വലിൽ കൂറ്റനാടിന്റെ ചരിത്രം പരാമർശിക്കു



കട്ടിൽ മാടം

ന്നുണ്ട്. കൂറ്റനാടിന്റെ ഭാഗമായി 24 അംശങ്ങൾ നില നിന്നിരുന്നു. 1760 കളിൽ ഈ പ്രദേശം ഹൈദരാലി യുടെ അധീനത്തിലായിരുന്നു. 1765 - 66 കൊല്ലങ്ങളിൽ ഹൈദരാലി ഈ നാട്ടിൽ സന്ദർശനം നടത്തുകയും ഈ ഭാഗത്ത് ഭരണം നടത്തുവാൻ മഹാദേവരാജ എന്നൊ രാളെ ചുമതലയേല്പിക്കുകയും ചെയ്തു. എന്നാൽ ഈ സാമന്തൻ തോന്നിയപോലെ വ്യക്തികൾക്കും സ്വ ത്തുക്കൾക്കും നികുതി ചുമത്തി ജനങ്ങളെ ദ്രോഹിച്ചു. തുടർന്ന് ഈ പ്രദേശം സാമൂതിരി പിടിച്ചെടു ത്തെങ്കിലും വീണ്ടും ഹൈദരാലി തന്റെ ആധിപത്യ ത്തിൻകീഴിലാക്കി. അങ്ങനെ മാറിമാറി സാമൂതിരിയും മൈസൂർ രാജാക്കന്മാരും ഈ പ്രദേശം കൈവശംവെച്ച് പോന്നു. നികുതിയടയ്ക്കാൻ കഴിവില്ലാത്ത പലരേയും ശ്രീരംഗപട്ടണത്തേക്ക് പിടിച്ചുകൊണ്ടുപോയതായി മാന്വലിൽ കാണുന്നു. ടിപ്പുവിന്റെ പടയോട്ടം ഈ പ്രദേശത്തിലൂടെ കടന്നുപോയതായി പഴമക്കാർ പറ യുന്നു. ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടം കൂറ്റ നാട് പള്ളിയുടെ സമീപം കാണാം. അവിടെയുണ്ടാ യിരുന്ന ഭഗവതിക്ഷേത്രത്തിലെ പ്രതിഷ്ഠ ക്ഷേത്ര ഉടമകളായ ചെറുകുളപുറത്തുമനക്കാർ പിലാക്കാട്ടി രിയിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ഇന്നും ആ ക്ഷേത്രം കൂറ്റനാട് കാവ് എന്നറിയപ്പെടുന്നു. സൈനിക ആക്രമ ണത്തിന്റെ ഫലമായി പടയോട്ടക്കാലത്ത് പല ജന്മി ഗൃഹങ്ങളും തിരുവിതാംകൂറിലേക്ക് കുടിയേറിപ്പോ യതായും പിന്നീട് അവർ തിരിച്ചുവന്നതായും പഴമ ക്കാർ പറയുന്നു.

ബ്രിട്ടീഷുകാർ ഭരണത്തിൽ വന്നതിനുശേഷവും കൂറ്റനാടിന്റെ പ്രഭാവത്തിന് കോട്ടം തട്ടിയില്ല. കൂറ്റനാട് ആസ്ഥാനമായി ഒരു കോടതിയും ചുങ്കംപിരിവും ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. കുറച്ചുകാലത്തിനുശേഷം കൂറ്റനാടിന്റെ പ്രതാപം എങ്ങനെയോ നഷ്ടപ്പെട്ടു. ആ ഇരുളടഞ്ഞ ഏടുകളി ലേക്ക് വെളിച്ചം വീശാൻ വേണ്ട തെളിവുകളൊന്നും ലഭ്യമല്ല.

**നവോത്ഥാനപ്രസ്ഥാനം**

ഈ പ്രദേശത്തിന്റെ ഒരു വിളിപ്പാടകലെയാണ് വി.ടി. ഭട്ടതിരിപ്പാടിന്റെ ജന്മനാടായ മേഴത്തൂർ. നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള വി.ടി. യുടെ വിപ്ലവകരമായ ആഹ്വാനം ജന്മിത്തം കട്ടപിടി ച്ചുനിന്നിരുന്ന നാഗലശ്ശേരി പഞ്ചായത്തിന്റെ പെരി ങ്ങോട് - കോതച്ചിറ ഭാഗങ്ങളിൽ കാര്യമായ ഒരു ചല നവും സൃഷ്ടിച്ചില്ല. എന്നാൽ ഈ പ്രദേശത്തിന്റെ വടക്കൻമേഖലകളിലെ ഇടത്തരക്കാരായ നമ്പൂതി രിയുവാക്കളുടെ ഇടയിൽ വി.ടി.യുടെ സാമൂഹ്യപരി ഷ്കരണപ്രസ്ഥാനത്തിന് സ്വാധീനം ചെലുത്താൻ കഴിഞ്ഞു. വി.ടി.യുടെ പ്രസ്ഥാനം ദേശീയപ്രസ്ഥാ നത്തിന്റെ ഭാഗം തന്നെയായിരുന്നു. അതുകൊണ്ടു തന്നെ ദേശീയപ്രസ്ഥാനത്തിന്റെ അലകളും കോൺഗ്ര സ്സ് സോഷ്യലിസ്റ്റ് ആശയങ്ങളും ഈ വിഭാഗക്കാരി ലേക്ക് വ്യാപിക്കാൻ ഇടയായി. ദേശീയപ്രസ്ഥാന ത്തിന്റെ ഭാഗമായി ക്ഷേത്രപ്രവേശനം, അയിത്തോച്ചാ ടനം തുടങ്ങിയ സാമൂഹ്യപ്രവർത്തനങ്ങൾ നാഗലശ്ശേ രിയിൽ ജന്മിത്വത്തിന്റെ കേന്ദ്രമായ പെരിങ്ങോടും മുളപൊട്ടി. ജന്മിത്തത്തിന്റെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് പ്രക്ഷോഭത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞുവീശി. ക്ഷേത്രനടയിലൂടെ കീഴാളർക്ക് നടക്കാ നും ക്ഷേത്രത്തിൽ കടന്ന് ആരാധിക്കാനും വേണ്ടിയുള്ള സമരങ്ങൾ, സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അവ കാശത്തിനുവേണ്ടി നടത്തിയ പോരാട്ടങ്ങൾ ഇവയൊ ക്കെ ജന്മിത്തത്തിനെതിരായ സമരങ്ങളുടെ വിവിധ മുഖങ്ങളായിരുന്നു. അമ്പലക്കുളത്തിൽ അയിത്തജാ തിക്കാരോടൊപ്പം കുളിച്ച് അവരെക്കൊണ്ട് ജന്മിയുടെ കയ്പഞ്ചേരി അമ്പലത്തിൽ ദർശനം നടത്താൻ നേതൃ ത്വം നല്കിയ രാവുണ്ണി എഴുത്തച്ഛൻ മാസ്റ്റർ പെരി ങ്ങോട് സ്ക്കൂൾ അദ്ധ്യാപകനായിരുന്നു. ഈ കാരണം കൊണ്ടുതന്നെ ജന്മിയുടെ സ്ക്കൂളിൽനിന്നും അദ്ദേഹ ത്തെ പുറത്താക്കി. മാത്രമല്ല, പ്രതികാരനടപടികളുടെ ഫലമായി അദ്ദേഹത്തിന് നാടുവിടേണ്ടതായും വന്നു.



ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടം

രാവുണ്ണി എഴുത്തച്ഛൻമാസ്റ്ററെ തിരിച്ചെടുക്കാൻ മലബാർ എയ്ഡഡ് സ്ക്കൂൾ ടീച്ചേഴ്സ് യൂണിയന്റെ നേതാവായിരുന്ന ടി.സി. നാരായണൻനമ്പ്യാരുടെ നേതൃത്വത്തിൽ അദ്ധ്യാപകജാഥ പെരിങ്ങോട് വന്ന അവസരത്തിൽ ജാഥയ്ക്ക് സ്വീകരണംനല്കുകയും ജാഥയെ അനുഗമിക്കുകയും ചെയ്തതിന് പ്രസ്തുത വിദ്യാലയത്തിലെതന്നെ ക്രാഫ്റ്റ് അദ്ധ്യാപകനായിരുന്ന അച്ചുകുട്ടവാരിയർമാസ്റ്ററെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു, പക്ഷേ പിരിച്ചുവിടപ്പെട്ട വാരിയർമാസ്റ്റർ ജന്മിത്തത്തിനെതിരെ ശക്തമായി പോരാടി ഈ പ്രദേശത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സജീവമായ നേതൃത്വം നല്കി. കാണക്കുടിയാന്മാരുടെ പ്രക്ഷോഭം നയിച്ച് മന്നത്ത് പത്മനാഭൻ പെരിങ്ങോട്വന്ന് സംസാരിച്ച പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു എന്ന കാരണത്താൽ വക്കീലന്മാരും ജഡ്ജിമാരും അടങ്ങുന്ന കവുങ്ങിൽ പൊറ്റേക്കാട് എന്ന പ്രബല കുടുംബത്തെ കുടിയിറക്കി നാടുകടത്തുകകൂടി ഉണ്ടായി.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളും തുടർന്ന് ഈ ഭാഗത്ത് ശക്തിയാർജ്ജിച്ചുവന്ന ഇടതുപക്ഷപ്രസ്ഥാനവും ജന്മിത്തത്തിനെതിരെ ആഞ്ഞടിച്ച് കൊടുങ്കാറ്റായി മാറി. കേരളത്തിൽ ആകമാനം നടന്ന ഇത്തരം പ്രക്ഷോഭങ്ങളുടെ പരിണതഫലമായിരുന്നു കേരളപ്പിറവിക്കുശേഷം 1957-ൽ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ. ആ മന്ത്രിസഭ ആദ്യമായി കൊണ്ടുവന്ന ഒഴിപ്പിക്കൽ നിരോധനനിയമവും പിന്നീട് 1967-ൽ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണനിയമവും ജന്മിത്തത്തിനെതിരായുള്ള ശക്തമായ പ്രഹരങ്ങളായിരുന്നു. കർഷകത്തൊഴിലാളികളുടെ കൂലിക്കും പതത്തിനുംവേണ്ടി ശക്തമായ അവകാശസമരങ്ങൾ നടന്നിട്ടുണ്ട്. ഏറ്റവുമധികം മിച്ചഭൂമിയുണ്ടായിരുന്ന ഈ പഞ്ചായത്തിൽ മിച്ചഭൂമി അർഹതപ്പെട്ടവർക്ക്വീതിച്ചു കിട്ടുവാനായി 1970-കളിൽ നിരന്തരമായ സമരങ്ങൾ നടന്നു. കൃത്രിമരേഖകളുണ്ടാക്കി മിച്ചഭൂമി കൈമാറ്റം ചെയ്യാനുള്ള ജന്മിയുടെയും ശിങ്കിടികളുടെയും കുത്സിതശ്രമങ്ങളെ പരാജയപ്പെടുത്തി ആ ഭൂമി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും കർഷകർക്കും അളന്ന് വിതരണം ചെയ്തുകൊടുത്തു. അങ്ങനെ വാളാറൻകുന്നിലെ സുമാർ 40 ഏക്കർ സ്ഥലം അളന്നുകിട്ടിയ കൈവശക്കാർക്ക് 1987-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷസർക്കാരിനെക്കൊണ്ട് പട്ടയം കൊടുപ്പിക്കാനും കഴിഞ്ഞു. കിളിവാലൻ കുന്നിലെ 4 ഏക്കർ സ്ഥലം ഇതുപോലെ വിതരണംചെയ്തു. ഇങ്ങനെ മിച്ചഭൂമി പിടിച്ചെടുത്ത് വിതരണംചെയ്തതും അതു നിലനിർത്തിയതും കേരള കർഷകസമരചരിത്രത്തിലെ ഏകസംഭവമായിരിക്കും. മറ്റിടങ്ങളിലെല്ലാം മിച്ചഭൂമി സർക്കാരിന് ചൂണ്ടിക്കാണിച്ചുകൊടുത്ത് സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിക്കാനുള്ള സമരങ്ങളായിരുന്നു.

ഇതിനു സമാന്തരമായി അദ്ധ്യാപകപ്രസ്ഥാനത്തിലും ചലനങ്ങളുണ്ടായി. 'അദ്ധ്യാപനം രാഷ്ട്രസേവനം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ആ പ്രസ്ഥാനത്തിലേക്കു കടന്നുവന്ന തൊഴുക്കാട് വടക്കെ വീട്ടിൽ കാക്കുണ്ണിനമ്പ്യാർ ഈ നാട്ടിലെ പുരോഗമനപ്രസ്ഥാനങ്ങൾക്ക് ബീജാവാപം ചെയ്ത ഒരു മഹത്വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായി പ്രവർത്തിച്ച സി.കെ. നായർ ഈ നാട്ടിലെ ഇടതുപക്ഷപ്രസ്ഥാനങ്ങളുടെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും അമരക്കാരനായി ഉയർന്നുവന്നു. പിന്നീട് 1963-ൽ നാഗലശ്ശേരി പഞ്ചായത്തിലേക്ക് ആദ്യമായി തെരഞ്ഞെടുപ്പ് നടന്നപ്പോൾ പ്രഥമ പ്രസിഡന്റായി വന്നത് അദ്ദേഹംതന്നെയായിരുന്നു. ഈ പ്രദേശത്ത് ശക്തമായ ഒരു തൊഴിലാളിവർഗ്ഗ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ അഹോരാത്രം പ്രവർത്തിക്കുകയും മുകളിൽപ്പറഞ്ഞ മിച്ചഭൂമിസമരത്തിനും മറ്റും സജീവനേതൃത്വം കൊടുക്കുകയും ചെയ്ത വി.പി. ആതൻകുട്ടിയാണ് സി.കെ. നായരുടെ പിൻഗാമിയായി പിന്നീട് പഞ്ചായത്ത് പ്രസിഡന്റ് ആയത്. ഇവരോടൊപ്പം ജന്മിത്തത്തിനെതിരെ കർഷകരെയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിൽ ധീരമായി നേതൃത്വം കൊടുത്ത ശ്രീ. കെ.ആർ. നാരായണനെ ഇവിടെ പ്രത്യേകം അനുസ്മരിക്കപ്പെടേണ്ടതാണ്. കെ.ആർ. എന്ന ചുരുക്കപ്പേരിലാണ് ഇദ്ദേഹത്തെ അറിയപ്പെട്ടിരുന്നത്.

നാഗരികത ഒരു പ്രദേശത്തേക്ക് കടന്നു വരുന്നതിന് വേണ്ട ഉപാധികളാണ് റോഡ്, വൈദ്യുതി, വിദ്യാലയം, പോസ്റ്റോഫീസ് എന്നിവ. പഞ്ചായത്തിന്റെ വടക്കൻമേഖലയിലൂടെ പട്ടാമ്പി - ഗുരുവായൂർ റോഡ് കടന്നുപോയിരുന്നെങ്കിലും ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് വികസനത്തിന്റെ തേർചക്രങ്ങൾ ഉരുളാനുള്ള റോഡ്സൗകര്യം ആദ്യമായി ഉണ്ടായത് പൂമുള്ളി മനക്കാർ കൂറ്റനാട്നിന്ന് പെരിങ്ങോട്ടേക്ക് റോഡ് വെട്ടിയതുകൊണ്ടാണ്. അവരുടെ സ്വകാര്യാവശ്യത്തിന്വേണ്ടിയിട്ടായിരുന്നുവെങ്കിലും അന്നത്തെ ചരക്ക്ഗതാഗതത്തിന് (കാളവണ്ടികൾ) അതു സഹായകമായി. ഈ പ്രദേശത്ത് ആദ്യമായി ബസ്സർവ്വീസ് ആരംഭിച്ച ചെറുകുളപ്പുറത്തു മനക്കാർ ബസ് മനയ്ക്കലേക്ക് എത്തിക്കുന്നതിന് പെരിങ്ങോട് റോഡിൽ നിന്നും പിലാക്കാട്ടിരിയിലേക്ക് റോഡ് വെട്ടുകയുണ്ടായി. അതുപോലെ കൂടല്ലൂർ മനക്കാർ (നാറേരിമന) അവരുടെ സ്വകാര്യാവശ്യത്തിന് വാവന്നൂരിൽനിന്നും മനയ്ക്കലേക്ക് ഒരു റോഡ് വെട്ടിച്ചു.

ഈ പഞ്ചായത്തിൽ 1920-കളിലാണ് ആദ്യമായി

തപാലാപ്പീസ് വന്നത്. പിലാക്കാട്ടിരിയിലെ ചെറുകുളപ്പുറത്ത് മനയ്ക്കലെ പടിപ്പുരയിലായിരുന്നു ആദ്യത്തെ തപാലാപ്പീസ്. മനയ്ക്കലെ ത്രിവിക്രമൻ നമ്പൂതിരി കച്ചവടാവശ്യത്തിന് തയ്യാറാക്കിയിരുന്ന ആയുർവ്വേദ മരുന്നുകൾ പാഴ്സലായി അയക്കുന്നതിനു വേണ്ടിയാണ് പോസ്റ്റോഫീസ് സ്ഥാപിച്ചത്. ആ പോസ്റ്റോഫീസാണ് പിന്നീട് പെരിങ്ങോട്ടേക്ക് മാറ്റിയത്. അക്കാ ലത്ത് തപാൽസഞ്ചിയും തലയിൽ ചുമന്ന് കുടമണിയും കുന്തമുനയുമായി അതിവേഗം പട്ടാമ്പിയിലേക്ക് കുതിച്ചിരുന്ന അഞ്ചലോട്ടക്കാരൻ കുഞ്ഞിക്കൃഷ്ണൻനായരെ ജനങ്ങൾ ഭയഭക്തിയോടെയാണ് വീക്ഷിച്ചിരുന്നത്. ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം പെരിങ്ങോട് 1912 ജൂൺ ആറിന് പൂമുള്ളി മനയുടെ മാനേജ്മെൻറിൻ കീഴിൽ സ്ഥാപിക്കപ്പെട്ട എൽ.പി. സ്ക്കൂളാണ്. ആധുനിക വിദ്യാഭ്യാസത്തിന് ഇവിടെ തുടക്കംകുറിച്ചത് ഇങ്ങനെയാണ്. അതിനുമുമ്പ് വിവിധ ഭാഗങ്ങളിൽ നിലത്തെഴുത്താശ്ശാന്മാരുടെ കുടിപ്പള്ളിക്കൂടങ്ങൾ അവരുടെ ഗൃഹങ്ങളിൽവച്ച് നടത്തപ്പെട്ടിരുന്നു. ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭിക്കുന്നതിനുമുമ്പ് ജനങ്ങൾ നാട്ടുചികിത്സയെയാണ് ആശ്രയിച്ചിരുന്നത്. മണ്ണാൻസമുദായത്തിൽപ്പെട്ടവരായിരുന്നു മിക്ക നാട്ടുവൈദ്യന്മാർ എല്ലാവരും. സവർണ്ണ അവർണ്ണ വ്യത്യാസമില്ലാതെ എല്ലാവരും ഈ ചികിത്സകരെ ആശ്രയിച്ചിരുന്നു. വിഷചികിത്സ, കണ്ണുചികിത്സ വിദഗ്ദ്ധന്മാരുമുണ്ടായിരുന്നു. ചെറുകുളപ്പുറത്ത് കൃഷ്ണൻനമ്പൂതിരി പ്രസിദ്ധ വിഷചികിത്സകനായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനാണ് ശ്രീ. പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട്. അദ്ദേഹത്തിന്റെ മറ്റൊരു ശിഷ്യനായിരുന്നു അന്തരിച്ച പി.വി. രാമവാര്യർ. കുടലിൽ നാരായണൻവൈദ്യർ കണ്ണുചികിത്സാരംഗത്തെ അന്നത്തെ പ്രസിദ്ധനായിരുന്നു. ആദ്യമായി ഈ പഞ്ചായത്തിൽ ആധുനിക ചികിത്സ (അലോപ്പതി) പഠിച്ച് ഈ പഞ്ചായത്തിൽതന്നെ ഡിസ്പൻസറി തുടങ്ങി, പിന്നീട് പ്രസിദ്ധ ന്യൂറോ സർജനായിത്തീർന്ന ഡോ. കെ.എൻ. നമ്പൂതിരിപ്പാട് ഈയിടെയാണ് അന്തരിച്ചത്.

സമീപപ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നതിന് എത്രയോ മുമ്പുതന്നെ കൂടല്ലൂർ മനയിൽ 1930-കളിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ കക്കുന്നിന്റെ മുകളിൽ ഒരു കാറ്റാടിയന്ത്രം സ്ഥാപിച്ചിരുന്നു. അത് വേണ്ടത്ര ഫലപ്രദമല്ലാത്തതിനാൽ ജനറേറ്റർ സ്ഥാപിച്ച് പിന്നീട് അവർ സ്വന്തം ആവശ്യാർത്ഥം വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു. ഈ സംവിധാനം പിന്നീട് പൂമുള്ളി മനയ്ക്കലും വരുത്തുകയുണ്ടായി. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ വൈദ്യുതിലൈൻ വെള്ളറക്കാട്ടുനിന്ന് വലിപ്പിച്ച് ആദ്യമായി പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചത് പൂമുള്ളി മനക്കാരാണ്. പിന്നീട് നാറേരി മനയ്ക്കലേക്കും വൈദ്യുതി എത്തിച്ചത് ആ ലൈൻവഴിയായിരുന്നു. ഇതൊക്കെ ആ ജന്മികുടുംബങ്ങളുടെ സ്വകാര്യാവശ്യത്തിനായിരുന്നുവെങ്കിലും പഞ്ചായത്തിലെ ജനങ്ങളിൽ ആധുനിക ജീവിതാവബോധം ഉണർത്താൻ സഹായകമായിട്ടുണ്ട്.

പഴയകാലത്ത് സർക്കാർ കല്പിച്ചുകൊടുക്കുന്ന ചില പ്രത്യേക അധികാരത്തോടെ നാട്ടിലെ പ്രമാണിമാരെ നീതിന്യായ നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം ചുമതലപ്പെടുത്തപ്പെട്ട വില്ലേജ് മജിസ്ട്രേറ്റായിരുന്നു പൂമുള്ളി കുഞ്ചുണ്ണി നമ്പൂതിരിപ്പാട്. കോടതി പ്രവർത്തിച്ചിരുന്നത് ഇന്ന് പെരിങ്ങോട് ഹൈസ്ക്കൂൾ ഓഫീസ് പ്രവർത്തിക്കുന്ന ബംഗ്ലാവ് എന്നറിയപ്പെടുന്ന കെട്ടിടത്തിലായിരുന്നു. 1942 - 43 കാലത്ത് രണ്ടാംലോകമഹായുദ്ധത്തെ തുടർന്ന് ഭക്ഷ്യക്ഷാമം വ്യാപകമായിരുന്നു. അതിനെ നേരിടാൻ കോൺഗ്രസ് കമ്മ്യൂണിസ്റ്റ് പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രാദേശിക ഭക്ഷണകമ്മിറ്റികൾ സംഘടിപ്പിച്ച് നടത്തിയ സന്നദ്ധപ്രവർത്തനം എടുത്തുപറയാവുന്നവയാണ്. ഭക്ഷ്യക്ഷാമത്തിന്റെ ഫലമായി പടർന്നുപിടിച്ച തലേതട്ടി അഥവാ കോളറ നാട്ടിൽ മരണം വിതയ്ക്കുന്നതിനിടയിലും ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തകർ അന്നു നടത്തിയ സന്നദ്ധപ്രവർത്തനം മാതൃകാപരമാണ്.

നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ ഗ്രന്ഥശാല 1952-ൽ പെരിങ്ങോട് വിജ്ഞാനപോഷിണി എന്ന പേരിൽ രൂപംകൊണ്ടു. അതിന്റെ മുന്നിൽനിന്ന് പ്രവർത്തിച്ചത് അന്തരിച്ച പി.വി. രാമവാര്യർ തുടങ്ങിയവരായിരുന്നു ഇടയ്ക്കവച്ച് പ്രവർത്തനം നിലച്ച വായനശാല 1968-ൽ യൂത്ത് ലൈബ്രറി എന്ന പേരിൽ പുനരാരംഭിച്ചു. ഇതിനുവേണ്ടി 20 സെൻറ് സ്ഥലം പൂമുള്ളി രാമൻ നമ്പൂതിരിപ്പാടാണ് സംഭാവന ചെയ്തത്. വാവന്നൂരിൽ ഗ്രാമീണവായനശാല ശ്രീ. കെ. മാധവൻനായരുടെ നേതൃത്വത്തിൽ 1957-ൽ തുടങ്ങി. തുടർന്ന് പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും ഗ്രന്ഥശാലകൾ വളർന്നുവന്നു. ഈ കാലത്തുതന്നെ വിവിധ കലാസമിതികളുടെ പ്രവർത്തനവും നാട്ടിൽ ഉടലെടുത്തു. പല പ്രദേശങ്ങളിലും യുവജനങ്ങൾ നടത്തിവന്നിരുന്ന കയ്യെഴുത്തമാസികകൾ പ്രത്യേകം പ്രസ്താവ്യമാണ്. സാംസ്കാരിരംഗത്ത് നടന്ന ഈ പ്രവർത്തനങ്ങളെല്ലാം സാംസ്കാരികവും രാഷ്ട്രീയവുമായ വളർച്ചയെ സഹായിച്ചിട്ടുണ്ട്. ഈ കാലയളവിൽ മഹിളാരംഗത്തും ചില പുത്തൻ ചലനങ്ങൾ ഉണ്ടായിട്ടുണ്ട്. ആദ്യത്തെ മഹിളാസമാജം പ്രസിദ്ധ എഴുത്തുകാരി ശ്രീമതി കെ.ബി. ശ്രീദേവിയും എ.ടി.ദേവയാനിയമ്മയും ചേർന്ന് നാഗലശ്ശേരിയിൽ രൂപീകരിച്ചു. ഇന്നതിന്റെ കീഴിൽ ഒരു നൂൽനൂല്പ്കേന്ദ്രം പ്രവർത്തി ച്ചുവരുന്നുണ്ട്.

കലാസാംസ്കാരികരംഗങ്ങളിൽ അഭിമാനകരമായി നേട്ടങ്ങരം ഈ പ്രദേശത്തിന് അവകാശപ്പെടാനുണ്ട്. നാടുവാഴിത്ത സംസ്കാരം ക്ലാസ്സിക്കൽ കലകരംക്ക് നല്കിയ മഹത്തായ സംഭാവനകരംക്ക് നിദർശനമാണ് പെരിങ്ങോട് നാറേരിമനകരം കേന്ദ്രീകരിച്ച് നടത്തി വന്നിരുന്ന കഥകളികളരിയും നാടകസംഘവും കൂടല്ലൂർ മനയ്ക്കൽ തേക്കിൻകാട്ടിൽ രാവുണ്ണിനായരുടെ ശിക്ഷണത്തിൽ ഒരു കഥകളികളരി പ്രവർത്തിച്ചു വന്നിരുന്നു. ആ കളരിയിൽനിന്നും ഉയർന്നുവന്ന കലാകാരൻമാരാണ് കലാമണ്ഡലം ഗോപിയും വടക്കേപ്പാട്ട് രാമകൃഷ്ണൻനായരും. പെരിങ്ങോടിന്റെ എക്കാലവും ഓർമ്മിക്കപ്പെടുന്ന ഒരു മികച്ച സംഭാവനയാണ് പ്രസിദ്ധ സംഗീതജ്ഞനായിരുന്ന ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ഉത്തമശിഷ്യൻ പൂമുള്ളി രാമൻ നമ്പൂതിരിപ്പാട്. പൂമുള്ളി മന വക ശ്രീരാമക്ഷേത്രത്തിൽ കൊല്ലംതോറും വളരെ ഗംഭീരമായി നടന്നുവന്നിരുന്ന ഉത്സവകാലത്ത്, കേരളത്തിലെ മികച്ച കലാകാരൻമാർ വിവിധ ക്ഷേത്രകലകളിൽ തങ്ങളുടെ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചിരുന്നു. അതുപോലെ പൂമുള്ളിമനക്കാർ കൊല്ലംതോറും നടത്തിവന്നിരുന്ന നവരാത്രി മഹോത്സവത്തിൽ, ദക്ഷിണേന്ത്യയിലെ പ്രശസ്തരായ കലാകാരൻമാർ പങ്കെടുത്ത് അരങ്ങുതകർത്തിരുന്നു. ഈ കലാവിരുന്നുകളിൽ കേരംവിക്കാരും കാഴ്ചക്കാരുമായി ഒരു വലിയ ആസ്വാദക വൃന്ദം വളർന്നുവന്നു. പ്രശസ്തരായ വളരെയേറെ കലാകാരൻമാർക്ക് ജന്മംകൊടുക്കുവാൻ ഈ പ്രദേശത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. കഥകളിരംഗത്ത് പ്രശസ്ത നടൻ പെരിങ്ങോട് ശങ്കുണ്ണിനായർ, കഥകളി സംഗീതത്തിൽ വിദ്വാനായിരുന്ന കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, തായമ്പക വിദഗ്ദ്ധനായിരുന്ന നീട്ടിയത്ത് ഗോവിന്ദൻനായർ, ഇലത്താള വിദഗ്ദ്ധൻ വടക്കത്ത് നാരായണൻനായർ, കുഴലൂത്തിൽ പേരുകേട്ട പൈങ്കോട്ട് നാരായണൻനായർ, തിമലവിദഗ്ദ്ധനായിരുന്ന കൃഷ്ണൻകുട്ടിമാരാർ, അകാലത്ത് മരണം തട്ടിയെടുത്ത, കഥകളിസംഗീതത്തിൽ ഒരു വാഗ്ദാനമായിരുന്ന കലാമണ്ഡലം രവീന്ദ്രൻ, കോതച്ചിറ ശങ്കരൻനായർ (കൊമ്പ്), കൂവപ്പള്ളി പുഷ്പോത്ത് പരമേശ്വരൻ നമ്പീശൻ ഇവരെപ്പറ്റി നമുക്കഭിമാനിക്കുവാൻ വകയുണ്ട്. അതുപോലെ തന്നെ ഇലത്താളവിദഗ്ദൻ ചേലക്കരവളപ്പിൽ ശേഖരൻനായർ, കലാമണ്ഡലം കേശവൻ, മങ്ങാട്ട് ഗോപിനായർ തുടങ്ങി നിരവധി കലാകാരൻമാർ ഇന്ന് ജീവിച്ചിരിക്കുന്നവരായിട്ടുണ്ട്. സുപ്രസിദ്ധ താർക്കികനും പണ്ഡിതനുമായിരുന്ന ചെറുകുളപ്പുറത്ത് കൃഷ്ണൻ നമ്പൂതിരിയെപ്പറ്റി മുമ്പ് സ്മരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീ പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട് തർക്കം, മീമാംസ എന്നീ വിഷയത്തിലും വിഷവൈദ്യം, ആനചികിത്സ എന്നീ രംഗങ്ങളിലും പരക്കെ അറിയപ്പെടുന്നു. കേരളീയ ആയോധനകലയായ കളരിപ്പയറ്റ് അഭ്യസിപ്പിക്കുന്ന ഒരു കേന്ദ്രം പെരിങ്ങോട് ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഇപ്പോഴും നടത്തിവരുന്നു.

തുഞ്ചത്ത് എഴുത്തച്ഛന്റെ ഭാര്യാഗൃഹമായിരുന്ന എടപ്പാരം ഗൃഹം ആമക്കാവിലാണ്. ഈ കുടുംബത്തിലെ പിൻതലമുറക്കാരനാണ് സുപ്രസിദ്ധ ജ്യോതിഷപണ്ഡിതനായിരുന്ന കോപ്പ എഴുത്തച്ഛൻ. ഈ പഴയകാല കലാ സാംസ്കാരിക പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഇന്ന് പെരിങ്ങോട് ഹൈസ്ക്കൂരം കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പെരിങ്ങോട് ഹൈസ്ക്കൂരം പഞ്ചവാദ്യസംഘം. സംസ്ഥാന യുവജനോത്സവത്തിൽ പഞ്ചവാദ്യത്തിന് കേരള സ്റ്റേറ്റിൽ ഒന്നാം സ്ഥാനം തുടർച്ചയായി നേടിവരുന്നത് ഈ സംഘമാണ്. ഈ വിദ്യാലയത്തിൽനിന്ന് പഞ്ചവാദ്യകല പഠിച്ച് പുറത്തുപോകുന്ന ജാതിവ്യത്യാസമില്ലാത്ത നിരവധി പേർ ഇതൊരു തൊഴിലായി സ്വീകരിച്ചുകൊണ്ട് ജീവിച്ചുപോരുന്നു. നാഗശ്ശേരി പഞ്ചായത്ത് രണ്ടാം വാർഡ് മെമ്പർ ശ്രീ. വി.പി. രാജൻ പഞ്ചവാദ്യ സംഘത്തിന്റെ ഭാരവാഹിയും മദ്ദളകലാകാരനുമാണ്. കഥകളി പരിപോഷിപ്പിക്കുന്നതിനായി ഈ വിദ്യാലയം ആസ്ഥാനമായി ഒരു കഥകളി പ്രമോഷൻ സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. ആഭിജാതകലകരംക്കൊപ്പം കീഴാളരുടെ നാടൻകലകളും ഇവിടെ വളർന്നുവന്നു. എന്നാൽ തിറ, പൂതൻ, ചവിട്ടുകളി, പറപ്പൂതൽ, പാണപ്പാട്ട്, വിശറിക്കളി തുടങ്ങിയ നാടൻ കലകരം നിർഭാഗ്യമെന്നു പറയട്ടെ, നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. ഇവയെ പുനരുദ്ധരിക്കുക എന്നതും വളരെ അത്യാവശ്യമാണ്.

സമ്പന്നമായ ഭൂതകാലത്തിന്റെ ഈ അഭിമാനകരമായ പൈതൃകത്തെ ഉപയോഗപ്പെടുത്തി ആധുനിക ജീവിതത്തിൽ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ നാം നേരിടുന്ന വെല്ലുവിളികളെ , കാർഷികരംഗത്തെ മാന്ദ്യം, വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ച, സാംസ്കാരിരംഗത്തെ ജീർണ്ണത തുടങ്ങിയവയെ എങ്ങനെ നേരിടാം എന്നതാണ് ഇന്ന് നമ്മുടെ മുന്നിലുള്ള മുഖ്യപ്രശ്നം.

# ഭൂപ്രകൃതിയും വിഭവങ്ങളും



**ഭൂപ്രകൃതി:**

തെക്കുവടക്ക് സുമാർ ആറര കിലോ മീറ്ററും കിഴക്കു പടിഞ്ഞാറ് നാലര കിലോമീറ്ററുമായി ഏറെക്കുറെ ദീർഘചതുരാകൃതിയിലാണ് ഈ പഞ്ചായത്തിന്റെ കിടപ്പ്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് മുടവന്നൂർ കുന്നും തെക്കുഭാഗത്ത് കോതച്ചിറകുന്നും കിഴക്കു പടിഞ്ഞാറായി നീണ്ടു കിടക്കുന്നു. ഇവ രണ്ടിനും ഇടയ്ക്ക് ഇടവിട്ട് രണ്ടുനിര കുന്നുകൾ കൂടി കിഴക്കുപടിഞ്ഞാറായി നീണ്ടുകിടക്കുന്നു. ഈ കുന്നുകൾക്ക് ഓരോ പ്രദേശത്തും വേറെവേറെ പേരു കളുണ്ട്. ഈ കുന്നിൻനിരകളുടെ ചെരിവിന് താഴെ സമതലത്തിൽ പാടങ്ങളാണ്. ഈ കുന്നിൻനിരക ളിൽനിന്ന് മഴപെയ്ത് ഒഴുകിവരുന്ന വെള്ളം ഭൂമിയുടെ കിടപ്പനുസരിച്ച് താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകിപ്പോകുന്നു. ഈ കുന്നിൻനിരകളുടെ ഇടയിലായി മൂന്ന് നീർമറിതടങ്ങളാണ് ഉള്ളത്. വെള്ളത്തിന്റെ നീരൊഴുക്ക് പൊതുവെ പറഞ്ഞാൽ കിഴക്കുനിന്ന് പടിഞ്ഞാട്ടാണ്. ഓട്ടുപാറ കുന്നിന്റെ തെക്കെ ചെരിവിന് താഴെയും മൈലാഞ്ചി കുന്നിന്റെയും ചക്കിളിക്കുന്നിന്റെയും ഇടയിലായും സ്ഥിതിചെ യ്യുന്ന ചെറുചാൽപ്പുറം പാടത്ത് നീരൊഴുക്ക് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്. അതുപോലെതന്നെ പൂതക്കുളം പാടശേഖരത്തിലും ജലം തെക്കോട്ടൊഴുകി തിപ്പിലിശ്ശേരിയിലേക്ക് പ്രവേശിക്കുന്നു.

പട്ടിക 1

**നാഗലശ്ശേരി അംശം** (1961-ൽ ഏകീകരിച്ചു)

| *1967-ൽ* | *തരം* | | *വിസ്തീർണം* |
|---|---|---|---|
| നഞ്ച I ചുകന്ന രാശി | 7.4 | 5 | 0.46 |
| | 7.2 | 2 | 54.98 |
| | 7.3 | 3 | 69.90 |
| | 7.4 | 4 | 280.78 |
| | 7.5 | 5 | 123.88 |
| ചുകന്ന മണൽ | 8.3 | 4 | 33.57 |
| | 8.4 | 5 | 6.51 |
| ആകെ | | | 570.08 |
| നഞ്ച II ചുകന്ന രാശി | 7.1 | 1 | 45.75 |
| | 7.2 | 2 | 322.76 |
| | 7.3 | 3 | 172.30 |
| | 7.4 | 4 | 60.97 |
| | 7.4 | 4 | 60.97 |
| | 7.4 | 3 | 0.38 |
| | 7.5 | 5 | 4.30 |
| ചുകന്ന മണൽ | 8.2 | 3 | 12.82 |
| | 8.3 | 4 | 2.46 |
| ആകെ | | | 621.74 |
| തോട്ടം ചുകന്ന രാശി | 7.3 | 2 | 2.07 |
| | 7.2 | 3 | 1.24 |
| | 7.3 | 3 | 3.38 |
| | 7.2 | 4 | 3.89 |
| | 7.3 | 4 | 11.14 |
| | 7.4 | 4 | 0.90 |
| | 7.2 | 5 | 0.92 |
| | 7.3 | 5 | 29.41 |
| | 7.4 | 5 | 27.49 |
| | 7.5 | 5 | 0.37 |
| | 7.2 | 6 | 55.38 |
| | 7.3 | 6 | 5.33 |
| | 7.4 | 6 | 1.32 |
| ചുകന്ന മണൽ | 8.4 | 5 | 0.15 |
| | 8.4 | 6 | 22.83 |
| ചുകന്ന രാശി | 7.2 | 7 | 5.64 |
| | 7.3 | 7 | 287.40 |
| | 7.4 | 7 | 5.10 |
| ചുകന്ന മണൽ | 8.3 | 7 | 9.89 |
| | 8.4 | 7 | 7.08 |
| ആകെ | | | 480.93 |
| സ്ഥിരം പുഞ്ച - ചുകന്ന രാശി | 7.1 | 2 | 0.32 |

| | | | |
|---|---|---|---|
| | 7.2 | 3 | 172.70 |
| | 7.3 | 4 | 568.31 |
| | 7.4 | 5 | 77.36 |
| | 7.5 | 6 | 23.61 |
| ചുകന്ന മണൽ | 8.3 | 5 | 42.79 |
| | 8.4 | 6 | 68.01 |
| ആകെ | | | 953.10 |
| അസ്ഥിരം പുഞ്ച - ചുകന്ന രാശി | 7.2 | 3 | 28.71 |
| | 7.3 | 4 | 203.14 |
| | 7.4 | 5 | 106.43 |
| | 7.5 | 6 | 295.80 |
| ചുകന്ന മണൽ | 8.3 | 5 | 33.39 |
| | 8.4 | 6 | 184.05 |
| | 8.5 | 7 | 79.00 |
| ആകെ | | | 930.52 |
| നി.കെ. | | | 27.96 |
| പുറമ്പോക്ക് | | | 42.61 |

(അവലംബം: റവന്യൂ സെറ്റിൽമെൻറ് രേഖകൾ)

## പട്ടിക 2

## കോതച്ചിറ അംശം

| *വിവരണം* | *നിലത്തിൽ (പകയും കൂറും)* | *തരം* | *വിസ്തീർണം* |
|---|---|---|---|
| നമ്പർ 1 | 7.2 | 2 | 6.66 |
| ചുകന്ന രാശി | 7.3 | 3 | 11.38 |
| | 7.4 | 4 | 79.16 |
| | 7.5 | 5 | .36 |
| | 7.5 | 5 | 99.14 |
| | 7.4 | 4 | .17 |
| | | | **196.84** |
| നമ്പർ 2 | 7.1 | 1 | 26.60 |
| ചുകന്ന രാശി | 7.2 | 2 | 335.05 |
| | 7.3 | 3 | 172.14 |
| | 7.4 | 4 | 61.62 |
| | 7.5 | 5 | 4.53 |
| | | | **599.94** |
| തോട്ടം | 7.3 | 7 | 289.41 |
| ചുകന്ന രാശി | 7.2 | 6 | 90.75 |
| | 7.2 | 7 | 71.39 |
| | 7.3 | 6 | 68.96 |
| | 7.2 | 3 | 2.17 |
| | 7.3 | 4 | 2.47 |
| | 7.3 | 4 | 22.08 |
| | 7.3 | 5 | 40.94 |
| | 7.3 | 5 | 40.80 |
| | 7.2 | 4 | 33.85 |
| | 7.1 | 2 | 1.57 |
| | 7.1 | 6 | 0.96 |
| | 7.1 | 3 | 3.95 |
| | 7.2 | 3 | 1.74 |
| | 7.3 | 3 | 0.31 |
| | 7.3 | 4 | 1.04 |
| | 7.3 | 4 | 0.50 |
| | 7.4 | 5 | 2.25 |
| | 7.4 | 5 | 0.67 |
| | 7.4 | 6 | 2.24 |
| | 7.4 | 7 | 8.55 |
| | 7.5 | 7 | 2.42 |
| ചുകന്ന മണൽ | 8.3 | 5 | 0.24 |
| | 8.3 | 7 | 8.19 |
| | 8.4 | 7 | 15.00 |
| | 8.5 | 7 | 1.88 |
| | | | **714 .27** |
| സ്ഥിരം പുഞ്ച | 7.2 | 3 | 162.24 |
| ചുകന്ന രാശി | 7.3 | 4 | 341.72 |
| | 4.5 | 5 | 26.04 |
| ചുകന്ന മണൽ | 8.4 | 6 | 37.01 |
| ചുകന്ന രാശി | 7.5 | 6 | 8.51 |
| | 7.1 | 2 | 0.17 |
| | 7.2 | 7 | 2.49 |
| | 7.3 | 7 | 6.92 |
| | 7.3 | 4 | 0.71 |
| ചുകന്ന മണൽ | 8.3 | 5 | 14.44 |
| | 8.5 | 7 | 0.99 |
| | | | **601.24** |
| അസ്ഥിരം പുഞ്ച | 7.3 | 4 | 268.53 |
| ചുകന്ന രാശി | 7.2 | 3 | 75.6 |
| | 7.4 | 5 | 2.86 |
| | 7.5 | 6 | 0.17 |
| ചുകന്ന മണൽ | 8.3 | 5 | 47.55 |
| | 8.4 | 6 | 259.25 |
| | 8.5 | 7 | 28.14 |
| | | | **681.56** |
| നി. കെ. | | | 27.28 |
| പുറമ്പോക്ക് | | | 10. 92 |

(അവലംബം: റവന്യൂ സെറ്റിൽമെൻറ് കണക്കുകൾ)

## പട്ടിക 3

| | കോതച്ചിറ അംശം | നാഗലശ്ശേരി അംശം |
|---|---|---|
| നഞ്ച ഒരുപുകിൽ | 196 ഏ. 84 സെ. | 570 ഏ. 08 സെ. |
| നഞ്ച ഇരുപുകിൽ | 599 ഏ. 94 സെ. | 621 ഏ. 74 സെ. |
| തോട്ടം | 714 ഏ. 28 സെ. | 480 ഏ. 93 സെ. |
| സ്ഥിരം പുഞ്ച | 601 ഏ. 24 സെ. | 953 ഏ. 10 സെ. |
| അസ്ഥിരം പുഞ്ച | 681 ഏ. 56 സെ. | 930 ഏ. 52 സെ. |
| നികുതി കെട്ടാത്തത് | 27 ഏ. 28 സെ. | 27 ഏ. 96 സെ. |
| പുറമ്പോക്ക് | 10 ഏ. 92 സെ. | 42 ഏ. 61 സെ. |
| ആകെ | 2,832 ഏ .06 സെ. | 3,636 ഏ. 94 സെ. |
| മൊത്തം വിസ്തീർണം | | 2,832 .06 +<br>3,626 .94<br>6,459 ഏക്ര |
| = | | 2,583.6 ഹെക്ടർ |

*പുറമ്പോക്കിൽ കാണിച്ചത് തോട്, കുളം എന്നിവയുടെ വിസ്തീർണമാണ്.*

പട്ടിക - 4

| നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് ഭൂമിസംബന്ധിച്ച വിവരങ്ങൾ (Ref. A. Register BT Register) | | | | | |
|---|---|---|---|---|---|
| വില്ലേജിൻെറ പേര് | ഭൂമിയുടെ വിസ്തീർണം ഏക്കറിൽ | | | | |
| | പുരയിടം | നിലം | പുറമ്പോക്ക് | നി.കെ.തരിശ് | ആകെ |
| നാഗലശ്ശേരി | 2,364.58 | 1191.82 | 42.61 | 29.96 | 3628.94 |
| കോതചിറ | 1997.07 | 796.78 | 10.92 | 27.28 | 2832.05 |
| ആകെ | 4361.62 | 1988.60 | 53.53 | 57.27 | 6460.99 |

പട്ടിക - 5

| പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. പുറമ്പോക്ക് രജിസ്റ്റർ) | | | | | |
|---|---|---|---|---|---|
| വില്ലേജിൻെറ പേര് | ഭൂമിയുടെ വിസ്തീർണം ഏക്കറിൽ | | | | |
| | റോഡ് | തോട് | കുളം | വനം | കിണർ |
| നാഗലശ്ശേരി | 34.74 | 4.34. | 084 | | 0.19 |
| കോതചിറ | 6.18 | 21.37 | 17.16 | 335.87 | |
| ആകെ | 40.92 | 25.71 | 18.00 | 335.87 | .019 |

പട്ടിക - 6

| പതിച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. രജിസ്റ്റർ നമ്പർ 5) | | |
|---|---|---|
| വില്ലേജ് | തരിശ് | |
| നാഗലശ്ശേരി<br>കോതചിറ | 2.30 ഏ.<br>.70 ഏ | (ഹരിജൻ കോളനിക്ക് എടുത്തത് |
| ആകെ | 3.00 ഏ. | |

കേരളത്തിലെ പതിമ്മൂന്ന് കാർഷിക കാലാവസ്ഥാ മേഖലകളാക്കി തിരിച്ചതിൽ ഈ പഞ്ചായത്തിൻെറ ഭൂപ്രദേശം 4-ാമത്തെ മേഖലയായ സെൻട്രൽ മിഡ് ലാൻറ് എന്ന വിഭാഗത്തിലാണ്. അതായത് കിഴക്കുപടിഞ്ഞാറ് ഇടനാട് മേഖലയിലും തെക്കുവടക്ക് മദ്ധ്യമേഖലയിലും പെടുന്നു. സമുദ്രനിരപ്പിൽനിന്ന് 10 മീറ്ററിനും 60 മീറ്ററിനും ഇടയിലാണ് ഉയരം. കുന്നിൻമുകളിൽ ഏതാണ്ട് സമതലപീഠഭൂമിയും അതിനുതാഴെ കുത്തനെയുള്ളതും ക്രമേണയുള്ളതുമായ ചെരിവ് ഭൂമികളും അതിനുതാഴെ സമതലവുമടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം.

**മണ്ണ് :**

ഇവിടത്തെ മണ്ണ് ചെമ്മണ്ണുവിഭാഗത്തിൽ പെടുന്നു. സമതലപ്രദേശത്ത് ചുരുക്കം സ്ഥലങ്ങളിൽ മണൽ രാശി കലർന്ന ചെമ്മണ്ണും കാണുന്നു. പൊതുവിൽ മണ്ണ് ഫലപുഷ്ടി കുറഞ്ഞതാണ്.

**ഭൂവിനിയോഗം :**

വില്ലേജ് സെറ്റിൽമെൻറ് അനുസരിച്ച് ഭൂമികളുടെ തരത്തെ കാണിക്കുന്ന പട്ടികകൾ (1,2,3,4,5,6) പരിശോധിക്കുക. 1960 വരെ ഭൂനികുതി പിരിച്ചിരുന്നത് ഭൂമിയുടെ തരവും മണ്ണിൻെറ തരവും നോക്കിയായിരുന്നു. അതിനുവേണ്ടി വളരെ ശാസ്ത്രീയമായി മണ്ണ് പരിശോധിച്ച് സെറ്റിൽ മെൻറ് കാലത്ത് തയ്യാറാക്കിയ കണക്കാണ് വില്ലേജിൽ ഉണ്ടായിരുന്നത്. കാലാകാലത്ത് ഭൂമികളുടെ തരത്തിൽ മാറ്റം വന്നാൽ കൃത്യമായി കണക്കുകൾ ശേഖരിച്ച് രേഖപ്പെടുത്തിയിരുന്നു. എന്നാൽ 60-നുശേഷം അടിസ്ഥാന ഭൂനികുതി നടപ്പിലാക്കിയപ്പോൾ ഏക്കർ ഒന്നിന് രണ്ടു രൂപയാക്കി നിശ്ചയിച്ചശേഷം ഭൂമിയുടെ തരമോ മണ്ണിൻെറ തരമോ നോക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കൃഷിഭവനിൽ

പട്ടിക -8

| അനുബന്ധം 1 - നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് 3.1 വിള വിസ്തീർണവും ഉത്പാദനവും (Ref. അടിസ്ഥാനവിവര രജിസ്റ്റർ) | | | |
|---|---|---|---|
| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉല്പാദനക്ഷമത |
| നെല്ല്(ഒന്നാംവിള) | 410 Hectre | 6,56,000 Kg. | 1,600 Kg. |
| നെല്ല്(രണ്ടാംവിള) | 573 Hectre | 10,02,750 Kg. | 1,750 Kg. |
| നെല്ല്(മൂന്നാംവിള) | Nil | ----- | ---- |
| പയർ | 75 Hectre | 45,000 Kg. | 600 Kg. |
| എള്ള് | 20 " | 4300 Kg. | 215 Kg. |
| പച്ചക്കറികൾ | 80 " | 96000 Kg. | 1200 Kg. |
| തെങ്ങ് | 810 " | 33,75,000 Nos. | 7,500Nos. |
| വാഴ | 120 " | 10,20,000 Kg. | 8,500 Kg. |
| മരച്ചീനി | 110 " | 23,10,000 Kg. | 21,000 Kg. |
| കുരുമുളക് | 20 " | 6,400 Kg. | 320 Kg. |
| പ്ലാവ് | 60 " | 14,40,000 Kg. | 400 Kg. |
| കശുമാവ് | 55 " | 66,000 Kg. | 1,200 Kg. |
| മാവ് | 75 " | 56,250 Kg. | 750 Kg. |
| റബ്ബർ | 180 " | 1,76,400 Kg. | 980 Kg. |
| കവുങ്ങ് | 145 " | 4,73,06250 Nos. | 4,22,500 Nos. |
| ഇഞ്ചി | 30 " | 1,05,000 Kg. | 3,500 Kg. |
| | 2733 Hectre | | |

നിന്ന് ഭൂവിനിയോഗം സംബന്ധിച്ച് ലഭിച്ച കണക്ക് പട്ടിക 7 - 8 നോക്കുക. ഈ രണ്ട് കണക്കുകളും പരിശോധിക്കുമ്പോൾ പാടത്തി ന്റെ വിസ്തീർണത്തിൽ ഈ പഞ്ചായത്തിൽ വലിയ വ്യതിയാനങ്ങൾ ഉണ്ടായിട്ടില്ല എന്നു കാണാം. പ്രധാന കൃഷി നെല്ലുതന്നെയാണ്. വളർന്നുവരുന്ന ഒരു കാർഷികമേഖലയാണ് റബ്ബർ. മറ്റു കൃഷികൾ തെങ്ങ്, കവുങ്ങ്, പച്ചക്കറി, വാഴ, കുരുമുളക്, ഇഞ്ചി മുതലായവയാണ്. കൃഷിയും ഉല്പാദനവും കുറഞ്ഞുവരികയാണ്. ഈ മുരടിപ്പ് പരിഹരിക്കേണ്ടതാണ്. സ്ഥിരം പുഞ്ചവിഭാഗത്തിൽ ഒഴിഞ്ഞ് കിടന്നിരുന്ന മൊട്ടക്കുന്നുകൾ പലതുമാണ് ഇന്ന് റബ്ബർ തോട്ടങ്ങളായി മാറിയിരിക്കുന്നത്. ജനസംഖ്യ വർദ്ധിച്ചതുകൊണ്ടും, കൂട്ടുകുടുംബങ്ങൾ തകർന്നതുമൂലവും മോടൻ, കപ്പ, ചക്കരക്കിഴങ്ങ്, ചാമ എന്നിവ കൃഷി ചെയ്തിരുന്ന മിക്ക പറമ്പുകളും പുരയിടങ്ങളും തോട്ടങ്ങളുമായി മാറി. ഭൂവിനിയോഗം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി പട്ടിക തിരിച്ചു കൊടുത്തത് ശ്രദ്ധിക്കുക.

**ജലവിഭവം:**

ഈ പഞ്ചായത്തിൽ പ്രത്യേകമായി ശേഖരിച്ച കണക്ക് ലഭ്യമല്ല. ജില്ലയുടെ മൊത്തം മഴയുടെ കണക്ക് സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. വർഷത്തിൽ ശരാശരി 2,339 മില്ലിമീറ്റർ മഴ ലഭിക്കുന്നു. സംസ്ഥാനത്തിന്റെ ശരാശരി 3,063 മി.മീ. ആണ്. ജൂൺ മുതൽ ആഗസ്റ്റ് മദ്ധ്യംവരെയുള്ള കാലവർഷത്തിൽ ആകെ ലഭിക്കുന്ന മഴ കൊല്ലം മുഴുവൻ ലഭിക്കുന്ന മഴയുടെ 62% വും സെപ്തംബർമുതൽ നവംബർ അവസാനംവരെയുള്ള തുലാവർഷത്തിൽ ലഭിക്കുന്ന മഴ മൊത്തം മഴയുടെ 24% ആണ്. ഫെബ്രുവരി മുതൽ മെയ്മാസം വരെയുള്ള കാലത്ത് ലഭിക്കുന്നത് വേനൽ മഴയാണ്. വേനല്ക്കാലത്ത് മഴ ലഭിച്ചില്ലെങ്കിൽ കുടിക്കാനും നനയ്ക്കാനും വെള്ളം ഉണ്ടാവില്ലെന്നാണ് അനുഭവം. കഴിഞ്ഞ കുറച്ച് കൊല്ലമായി വേനൽമഴ ലഭിക്കുന്നില്ല. ഭാരതപ്പുഴ ഈ പഞ്ചായത്തിനെ അനു

പട്ടിക - 9

| പാലക്കാട് ജില്ല - മഴയുടെ കണക്ക് (മി.മീറ്ററിൽ) (ഫാം ഗൈഡ് 1994) | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ജനു. | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം. | ഡിസം. | ആകെ |
| 8 | 9 | 27 | 87 | 161 | 477 | 633 | 349 | 165 | 249 | 136 | 28 | 2329 |

പട്ടിക -7

അനുബന്ധം 1 - നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്
3.1 ഭൂമിസംബന്ധിച്ച വിവരങ്ങൾ
(Ref. അടിസ്ഥാനവിവര രജിസ്റ്റർ)

| *ഇനം* | *വിസ്തീർണം* |
|---|---|
| നിലം | 573 ഹെക്ടർ |
| പുരയിടം | 1235 ,, |
| പുറമ്പോക്ക് | 95 ,, |
| കൃഷിയോഗ്യതരിശ് | 160 ,, |
| കൃഷിയോഗ്യമല്ലാത്ത | |
| തരിശ് | 140 ,, |
| *ആകെ* | *2203 ഹെക്ടർ* |

ഗ്രഹിച്ചിട്ടില്ലെങ്കിലും, ഈ പഞ്ചായത്ത് ഭാരതപ്പുഴയുടെ നീർ മറിതടത്തിൽപെട്ടതാണ്. അതുകൊണ്ട് ഭാരതപ്പുഴയുടെ ജലവിതാനം ഇവിടത്തെ ജലാശയങ്ങളുടെ ജലവിതാനത്തെ സ്വാധീനിക്കുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട നീർമറിതടങ്ങൾ മുകളിൽ കൊടുത്തിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും ചിറകളും കൃഷിക്കാരുടെ അശ്രദ്ധകൊണ്ടും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ടും മണ്ണു വന്ന് നികന്ന് വേനൽക്കാലങ്ങളിൽ വെള്ളം ലഭ്യമല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ നെല്പാടങ്ങളിലുള്ള മിക്ക തോടുകളും തൂർന്ന് നീരൊഴുക്കിന് പല തരത്തിലും തടസ്സം നേരിടുന്നു. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കുളങ്ങളുടെയും ചിറകളുടെയും തോടുകളുടെയും പട്ടിക 10 അന്യത്ര കൊടുത്തിട്ടുണ്ട്.

**ജൈവസമ്പത്ത്:**

പഞ്ചായത്തിൽ പല കുന്നുകളും മരങ്ങൾ നിറഞ്ഞ കാടുകളായിരുന്നു. ഒന്നാംവാർഡിൽ നന്ദിയംകോട്കുന്ന് രണ്ടാംവാർഡിലുള്ള കിളിവാലൻകുന്ന് മൂന്നാം വാർഡിൽ ചേമ്പ്രകുന്ന് ഇവയെല്ലാം ഒരു കാലത്ത് ഹരിതാഭമായ പ്രദേശങ്ങളായിരുന്നു. (കിളിവാലൻകുന്ന് പഴയകാലത്ത് തേക്കിൻകാട് ആയിരുന്നു) ഇവയിൽ പലതും റബ്ബർകാടുകളായി മാറിക്കഴിഞ്ഞു. കോതച്ചിറക്കാട്, സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമായതോടുകൂടി ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൻെറ കീഴിലായി ഫോറസ്റ്റ്ഡിപ്പാർട്ട്മെൻറിൽ ലയിക്കുന്നതിനുമുമ്പുതന്നെ മിക്കവാറും മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടിരുന്നു. 335.87 ഏക്കർ വനഭൂമിയിൽ പിന്നീട് കുറച്ചു സ്ഥലത്ത് തേക്ക് വെച്ചുപിടിപ്പിച്ചതൊഴിച്ചാൽ ബാക്കി മുഴുവൻ സ്ഥലത്തും അക്കേഷ്യ നട്ടുപിടിപ്പിച്ചു. വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ച അക്കേഷ്യാകാട് പരിസര നിവാസികളിൽ വളരെയേറെ ഭയാശങ്കകൾ വളർത്തിയിരുന്നു. ചുറ്റുപാടുമുള്ള കിണറുകളിലെല്ലാം മുമ്പുണ്ടായിരുന്ന ജലവിതാനത്തിൽ കാര്യമായ മാറ്റംവന്നു എന്നത് ഒരു വസ്തുതയാണ്. അക്കേഷ്യപാംപ്പ് നിർമ്മിക്കുന്നതിനുവേണ്ടി വെട്ടി മാറ്റിക്കഴിഞ്ഞിരിക്കയാണ്. ആ പ്രദേശം മുഴുവൻ രണ്ടുകൊല്ലംകൊണ്ടു തന്നെ അക്കേഷ്യാതൈകൾ തനിയെ വീണ്ടും മുളച്ചുപൊന്തി കാടായി തീർന്നുകൊണ്ടിരിക്കുന്നു. ഈ പ്രദേശത്തുനിന്ന് അക്കേഷ്യാതൈകൾ നീക്കം ചെയ്ത് ഫലവൃക്ഷങ്ങളും തേക്ക്, വീട്ടി മുതലായ വിലപിടിപ്പുള്ള മരങ്ങളും വെച്ചുപിടിപ്പിക്കുന്നപക്ഷം നാട്ടിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സസ്യജൈവസമ്പത്ത് വീണ്ടെടുക്കുവാൻ കഴിയും. ഒഴിഞ്ഞു കിടന്നിരുന്ന പല കുന്നിൻപ്രദേശങ്ങളിലും പച്ചിലവളാവശ്യത്തിനുവേണ്ടി ഞാവൽ തുടങ്ങിയ മരങ്ങൾ വെച്ചുപിടിപ്പിച്ചിരുന്നു. അവയിൽ പലതും വെട്ടിക്കഴിഞ്ഞു. എങ്കിലും ചുരുക്കം ചിലത് ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

**പട്ടിക 10**

**കുളങ്ങൾ**

***വാർഡ് - 1***

| | | |
|---|---|---|
| 1. | ഉന്തത്ത്കുളം | (പൊതു) |
| 2. | നമ്പ്യാർകുളം | (സ്വകാര്യം) |
| 3. | കരിമ്പനക്കുളം | (സ്വ) |
| 4. | കറുത്തേടത്ത്കുളം | (സ്വ) |
| 5. | അമ്പലക്കുളം | (പൊ) |
| 6. | കണ്ണൻകുളം | (പൊ) |
| 7. | കാലടിക്കുളം | (പൊ) |
| 8. | പാപ്പിയംകുളം | (പൊ) |
| 9. | മാനംകുളം | (സ്വ) |
| 10. | അശിക്കത്ത്കുളം | (സ്വ) |
| 11. | കിഴുപ്രക്കാട്ട്കുളം | (സ്വ) |
| 12. | കോമംഗലം അമ്പലക്കുളം | (പൊ) |

***വാർഡ് -2***

| | | |
|---|---|---|
| 13. | തോട്ടുകുളം | (പൊ) |
| 14. | നരിയാറകുളം | (സ്വ) |
| 15. | മൂത്തേടത്ത്കുളം | (സ്വ) |
| 16. | പറങ്ങാടിക്കുളം | (സ്വ) |
| 17. | വടശ്ശേരികുളം | (സ്വ) |
| 18. | തെരമംഗലംകുളം | (പൊ) |
| 19. | കൂനങ്ങാട്ടുകുളം | (സ്വ) |
| 20. | പൂത്രക്കോവിൽഅമ്പലക്കുളം | (പൊ) |
| 21. | ഉഴുത്ര വാരിയർക്കുളം | (സ്വ) |

22. പുക്കുഴിക്കുളം (പൊ)
23. തൊഴുക്കാട്ടുകുളം (സ്വ)

*വാർഡ് - 3*

24. കോരഞ്ചിറക്കുളം (പൊ)
25. പാതിരിശ്ശേരിക്കുളം (പൊ)
26. നീരട്ടിക്കുളം (പൊ)
27. കയ്പഞ്ചേരിക്കുളം (പൊ)
28. പുവത്രക്കുളം (സ്വ)
29. മങ്ങാട്ടുകുളം (സ്വ)
30. ചാലക്കുളം (സ്വ)
31. പെരുമ്പടപ്പൻകുളം (സ്വ)
32. കൊട്ടിലിങ്ങൽകുളം (പൊ)
33. പൊയ്‌ലത്തുകുളം (പൊ)
34. നമ്പിടിക്കുളം (സ്വ)
35. പൊറ്റാംകുളം (സ്വ)
36. എളവാതിക്കൽ അമ്പലക്കുളം (സ്വ)
37. കുന്നത്തുകുളം (സ്വ)

*വാർഡ് - 4*

38. രാമഞ്ചിറകുളം (സ്വ)
39. കണിച്ചിറകുളം (പൊ)
40. മൂന്നാംകുളം (സ്വ)
41. മുത്തിലികുളം (സ്വ)
42. പുത്തൻകുളം (സ്വ)
43. കഴാഞ്ചിറകുളം (പൊ)
44. കയ്പഞ്ചേരികുളം (പൊ)
45. കളത്തിൽകുളം (സ്വ)
46. കടാംകുളം (പൊ)
47. പുന്നൻകുളം (സ്വ)
48. വാവന്നൂർകുളം (പൊ)
49. ചിറകുളം (സ്വ)
50. ചോലകുളം (സ്വ)
51. ഓലഞ്ചേരികുളം (സ്വ)
52. മാന്തോല്കുളം (സ്വ)
53. ആറ്റക്കൂട്കുളം (സ്വ)
54. ചേങ്ങോട്ടുകളും (പൊ)
55. അവരാമത്ത്കുളം (പൊ)
56. പുത്തൻകുളം (പൊ)
57. അമ്പലക്കുളം (പൊ)

*വാർഡ് - 6*

58. പറണ്ണാംകുളം (പൊ)
59. പതമ്പൻകുളം (സ്വ)
60. നായാടികുളം (സ്വ)
61. കോപ്പുള്ളികുളം (സ്വ)
62. ഇറ്റാംകുളം (പൊ)
63. തൃക്കാകുളം (പൊ)
64. പൊന്നമ്പത്ത്കുളം (സ്വ)

WARD 7

65. പുത്തൻകുളം (സ്വ)
66. കക്കുളം (പൊ)
67. മണ്ണേൻകുളം (പൊ)
68. പൂതൻകുളം (പൊ)
69. നെല്ലിക്കുളം (പൊ)
70. ചാഞ്ചിറകുളം (പൊ)
71. കണ്ണൻകുളം (പൊ)
72. പ്ലാലികുളം (പൊ)
73. അമ്പലകുളം I & II (പൊ)

*വാർഡ് - 8*

74. കോതകുളം (പൊ)
75. ഏനാഞ്ചികുളം (പൊ)
76. നാങ്കുളം (പൊ)
77. തുറകുളം (പൊ)
78. പുത്തൻകുളം (പൊ)
79. ഇമ്മിണികുളം (പൊ)
80. അമ്പലക്കുളം (പൊ)
81. ഇട്ട്യേങ്കൻകുളം (പൊ)

*വാർഡ് - 9*

82. ഏരിയേടംകുളം (പൊ)
83. കോഴികുളം (പൊ)
84. കുഞ്ഞറകുളം (സ്വ)
85. പുത്തൻകുളം (സ്വ)
86. ചെമ്പരത്തകുളം (സ്വ)
87. ഉറുവിങ്കൽകുളം (സ്വ)
88. അമ്പലകുളം (പൊ)

*വാർഡ് - 10*

89. തറേലെകുളം (പൊ)
90. അച്ചൻകോവിൽകുളം (പൊ)
91. വാരിയത്ത് കുളം (പൊ)
92. ആമക്കാവിൽകുളം (പൊ)
93. കാരേക്കാട്ടിൽ കുളം (പൊ)
94. ചെക്കായിൽകുളം (പൊ)
95. പയ്യാനക്കുളം (പൊ)
96. മുണ്ടേങ്ങാട്ട് കുളം (പൊ)

*ആകെ പൊതുകുളങ്ങൾ 57*

*സ്വകാര്യ കുളങ്ങൾ 39*

**തോടുകൾ**

*വാർഡ് - 1*

1. കല്ലുതോട്
2. വെള്ളാരണിതോട്
3. കാലടിപാടം തോട്
4. പാപ്പിയംകുളം തോട്
5. തൊഴുക്കാട് തോട്

*വാർഡ് - 2*

6. തോട്ടുകുളം തോട്
7. കൂനങ്ങാട് തോട്
8. എരിയേടം തോട്
9. നാറേരി തോട്

*വാർഡ് - 3*

10. മണലി തോട്
11. ഉലിയത്തുപാറ തോട്
12. കുഞ്ഞുപാടം തോട്
13. വാവന്നൂർപാടം തോട്

*വാർഡ് - 4*

14. പാറതോട്
15. വെള്ളാഞ്ചിറ തോട്

*വാർഡ് - 5*

16. കോതഞ്ചിറ ചാല്
17. മണമ്പാടത്തെ പത്തിൽപാലം തോട്
18. കൊല്ലായിക്കൽ തോട്
19. നാറേരിതോട്
20. ചെറുവിൽപ്രം തോട്

*വാർഡ് - 6*

21. ഒരച്ചാണൂർ തോട്

*വാർഡ് - 7*

22. മണ്ണേങ്കുളത്തുനിന്നുള്ള തോട്
23. നരിക്കുഴിനിന്നുള്ള തോട്
24. അമ്പലക്കുളത്തുനിന്നുള്ള തോട്
25. അയ്യപ്പൻകാവ് തോട്

*വാർഡ് - 8*

26. വേലംപ്പാവ് തോട്
27. കൈതക്കുണ്ട് പാറക്കൽച്ചിറ
28. കക്കായിതോട്
29. എറളക്കാടു പുഞ്ചയിലേക്കുള്ള ചാല്

*വാർഡ് - 9*

30. വടക്കേ തോട്
31. എരിയേടം തോട്

*വാർഡ് - 10*

32. കോഴിക്കുളം തോട്
33. കാലടി അമ്പലക്കുളം തോട്
34. കണ്ണംമ്പാറ തോട്
35. വാഴക്കോട്ചിറ (ഒന്നാം വാർഡ്)

7-ാം വാർഡ് കോതചിറകാടിൻെറ തേക്കേ മറിയിൽനിന്ന് ഒഴുകുന്ന കിഴക്കേ ചോലയിൽ അണകെട്ടിയാൽ കോതചിറയിൽ വളരെയധികം സ്ഥലങ്ങളിലേക്ക് വെള്ളം സുലഭമായി കിട്ടാൻ ഇടയുണ്ട്. 4-ാം വാർഡിൽ വെള്ളാഞ്ചിറയിൽ കുന്നിൻപള്ളയിൽനിന്ന് ഊർന്നുവരുന്ന വെള്ളം തടഞ്ഞുനിർത്തി സംഭരിച്ചാൽ താഴെ നിലങ്ങളിൽ ജനസേചനസൗകര്യം കിട്ടും. തൃത്താല പഞ്ചായത്തിൽ മുടവന്നൂർ കുന്നിൽ ഒലിയത്തുപാറയിൽനിന്ന് തെക്കോട്ട് ഒഴുകിവരുന്ന ജലം തടഞ്ഞുനിർത്തി സംഭരിക്കുന്നപക്ഷം 3-ാം വാർഡിൽ ജലസേചനത്തിന് സൗകര്യമുണ്ടാകും. ഇവ സംബന്ധിച്ച് വിദഗ്ദ്ധ പരിശോധന നടത്തേണ്ടതാണ്.

**മൃഗസമ്പത്ത്**

നിലം ഉഴുവാൻ കാളകൾക്ക് പകരം ട്രാക്ടർ വന്നതോടുകൂടി കന്നുകാലിസമ്പത്ത് കുറയുവാൻ ഇടവന്നു. പോത്തുകൾ എണ്ണത്തിൽ വളരെ കുറഞ്ഞിട്ടുണ്ട്. എന്നാൽ എരുമകളാണെങ്കിൽ തീരെ കാണാനില്ല. മേച്ചിൽസ്ഥലങ്ങൾ ഇല്ലാതായതോടുകൂടി പശുക്കളേയും ആടുകളേയും വളർത്തുന്ന രീതിയിൽ മാറ്റം വന്നു. ആടുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പശുക്കളുടെ എണ്ണത്തിൽ കാര്യമായ മാറ്റം വന്നിട്ടില്ല. 1996-ലെ സെൻസസ് കണക്കുകൾ അന്യത്ര.

പണ്ടുകാലംമുതൽ ആനകളെ പരിപാലിച്ചുപോന്നിരുന്ന ഒരു പ്രദേശമാണ് നമ്മുടേത്. അന്ന് ജന്മികളായിരുന്ന കോതച്ചിറ, പൂമുള്ളി, ചെറുകുളപ്പുറം മനക്കാർ ആനകളെ വളർത്തി വന്നിരുന്നു. ഈ ജന്മികളുടെ ആഢ്യത്വത്തിൻെറയും പ്രതാപത്തിൻെറയും ലക്ഷണമായിട്ടാണ് സമൂഹം ഇതിനെ കണ്ടിരുന്നത്. ചെറുകുളപ്പുറത്തു മനക്കാർ ഈ രംഗത്തുനിന്നും പിന്മാറിയെങ്കിലും കോതച്ചിറ പൂമുള്ളിമനക്കാർ ഈ പാരമ്പര്യം നിലനിർത്തുന്നുണ്ട്. കൂടാതെ, അടുത്ത കാലത്തായി വിരലിലെണ്ണാവുന്ന ചിലർ ഈ രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. ആനയെ സ്വന്തമായി പരിപാലിച്ചും ഏക്കത്തിനെടുത്തും ഒരു വരുമാന മാർഗ്ഗമായി പരിപാലിച്ചുവരുന്നവരുമുണ്ട്. പാരമ്പര്യരീതിയിലുള്ള ആനചികിത്സ പഠിക്കുകയും ഇന്നും പ്രയോഗിക്കുകയും ചെയ്യുന്ന ആളാണ് ശ്രീ. പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട്. ഈ രംഗത്ത് അദ്ദേഹം വളരെ പ്രശസ്തനാണ്.

| പട്ടിക - 11 (അവലംബം കന്നുകാലി സെൻസസ്) | | |
|---|---|---|
| സങ്കരയിനം പശു | : | 1453 |
| കാള | : | 80 |
| ആകെ | : | 1533 |
| കറവുള്ള പശു | : | 576 |
| നാടൻപശു | : | 1038 |
| കാള | : | 45 |
| ആകെ | : | 1083 |
| കറവുള്ള പശു | : | 460 |
| പോത്ത് | : | 25 |
| എരുമ | : | 5 |
| ചെമ്മരിയാട് | : | 2 |
| ആട് | : | 2368 |
| നായ | : | 397 |
| കോഴി | : | 6919 |
| താറാവ് | : | 12 |

**പക്ഷികൾ**

കോതച്ചിറക്കാട്ടിൽ മയിലുകൾ ഇന്നും കണ്ടുവരുന്നുണ്ട്. പ്രത്യേക പക്ഷിസങ്കേതങ്ങൾ ഒന്നുംതന്നെ ഇല്ല. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പക്ഷികൾക്ക് കാര്യമായ പങ്കുണ്ടല്ലോ. വിശദമായ പക്ഷിനിരീക്ഷണം നടത്തി നമ്മുടെ പക്ഷിസമ്പത്തിൽ വന്ന മാറ്റങ്ങളെപ്പറ്റി വിലയിരുത്തേണ്ടതാണ്. കോഴികളെ വീട്ടുമുറ്റത്തു വളർത്തുന്നതല്ലാതെ പ്രത്യേക വളർത്തുകേന്ദ്രങ്ങളില്ല

**ജനപ്രകൃതി**

1991-ലെസെൻസസ് കണക്കനുസരിച്ച് നാഗലശ്ശേരി പഞ്ചായത്തിലെ ജനസംഖ്യ 23,288 ആണ്. ഇതിൽ 11,135 പുരുഷൻമാരും 12,153 സ്ത്രീകളും ആണ്. സ്ത്രീ പുരുഷാനുപാതം 1,000 പുരുഷൻമാർക്ക് 1,091 സ്ത്രീകൾ (സംസ്ഥാന അനുപാതം 1,000ന് 1,036) ആകെ വീടുകൾ 4,158. വീടൊന്നിന് 5.6 ആളുകൾ. (സംസ്ഥാനകണക്ക് 5.6). ജനസാന്ദ്രത ച.കി.മീറ്ററിന് 849 ഉം സംസ്ഥാനകണക്ക് 749 ഉം ജില്ലാ കണക്ക് ച. കി.മീറ്ററിന് 532ഉം) പട്ടികജാതി വിഭാഗം പുരുഷൻമാർ 2,409, സ്ത്രീകൾ 2,454. മൊത്തം ജനസംഖ്യയുടെ 21% പട്ടികജാതി വിഭാഗം. സംസ്ഥാനത്തിൽ ഇത് 9.92% മാത്രം. 1991 ൽനിന്ന് '96 ആയപ്പോഴേക്കും ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടാകുമെന്ന് ഉറപ്പാണല്ലോ. **ICDS** ഓഫീസിൽനിന്നും ശേഖരിച്ച കണക്കുപ്രകാരം 1996 മാർച്ചിലെ ജനസംഖ്യ 25,846 (പു: 12,733 - സ്ത്രീ: 13,113 - **SC:** 5331). സംസ്ഥാന കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസാന്ദ്രത അധികമാണ്. മൊത്തം ജനസംഖ്യയിൽ പട്ടിക ജാതിവിഭാഗം ജനങ്ങളുടെ ശതമാനക്കണക്ക് സംസ്ഥാന കണക്കിനേക്കാൾ വളരെ ഉയർന്നതാണ്. സാക്ഷരതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയേക്കാൾ നാം പുറകിലാണ്.

**സാക്ഷരതാനില**

| | പഞ്ചായത്ത് | സംസ്ഥാനം |
|---|---|---|
| പുരുഷൻമാർ | 89.33% | 93.62% |
| സ്ത്രീകൾ | 80.69% | 86.17% |
| മൊത്തം ജനങ്ങളുടെ സാക്ഷരത | 84.76% | 89.81% |

ജനസംഖ്യാവർദ്ധനവിൻെറ തോത് സംസ്ഥാനതോതിനേക്കാൾ കുറവാണ്. സംസ്ഥാനത്തിൻേറത് 1000- ന് 17. പഞ്ചായത്തിൻേറത് 1000-ന് 16. മുകളിൽ കൊടുത്ത കണക്കുകൾ പഞ്ചായത്തിൻെറ ഇന്നത്തെ സ്ഥിതി മനസ്സിലാക്കാൻ സഹായിക്കും.

ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. മുസ്ലീം മതത്തിൽപ്പെട്ടവർ 20%ത്തോളം വരും. ക്രിസ്ത്യാനികൾ 1%ത്തിൽതാഴെ മാത്രമേ ഉള്ളൂ. കഴിഞ്ഞ 50 കൊല്ലം വരെയും ബഹുഭൂരിപക്ഷം കുടുംബങ്ങളും പട്ടിണിയിലും ദാരിദ്ര്യത്തിലും കുടുങ്ങിക്കഴിയുകയായിരുന്നു. ജൻമിമാരും ഭേദപ്പെട്ട കുറച്ച് സവർണ കുടുംബങ്ങളും അടങ്ങുന്ന ഒരു ന്യൂനപക്ഷത്തിന്മാത്രമേ മെച്ചപ്പെട്ട ജീവിതം നയിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. കർഷകത്തൊഴിലാളികൾ സവർണ്ണ കുടുംബങ്ങളുടെ അടിമപ്പണിക്കാരായിരുന്നു. അവർ അന്ന് അറിയപ്പെട്ടിരുന്നത് 'ഓണം, വിഷു വിത്തെടുത്തവർ' എന്ന പേരിലായിരുന്നു. തുച്ഛമായ കൂലിക്ക് ജോലി ചെയ്യുവാൻ കടപ്പെട്ടവർ. കൂലി പലപ്പോഴും നെല്ലായിരിക്കും. ചെറുകിട കർഷകരാവട്ടെ പാട്ടം കൊടുത്ത് തുലഞ്ഞ് പട്ടിണി കിടക്കുന്നവരും. നിർമ്മാണത്തൊഴിലെടുത്തിരുന്നവർ പരമ്പരാഗതമായി കുലത്തൊഴിലിൽമാത്രം ഏർപ്പെട്ടിരുന്നവരും തൊഴിലവസരം കുറഞ്ഞവരും പട്ടിണിക്കാരുമായിരുന്നു. ആണ്ടറുതികളിലും ചില പ്രത്യേക അവസരങ്ങളിലും ഭേദപ്പെട്ട കുടുംബങ്ങളിൽനിന്നും ലഭിക്കുന്ന ചില അവകാശങ്ങളെമാത്രം ആശ്രയിച്ച് ജീവിതം നയിക്കുന്നവരും ആയിരുന്നു ഇവർ മതന്യൂനപക്ഷവിഭാഗത്തിൽ ചുരുക്കം ചിലർ കർഷകത്തൊഴിലാളികളായിരുന്നു. ബഹുഭൂരിപക്ഷവും ഉപജീവനാർത്ഥം ചില്ലറ കച്ചവടത്തിലേർപ്പെട്ടിരുന്നു.

1957-ൽ തുടങ്ങിവയ്ക്കുകയും 1970-ൽ പൂർത്തീകരിക്കുകയും ചെയ്ത ഭൂപരിഷ്കരണനിയമം പാസ്സായതോടുകൂടി ഭൂവുടമാബന്ധങ്ങളിൽ മാറ്റംവന്നു. കർഷകർ ഭൂവുടമകളായി മാറുകയും കർഷകത്തൊഴിലാളികളും ദരിദ്രജനവിഭാഗങ്ങളും കുടികിടപ്പിൻെറ

അവകാശികളാവുകയും ചെയ്തു. അതുവഴി അവരുടെ വരുമാനം വർദ്ധിക്കുകയും ജീവിതരീതിയിൽ ഒരു വലിയ പരിവർത്തനം വരികയും ചെയ്തു. സാമൂഹ്യമായ ജാത്യനാചാരങ്ങളുടെ ചങ്ങലക്കെട്ടുകളിൽനിന്നും ജന്മിമേധാവിത്വത്തിൽനിന്നും അവർ ക്രമേണ മോചിതരായി. അവരുടെ സാമൂഹികപുരോഗതിക്ക് വേഗം കൂട്ടിയ ഒരു ഘടകമായിരുന്നു വിദ്യാഭ്യാസം. കാലാകാലങ്ങളിൽ 1957-ലും 1967-ലും അധികാരത്തിൽവന്ന സർക്കാരുകൾ കൂടുതൽ വിദ്യാലയങ്ങൾ തുറന്നതും വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കിയതും കർഷകത്തൊഴിലാളി കുടുംബങ്ങളിൽനിന്നും കൂടുതൽപേർ വിദ്യാലയങ്ങളിൽ പോകാനിടയാക്കി. വിദ്യാഭ്യാസപ്രായമായവരിൽ 100 ശതമാനവും വിദ്യാലയത്തിൽ എത്തുന്നുണ്ടെങ്കിലും 25 ശതമാനത്തോളമേ എസ്.എസ്.എൽ.സി. പാസ്സാകുന്നുള്ളൂ. അതിനുശേഷം അവരിൽത്തന്നെ ഉന്നതവിദ്യാഭ്യാസം നേടിയ വരുടെ എണ്ണം 30% വരും. എന്നാൽ ആധുനിക സാങ്കേതിക തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം കുറവാണ്. സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുന്ന ഒരു മേഖലയായി വർക്ക്ഷോപ്പുകളും വാഹനങ്ങളും ക്രമേണ വളരുന്നുണ്ട്. തൊഴിൽ അവസരങ്ങളുടെ ആവശ്യകത വച്ചുനോക്കുമ്പോൾ ഇത് അപര്യാപ്തമാണ്.

1970-കളിൽ ഗൾഫ്‌രാജ്യങ്ങളിൽ വർദ്ധിച്ച തൊഴിൽ സാദ്ധ്യത വന്നപ്പോൾ ധാരാളം ചെറുപ്പക്കാർ അങ്ങോട്ടാകർഷിക്കപ്പെട്ടു. അവരയയ്ക്കുന്ന വിദേശപണം അവരുടെ കുടുംബങ്ങളിലെ ജീവിതനിലവാരം ഉയർത്താൻ ഇടയാക്കി എന്നുമാത്രമല്ല, നിർമ്മാണമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകകൂടി ചെയ്തു. കാർഷികമേഖലയിൽനിന്നും ധാരാളം തൊഴിലാളികൾ നിർമ്മാണത്തൊഴിൽ മേഖലയിലേക്ക് മാറപ്പോയി. സാധാരണ ജനവിഭാഗങ്ങളുടെ ആകെ വരുമാനത്തിലും ആവശ്യങ്ങളിലും വർദ്ധനവുണ്ടായി. അങ്ങിനെ ക്രമേണ രൂപപ്പെട്ടുവന്ന ഉപഭോഗസംസ്കാരം നിരവധി കച്ചവടസ്ഥാപനങ്ങൾ ഉയർന്നുവരാൻ ഇടയാക്കി.

ട്രാൻസ്പോർട്ട് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നു. പുതിയ തൊഴിൽമേഖലകൾ സൃഷ്ടിക്കപ്പെട്ടു. ചുമട്ടുതൊഴിലാളികളുടെ ഒരു പുതിയ മേഖല ഉയർന്നുവന്നു. ഗൾഫ്നാടുകളിൽനിന്നും ഒഴുകിവന്ന പണത്തിന്റെ സ്വാധീനം മൂലം ഭൂമിയുടെ വില അനിയന്ത്രിതമായി കുതിച്ചുയരുകയും ഭൂമിവില്പന നടത്തി സമൂഹത്തിൽ ഒരു പുതിയ സമ്പന്നവിഭാഗം ഉടലെടുക്കുകയും ചെയ്തു.

തൊഴിൽമേഖലയിൽ മുകളിൽ പറഞ്ഞ ചലനങ്ങളെല്ലാം ഉണ്ടായിട്ടും വിദ്യാഭ്യാസമില്ലാത്തവരുടെയും വിദ്യാഭ്യാസമുള്ളവരുടെയും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഒരു വെല്ലുവിളിയായി നിലനില്ക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ കൂടുതലാണ്. (പട്ടിക 12 പരിശോധിക്കുക)

പട്ടിക - 12

| അവലംബം : 1991-ലെ സെൻസസ് റിപ്പോർട്ട് | | | |
|---|---|---|---|
| തൊഴിൽനില | പു | സ്ത്രീ | ആകെ |
| തൊഴിലാളികൾ | 4,861 | 1,733 | 6,594 |
| നാമമാത്ര തൊഴിലാളികൾ | 370 | 294 | 664 |
| തൊഴിൽനിരക്ക് | 46.98 | 16.68 | 31.17 |
| കൃഷിക്കാർ | 679 | 95 | 774 |
| കർഷകത്തൊഴിലാളികൾ | 1,437 | 1,103 | 2,540 |
| കുടിൽവ്യവസായം | 119 | 55 | 174 |
| മറ്റ് വ്യവസായം | 550 | 145 | 695 |
| നിർമ്മാണത്തൊഴിലാളി | 177 | 7 | 184 |
| കച്ചവടം | 757 | 44 | 801 |
| ചുമട്ടുതൊഴിലാളികൾ | 102 | --- | 102 |
| തൊഴിലില്ലാത്തവർ | 5,904 | 10,126 | 16,030 |

പരമ്പരാഗത വ്യവസായങ്ങളോ കുടിൽവ്യവസായങ്ങളോ തീരെ വളർന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഇന്നും പ്രധാന തൊഴിൽദായകമേഖല കൃഷിതന്നെയാണ്.

| | ഇനം | യൂണിറ്റ് | തൊഴിലാളികളുടെഎണ്ണം |
|---|---|---|---|
| 1. | ചെറുകിട തൊഴിൽശാലാ യൂണിറ്റുകൾ | 160 | 683 |
| 2. | കച്ചവടസ്ഥാപനങ്ങൾ | 350 | 764 |
| 3. | ഓഫീസുകളും സ്ഥാപനങ്ങളും | 70 | 650 |
| 4. | കർഷകത്തൊഴിലാളികൾ | ..... | 2,608<br>പു: 1,295<br>സ്ത്രീ: 1,313 |
| 5. | നിർമ്മാണത്തൊഴിലാളികൾ | ..... | 664 |
| 6. | ഓട്ടോ - ജീപ്പ് - ടാക്സി തൊഴിലാളികൾ | ..... | 470 |
| 7. | ചുമട്ടുതൊഴിലാളികൾ | ..... | 102 |
| 8. | ചെത്തുതൊഴിലാളികൾ | ..... | 41 |
| 9. | മദ്യവ്യവസായത്തൊഴിലാളികൾ | ..... | 20<br>= 5,972 |
| 10. | വിദേശത്തു പോയവർ | ..... | 777 |
| 11. | പഞ്ചായത്തിനു പുറത്ത് ജോലി ചെയ്യുന്നവർ | ..... | 639 |

1996-ൽ എടുത്ത അനൗദ്യോഗിക കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 25,846-ൽ

6 വയസ്സിന് താഴെയുള്ളവരുടെയും സ്ക്കൂളിൽ പോകു ന്നവരുടെയും എണ്ണം കിഴിച്ചാൽ ബാക്കി തൊഴിൽ ചെയ്യാൻ കഴിയുന്നവരുടെ എണ്ണം 18,390 ആണ്. എല്ലാ തൊഴിൽമേഖലകളിലും കൂടി മൊത്തം 5,972 പേരാണ് തൊഴിൽ എടുക്കുന്നവർ. ബാക്കി തൊഴിലില്ലാത്തവരുടെ എണ്ണം 12,418. ഇതിൽ മൂന്നിൽ രണ്ടു ഭാഗവും സ്ത്രീകളാണ്. തൊഴിലില്ലാത്തവർക്ക് തൊഴിൽ നല്കി അവരുടെ വരുമാനം വർദ്ധിപ്പിച്ചാലല്ലാതെ അവരുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുകയില്ല. പ്രത്യേകിച്ചും സ്ത്രീകൾക്ക് മുഴുവൻ തൊഴിൽ കൊടുക്കാൻ കഴിഞ്ഞാൽ മാത്രമേ സാമൂഹ്യഭദ്രത ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.

ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങൾ 2,216. വിദേശത്തുപോയി ജോലിചെയ്യുന്നവരുടെ എണ്ണം 777 വരും. അതുപോലെതന്നെ സംസ്ഥാനത്തിന് പുറത്തുപോയി ജോലിചെയ്യുന്നവരുടെ എണ്ണം 639. ഈ രണ്ട് വിഭാഗവും തങ്ങളുടെ പഞ്ചായത്തിലേക്ക് കൊണ്ടുവരുന്ന പണത്തിന്റെ പ്രയോജനം അത്രയും കുടുംബങ്ങൾക്ക് മാത്രമല്ല, ആ പണം വിവിധ രംഗത്ത് ചെലുത്തുന്ന സ്വാധീനം മൊത്തം സമൂഹത്തിന്റെ ജീവിതനിലവാരമുയർത്താൻ സഹായകമായി വരുന്നു. എന്നാൽ ഇത് സ്ഥായിയായ ഒരു സ്ഥിതിയായി നമുക്കു കാണാൻ കഴിയില്ല. അതുകൊണ്ട് ഉല്പാദന മേഖലകളിൽതന്നെ ഉല്പാദനം വർദ്ധിപ്പിച്ച് പുതിയ തൊഴിലുകൾ സൃഷ്ടിക്കുവാൻ കഴിയണം.

## പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ ഒറ്റനോട്ടത്തിൽ

| (1991 സെൻസസ്) | | |
|---|---|---|
| വിസ്തീർണം | : | 26.20 |
| വീടുകളുടെ എണ്ണം | : | 4117 |
| കുടുംബ[redacted]ങ്ങളുടെ എണ്ണം | : | 4,158 |
| ജനസംഖ്യ | : | 23,288 |
| പുരുഷൻ | : | 11,135 |
| സ്ത്രീ : | 1 | 2,153 |
| ജനസാന്ദ്രത | : | 889 (ഒരു ച.കി.മീ.) |
| സ്ത്രീപുരുഷാനുപാതം | : | 1000 പുരുഷന് 1091 സ്ത്രീ |
| സാക്ഷരത (പു) | : | 89.33 % |
| (സ്ത്രീ) | : | 80.69 % |
| ആകെ | : | 84.76 % |
| പട്ടികജാതി (പു) | : | 2,409 |
| (സ്ത്രീ) | : | 2,454 |
| പട്ടികവർഗം (പു) | : | 5 |
| (സ്ത്രീ) | : | 4 |
| ആകെ | : | 9 |

# ഭാഗം 2

# വികസന മേഖലകൾ

## *പ്രഥമ മേഖല*



"ഉർവ്വിയെ പുഷ്പിക്കും കല പോൽ നമുക്കത്ര
നിവൃതികരം സർഗ്ഗ വ്യാപാരമുണ്ടോ മന്നിൽ?"
-വൈലോപ്പിള്ളി

# കൃഷിയും ജലസേചനവും

**പ**ണ്ട് കാലം മുതൽക്കേ ഈ പഞ്ചായത്തിലെ ജനങ്ങൾ കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിച്ച് വന്നവരായിരുന്നു. അവരുടെ ഏക വരുമാന മാർഗ്ഗം കാർഷിക മേഖല തന്നെയായിരുന്നു. ഈ പഞ്ചായത്തിൽ മുഴുവൻ ഭൂമിയും ദേവസ്വമോ ബ്രഹ്മസ്വമോ ആയിരുന്നു. ഇവരുടെ കീഴിൽ കൃഷിക്കാരാകട്ടെ വെറും പാട്ടക്കാരും. പാട്ടക്കാരും, കാണക്കുടിയാന്മാരും പിന്നീട് ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടി ഭൂമിയുടെ 85% ഉടമകൾ കൈവശകുടിയാന്മാരായി. തൽഫലമായി ആദ്യഘട്ടത്തിൽ കാർഷിക മേഖലയിൽ ഒരു പുതിയ ഉണർവ്വ് ഉണ്ടായയെങ്കിലും പിന്നീട് വിവിധ കാരണങ്ങളാൽ കൃഷി ലാഭകരമല്ലാതായി.

ആദ്യകാലങ്ങളിൽ ഭേദപ്പെട്ട കർഷക കുടുംബങ്ങളിൽ നിന്നുപോലും കുടുംബാഗങ്ങൾ സ്ത്രീ പുരുഷ ഭേദമെന്യേ കൃഷിപ്പണിക്ക് ഇറങ്ങിയിരുന്നു. പിന്നീട് മണ്ണിലിറങ്ങി പണിചെയ്യുന്നത് മാന്യമായ തൊഴിലല്ലെന്ന ചിന്താഗതി സമൂഹത്തിൽ വളർന്നുവരുകയും കൃഷിയോടുള്ള ജൈവ ബന്ധവും ആഭിമുഖ്യവും കുറഞ്ഞു കുറഞ്ഞു വരികയും ചെയ്തു. ചെറുകിട കർഷക കുടുംബങ്ങൾ പോലും കാർഷിക തൊഴിലാളികളെ ആശ്രയിച്ച് കൃഷി ചെയ്യുന്ന രീതി വ്യാപകമായി ഇത് കാർഷിക കുടുംബങ്ങളുടെ വരുമാനം കുറയാനും കാർഷിക ചിലവ് വർദ്ധിക്കുവാനും ഇടയാക്കി. കർഷകത്തൊഴിലാളികളിൽ, ഗൾഫ് പണത്തിൻെറ വൻ സ്വാധീനം വർദ്ധിച്ചു വന്നപ്പോൾ നിർമ്മാണ രംഗത്തേക്ക് നീങ്ങുകയും കാർഷികമേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്തു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകൾ പരിചയസമ്പന്നരായ തൊഴിലാളികൾക്ക് മാത്രം ചെയ്യുവാൻ പറ്റുന്നതാകയാൽ ഈ മേഖലയിൽ തൊഴിലാളി ദൗർലഭ്യം രൂക്ഷമായി.

നെൽ കൃഷിക്കുപയോഗിച്ചിരുന്ന പള്ളിയാൽ പ്രദേശങ്ങളും, റോഡിന്നിരുവശത്തുമുള്ള പാടങ്ങളും മറ്റാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുവാൻ തുടങ്ങി. അവ പ്രധാനമായും പുരയിടങ്ങളും പീടിക സ്ഥലങ്ങളും, തെങ്ങിൻ തോപ്പുകളും ആയി മാറി വന്നു. ഭുവിനിയോഗത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റം വെള്ളത്തിൻെറ സ്വാഭാവികമായ ഒഴുക്കിനെ ബാധിക്കുകയും പരിസ്ഥിതി പ്രശ്നങ്ങളെ സൃഷ്ടിക്കുകയും ചെയ്തു. ഒഴിഞ്ഞുകിടന്നിരുന്ന കുന്നിൻ ചെരുവുകളും പറമ്പുകളും മണ്ണിളകി കൃഷിചെയ്യാൻ തുടങ്ങിയതിൻേറയും മണ്ണൊലിപ്പ് തടയാനുള്ള പരിരക്ഷകൾ ചെയ്യാത്തതിൻേറയും ഫലമായി സ്വാഭാവിക ജലസ്രോതസ്സുകൾ ദുർബലമാവാനും ജല ദൗർലഭ്യം നേരിടാനും ഇടയായി.

നിലങ്ങൾ ഉഴുത് മറിക്കാൻ കന്നുകാലികൾക്ക് പകരം ട്രാക്ടർ, ട്രില്ലർ എന്നിവയുടെ ഉപയോഗം വ്യാപകമായതോട്കൂടി ചാണകത്തിൻെറ ലഭ്യത കുറഞ്ഞു കൃഷിക്കാരൻെറ വീട്ടുവളപ്പിലുണ്ടായിരുന്ന വലിയ മരങ്ങളെല്ലാം വിറകുകൾക്കും ഉരുപ്പടികൾക്കും വേണ്ടി മുറിച്ചു പോയതിനാൽ പച്ചിലവളത്തിന് ക്ഷാമം നേരിട്ടു കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച കാർഷികമേഖലയെ തളർത്തിയ കാരണങ്ങളിലൊന്നാണ്.

ഇതിൻെറയെല്ലാം ഫലമായി നെൽകൃഷി ലാഭകരമല്ലാതായി. നെൽ കൃഷി സ്ഥലങ്ങൾ വ്യാപകമായി തരിശിടുവാനും തുടങ്ങി വേനൽകാലത്ത് വെള്ളം ലഭിച്ചിരുന്ന ചുരുക്കം പാടങ്ങളിൽ കൃഷിക്കാർ അത്യദ്ധ്വാനം ചെയ്തു പുഞ്ചവിള എടുത്തിരുന്നതു പരിപൂർണ്ണമായി ഇല്ലാതായി പല ഇരുപ്പൂവൽ കൃഷിയിടങ്ങളും ഒരു പൂവ്വൽ കൃഷിയിറക്കുന്ന പാടങ്ങളായി. ഈ മാറ്റങ്ങൾ വിളവുകളുടെ ചേരുവയിലും വ്യതിയാനം വരുത്തി. മുൻകാലങ്ങളിൽ മുണ്ടകൻ വിളക്ക് ശേഷം ഈർപ്പമുള്ള പാടങ്ങളിലും ഞാററുവട്ടി പള്ളിയാലുകളിലും ഞാറ് പറിച്ച ശേഷവും എള്ള്, ഉഴുന്ന് പയറ് മുതിര എന്നീ ഇടവിളകൾ കൃഷിചെയ്തിരുന്നത് ഇന്ന് കാണാനില്ല. പറമ്പുകളിലാകട്ടെ മോടൻ, ചാമ മുതലായവ കൃ

ഷി ചെയ്തിരുന്നതും ഇല്ലാതായി. കാടുകൾ അപ്രത്യക്ഷമായതും പരക്കേയുള്ള മരം മുറിയും ജല വിതാനം താഴ്ന്ന് പോകാനുള്ള കാരണമായിട്ടുണ്ട്. ഭാരത പുഴയിലെ ഇടം വലം നോക്കാതുള്ള മണൽ ചൂഷണവും ഗുരുവായൂർ ഭാഗത്തേക്ക് കൂറ്റൻ മോട്ടോറുകൾ പ്രവർത്തിപ്പിച്ച്തൃത്താലയിൽ നിന്ന്വെള്ളം ഊറ്റിക്കൊണ്ടു പോകുന്നതും ഈ പ്രദേശത്ത് ജലാശയങ്ങളിലെ ജലവിതാനം താഴുവാൻ ഇടയാക്കിയ മറ്റൊരു കാരണമാണ്.

നെൽകൃഷി ഒന്നാംവിള വിരുപ്പ് കൃഷി എന്ന പേരിലും രണ്ടാം വിള മുണ്ടകൻ എന്ന പേരിലുമാണ് പറയുന്നത്. വിരിപ്പ് കന്നിക്കൊയ്തോടെയും മുണ്ടകൻ മകരകൊയ്തോടെയും അവസാനിക്കുകയാണ് പഴയ സ്ഥിതി. എന്നാൽ ഇന്ന് രണ്ടാം വിളക്ക് വരൾച്ച നേരിടുന്നതിനാൽ മൂപ്പ് കുറഞ്ഞ വിത്തുകൾ നേരത്തേക്കൂട്ടി വീളയിറക്കി കൊയ്ത്ത് നടത്തുന്നതിനാൽ വിരിപ്പ് ചിങ്ങത്തിലും മുണ്ടകൻ ധനുമാസത്തിലും കൊയ്ത്തു കഴിയുന്നു. മേടം-ഏപ്രിൽ 15 മുതൽ ചിങ്ങം-ആഗസ്റ്റ് 15-കൂടി വിരിപ്പും, കന്നിമുതൽ ധനുകൂടി (സപ്ത.-ഡിസ.) മുണ്ടകനുമാണ് കൃഷി ഇറക്കുന്ന കാലം.

പഴയ വിത്തുകൾ മാറി പുതിയ വിത്തിനങ്ങൾ പുതിയ രീതിയിൽ കൃഷി ചെയ്യാൻ തുടങ്ങിയതോട്കൂടി അനിയന്ത്രിതവും അശാസ്ത്രീയവുമായ രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും കൂടുതലായി. ഇതിൻെറ ഫലമായി മണ്ണിൻെറ ഘടനയിൽ മാറ്റം വരുകയും ഫലപുഷ്ടി കുറയുകയും ചെയ്തു. വിളവിലും സാരമായ കുറവ് അനുഭവപ്പെട്ടു നെല്ലിന് പുതിയ പുതിയ രോഗങ്ങളും കാണുന്നുണ്ട്. നെല്ലുൽപാദനം കേവലം 6 മുതൽ 10 വരെ മേനി മാത്രമാണ്.

ജലസേചനം മാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന കവുങ്ങിൽ തോട്ടങ്ങൾ ഏപ്രിൽ മെയ് മാസങ്ങളിൽ നനക്കാൻ കഴിയാതെ വരൾച്ച നേരിടുന്നുണ്ട്. അതുകൊണ്ട് വിളവ് കുറയുന്നു എന്ന് മാത്രമല്ല മരങ്ങൾ ഉണങ്ങാനും ഇട വരുന്നു. ജലസേചനത്തിൻെറ അഭാവം പോലെ തന്നെ മാഹാളി രോഗവും കവുങ്ങിൻെറ ഉദ്പാദനക്ഷമത കുറക്കുന്ന ഒരു ഘടകമാണ്.

പഞ്ചായത്തിലെ ജലസേചന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് കഴിഞ്ഞകാലത്ത് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളും അതുകൊണ്ട് ജലസേചനം ലക്ഷ്യമിട്ട സ്ഥലത്തിൻെറ (ആയക്കട്ട്) വിസ്തീർണ്ണവും പട്ടിക 13ൽ കൊടുക്കുന്നു ഈ പദ്ധതികൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തതുകൊണ്ടും കൃഷിക്കാരുടെ അശ്രദ്ധകൊണ്ടും നിഷ്പ്രയോജനമായിരിക്കുന്നു.

പട്ടിക 13
നാഗലശ്ശേരി വില്ലേജിലെ
മൈനർ ഇറിഗേഷൻ സ്കീം സംബന്ധിച്ച ലിസ്റ്റ്.

| സ്കീമിൻെറ പേര് | വിസ്തീർണ്ണം (ആയക്കെട്ട്) | |
|---|---|---|
| | ഹെക്ടർ | ആർ |
| 1. കണിച്ചറ കുളം | 6 | 7906 |
| 2. കോരഞ്ചിറ കുളം | 13 | 8199 |
| 3. കുഴാഞ്ചിറ കുളം | 1 | 2141 |
| 4. നെല്ലിക്കുളം | 5 | 5644 |
| 5. മണ്ണം കുളം | 8 | 0694 |
| 6. കോത കുളം | 11 | 7925 |
| 7. തോടുകുളം | 2 | 4524 |
| 8. കുണ്ടുപാടം തോട് | 13 | 9252 |
| 9. കോഴിക്കുളം ചിറ | 5 | 7506 |
| 10. കുണ്ടറ അമ്പലത്താഴം | 4 | 7550 |
| 11. ഒലിയത്ത് പടിചിറ | 7 | 8913 |
| 12. ചേമ്പ്രത്ത് ചിറ | 4 | 7712 |
| 13. മഞ്ഞപ്പറ്റചിറ | 5 | 8599 |
| 14. വയറാം പുലാവ് ചിറ | 4 | 9978 |
| 15. കൈതകുണ്ട്ചിറ | 9 | 4494 |
| 16. ഒറുചിറ | 2 | 0234 |
| 17. മഞ്ഞപ്പറ്റചിറ | 6 | 6935 |
| 18. മരുക്കഴായസ്ലൂയിസ് | 5 | 2002 |
| 19. പൊറ്റയിൽ ചിറ | 3 | 5370 |
| 20. പൂതൻ കുളം | 7 | 7699 |
| 21. വാഴക്കാട്ചിറ (കുണ്ടുപാടംതോട്) | 4 | 5122 |
| 22. പുളിയാമ്പറ്റകായൽ | 6 | 1755 |

ഇതിൽ ഉപയോഗ പ്രദവും നികുതി പിരിക്കുന്നതും കഴാഞ്ചിറക്കുളം മാത്രമേയുള്ളൂ. ബാക്കി എല്ലാം ഉപയോഗ പ്രദമല്ലാത്തതാണ്.

ജലസേചനം നടത്താതെ തെങ്ങിൻെറ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക എന്നത് പ്രയാസമേറിയ കാര്യമാണ്.തെങ്ങിൻെറ ശരാശരി ഉൽപാദനക്ഷമത തെങ്ങൊന്നിന് 40 എണ്ണത്തിന് താഴെയാണ്. ഇതു വർദ്ധിപ്പിക്കാതെ തെങ്ങു കൃഷി ആദായകരമാക്കാൻ കഴിയുകയില്ല. ജൈവ വളത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ശാസ്ത്രീയമായ വളപ്രയോഗം, തെങ്ങുകളെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, ചെല്ലിശല്യം എന്നീ രോഗങ്ങളുടെ പ്രതിരോധം, വേണ്ടത്ര ജലസേചനം എന്നീ ഘടകങ്ങൾ

ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമാകും. തെങ്ങു കൃഷിയുടെ സമഗ്രവികസനത്തിനവേണ്ടി കേന്ദ്രസർക്കാർ 1993ൽ അനുവദിച്ച പദ്ധതിയാണ് കേരവികസന പദ്ധതി. 1993-94 വർഷം മുതൽ 4 കൊല്ലം കൊണ്ട് കേരളത്തിൽ കേര കൃഷി വികസിപ്പിക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

93-94-ഇല്ല

96-97-1,15000/

94-95-37,500

95-96-1,29000/-

തെങ്ങു കൃഷിക്കാരെ അംഗങ്ങളാക്കി ചേർത്ത് ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ അടങ്ങുന്ന ഒരു കേര വികസന സമിതി പഞ്ചായത്തു തലത്തിൽ രൂപംകൊണ്ടു. ഈ സമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ജലസേചനത്തിന് കുളങ്ങൾ കുഴിക്കുവാനും മോട്ടോർ സ്ഥാപിക്കുവാനും സഹായധനം അനുവദിക്കുക. രാസവളത്തിന് സബ്സിഡി അനുവദിക്കുക. തെങ്ങുകയറ്റ യന്ത്രവും സ്പ്രേയറും വാങ്ങുന്നതിന് ധനസഹായം, നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുക മുതലായ വിവിധ ഇനം പദ്ധതികൾ ഉണ്ട്. ഈ ആനുകൂല്യങ്ങൾ കൃഷിക്കാരന് യഥാ സമയം ലഭ്യമാക്കണമെങ്കിൽ കേരവികസനസമിതിതികൾ സജീവമായി പ്രവർത്തിക്കണം. ഊ സമിതികൾ ശക്തിപ്പെടുത്തി കൃഷിക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് ഈ പരിപാടി വിജയിപ്പിക്കുന്ന പക്ഷം തേങ്ങയുടെ ഉൽപാദനം വർദ്ധിപ്പിക്കാനും കൃഷിക്കാരുടെ സ്ഥിതി മെച്ചപ്പെടുത്താനും കഴിയും.

## പച്ചക്കറി

ഓരോ കുടുംബത്തിനും ആവശ്യമുള്ള പച്ചക്കറി അവരവരുടെ തൊടിയിലും പാടത്തും കൃഷി ചെയ്യുക എന്ന സമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. അതിനു പുറമെ കൃഷിക്കാർ കച്ചവടാവശ്യാർത്ഥം സ്വന്തം സ്ഥലത്തും പാട്ടത്തിനെടുത്ത സ്ഥലത്തും പച്ചക്കറി കൃഷി ചെയ്തിരുന്നു. സ്വയം അദ്ധ്വാനിക്കുക എന്ന ശീലം ഇല്ലാതായതോടുകൂടി തൊഴിലാളികളെ വെച്ച് കൃഷി ചെയ്യുക എന്നത് ലാഭകരമല്ലാതായി. തൊഴിലാളി കുടുംബങ്ങൾ പോലും അന്നു കിട്ടുന്ന കൂലിയിൽ നിന്നും നല്ലൊരു പങ്ക് പച്ചക്കറി വാങ്ങാനുപയോഗിക്കുന്നു. ഇതിൻെറ പ്രയോജനം തമിഴ് നാട്ടിലേയും കർണ്ണാടകത്തിലേയും കർഷകർക്കാണ്. ഈ പഞ്ചായത്തിലേക്കാവശ്യമായ പച്ചക്കറി ഈ പഞ്ചായത്തിൽ തന്നെ ഉൽപാദിപ്പിക്കാൻ ഒരു ശ്രമം നടത്തേണ്ടതാണ്.

## വാഴ കൃഷി

മിക്ക തോട്ടങ്ങളിലും നാടൻ വാഴയിനങ്ങൾ ഒരു ഉപകൃഷി എന്ന നിലക്ക് ധാരാളമായി കൃഷി ചെയ്തു വന്നിരുന്നു. കുറുനാമ്പ് (കൂമ്പടയൽ) നിമിത്തവും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതു കൊണ്ടും മിക്ക തോട്ടങ്ങളിലും ചെറുവാഴ കൃഷി നശിച്ചു വരികയാണ്. സ്വന്തം വീട്ടാവശ്യത്തിന് ഉപയോഗിച്ചിരുന്നതിന്നു പുറമേ ഇടത്തരം കൃഷിക്കാരുടെ ഒരു വരുമാന മാർഗ്ഗമായിരുന്നു ഈ കൃഷി. നേന്ത്രവാഴ പ്രധാനമായും കച്ചവടാവശ്യാർത്ഥമാണ് കൃഷി ചെയ്യുന്നത്. നിരന്തരം ശ്രദ്ധയും അദ്ധ്വാനവും ഭാരിച്ച കൃഷിച്ചെലവും കൊണ്ടു മാത്രമേ നേന്ത്രവാഴ കൃഷി വിജയിക്കുകയുള്ളൂ. പ്രകൃതി ക്ഷോഭംകൊണ്ട് ഗണനീയമായ നാശ നഷ്ടങ്ങളും വാഴകൃഷിയൽ സംഭവിക്കുന്നു. ഈ വക കാരണങ്ങളാൽ നേന്ത്രവാഴകൃഷിയിലും കുറവു വന്നിട്ടുണ്ട്.

## റബ്ബർകൃഷി

ഈ പഞ്ചായത്തിൽ അടുത്ത കാലത്തായി അതിവേഗം വികസിച്ചുവരുന്ന ഒരു നാണ്യവിളയാണ് റബ്ബർ. അനുയോജ്യമായ സ്ഥല ലഭ്യത റബ്ബർ ബോർഡിൻെറ പ്രോത്സാഹനം ഉൽപാദനച്ചെലവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ന്യായ വില എന്നിവയാണ് കൃഷിക്കാരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നത്.

## കുരുമുളക്

ഒരു പ്രധാന കൃഷി എന്ന നിലക്കല്ലെങ്കിൽകൂടി മിക്ക തൊടികളിലും കുരുമുളക് കൃഷി ചെയ്തിരുന്നു. കൃഷിക്കാർക്ക് അതിൽ നിന്ന് സാമാന്യം നല്ല വരുമാനവും ഉണ്ടായിരുന്നു. ദ്രുത വാട്ടരോഗം നിമിത്തം മിക്ക കുരുമുളക് വള്ളിയും നശിച്ചിരിക്കയാണ്. തുണ്ടു ഭുമികളിൽ ചെയ്യാവുന്നതും താരതമ്യേന ചെലവുകുറഞ്ഞതും എന്നാൽ ആദായകരവുമായ കൃഷി എന്ന നിലക്ക് കുരുമുളകു കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

## കശുമാവ്

കശുമാവ് കൃഷി ചെയ്തിരുന്ന മിക്ക പറമ്പുകളും റബ്ബർ തോട്ടങ്ങളായി മാറി. ചുരുക്കം ചിലർ വീട്ടുപറമ്പുകളിൽ അവിടവിടെ ചില കശുമാവുകൾ കാണുന്നതല്ലാതെ കശുമാവിൻ തോട്ടങ്ങൾ ഇവിടങ്ങളിൽ കാണാനില്ലാതായി.

## ചക്കരകിഴങ്ങ്

ഈപഞ്ചായത്തിൽ പത്തു കൊല്ലത്തിനുമുമ്പ് പറമ്പുകളിലും പള്ളിയാൽ പ്രദേശങ്ങളിലും ധാരാളമായി കണ്ടുവന്നിരുന്ന ഒരു കൃഷിയാണ് ചക്കര കിഴങ്ങ്. കേവലം മുന്നു

മാസം കൊണ്ട് മുതൽ മുടക്കിന്റെ പതിന്മടങ്ങ് ലാഭമുണ്ടാക്കാൻ കഴിഞ്ഞിരുന്ന ഒരു വിളയായിരുന്നു ഇത്. ദരിദ്ര ജനവിഭാഗത്തിന് പണിയും ഭക്ഷണവും പ്രദാനം ചെയ്യുവാൻ ഈ മേഖലക്ക് കഴിഞ്ഞിരുന്നു. തൊഴിലാളികളുടെ കൂലിയിൽ വന്ന വർദ്ധനവും വർഷപാതത്തിലെ വ്യതിയാനങ്ങളും ഈ കൃഷി നശിക്കാൻ ഇടവരുത്തി വളരെ ചുരുക്കം പ്രദേശങ്ങളിൽ മാത്രമേ ഇന്ന് ഈ കൃഷി കാണുന്നുള്ളു.

### കപ്പകൃഷി

ഒരു കാലത്ത് സാധാരണക്കാരന്റെ ഭക്ഷണമായിരുന്ന കപ്പ ഇവിടെ ധാരാളമായി കൃഷി ചെയ്തിരുന്നു. വർദ്ധിച്ച കൃഷിചെലവും വ്യാവസായികാവശ്യങ്ങൾക്ക് തമിഴ് നാട്ടിലേക്കും മറ്റും കൊണ്ടു പോയിരുന്നത് നിലച്ചതുകാരണം മാർക്കറ്റ് വിലയിൽ വന്ന കുറവും ഈ കൃഷി കുറയാൻ ഇടയായി. വീട്ടാവശ്യത്തിന് വീടുകളിൽ ചെറിയ തോതിൽ കൃഷി ചെയ്തിരുന്ന ചില വിളവുകളാണ് ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കൂർക്ക, കൂവ്വ മുതലായവ. കൃഷിക്കാർക്ക് പ്രോത്സാഹനവും സഹായവും നൽകുന്ന പക്ഷം ഇത്തരം കൃഷികൾ പുനരുജ്ജീവിപ്പിക്കാനും കൃഷിക്കാരുടെ വരുമാനശേഷി ഉയർത്താനും കഴിയും.

കാർഷിക മേഖലയിലെ മുരടിപ്പവസാനിപ്പിക്കാൻ 1987ൽ അന്നത്തെ സർക്കാർ കൊണ്ടുവന്ന നടപടികളിൽ ഒന്നായിരുന്നു കൃഷിഭവനുകളുടെ രൂപീകരണം. അതുവഴി സർക്കാർ സഹായങ്ങളും സാങ്കേതിക ഉപദേശവും കൃഷിക്കാർക്ക് യഥാസമയം എത്തിച്ചു കൊടുക്കാൻ കഴിഞ്ഞിരുന്നു. അതുപോലെ തന്നെ കൂട്ടായ്മയിലൂടെ കൃഷിക്കാരുടെ സഹകരണം ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുവാൻ എടുത്ത മറ്റൊരു നടപടിയായിരുന്നു ഗ്രൂപ്പ് ഫാമിങ്ങ്. തുടക്കത്തിൽ ഇത് നല്ല ഫലമുളവാക്കി. എന്നാൽ പിന്നീട് കൃഷി ഉദ്യോഗസ്ഥന്മാരുടെ ഒഴിവ് യഥാസമയം നികത്താത്തതുകൊണ്ടും ഉള്ള ഉദ്യോഗസ്ഥന്മാർരുടെ പാടശേഖരങ്ങളിലേക്ക് ഇറങ്ങി ചെന്ന് പ്രവർത്തിക്കാനുള്ള വൈമനസ്യം കൊണ്ടും പാടശേഖരകമ്മറ്റികളെല്ലാം നിർജീവമായി.

പട്ടിക-14

പാടശേഖര സമിതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പാടശേഖര കമ്മിറ്റിയുടെ പേര് | വിസ്തീർണ്ണം ഹെക്ടറിൽ | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | തൊഴുക്കാട് | 14 | 30 |
| 2 | പിലാക്കാട്ടിരി | 45 | 90 |
| 3 | വാഴക്കാട് | 21 | 20 |
| 4 | വാവനൂർ ചാൽപ്രം | 120 | 185 |
| 5 | ചെറുചാൽപ്രം | 70 | 68 |
| 6 | ഉരച്ചാണൂർ | 45 | 75 |
| 7 | മണ്ണേംകുളം | 33 | 39 |
| 8 | കോതകുളം | 35 | 80 |
| 9 | ആമക്കാവ് | 85 | 145 |
| 10 | പൂതൻകുളം | 20 | 74 |
| 11 | നാങ്കുളം | 82 | 126 |
| | ആകെ | 570 ഹെക്ടർ | 929 |

കാർഷികോൽപന്നങ്ങൾക്ക് പഞ്ചായത്തിനകത്ത് പ്രത്യേക വിപണന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് കൃഷിക്കാരന് അവന്റെ ഉൽപന്നങ്ങൾക്ക് മര്യാദ വില കിട്ടാതെ പോകുന്നു. മാർക്കറ്റിന്റെ ഗതിവിഗതികൾ അനുസരിച്ച് മെച്ചപ്പെട്ട വില ലഭിക്കണമെങ്കിൽ കാർഷികോൽപന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനും മാർക്കറ്റിൽ കൂടുതൽ വിലയുള്ളപ്പോൾ വിൽക്കാനും സാധിക്കണം. ഇതിനുവേണ്ട വെയർ ഹൗസിങ്ങ് സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല. അതുപോലെ തന്നെ വായ്പാ സൗകര്യങ്ങൾ ലഭ്യവുമല്ല. തന്മൂലം കർഷകന്റെ അദ്ധ്വാനത്തിന്റെ സിംഹഭാഗവും ഇടത്തട്ടുകാർക്ക് ചൂഷണം ചെയ്യുവാൻ കഴിയുന്നു.

### നടപ്പു പദ്ധതികളുടെ അവലോകനം

എട്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ സ്കീമുകളെക്കുറിച്ച് നാഗലശ്ശേരി കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിയ ഒരു അവലോകന റിപ്പോർട്ടാണിത്.

നാഗലശ്ശേരി കൃഷിഭവന്റെ കീഴിൽ 2203.33 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയിൽ 2027 ഹെക്ടർ മാത്രമാണ് കൃഷിക്കനുയോജ്യമായ ഭൂപ്രദേശം. പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, റബ്ബർ, കപ്പ, കുരുമുളക്, കശുമാവ്, ചക്കരവള്ളി, പയറു വർഗ്ഗങ്ങൾ തുടങ്ങിയവയാണ്. ഇതിൽ നെൽകൃഷി പ്രധാനമായും ജലദൗർലഭ്യം കാരണം വിരിപ്പ്, മുണ്ടകൻ എന്നീ സീസണിൽ

മാത്രമാണ് കൃഷിചെയ്യുന്നത്. ഇതിൽ തന്നെ വർഷം തോറും വിരിപ്പ് സീസണിൽ കൃഷിചെയ്യുന്ന സ്ഥലവും കർഷകരുടെ എണ്ണവും കുറഞ്ഞുവരുകയാണ്. ഇതിന്ന് പല കാരണങ്ങളുമുണ്ട്. ജല സേചന സൗകര്യമില്ലാത്തതാണ് ഒരു പ്രധാന കാരണം. എല്ലാ കൃഷിക്കും കർഷകർ മഴയെ മാത്രമാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ കർഷകരെ സഹായിക്കാൻ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 1. കൃഷിഭവൻ 2. ഗ്രാമപഞ്ചായത്ത് 3. സഹകരണ ബാങ്ക് 4. കൊമേഴ്സ്യൽ ബാങ്കുകളായ കത്തോലിക് സിറിയൻ ബാങ്ക്, വിജയ ബാങ്ക് എന്നിവയാണ്. ഇതിൽ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് കർഷകർക്ക് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്ത് കൃഷിഭവൻ മുഖേന നിരവധി ചെറിയ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വേണ്ടത്ര താത്പര്യം കൃഷിക്കാരിൽ ഉണർത്തുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ അവരുടെ ഭാഗത്തുനിന്ന് വേണ്ടത്ര സഹകരണവും ഇല്ല.

പട്ടിക-15

എട്ടാം പദ്ധതിയിൽ നടപ്പിലായ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

1992-93 വർഷം

| നമ്പർ | പദ്ധതിയുടെ പേര് | ചിലവായ സംഖ്യ |
|---|---|---|
| 1 | സമഗ്ര കേരവികസന പദ്ധതി | 22000.00 |
| 2 | ഗ്രൂപ്പ് ഫാമിംഗ് | 144735.00 |
| 3 | പ്രത്യേകഘടകപദ്ധതി(S.C/ST Scheme) | 285415.00 |
| | | 452150.00 |
| | **1993-94 വർഷം** | |
| 1 | കാർഷിക മേഖലയിൽ പ്രധാനമന്ത്രിയുടെ പ്രത്യേക പരിപാടി-വിവിധയിനങ്ങൾ | 263149.00 |
| 2 | സമഗ്ര കേരവികസന പദ്ധതി | 2100.00 |
| 3 | കേന്ദ്രാവിഷ്കൃത പച്ചക്കറി കൃഷി (വിത്ത് + മരുന്ന്) | 300.00 |
| 4 | സമഗ്ര നെൽകൃഷി വികസനം (വിത്ത് സംഭരണം) | 3000.00 |
| 5 | I.H.D.Pബയോഗ്യാസ് വളം വിത്ത് | 6905.00 |
| 6 | പ്രത്യേകഘടകപദ്ധതി | 96990.00 |
| | ആകെ | 372444.00 |

| | **1994-1995 വർഷം** | |
|---|---|---|
| നമ്പർ | പദ്ധതിയുടെ പേര് | ചിലവായ സംഖ്യ |
| 1 | വിവിധയിനം പരിപാടികൾ | 114852.00 |
| 2 | പ്രത്യേക ഘടകപദ്ധതി | 191000.00 |
| 3 | I.H.D.P കോളനി വിവിധയിനം പദ്ധതി | 32378.00 |
| 4 | കേന്ദ്രാവിഷ്കൃത പദ്ധതി | 31538.00 |
| 5 | സമഗ്ര കേരവികസനപദ്ധതി | 37011 |
| | | 406779.00 |
| | 1995-96 വർഷം | |
| 1 | വിവിധയിനം പരിപാടികൾ | ---- |
| 2 | പ്രത്യേക ഘടകപദ്ധതി | 126900.00 |
| 3 | I.H.D.Pകോളനി കാർഷികായുധങ്ങളുടെ വിതരണം | 7800.00 |
| 4 | ഡ്രിപ് ജലസേചനം | 29579.00 |
| 5 | സമഗ്ര കേരവികസനം | 134750.00 |
| 6 | പൊതുജന പങ്കാളിത്ത പദ്ധതി | 3620 |
| 7 | പ്രത്യേക നെൽ കൃഷി പദ്ധതി | 334192 |
| | ആകെ | 636841.00 |

1996-97 വർഷത്തിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതി

| നമ്പർ | പദ്ധതിയുടെ പേര് | ഇനിയും ചിലവാക്കാനിരിക്കുന്നു |
|---|---|---|
| 1 | പ്രത്യേക നെൽ കൃഷി വികസന പദ്ധതി സഹായ നിരക്കിൽ കീടനാശിനി | 14000.00 |
| 2 | സമഗ്ര കേര വികസന പദ്ധതിയിൽ പമ്പ്സെറ്റ്, തെങ്ങുകയറ്റു യന്ത്രം, സ്പ്രെയർ | 15000.00 |
| 3 | വിവിധയിനം പരിപാടികൾ | 92708.00 |

## കൃഷിഭവൻെറ കീഴിൽ 1995-96 വർഷത്തിൽ അനുവാദം ലഭിച്ച് പണി പൂർത്തിയാക്കാൻ ബാക്കിയുള്ള പദ്ധതികൾ

നാംകുളം,അമക്കാവ്, ഒരച്ചാണൂർ എന്നീ പാടശേഖരങ്ങളിൽ തോട് ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുക, ട്രാക്ടർ ഇറക്കാൻ റാമ്പു നിർമ്മിക്കുക.

അനുവദിച്ച സംഖ്യ: 12,33350

എസ്റ്റിമേററ് പുതുക്കിതരാൻ ബന്ധപ്പെട്ടവർക്കെഴുതിയിട്ടുണ്ട്.

8-ാം പഞ്ച വത്സര പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച കൃഷി ഓഫീസർ നൽകിയ അവലോകനം.

92 മുതൽ 96 വർഷം വരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ സുമാർ 90% ടാർജറ്റുകളും നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി വരുന്ന പദ്ധതികളിൽ പൊതുജന പങ്കാളിത്തവും കർഷകരുടെ സഹകരണം ഇല്ലായ്കയാൽ ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞിട്ടില്ല.

## പ്രധാനമായും ന്യൂനത സംഭവിച്ച പദ്ധതികൾ

1. ബയോഗ്യാസ് നിർമ്മാണം :-
   ലക്ഷ്യം നേടാനായില്ല.
2. നടീൽ വസ്തുക്കളുടെ വിതരണം:-
   ഈ പഞ്ചായത്തിൽ രണ്ട് അംഗീകൃത നേഴ്സറി തുടങ്ങിയെങ്കിലും ലക്ഷ്യപ്രാപ്തിയുടെ 25% നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഒരു നേഴ്സറി ഉടമസ്ഥൻ പ്രസ്തുത സംരഭം ഉപേക്ഷിച്ചു. കൂടുതൽ ശ്രദ്ധ ബന്ധപ്പെട്ടവർ ചെലുത്തിയാൽ നിലവിലുള്ള നേഴ്സറി നല്ല നിലയിൽ നടത്താൻ കഴിയും.
3. നടീൽ വസ്തുക്കൾ, വിത്ത് എന്നിവയുടെ ലഭ്യത കുറവും, അസമയത്തുള്ള വിതരണവും:-
   ഈ പഞ്ചായത്തിൽ ആവശ്യമായ വിത്ത്, നടീൽവസ്തുക്കൾ എന്നിവ ഇവിടെ തന്നെ ഉൽപാദിപ്പിക്കാൻ കഴിയാത്തതിനാൽ സർക്കാർ ഏജൻസി മുഖേനയാണ് 80% ത്തോളം വിതരണം നടത്തുന്നത്. അതുതന്നെ അസമയത്തും നമ്മുടെ ഭൂപ്രകൃതിക്കനുയോജ്യമല്ലാത്ത വിത്തുകളും നടീൽ വസ്തുക്കളുമാണ് ലഭിക്കുന്നത്. അതു കഴിയുന്നതും ഒഴിവാക്കി കിട്ടാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
4. ജലസേചന സൗകര്യക്കുറവ്:-
   ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാര്യമായ ജലസേചന പദ്ധതികളൊന്നും ഇല്ല. മഴയെമാത്രം ആശ്രയിച്ചാണ് മിക്ക കർഷകരും എല്ലാ വിധ കൃഷിയും നടത്തുന്നത്. സ്വകാര്യമായി ഉപയോഗിക്കുന്ന ജലസേചന പദ്ധതികൾ തന്നെ വെള്ളത്തിൻെറ ദൗർലഭ്യം കാരണം കാര്യമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.
5. പൊതു സാമൂഹ്യപ്രവർത്തകരുടെയും കർഷകരുടെയും സഹകരണം ഏതു പദ്ധതിയും വിജയിക്കാൻ അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കണം.
6. കർഷകർക്ക് ആവശ്യമായ ഉൽപാദനോപാധികളായ വിത്ത് വളം മരുന്ന് കാർഷികോപകരണങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് ഒരു പരിധിവരെ കൃഷിക്കാരെ ബാധിക്കുന്നുണ്ട്. ഈ കുറവ് നികത്തേണ്ടതാണ്.
7. കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാൻ ആവശ്യമായ സംവിധാനം ഇല്ല.
8. പ്രത്യേക ഘടക പദ്ധതികൾ, കിണർ, വളം അനുവദിക്കൽ, നടീൽ വസ്തുക്കളുടെ വിതരണം തുടങ്ങിയവ നടത്തിയതിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. റബ്ബർ കൃഷി ചെയ്യിച്ചതിൽ, തുടർന്ന് സർക്കാരിൻെറ സഹായം ലഭിക്കാതെ വിജയകരമായി നടത്താൻ ഗുണഭോക്താക്കൾക്ക് സാധിക്കുകയില്ല.
9. കർഷകർക്ക് വയ്പാ സൗകര്യങ്ങൾ ന്യായമായ പലിശക്ക് ലഭിക്കാൻ ഈ പഞ്ചായത്തിൽ സാധ്യത വളരെ കുറവാണ്. ഇത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ആഗ്രഹത്തിനൊത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയാതെ വരുന്നു.
10. കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം അത്യാവശ്യമാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1. കർഷകർക്ക് യഥാ സമയം നടീൽ വസ്തുക്കൾ, വിത്ത്, മറ്റ് കാർഷികോപാധികൾ-വളം കീടനാശിനി കാർഷകോപകരണങ്ങൾ തുടങ്ങിയവ മിതമായ നിരക്കിൽ യഥാ സമയം ലഭ്യമാക്കണം. പഞ്ചായത്തുകളും സർക്കാരും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതിനായി ഈ പഞ്ചായത്തിൽ തന്നെ വിത്ത് ഉൽപാദിപ്പിക്കാനുള്ള പദ്ധതിയും അംഗീകൃത നേഴ്സറിയും സർക്കാർ ഉടമയിൽ നടത്തേണ്ടതാണ്.
2. ഹരിജനക്ഷേമ കാർഷിക പദ്ധതികൾക്ക് യഥാർത്ഥ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് യഥാ സമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും തുടർ പരിശോധന നടത്താനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
3. വായ്പ കർഷകർക്ക് ലഭ്യമാക്കുന്ന ഇന്നത്തെ സംവിധാനം പുനരവലോകനം ചെയ്യേണ്ടതാണ്. നിലവിൽ 50 സെൻറ് കാരനാണ് കാർഷിക വായ്പ ലഭിക്കുന്നത്. ഇതിൽ മാറ്റ് വരുത്തേണ്ടതാണ്.
4. കർഷകൻ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായവില കിട്ടാൻ വിപണി കണ്ടെത്തേണ്ടതാണ്.
5. ജലസേചനത്തിന് പാടശേഖരാടിസ്ഥാനത്തിൽ ചെറുകിട ജലസേചന പദ്ധതികൾ, മോട്ടോർ എന്നിവ സ്ഥാപിച്ച് രണ്ടു വിള കൃഷി ചെയ്യുന്ന സ്ഥലത്ത് കൂടുതലായി ഏതെങ്കിലും ഒരു വിള ഉണ്ടാക്കാനുള്ള സാധ്യത ഉണ്ടാക്കണം. അതു വഴി കാർഷികമേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കണം.
6. ഇതിൽ നിന്നും ഉപരിയായി പൊതുജന പങ്കാളിത്തം, കർഷകരുടെ സഹകരണം എന്നിവ ഉണ്ടാക്കാനുള്ള നടപടികൾ അത്യാവശ്യമാണ്.
7. യുവാക്കൾക്ക് കൂടുതൽ തൊഴിൽ മേഖല കണ്ടെത്താൻ നേഴ്സറികൾ, പൂകൃഷി, കൂൺകൃഷി, ഡ്രാഫ്റ്റിംഗ്,

ബഡ്ഡിംഗ് എന്നിവയിൽ പരിശീലനം നടത്തി അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കേണ്ടതും അതു വഴി സ്വയം തൊഴിൽ നേടാവുന്നതുമാണ്.

8. സാങ്കേതിക ഉദ്യോഗസ്ഥന്മാർക്ക് ഓഫീസ് ജോലി ഭാരം കുറച്ചുകൊണ്ട് കർഷകരുമായി നിരന്തരം ബന്ധപ്പെടാൻ വേണ്ട ക്രമീകരണങ്ങളുണ്ടാക്കണം.
9. മൈനർ ഇറിഗേഷൻ വകുപ്പ് തൃത്താല സെക്ഷൻ അസിസ്റ്റൻറ് എൻജിനീയരുടെ റിപ്പോർട്ടനുസരിച്ച് 8-ാം പദ്ധതിക്കാലത്ത് 5-ാം വാർഡിൽ മൈലാഞ്ചി കോളനിയിൽപ്പെട്ട മാങ്ങാട്ടുകുളം താഴ്ത്തി തോടിനു കുറുകെ സ്ഥിരം അണകെട്ടി ചീർപ്പിടാനുള്ള പദ്ധതി മാത്രമാണ് പൂർത്തിയായത്. നിലവിൽ പദ്ധതികളൊന്നും ഇല്ല, മേൽ പറഞ്ഞ മാങ്ങാട്ടുകുളം പദ്ധതിയുടെ എസ്റ്റിമേറ്റ് 2 ലക്ഷവും ആ പദ്ധതികൊണ്ട് പ്രയോജനം ലക്ഷ്യമിട്ട കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം 8 ഹെക്ടറും ആണ്.

| 9-ാം പദ്ധതി കാലത്തേക്ക് ഡിപ്പാർട്ട് മെൻറ് നിർദ്ദേശിക്കുന്ന പദ്ധതികൾ | | |
|---|---|---|
| 1. | തോട്ടുകുളം നന്നാക്കൽ | 2 ലക്ഷം രൂപ. |
| 2. | പുത്തൻ കുളം നന്നാക്കൽ | 2 ലക്ഷം രൂപ. |
| 3. | രാമൻ ചിറ കുളം നന്നാക്കൽ | 2 ലക്ഷം രൂപ. |
| 4. | കല്ലുപാലം തോടിനു കുറുകെ ഒരു ചിറ ഉണ്ടാക്കൽ | 2 ലക്ഷം രൂപ. |

ജനകീയാസൂത്രണത്തിലൂടെ പഴയ കൃഷിക്കാരുടെ അനുഭവ സമ്പത്തും കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ സ സാങ്കേതിക ജ്ഞാനവും സന്നദ്ധതയും ജനങ്ങളുടെ, വിശേഷിച്ചും കൃഷിക്കാരുടെ കലവറയില്ലാത്ത പങ്കാളിത്തവും കൂട്ടായ്മയും വളർത്തി ഈ രംഗത്ത് ഇന്ന് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ പേർക്ക് ഈ രംഗത്ത് തൊഴിലവസരങ്ങളും വരുമാനമാർഗ്ഗങ്ങളും നൽകും വിധം എല്ലാവിളകളുടെയും ഉൽപാദനവും ഉൽപാദനക്ഷമതയും വരുന്ന അഞ്ചു കൊല്ലം കൊണ്ടിരട്ടിയായി വർദ്ധിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം അതിനനുസൃതമായ ഒരു സമീപന രീതി കൈക്കൊള്ളുവാനും ലക്ഷ്യം കൈവരിക്കാനും നമുക്കു കഴിയണം.

## കാർഷികമേഖല നേരിടുന്ന, പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പൊതുവെ മണ്ണിന് ഫല പുഷ്ടി കുറവാണ്.
2. ജല വിതാനം താണു പോകുന്നതിനാൽ വെള്ളം ലഭിക്കാതെ (പ്രത്യേകിച്ചും വേനൽകാലത്ത്-ഫെബ്രുവരി മുതൽ മെയ് കൂടി) വിളകളെ മുഴുവൻ പ്രതികൂലമായി ബാധിക്കുന്നു
3. റബ്ബറൊഴിച്ച് എല്ലാ വിളകളുടെയും ഉൽപാദനക്ഷമത ക്ഷയിച്ചുവരുന്നു.
4. നെല്ലിനെ ബാധിക്കുന്ന പുഴുക്കേട്, ഓല മഞ്ഞളിപ്പ്, ചാഴിക്കേട് ഇവക്കു പുറമെ പുതുതായി കാണപ്പെടുന്ന പ്രത്യേക ചില രോഗങ്ങൾ തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, മച്ചിങ്ങ പൊഴിയൽ, ചെല്ലിശല്യം, കവുങ്ങിനെ ബാധിക്കുന്ന മാഹാളി എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ശാസ്ത്രീയമായ പ്രതിവിധികൾ ചെയ്യുന്നതിനും കർഷകർക്ക് കഴിയുന്നില്ല.
5. ആവശ്യമുള്ള സമയത്ത് ആവശ്യമായ കീടനാശിനികൾ മിതമായ വിലക്ക് ലഭിക്കുന്നില്ല.
6. മണ്ണ് പരിശോധന ഫലപ്രദമായി നടത്താത്തതുകൊണ്ട് ശാസ്ത്രീയമായ വളപ്രയോഗം സാധിക്കുന്നില്ല.
7. രാസവളത്തിൻെറ വിലവർദ്ധനയും തക്കസമയത്ത് ലഭിക്കായ്കയും കർഷകരെ ബുദ്ധിമുട്ടിക്കുന്നു.
8. പച്ചിലവളത്തിൻെറയും ജൈവവളത്തിൻെറയും ദൗർലഭ്യം ചാണകം, കോഴിക്കാഷ്ഠം, ആട്ടിൻ കാഷ്ഠം, വെണ്ണീറ് എന്നിവ ലഭിക്കുന്നില്ല.
9. കാർഷിക തൊഴിലാളികളിൽ പലരും നിർമാണതൊഴിലാളി രംഗത്തേക്ക് മാറിയതും മണ്ണിലിറങ്ങി പണിചെയ്യാനുള്ള വൈമനസ്യം മൂലം പുതിയ തൊഴിലാളികൾ രംഗത്തേക്ക് വരാത്തതും കാരണം ഈ മേഖലയിൽ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
10. കൃഷിക്കാരുടെ സഹകരണക്കുറവു നിമിത്തം ട്രാക്ടർ, ടില്ലർ എന്നിവ ഉപയോഗിക്കുന്നതിലും രോഗ പ്രതിരോധ നടപടികൾ പ്രയോഗിക്കുന്നതിനും പ്രശ്നങ്ങൾ നേരിടുന്നു.
11. പാടത്ത് ഉയർന്ന ബലപ്പെടുത്തിയ വരമ്പുകൾ വെക്കാത്തുകൊണ്ട് വെള്ളത്തോടൊപ്പം വളവും ഒലിച്ചുപോകുന്നു. പറമ്പുകളിൽ വരമ്പുവെച്ച് തട്ടുതിരിച്ച് കിളക്കാത്തതുകൊണ്ട് മണ്ണൊലിപ്പും ഈർപ്പം നിലനിർത്താൻ കഴിയായ്കയും നേരിടുന്നു.
12. ജലസേചനത്തിന് സഹായകമായ വൈദ്യുതി പല പാടത്തും എത്തിയിട്ടില്ല. പെർമിറ്റ് വഴി ആവശ്യമായ മണ്ണെണ്ണ ലഭിക്കാത്തതും പ്രശ്നമാണ്.
13. കാർഷികോൽപന്നങ്ങൾക്ക് വിപണന സൗകര്യമില്ല. ഉൽപന്നങ്ങൾ കേടുകൂടാതെ മെച്ചപ്പെട്ട മാർക്കറ്റ് കിട്ടുന്നതുവരെ സൂക്ഷിക്കാൻ വെയർ ഹൗസിങ്ങ് സൗകര്യമോ അതുവരെ നേരിടുന്ന സാമ്പത്തിക പ്രയാസം തരണം ചെയ്യാൻ ബാങ്ക് വായ്പാ സൗകര്യമോ ഇല്ല.
14. ശാസ്ത്രീയ കൃഷി രീതി അവലംബിക്കുന്നതിന് കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭിക്കുന്നില്ല.
15. കൃഷി ആദായകരമല്ലാത്തതിനാൽ ഒന്നാം വിളക്ക്

75% വും രണ്ടാം വിളക്ക് 30 ഹെക്ടറോളവും നിലം തരിശിടുന്നു.

16. ഒന്നാം വാർഡിൽ ഉന്തത്തുപാടത്തും നീർക്കെട്ടുമൂലം കൃഷി നാശം നേരിടുന്നു.
17. പാടങ്ങളിലുള്ള മിക്ക കുളങ്ങളും മണ്ണുവന്ന് തൂർന്ന് ജലസേചന സൗകര്യം നഷ്ടപ്പെടുന്നു.
18. വെള്ളം വാർന്നു പോകാനും ആവശ്യമുള്ളപ്പോൾ സംഭരിച്ചുനിർത്താനും ഉതകുന്നതാകുന്നില്ല. തോടുകൾ.
19. പാടത്തെ കുളങ്ങളിലെ ജല വിതാനം താഴുന്നതോടൊപ്പം പുരയിടങ്ങളിലും പറമ്പുകളിലുമുള്ള കിണറുകളിലേയും ജല വിതാനം താഴുന്നതുകൊണ്ട് കവുങ്ങ്, തെങ്ങ് തുടങ്ങിയ തോട്ടവിളകൾക്കും നനക്കാൻ കഴിയാതെ നാശം നേരിടുന്നു.

## സാദ്ധ്യതകളും, പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. ഓരോ വിളഭൂമിയിലേയും മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ചും അനുയോജ്യമായ വിളയെ സംബന്ധിച്ച നിർദ്ദേശം ഉണ്ടാക്കുക.
2. റോഡരികിലും, പൊതു സ്ഥലങ്ങളിലും പൊതു സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും മരം വെച്ചു പിടിപ്പിക്കുക. സ്വകാര്യ പുരയിടങ്ങളുടെയും പറമ്പുകളുടെയും അതിർത്തികളിൽ മരം വെച്ചു പിടിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. അതിനാവശ്യമായ നല്ല തൈകൾ പഞ്ചായത്ത് നേതൃത്വത്തിൽ നേഴ്സറി ഉണ്ടാക്കി വിതരണം ചെയ്യുക. കോതചിറയിലുള്ള വനഭൂമിയിൽ ഫലവൃക്ഷങ്ങൾ, വിലപിടിപ്പുള്ള മരങ്ങൾ, ഔഷധ ചെടികൾ, ജൈവ വളത്തിനുതകുമാറുള്ള മരങ്ങൾ എന്നിവ വെച്ചു പിടിപ്പിക്കുക. ഇതിന് സന്നദ്ധ പ്രവർത്തനം ഉറപ്പുവരുത്തുക.
3. പഞ്ചായത്ത് തെരുവ് ശുദ്ധീകരണം നടത്തി നീക്കം ചെയ്യുന്ന ചപ്പു ചവറുകൾ കമ്പോസ്റ്റു വളമാക്കി മാറ്റുക. ഓരോ കർഷകന്റെ വീട്ടിലും ഓരോ കമ്പോസറ്റു കുഴി ഉണ്ടാക്കാൻ പ്രേരിപ്പിക്കുക.
4. തൃത്താലയിൽ നിർദ്ദിഷ്ട കോസ്‌വെ കം റെഗുലേറ്റർ പദ്ധതി ഉടൻ നടപ്പിലാക്കുവാൻ സർക്കാരിനെകൊണ്ട് നടപടി എടുപ്പിക്കുക.
5. തേനാംമ്പാറ ലിഫ്ട് ഇറിഗേഷൻ പദ്ധതി: 1957 ൽ രൂപകൽപന ചെയ്ത് കോടി കണക്കിന് രൂപ ചെലവാക്കി മുടങ്ങിക്കിടക്കുന്ന ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ മുൻകൈ എടുക്കുക. ഈ പദ്ധതി നടപ്പിലാവുന്ന പക്ഷം പഞ്ചായത്തിന്റെ വടക്കൻ മേഖലയിലെ ജലസേചനത്തിന് വളരെ സഹായകരമായിരിക്കും.
6. കോതചിറ കാടിന്റെ തെക്കെ മറിയിലുള്ള കിഴക്കേ ചോല, തെക്കേകര തെക്കു ഭാഗത്തുള്ള മല്ലൻകുഴി, വാവന്നൂർ വെള്ളാഞ്ചിറ, മുടവന്നൂർ കുന്നിൻ ചെരിവിലുള്ള നീരുറവുകൾ എന്നിവ സർവ്വെ നടത്തി സാധ്യത വിലയിരുത്തി ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്ന പക്ഷം നമ്മുടെ പഞ്ചായത്തിനും, സമീപ പഞ്ചായത്തുകൾക്കും അതിന്റെ ഗുണം കിട്ടും. ഇതിനു വേണ്ട നടപടികൾ ജില്ലാ പഞ്ചായത്ത് നേതൃത്വമെടുത്ത് സംസ്ഥാന സർക്കാരിനെകൊണ്ട് ഏറ്റെടുപ്പിക്കുക.
7. പൊതു കുളങ്ങളും പഞ്ചായത്തിന് വിട്ടു കിട്ടാവുന്ന സ്വകാര്യ കുളങ്ങളും ചളിയെടുത്ത് ആഴം കൂട്ടി വശങ്ങൾ ബലപ്പെടുത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കുക.
8. തോടുകൾ മണ്ണു നീക്കി ആഴം വെപ്പിച്ച് വശങ്ങൾ ബലപ്പെടുത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ വേനലിൽ വെള്ളം കെട്ടി നിർത്താൻ സൗകര്യം കിട്ടുമാറ് തടയണകളും, ചീർപ്പുകളും നിർമ്മിച്ച് ജല നിർഗ്ഗമനത്തിനും, ജലസേചനത്തിനും സൗകര്യപ്പെടുത്തുക. ജലാശയങ്ങളും, തോടുകളും ബന്ധിപ്പിച്ച് ജലസേചന ശൃംഖല ഉണ്ടാക്കാൻ സാദ്ധ്യമായ ഇടങ്ങളിൽ അങ്ങിനെ ചെയ്യുക.
9. ധാരാളം ജലം ലഭിക്കുന്ന കുളങ്ങളിൽ നിന്ന് ജലസേചനത്തിനുതകുമാറ് കമ്മ്യൂണിറ്റി പമ്പു സെറ്റുകൾ സ്ഥാപിക്കുക.
10. പറമ്പുകളിൽ വരമ്പു കെട്ടി തട്ടു തിരിച്ച് അതാത് കണ്ടങ്ങളിലെ വെള്ളം അവിടെത്തന്നെ ഊർന്നിറങ്ങാൻ അനുവദിക്കുക. അതിന് പുറമെ അവിടവിടെ കുഴികളോ, ട്രഞ്ചുകളോ കുഴിച്ച് അതിൽ ചകിരിയും മറ്റും അടുക്കി ജല സംരക്ഷണത്തിനുള്ള സംവിധാനം ചെയ്യുന്നത് വരൾച്ച കുറക്കാൻ സഹായിക്കും. ജല ബാഷ്പീകരണം കുറക്കാൻ തെങ്ങ്, കവുങ്ങ് മുതലായവയുടെ കടക്കൽ പുതയിടുന്നതും നല്ലതാണ്. ഇക്കാര്യത്തിൽ കർഷകരെ പ്രേരിപ്പിക്കുക.
11. കർഷകരുടെ സഹകരണം വളർത്തിയെടുക്കാൻ നിലവിലുള്ള ഗ്രൂപ്പ് ഫാമിംങ്ങുകൾ, കേര കർഷക സമിതികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക. കാർഷിക രംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുവാൻ യോഗങ്ങൾ ഇടക്കിടെ വിളിച്ചു കൂട്ടുക. കർഷകരും, കൃഷി ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം ക്രിയാത്മകമായി വളർത്തിയെടുക്കുക, നിലവിലുള്ള വാവന്നൂർ, ചാൽപുറം, പിലാക്കാട്ടിരി പാടശേഖര സമിതികൾ വിസ്തൃതി കൂടിയതിനാൽ പ്രവർത്തന സൗകര്യം കണക്കിലെടുത്തു പുനർ വിഭജിക്കണം.
12. രാസവളവും, കീടനാശിനികളും യഥാസമയം ലഭ്യമാക്കുക.

13. ട്രാക്ടർ ഇറക്കാൻ സൗകര്യം വേണ്ട സ്ഥലങ്ങളിൽ റാമ്പുകൾ കെട്ടി സൗകര്യപ്പെടുത്തുക.

14. പാടത്തും, പറമ്പിലും മുതിര, പയറ്, എള്ള് ഇത്യാദി ഇടവിളകൾ കൃഷി ചെയ്ത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.

15. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപീകരിച്ച് എല്ലാവിധ കർഷികോൽപ്പന്നങ്ങൾക്കും വിപണന സൗകര്യം ഉണ്ടാക്കുക. കാർഷികോൽപ്പന്നങ്ങൾ ഈട്വെച്ച് കർഷകർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുക.

16. കാർഷികോൽപ്പന്ന സംസ്കരണ യൂണിറ്റ് (ഉദാ: വാസന അടയ്ക്ക ഉണ്ടാക്കൽ) പഴം, പച്ചക്കറി, സംസ്ക്കരണ യൂണിറ്റ് എന്നിവയിലൂടെ (ഉദാ: അച്ചാർ, ജാം, ജൂസ്) ഉൽപ്പന്നങ്ങളുണ്ടാക്കി ഉപഭോക്തൃ സമിതിയിലൂടെ വിൽപ്പനക്ക് സംവിധാനമുണ്ടാക്കിയാൽ കൃഷിക്കാരന് മെച്ചപ്പെട്ട വിലയും, ഉപഭോക്താവിന് മായം ചേരാത്ത ഉൽപന്നവും കുറച്ച് പേർക്ക് തൊഴിലും ലഭിക്കും. വില കിട്ടാതെ ഉപേക്ഷിക്കപ്പെടുന്ന ചക്ക, മാങ്ങ, പപ്പായ എന്നിത്യാദികൾ സംസ്കരണത്തിന് ഉപയോഗിക്കാം.

17. പഞ്ചായത്തിലെ കൃഷിക്കാർക്കാവശ്യമുള്ള വിത്തുകളും, നടീൽ വസ്തുക്കളും പഞ്ചായത്തിന്റേയും കൃഷിഭവന്റേയും സംയുക്ത മേൽനോട്ടത്തിൽ നഴ്സറികൾ സ്ഥാപിച്ച് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

18. നഴ്സറികൾ പൂകൃഷി, പച്ചക്കറി, വാഴ, കൂൺ കൃഷി, ഗ്രാഫ്റ്റിങ്ങ്, ബഡ്ഡിങ്ങ് എന്നിവയിൽ പരിശീലനം നൽകി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും അതുവഴി അവർക്ക് സ്വയം തൊഴിൽ നേടാനും പരിപാടിയുണ്ടാക്കുക.

19. പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ പരീക്ഷണാർത്ഥം പഞ്ചായത്തും, കൃഷിഭവനും ചേർന്ന് ഒരു വാർഡ് ദത്തെടുത്ത് വിത്തുകൾ, വളം, സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ അതാത് സമയത്ത് ഓരോ വീട്ടുകാർക്കും എത്തിച്ചു കൊടുക്കുകയും, കൃഷിഭവന്റെ നേരിട്ട് മേൽനോട്ടത്തിൽ കൃഷിയിറക്കുകയും ചെയ്യുക. ജല ലഭ്യതയുള്ളതും, തരിശ് കിടക്കുന്നതുമായ സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് വിപുലമായി കൃഷി നടത്താനുള്ള സാദ്ധ്യതകളും പരിഗണിക്കുക. പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ ഉപഭോഗത്തിന്റെ കണക്കുകൾ ശേഖരിച്ച് ഉൽപാദന ലക്ഷ്യം നിർണ്ണയിക്കാവുന്നതാണ്.

20. കർഷക തൊഴിലാളികളുടെ ലഭ്യത കുറവുള്ളത് പരിഹരിക്കാൻ യന്ത്രങ്ങളെ ആശ്രയിക്കേണ്ടി വരും. അതിന് പാടശേഖര സമിതികൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുകയും, അതിന്റെ മാനേജ്മെന്റ്, അതാത് സമിതികൾ വഴി നടത്തിക്കുകയും ട്രാക്ടർ, ടില്ലർ, നടീൽ-കൊയ്ത്തു യന്ത്രങ്ങൾ മുതലായവ കൃഷിക്കാർക്ക് ആവശ്യാനുസരണം വാടകക്ക് ലഭിക്കാനുള്ള പരിപാടികളുണ്ടാക്കുക.

21. ഒരു വിളവെടുപ്പ് കാലത്തേക്ക് മുഴുവൻ ബാധകമായ വിധം മുൻക്കൂട്ടി തന്നെ കർഷകരും തൊഴിലാളികളും ചേർന്ന് ചർച്ച ചെയ്ത് കൂലി നിജപ്പെടുത്തുക.

22. കേരസമിതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

വാണിജ്യാടിസ്ഥാനത്തിൽ പുഷ്പ കൃഷി സംഘടിപ്പിക്കുന്നത് വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കും. അതിനാവശ്യമായ പരിശീലനം അവർക്കു നൽകേണ്ടതാണ്. ■



# മൃഗസംരക്ഷണം



പരമ്പരാഗതമായി പശു പരിപാലനവും ക്ഷീരോൽപന്നവും കൊണ്ട് ഉപജീവനം കഴിച്ചിരുന്ന പല കുടുംബങ്ങളുമുണ്ടായിരുന്നു. മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതോടു കൂടി പഴയ രീതിയിൽ കന്നുകാലികളെ വളർത്താൻ കഴിയാതായി. തീറ്റ കൊടുത്ത് കന്നുകാലികളെ വളർത്തുന്നത് ലാഭകരമല്ലാതായി; പ്രത്യേകിച്ചും നാടൻ ജനുസ്സുകളെ. 1970 ന് ശേഷം ക്ഷീര വ്യവസായ രംഗത്ത് വന്ന സാങ്കേതിക വളർച്ചയുടെ ഫലമായി പുതിയതരം ഉൽപാദന ശേഷിയുള്ള പശുക്കളെ വളർത്താൻ ആളുകളിൽ താൽപര്യം വളർന്നു വന്നു. അന്യത്ര കൊടുത്ത പട്ടിക 11 ൽ നിന്നും നാടൻ ജനുസ്സുകളുടേയും സങ്കര ഇനങ്ങളുടേയും കണക്കുകൾ ലഭ്യമാണ്. ഇന്ന് ആ രംഗത്ത് ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവും ക്ഷീരോൽപന്ന വിപണന സൗകര്യത്തിൻെറ അഭാവവുമാണ്.

മൃഗാസ്പത്രിയുടെ അഭാവത്താൽ ഈ പഞ്ചായത്തിന് സർക്കാർ ഈ രംഗത്ത് നടപ്പാക്കിയിരുന്ന പദ്ധതികളുടെ പൂർണ്ണ പ്രയോജനം ഇവിടെ ലഭിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ മൂന്ന് ക്ഷീരോൽപാദന സംഘങ്ങൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഏറെ താമസിയാതെ തന്നെ പ്രവർത്തനത്തിൽ വരും. അവ പ്രാവർത്തികമാവുന്നതോടെ ക്ഷീര കർഷകൻെറ മുകളിൽ കൊടുത്ത പ്രശ്നങ്ങൾക്ക് ഏറെക്കുറെ പരിഹാരമാകുന്നതാണ്. പ്രോത്സാഹനം കൊടുത്തുകൊണ്ട് കർഷകരുടെ പറമ്പുകളിൽ തീറ്റപ്പുൽ കൃഷി ശ്രമിക്കാവുന്നതാണ്. ക്ഷീരോൽപാദന സംഘങ്ങൾ പ്രാബല്യത്തിൽ വരുന്നതോടു കൂടി അവയെ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്ന പക്ഷം ഈ രംഗത്ത് കുറെയേറെ സാധ്യതകളുണ്ട്. ദുർബല ജന വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് പട്ടിക വിഭാഗത്തിൽ പെട്ടവർക്കും, സ്ത്രീകൾക്കും തൊഴിൽ സാദ്ധ്യത വർദ്ധിക്കാൻ ഇത് സഹായിക്കും. കാർഷിക മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന ജൈവ വളത്തിൻെറ ദൗർബല്യത്തിന് ഒരു പരിധിവരെ പരിഹാരവുമാകും. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം ആടു വളർത്തലിനേയും ബാധിച്ചിട്ടുണ്ട്. സങ്കരയിനം ആടുകളെ പ്രചരിപ്പിച്ച് കൂടുതൽ ഉൽപാദനം ഉണ്ടാക്കുവാനും കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. മുൻ കാലങ്ങളിൽ മിത-ഇടത്തരം കുടുംബങ്ങളിലും കോഴികളെ വളർത്തിയിരുന്നു. അതിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം കോഴി മുട്ടയുടേയും ഇറച്ചിയുടേയും ആവശ്യകത കണക്കാക്കി വിപണന സാദ്ധ്യത ഉറപ്പു വരുത്തുന്ന പക്ഷം തൊഴിലിൽ ഏർപ്പെടുത്തുവാനും അവരുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും. എരുമ വളർത്തൽ ഈ പഞ്ചായത്തിൽ നാമാവശേഷമായി വരുന്നു. നല്ലയിനം എരുമകളുടെ പ്രചാരണം ക്ഷീരോൽപാദന വർദ്ധനവിനെ കാര്യമായി സഹായിക്കും.

നായ്ക്കളെ വളർത്തുന്നതിന് ലൈസൻസെടുപ്പിക്കുകയും പ്രതിരോധ കുത്തിവെയ്പ് നടത്തിക്കുകയും ചെയ്യുന്നതിലൂടെ പേപ്പട്ടി വിഷയുടെ ബാധ ഏൽക്കുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കാം. ഇന്ന് ലൈസൻസ് സമ്പ്രദായം ഉപയോഗപ്പെടുത്തുന്നില്ല. നായപിടുത്തം നടത്താറുണ്ടെങ്കിലും അത് വേണ്ടത്ര കാര്യക്ഷമമാകാറില്ല.

നാഗലശ്ശേരി വെറ്ററിനറി സർജൻ നൽകിയ
ഔദ്യോഗിക വിലയിരുത്തൽ റിപ്പോർട്ട്
താഴെ ചേർത്തിരിക്കുന്നു.

മൃഗസംരക്ഷണ മേഖല പ്രധാനമായും ഊന്നൽ നൽകുന്നത് പോഷകപ്രദമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിലാണ്. പഴയ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കൃത്രിമ ബീജ സങ്കലനത്തിൻെറ ആവിർഭാവത്തോടെ നമ്മുടെ നാട്ടിലെ പാൽ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കാരണം ഇക്കാലത്ത് കൃത്രിമ ബീജസങ്കലനം വഴി, ഉൽപാദനം കുറവായ നാടൻ പശുക്കളുടെ എണ്ണം ഗണ്യമായി കുറയുകയും അത്യുൽ

പാദനക്ഷമതയുള്ള സങ്കരവർഗ്ഗം പശുക്കളുടെ എണ്ണം കൂടുകയും ചെയ്തു. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം ഒഴിച്ചാൽ ഈ മേഖലയുടെ പ്രാധാന്യം വിവിധങ്ങളാണ്. വ്യവസായിക ആവശ്യങ്ങൾക്കായിതുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവയുടെ ഉൽപാദനമാണ് ഒരു പ്രധാന ഭാഗം. ഔഷധവ്യവസായത്തിനാവശ്യമായ ഹോർമോണുകൾ ഇവയിൽ നിന്നും നിർമ്മിക്കുന്ന വാക്സിൻ, എൻസൈമുകൾ എന്നിവയും ഈ മേഖലയെ ഒരു പ്രധാന വിഭാഗമാക്കുന്നു. പരീക്ഷണശാലകൾക്കുള്ള മൃഗങ്ങളെ ഈ മേഖല പ്രദാനം ചെയ്യുന്നു. കാർഷിക മേഖലക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് ജൈവവളം. പണ്ട് കാലങ്ങളെ അപേക്ഷിച്ച് ജൈവ വളത്തിൻെറ ലഭ്യത ഇന്ന് വളരെ കുറവാണ്. ഇന്നത്തെ നമ്മുടെ മൃഗസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കൂ.

നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനും ഇക്കാലത്ത് നാം കൂടുതലും ട്രാക്റ്ററും മറ്റു വാഹനങ്ങളുമാണ് ഉപയോഗിക്കുന്നതെങ്കിലും, ഈ ആവശ്യങ്ങൾക്കായി നാം ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാളകളുടേയും, പോത്തുകളുടേയും സാന്നിദ്ധ്യം നാം ഒരിക്കലും വിസ്മരിച്ചു കൂടാ. ഈ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ നിലം ഒരുക്കുന്നത് ഇക്കാലത്തും കാളകളാണ്. ഭാരം വലിക്കുന്ന കാളവണ്ടികളും ഇവിടെ സുലഭമാണ്.

ചാണകം ഒരു പ്രധാന ഊർജ്ജസ്രോതസ്സാണ്. രണ്ടിലധികം പശുക്കളുള്ള വീട്ടിൽ പാചക ആവശ്യത്തിനുള്ള ബയോഗ്യാസ് നിസ്സാര ചിലവിൽ നിർമ്മിക്കാവുന്നതാണ്.

ഈ മേഖല ചെയ്യുന്ന സേവനങ്ങളിൽ മറ്റൊരു പ്രധാന കാര്യമാണ് പൊതുജനാരോഗ്യ പരിപാടികളുമായി ബന്ധപ്പെട്ട പേവിഷബാധാ നിയന്ത്രണം. സബ്സിഡി നിരക്കിൽ എല്ലാ നായ്ക്കൾക്കും പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നതാണ് ഈ പദ്ധതി. നമ്മുടെ പഞ്ചായത്തിൽ നടപ്പിലില്ലാത്തതും എന്നാൽ ആരംഭിക്കാവുന്നതുമായ ഒരു പൊതുജനാരോഗ്യ പരിപാടിയാണ് മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസ ഉൽപാദനം. കാര്യക്ഷമമായി ശ്രദ്ധിച്ചാൽ വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണിത്. ശാസ്ത്രീയമായ രീതിയിൽ ഈ മേഖലയിൽ ശ്രദ്ധിച്ചാൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമെന്നത് തർക്കമറ്റ കാര്യമാണ്.

നമ്മുടെ കന്നുകാലി സമ്പത്തിൻെറ 90% വും ഗ്രാമപ്രദേശങ്ങളിലാണ്. ആയതിനാൽ മൃഗസംരക്ഷണ മേഖലയുടെ വളർച്ച പ്രധാനമായും ഗ്രാമീണ സമ്പദ്വ്യവസ്ഥ ശക്തമാക്കും. പ്രത്യേകിച്ചും സ്ത്രീകളുടെ വരുമാന വർദ്ധനവിനുള്ള ഒരു പ്രധാന ഉപാധിയാണിത്. എന്തെന്നാൽ ഈ മേഖലയിൽ പ്രവർത്തനത്തിൻെറ 60% അദ്ധ്വാനവും സ്ത്രീകളാണ് നിർവഹിക്കുന്നത്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല:

പണ്ടുകാലത്ത് ഇവിടെ വളരെ ഉൽപാദനക്ഷമത കുറഞ്ഞ മാടുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അതായത് വെറും നാടൻ ജനുസ്സുകൾ. ഒരു പശുവിന് നാഴിയോ, 2 നാഴിയോ പാൽ മാത്രമായിരുന്നു ഉൽപാദനം. കൃഷിപ്പണിയിലാണെങ്കിൽ നിലം ഒരുക്കുന്നതിനായി കാളകളും പോത്തുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവയുടെ അഭാവത്തിൽ കൃഷിപ്പണി അസാധ്യമായിരുന്നു. ഭാരം വലിക്കുന്നതിനും ഇവയെയാണ് ആശ്രയിച്ചിരുന്നത്. വാഹനങ്ങളുടെ അഭാവത്തിൽ മനുഷ്യർപോലും ഗുരുതരാവസ്ഥയിൽ ആസ്പത്രിയിലും മറ്റും എത്തിയിരുന്നത് കാളവണ്ടിയിലായിരുന്നു. അന്ന് പകർച്ച വ്യാധികൾ മൂലം ധാരാളം കാലികൾ ഒന്നിച്ച് ചത്തൊടുങ്ങുമായിരുന്നു. പ്രധാനമായും കുളമ്പുരോഗം, കാലിവസന്ത, അടപ്പൻ, കുരലടപ്പൻ എന്നിവയായിരുന്നു കർഷകരെ ഏറെ വിഷമിപ്പിക്കാറുള്ള രോഗങ്ങൾ. അന്ന് നാട്ടു ചികിത്സയും പരിചരണവും മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. അവയ്ക്കൊന്നും തന്നെ മേൽപറഞ്ഞ അസുഖങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിച്ചിരുന്നില്ല. ഫലമോ കാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങുക.

ഇതിൽ നിന്നെല്ലാം വളരെ വിഭിന്നമാണ് ഇന്നത്തെ സ്ഥിതി. കൃത്രിമ ബീജാദാനത്തിൻെറ ആവിർഭാവമാണ് ഈ മേഖലയിലെ ഒരു സുപ്രധാന വഴിത്തിരിവ്. ഇതോടെ നമ്മുടെ നാട്ടിലെ നാടൻ പശുക്കളിൽ ഏകദേശം 80% വും സങ്കരവർഗ്ഗമായി രൂപാന്തരപ്പെട്ടു. ഇവയ്ക്കാണെങ്കിൽ ഉൽപാദനശേഷി കൂടുതലുമാണ്. വീട്ടിൽ നാം കഴിച്ച് ബാക്കി വരുന്ന എന്തെങ്കിലും കൊടുത്ത് കിട്ടുന്ന പാൽ കറന്നെടുക്കുക എന്ന സ്ഥിതിയിൽ നിന്ന് വ്യത്യസ്ഥമായി ഭൂരിഭാഗം പേരും നല്ലയിനം പശുക്കളെ വാങ്ങി നല്ല നിലയിൽ തന്നെ വളർത്താൻ ശ്രമിക്കുന്നു. ആധുനിക ചികിത്സാ സമ്പ്രദായങ്ങളുടെ ആവിർഭാവത്തോടെ പകർച്ച രോഗങ്ങൾക്കെല്ലാം പ്രതിരോധ കുത്തിവെപ്പുകൾ നിലവിൽ വരികയും എല്ലാ വർഷവും കന്നുകാലികൾക്ക് വെറ്ററിനറി സബ്സെൻറർ മുഖേന ഇത് ലഭ്യമാക്കുകയും ചെയ്യുന്നതിനാൽ ഒരു പരിധി വരെ ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ വളരെ കുറച്ച് ആളുകൾ മാത്രമേ ശാസ്ത്രീയമായ മൃഗപരിപാലനത്തെ കുറിച്ച് ബോധവാന്മാരായുള്ളൂ. 90% ജനങ്ങളും മൃഗസംരക്ഷണ മേഖല എന്നാൽ പാൽ ഉൽപാദനം മാത്രം എന്നാണ് ധരിച്ചിരിക്കുന്നത്. ഈ മേഖലയുടെ വിശാലമായ സാധ്യതകളെ കുറിച്ച് ജനങ്ങൾ ബോധവാന്മാരാകണം. പണ്ടു കാലത്ത് ജനങ്ങൾ അനുവർത്തിച്ചു പോന്നിരുന്ന പല അന്ധവിശ്വാസങ്ങളും, ആചാരങ്ങളും ഇപ്പോഴും പല സ്ഥലങ്ങളിലും നിലനിൽക്കുന്നു എന്നതാണ് ഏറെ എടുത്തുപറയേണ്ട

ഒരു വസ്തുത. വളർത്തു മൃഗങ്ങൾക്ക് പകർച്ച വ്യാധികളോ ഗുരുതരമായ മറ്റ് രോഗങ്ങളോ വന്നാൽ മന്ത്രവാദത്തിനും മറ്റുമായി ഓടുന്നവരുടെ എണ്ണം ഇന്നും കുറവല്ല. നല്ല കറവയുള്ള ഒരു പശുവിനെ വഴിയിലൂടെ നടത്തിക്കൊണ്ടു പോകാൻ നല്ലൊരു ശതമാനം ആളുകളും വിമുഖത കാണിക്കുന്നു. മറ്റുള്ളവർ തങ്ങളുടെ പശുക്കളെ കണ്ണുവെക്കും പോലും. ഇത്തരം അന്ധവിശ്വാസങ്ങൾ നീക്കുന്നതിനായി വൻതോതിൽ ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും, ചർച്ച ക്ലാസുകളും വളരെ അത്യാവശ്യമാണ്. യുവാക്കൾക്ക് ഈ മേഖലയിലേക്ക് കടന്നുവരാൻ ഇന്ന് ഒരു വിമുഖതയാണ്. ഇത് തീർച്ചയായും മാറ്റിയെടുക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളെല്ലാം വേരോടെ പിഴുതെറിഞ്ഞ് ശാസ്ത്രീയമായി ലാഭകരമായി എങ്ങിനെ മൃഗങ്ങളെ വളർത്താം എന്ന് ഓരോ കർഷകനും അറിഞ്ഞിരിക്കണം.

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ:

ഈ പഞ്ചായത്തിൽ മൃഗസമ്പത്ത് മറ്റുള്ള സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതലാണെങ്കിലും കാലങ്ങളായി ഇവിടെ ഒരു സബ്സെൻറർ മാത്രമാണ് പ്രവർത്തിക്കുന്നത്. ഇവിടെ കൃത്രിമ ബീജസങ്കലനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഈയിടെ ഈ പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി ആരംഭിക്കുകയുണ്ടായി. അതു ഒരു വാടക കെട്ടിടത്തിൽ. പക്ഷേ ഒരു ആസ്പത്രിക്കു വേണ്ട പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാതെയാണ് അത് ആരംഭിച്ചിട്ടുള്ളത്. ആസ്പത്രിക്ക് സ്ഥിരമായി ഒരു വെറ്ററിനറി ഡോക്ടറില്ല. ചാലിശ്ശേരി പഞ്ചായത്തിലെ വെറ്ററിനറി സർജനാണ് ഇവിടെ അഡീഷണൽ ചാർജ്. ഈ ആസ്പത്രിയിൽ ആവശ്യത്തിനുള്ള ഫർണീച്ചറുകളോ, ഉപകരണങ്ങളോ, കൃത്രിമ ബീജ സങ്കലനത്തിനുള്ള സൗകര്യമോ ഇല്ല. സ്ഥിരമായി ഒരു അറ്റൻൻറർ മാത്രമാണ് ഇവിടെയുള്ളത്. ലൈവ് സ്റ്റോക് ഇൻസ്പെക്ടർ, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ തസ്തിക ഇപ്പോഴും ഒഴിഞ്ഞു കിടക്കുകയാണ്. ചെറിയ മൃഗങ്ങളെ കിടത്തി പരിശോധിക്കുന്നതിനുള്ള ഒരു മേശയോ, മുറിയോ ഇല്ല. മരുന്നുകളും, വാക്സിനുകളും കേടു കൂടാതെ സൂക്ഷിക്കുന്നതിനായി അത്യാവശ്യം വേണ്ട ഫ്രിഡ്ജ് ഇല്ല. സാമ്പിളുകൾ പരിശോധിക്കുന്നതിനായി മൈക്രോസ്കോപ്പില്ല. അത്യാവശ്യം വേണ്ട ഒരു ചെറിയ ഓപ്പറേഷൻ തിയ്യറ്റർ ഇല്ല. പത്തോ പതിനഞ്ചോ ആളുകൾ ഒന്നിച്ചിരുന്ന് ഒരു മീറ്റിങ്ങ് കൂടുന്നതിനുള്ള സ്ഥലമോ, സൗകര്യമോ ഇല്ല.

മേൽപറഞ്ഞ എല്ലാ സൗകര്യങ്ങളും ചേർന്ന് ഒരു സർക്കാർ കെട്ടിടം മൃഗാശുപത്രിക്കുവേണ്ടി പണി കഴിക്കേണ്ടത് അത്യാവശ്യമാണ്. 9-ാം പഞ്ചവത്സര പദ്ധതിയിൽ ഫോൺ സൗകര്യവും ആസ്പത്രിയിലേക്ക് ഒരു വാഹനവും ഏർപ്പെടുത്തുന്നതിനെ പറ്റി ചിന്തിക്കാവുന്നതാണ്.

പുതുതായി തുടങ്ങിയ ആസ്പത്രിയിലേക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങളും മരുന്നുകളും വരേണ്ടതുണ്ട്. കൂടാതെ സ്ഥിരമായി ഒരു ഡോക്ടർ ഇവിടെ നിയമിതനാവുകയും വേണം. അഡീഷണൽ ചാർജ്ജുള്ള ഡോക്ടർ ആഴ്ചയിൽ ഒന്നോ, രണ്ടോ ദിവസം വന്നതുകൊണ്ട് ഇവിടത്തെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധ്യമല്ല. ഈ സാഹചര്യത്തിൽ, തൽക്കാലം സ്ഥിരമായ ഒരു ഡോക്ടർ നിയമിതനാകുന്നവരെ, ഇപ്പോൾ നിലവിലുള്ള സബ് സെൻറർ പുതിയ മൃഗാശുപത്രിയിലേക്ക് മാറ്റാനുള്ള സംവിധാനം ആലോചിക്കാവുന്നതാണ്.

## കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയ സ്കീമുകൾ:

ഒരു മൃഗാശുപത്രി ഈ പഞ്ചായത്തിൽ ഇല്ലാതിരുന്നതിനാൽ കാര്യമായ പദ്ധതികളൊന്നും ഈ പഞ്ചായത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. 1993-94 സാമ്പത്തിക വർഷത്തിൽ ഇവിടത്തെ ഒരു I.H.P.P. കോളനിയിൽ ആടു വിതരണം നടത്തുകയുണ്ടായി. 1993-94ൽ തന്നെ ഈ പഞ്ചായത്തിലെ പൊതു വിഭാഗത്തിന് 3 കോഴിക്കുഞ്ഞുങ്ങളെ വീതം സബ്സിഡി നിരക്കിൽ നൽകുകയുണ്ടായി. അനുവദിച്ചിട്ടുള്ള എല്ലാ സ്കീമുകളും അതാത് വർഷത്തിൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പുതിയ സ്മീമുകളൊന്നും അനുവദിച്ചിട്ടില്ല.

സ്കീമുകൾ നടപ്പിലാക്കി കഴിഞ്ഞാൽ ഉണ്ടാകുന്ന ഒരു പ്രധാന പ്രശ്നമാണ് പിന്നീടുള്ള അവയുടെ അവലോകനം. ഒരു ഗുണഭോക്താവിന് ഒരു പദ്ധതി പ്രകാരം ഏതെങ്കിലും ഒരു ഉരുവിനെ ലഭിച്ചു കഴിഞ്ഞാൽ, പിന്നീട് അയാൾ അതിനെ എന്തു ചെയ്യുന്നു എന്നുകൂടി നാം അറിയേണ്ടിയിരിക്കുന്നു. അതായത് അയാൾ അതിനെ വളർത്തുകയാണോ, അതോ ഉടനെ മറിച്ചു വിൽക്കുകയാണോ എന്ന്. മൃഗാശുപത്രിയിലെ ജീവനക്കാരുടെ പരിമിതി മൂലം ഓരോ മാസവും ഗുണഭോക്താക്കളുടെ വീടുകളിൽ കയറിയിറങ്ങി ഇത് പരിശോധിക്കുക എന്നുവെച്ചാൽ തീർത്തും ബുദ്ധിമുട്ടാണ്. ആയതിനാൽ പഞ്ചായത്തിൽ നിന്നു തന്നെ തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും ഒരു കമ്മിറ്റിയുണ്ടാക്കി മാസത്തിൽ ഒന്നോ രണ്ടോ തവണ ഇത്തരം ഗുണഭോക്താക്കളെ ചെന്നു കണ്ട് ഈ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തേണ്ടത് ആവശ്യമാണ്. ബാങ്കുകളിൽ നിന്നും മറ്റും പശുക്കളെ വാങ്ങാനായി നൽകുന്ന IRDP ലോണുകളുടെയും സ്ഥിതിയും മേൽ പറഞ്ഞതിൽ നിന്നും വ്യത്യസ്ഥമല്ല. ഇത്തരം അവലോകനം നടത്തുമ്പോൾ ഏതെങ്കി

ലും ഒരു ഗുണഭോക്താവ് തങ്ങളുടെ മാടുകളെ ദുർവിനിയോഗം ചെയ്തിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടാൽ അയാാക്കെതിരെ തക്കതായ നിയമ നടപടികാ സ്വീകരിക്കുകയും വേണം.

## പാൽ ഉൽപാദന രംഗം

ക്ഷീര കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് ഉൽപ്പാദിപ്പിക്കുന്ന പാലിൻെറ വിപണി. അത്യുൽപാദന ശേഷിയുള്ള പശുക്കളെ വളർത്തിയാൽ പാൽ വിറ്റഴിക്കുവാൻ പ്രയാസം അനുഭവപ്പെടുന്നു. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന അധികം പാലും ഹോട്ടലുകളിലും, അടുത്തുള്ള വീടുകളിലുമാണ് വിറ്റഴിക്കുന്നത്. അപൂർവ്വമായി ചില കർഷകർ സമീപത്തുള്ള പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള പാൽ സഹകരണ സംഘങ്ങളിൽ പാൽ കൊണ്ടുപോയി കൊടുക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പാലിന് വിപണന സൗകര്യം കുറവായതിനാൽ കൂടുതൽ ഉൽപാദന ക്ഷമതയുള്ള പശുക്കളെ വാങ്ങാൻ കർഷകർ വിമുഖത പ്രകടിപ്പിക്കുന്നു. ഇതിനൊരു പരിഹാരമായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പാൽ സഹകരണ സംഘങ്ങാ സ്ഥാപിക്കേണ്ടത് വളരെ ആവശ്യമാണ്. മൂന്ന് പാൽ സഹകരണ സംഘങ്ങാ ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികാ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും ഉണ്ടാകണം.

ക്ഷീര കർഷകരെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് കാലികളെ ബാധിക്കുന്ന രോഗങ്ങാ. പ്രധാനമായും അകിടുവീക്കം പാലുൽപാദനത്തെ ഗണ്യമായി ബാധിക്കുന്നു. എത്രയും പെട്ടെന്ന് വെറ്ററിനറി ഡോക്ടറെ സമീപിച്ച് ചികിത്സ നടത്തി ഇതിന് പരിഹാരം കാണാൻ കർഷകർ സന്നദ്ധരാകണം. വന്ധ്യതയാണ് മറ്റൊരു പ്രശ്നം. കാലികളുടെ വന്ധ്യതാ നിർമ്മാർജ്ജനത്തിനായി പഞ്ചായത്തിൻെറയും, മൃഗാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ വന്ധ്യതാ നിവാരണ ക്യാമ്പുകാ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഫലപ്രദമായി സംഘടിപ്പിക്കാവുന്നതാണ്. കാലികാക്ക് പെട്ടെന്നുണ്ടാകുന്ന പകർച്ചവ്യാധികളും ഒരു പരിധി വരെ ഉൽപാദനം ഗണ്യമായി കുറക്കുന്നു. ആയതിനാൽ മുഴുവൻ കർഷകരും തങ്ങളുടെ ഉരുക്കാക്ക് പ്രതിരോധ കുത്തിവെപ്പുകാ എടുപ്പിക്കേണ്ടതാണ്. മൃഗാസ്പത്രിയിൽ നിന്നും ഇത് സബ്സിഡി നിരക്കിൽ ലഭ്യമാണ്.

ഇത്രയും കാര്യങ്ങാ കാര്യക്ഷമമായി ചെയ്താൽ പാലുൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

## മാംസോൽപാദന രംഗം

ഈ പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു അറവുശാല ഇല്ല. എങ്കിലും വിവിധ ഭാഗങ്ങളിൽ മാംസം വിപണനം ചെയ്യപ്പെടുന്നുണ്ടുതാനും. ഇതൊന്നും അനുവദനീയമായ ശുചിത്വ തത്വങ്ങാ പാലിച്ചോ, അറവുമാടുകാ രോഗവിമുക്തമാണോ എന്നു പരിശോധിച്ചോ അല്ല ചെയ്യുന്നത്. ഇങ്ങിനെ മാംസപരിശോധന ചെയ്യാതെ മാംസം വിറ്റഴിക്കുമ്പോാ ഗുരുതരമായ രോഗങ്ങാ ഉള്ള മൃഗങ്ങാപോലും അറവിന് ഇരയാവുകയും ഇതുമൂലം ഒരു വലിയ പൊതുജനാരോഗ്യപ്രശ്നം ഉടലെടുക്കുവാനും സാധ്യതയേറുന്നു. ഈ പഞ്ചായത്തിൽ അറവുമാടുകളെ ഇവിടെ തന്നെ അറക്കുകയാണ് പതിവ്. ഇങ്ങനെ അറക്കപ്പെടുന്ന മൃഗങ്ങളിൽ 80-90% വും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. ആയതിനാൽ ഗണ്യമായ ഒരു തുക നമുക്ക് മറ്റുള്ള സംസ്ഥാനങ്ങളിലേക്ക് കൊടുത്ത് നഷ്ടമാകുന്നു. ആയതിനാൽ മാംസോൽപാദനത്തിൽ നാം സ്വയം പര്യാപ്തത നേടേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇതിലേക്കായി കൂടുതൽ ആടു വളർത്തൽ യൂണിറ്റുകളും മറ്റും ആരംഭിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോാ ആടുവളർത്തൽ മോശമല്ലാത്ത രീതിയിൽ നടക്കുന്നുണ്ട്. പക്ഷേ മിക്കവരും ശാസ്ത്രീയമായ രീതിയിലല്ല ഇതിനെ വളർത്തുന്നത്. ആട്ടിൻ കൂടുകാ മിക്കവരും അവരവരുടെ ഭാവനക്ക് അനുസൃതമായി നിർമ്മിക്കുന്നു. വളരെ ചുരുക്കംപേരെ ഇതിനെ ഗൗരവമായി കണക്കാക്കുന്നുള്ളു. മിക്കവാറും വീടുകളിൽ ആടുകളെ അഴിച്ചുവിട്ടു തീറ്റുന്ന രീതിയാണുള്ളത്. വൈകീട്ട് അവ വീട്ടിൽ എത്തുമ്പോാ അൽപ്പം കഞ്ഞിവെള്ളവും കഴിയുമെങ്കിൽ അൽപ്പം പിണ്ണാക്കും കൊടുക്കുന്ന രീതിയാണിവിടെ. ആട്ടിൻകുട്ടികാക്ക് വിരമരുന്ന് കൊടുക്കുന്ന പതിവ് ഇവിടെ ഇല്ല. വയറിളക്കംപോലെ എന്തെങ്കിലും അസുഖം വന്നാൽ മാത്രമേ കർഷകർ ഇതിനെ കുറിച്ച് ചിന്തിക്കുന്നുള്ളൂ. ഈ സ്ഥിതിക്ക് മാറ്റം വരുത്തണം. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഉൽപാദന ശേഷി കുറഞ്ഞ നാടൻ ജനുസ്സിൽ പെട്ട ആടാണ്. നല്ലയിനം ആട്ടിൻ കുട്ടികളെ മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. അവയെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വലുതാക്കാൻ ഓരോ കർഷകനും അറിഞ്ഞിരിക്കണം. മൃഗാസ്പത്രിയുമായി ബന്ധപ്പെട്ട് ഇതിനുവേണ്ട സഹായങ്ങളും ഉപദേശങ്ങളും നേടാവുന്നതാണ്. ആടു വളർത്തലിൽ താൽപര്യമുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം കൊടുത്ത് നമ്മുടെ പഞ്ചായത്തിൽ തന്നെ ചെറുകിട ആടുവളർത്തൽ യൂണിറ്റുകാ ആരംഭിക്കാവുന്നതാണ്. തരിശായി കിടക്കുന്ന സർക്കാർ ഭൂമികളിലും വെളിമ്പ്രദേശങ്ങളിലും വഴിയോരങ്ങളിലും മറ്റും പ്ലാവ്, സുബാബുാ, മുരിക്ക്, ശീമക്കൊന്ന എന്നിവ വെച്ചു

പിടിപ്പിച്ചാൽ തീറ്റക്കുള്ള ക്ഷാമം ഒരു പരിധി വരെ നിയന്ത്രിക്കുവാൻ സാധിക്കും.

പന്നി വളർത്തൽ നമ്മുടെ പഞ്ചായത്തിൽ ഇല്ല തന്നെ. ചില പ്രത്യേക മത വിഭാഗങ്ങളുടെ സാമുദായിക വിലക്കുകൾ ആണ് ഇതിന് മാർഗ്ഗ തടസ്സമായി നിൽക്കുന്നത്. പക്ഷേ ഇന്ന് വളരെ ലാഭകരമായി ആരംഭിക്കാവുന്ന ഒന്നാണ് പന്നി വളർത്തൽ യൂണിറ്റ്. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഹോട്ടൽ വെയ്സ്റ്റും മറ്റും കിട്ടുവാനുള്ള സൗകര്യം കണക്കിലെടുത്ത് ഇത് എളുപ്പം ആരംഭിക്കാവുന്നതാണ്. തന്മൂലം പന്നി മാംസത്തിനായി മറ്റു പഞ്ചായത്തിനെയൊ, ജില്ലയേയൊ നമുക്ക് ആശ്രയിക്കാതെ കഴിക്കാം.

പന്നി വളർത്തൽ പോലെതന്നെ വളരെ ആദായകരമായ ഒന്നാണ് മുയൽ വളർത്തൽ. നല്ലയിനം മുയൽ കുഞ്ഞുങ്ങളെ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. ഇവയെ കുറിച്ച് കൂടുതൽ അറിയുന്നതിനായി മൃഗാസ്പത്രിയുമായി ബന്ധപ്പെടാവുന്നതാണ്.

പോത്തിൻകുട്ടികളുടെയും, കാളക്കുട്ടികളുടെയും പരിപാലനമാണ് കർഷകർ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. പശുകുട്ടികളെ മാത്രമേ മിക്ക കർഷകരും ശരിയായ രീതിയിൽ പരിപാലിച്ചു കാണുന്നുള്ളൂ. ഇപ്പോൾ, ഇവിടെ ഉണ്ടാകുന്ന പോത്തിൻകുട്ടികളും, കാളക്കുട്ടികളും 70 മുതൽ 90% വും ചത്തുപോകുന്ന അവസ്ഥയാണുള്ളത്. ഇതിന് സമൂലമായ ഒരു മാറ്റം വരണം. മാംസോൽപാദനത്തിനുവേണ്ടി ശാസ്ത്രീയമായി ഇവയെ വളർത്തേണ്ടതിൻെറ ആവശ്യകതയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കണം. കാലിതീറ്റ, പുല്ല്, വൃക്ഷവിളകൾ എന്നിവ ഇവക്കും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യണം. ഇങ്ങനെ ഇവയെ പലിപാലിച്ചാൽ നമ്മുടെ പഞ്ചായത്തിൻെറ മാംസത്തിനുള്ള സ്വയം പര്യാപ്തതയിലേക്കുള്ള ഒരു പടിയായി ഇതിനെ കണക്കാക്കാം.

മാടുകളുടെ അറവും, മാംസ വിപണനവും കാര്യക്ഷമം ആക്കുവാൻ ശാസ്ത്രീയമായ രീതിയിൽ ഒരു അറവുശാല നമുക്ക് ആരംഭിക്കാവുന്നതാണ്. ഇത് ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നതായിരിക്കും ഉത്തമം. ഇത്തരം അറവുശാലകളിൽ മാംസപരിശോധനയ്ക്കായി ഒരു വെറ്ററിനറി ഡോക്ടറെ നിയമിക്കാവുന്നതാണ്. മാംസോൽപാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ച്, മീറ്റ് സ്റ്റാളുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാവുന്നതാണ്. തന്മൂലം പൊതുജനങ്ങൾക്ക് നല്ല ശുചിയായ മാംസം അംഗീകൃത വിലക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കും. മിച്ചം വരുന്ന മാംസം ഫ്രീസറിൽ സൂക്ഷിക്കുവാനുള്ള സംവിധാനവും ഉണ്ടായിരിക്കണം.

## കാലിതീറ്റ ഉൽപാദന രംഗം:

മൃഗസംരക്ഷണ മേഖലയിലെ കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് കാലിതീറ്റയുടെ ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന വില. കാലിതീറ്റയുടെ വിലയും പാലിൻെറ വിലയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ പാലിൻെറ വില തുലോം തുച്ഛമാണ്. ഈ അവസ്ഥ മാറണമെങ്കിൽ ഈ പഞ്ചായത്തിൽ തന്നെ ഒരു ചെറുകിട കാലിതീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ തന്നെ സുലഭമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങളായ കപ്പ, പുളിങ്കുരു, പിണ്ണാക്ക് എന്നിവ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള കാലിതീറ്റ നമുക്കു തന്നെ ഉൽപാദിപ്പിക്കാവുന്നതാണ്.

തീറ്റപ്പുൽ ഉൽപാദനമാണ് ഈ മേഖലയുടെ മറ്റൊരു പ്രധാന ഭാഗം. ലാഭകരമായി കാലികളെ വളർത്തുന്നതിന് തീറ്റപ്പുൽ കൃഷി അനിവാര്യമാണ്. ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, കനാൽ വരമ്പുകൾ, ഓഫീസ്, സ്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവ അധികൃതരുടെ അനുവാദത്തോടെ തീറ്റപ്പുൽ കൃഷിയ്ക്കായി ഉപയോഗിക്കാവുന്നതാണ്. ഇത്തരം പദ്ധതികൾ കൂട്ടായ്മയോടെ ചെയ്യാവുന്നതാണ്.

വൈക്കോലിൻെറ ഗുണ നിലവാരം കൂട്ടുന്നതിനായി യൂറിയ ട്രീറ്റ്മെൻറ് എന്ന പ്രക്രിയ ഉപയോഗിക്കാവുന്നതാണ്. ഇതിനായി താൽപര്യമുള്ള യുവാക്കളെ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകാവുന്നതാണ്.

## ബ്രോയിലർ കോഴിവളർത്തൽ:

ഈ പഞ്ചായത്തിൽ ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രങ്ങൾ കുറവാണ്. ബ്രോയിലർ കോഴി വിൽപന കേന്ദ്രങ്ങളാണ് അധികവും നിലവിലുള്ളത്. ചെറിയ കോഴികുഞ്ഞുങ്ങളെ വളർത്തി വലുതാക്കി പ്രായമാകുമ്പോൾ വിൽക്കുന്ന ഒരു രീതി ഇന്നിവിടെ ഇല്ല. പകരം, ആവശ്യാനുസരണം പ്രായമായ കോഴികളെ വാങ്ങി വിവിധ സ്ഥലങ്ങളിൽ വിൽക്കുന്ന രീതിയാണ് ഇന്നിവിടെ നിലവിലുള്ളത്. ഇതിനൊരു മാറ്റം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ തന്നെ ചെറിയ ബ്രോയിലർ കുഞ്ഞുങ്ങളെ വളർത്തി വലുതാക്കി വിപണിയിലെത്തിക്കുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. ഇത്മൂലം കർഷകർക്ക് അധിക വരുമാനം ലഭിക്കുകയും ചെയ്യും. നമ്മുടെ പഞ്ചായത്തിൽ വിൽപനക്കായി എത്തുന്ന കോഴികളിൽ ഒരു വലിയ ശതമാനം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണെന്നുള്ളതാണ് സത്യം. അതിനാൽ ധാരാളം പണം നമുക്ക് മറ്റ് സംസ്ഥാനങ്ങളിലേക്ക് നൽകേണ്ടതായി വരുന്നു.

ഇതിന് പരിഹാരമായി ഇവിടെ കഴിയുന്നത്ര ബ്രോയിലർ യൂണിറ്റുകൾ ആരംഭിക്കണം. ഇതിനായി താൽപര്യമുള്ള യുവാക്കളെ പഞ്ചായത്തിൽ നിന്നുതന്നെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകി, ശാസ്ത്രീയമായ രീതിയിൽ പഞ്ചായത്ത് തലത്തിൽ ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഫലപ്രദമായി ആരംഭിക്കാവുന്നതാണ്. ഫലപ്രദമായി വിപണനം നടത്താനുള്ള സംവിധാനം ഒരുക്കി കൊടുക്കുകയും വേണം.

## മുട്ടയുൽപാദന രംഗം:

കോഴിവളർത്തലിൽ ഇന്നും മിക്കവരും പഴയ രീതിയാണ് തുടരുന്നത്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ എന്ന സുഖകരവും, ആദായകരവുമായ മാർഗ്ഗം. വളരെ കുറച്ചു പേർ മാത്രമാണ് deep bitter രീതി അനുസരിച്ച് കോഴികളെ വളർത്തുന്നത്. മുട്ടയുൽപാദനത്തിൽ നാം ഇനിയും സ്വയം പര്യാപ്തത നേടിയിട്ടില്ല. നമ്മുടെ ആവശ്യത്തിന് നാം മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മുട്ടയെ ആശ്രയിക്കുന്ന ഗതിയാണിന്ന്. ആയതിനാൽ ഈ മേഖലയിലേക്ക് കൂടുതൽ ആളുകൾ കടന്നു വരണം. ശാസ്ത്രീയമായ രീതിയിൽ കോഴിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം. ഇതിനായി യുവാക്കൾക്ക് പ്രത്യേക പരിശീലനവും വൻതോതിൽ ബോധവൽക്കരണവും നടത്തേണ്ടതുണ്ട്. കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ ഒന്നിച്ച് വിരിയിച്ചെടുക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ചെറിയ ഹാച്ചറികൾ സ്ഥാപിക്കാവുന്നതാണ്.

കാട, താറാവ്, ടർക്കി, ഗിനി എന്നിവയൊന്നും തന്നെ ഈ പഞ്ചായത്തിൽ കാര്യക്ഷമമായി ഇല്ല. ആയതിനാൽ ഈ വിഭാഗത്തിലും താൽപര്യമുള്ള കർഷകരെ കണ്ടെത്തി ഇതിൻെറ രീതികളെക്കുറിച്ചും പരിശീലനം കൊടുത്തും ജനങ്ങളെ ബോധവൽക്കരിച്ചും ഇത്തരം യൂണിറ്റുകൾ ഫലപ്രദമായി ആരംഭിക്കാവുന്നതാണ്.

## തുകൽ, അറവുശാല ഉപോൽപന്ന സംസ്കരണം.

അറവു മാടുകളിൽ നിന്നും ലഭിക്കുന്ന ഒരു പ്രധാന ഉപോൽപ്പന്നമാണ് അവയുടെ തൊലി. കാള, പശു, എരുമ എന്നിവയുടെ തൊലിക്ക് 600 രൂപയും ആടിൻെറ തൊലിക്ക് 120 രൂപയും ഇന്ന് വിലയുണ്ട്. ഇത് തുകൽ വ്യവസായത്തിനു വൻ സാധ്യതയൊരുക്കുന്നു. അതിനാൽ പഞ്ചായത്ത് തലത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ തുകൽ സംസ്കരണത്തിനുള്ള സാധ്യത കണ്ടെത്തി അതിനുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യേണ്ടിയിരിക്കുന്നു.

മറ്റ് ഉപോൽപന്നങ്ങളായ എല്ല്, കൊഴുപ്പ്, രക്തം എന്നിവയുടെ സംസ്കരണവും, വിപണനവും ഇത്തരുണത്തിൽ ശ്രദ്ധേയമായ കാര്യങ്ങളാണ്. ഇത്തരം സംരംഭങ്ങളിലേക്കും കൂടുതൽ യുവാക്കളെ ആകർഷിച്ച് പരിശീലനം നൽകേണ്ടതാണ്. ഇത്തരം പദ്ധതികളുടെ വിജയത്തിനായി വൻതോതിൽ ബോധവൽക്കരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്.

## ജൈവവളം/ഊർജ്ജം

കന്നുകാലികളിൽ നിന്നും ലഭിക്കുന്ന ഒരു പ്രധാന ഉപോൽപന്നമാണ് ചാണകം. കാർഷികമേഖലക്ക് അത്യന്താപേക്ഷിതമാണിത്. പണ്ടുകാലത്തെ അപേക്ഷിച്ച് ജൈവവളത്തിൻെറ ലഭ്യത ഇന്ന് കുറവാണ്. നമ്മുടെ കന്നുകാലി സമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായാൽ മാത്രമേ അത് പരിഹരിക്കാനാവൂ.

ഈ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ വളരെ കുറവാണ്. ഉള്ളവ തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതു വിരളം. ഈ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് കണക്കിലെടുക്കുമ്പോൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഫലപ്രദമായി ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ സാധിക്കും എന്ന് മനസ്സിലാക്കാം. രണ്ടോ മൂന്നോ പശുക്കളുള്ള വീട്ടിൽ നിന്നും ഉൽപാദിപ്പിക്കുന്ന ചാണകം മതി 4 അംഗങ്ങളുടെ ഒരു കുടുംബത്തിൻെറ പാചകാവശ്യത്തിനുള്ള ഗ്യാസ് ഉൽപാദനത്തിന്. ആയതിനാൽ ബയോഗ്യാസ് പ്ലാൻറുകൾ ഈ പഞ്ചായത്തിൽ കൂടുതൽ ആരംഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

## കർഷക പരിശീലനം:

ഈ ജില്ലയിൽ കർഷക പരിശീലനത്തിന് വേണ്ട സംവിധാനങ്ങളും, സൗകര്യങ്ങളും പൊതുവെ കുറവാണ്. ആയതിനാൽ ഇത്തരം സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള സംവിധാനം പഞ്ചായത്ത് തലം മുതൽ ഉണ്ടാകാനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യണം. എങ്കിൽ മാത്രമേ കൂടുതൽ ജനങ്ങൾ ഈ മേഖലയെ കുറിച്ച് ബോധവാന്മാരാകുകയുള്ളൂ. എങ്കിൽ മാത്രമേ ഈ രംഗത്ത് സമഗ്രമായ പുരോഗതിയുണ്ടാകു.

## പേവിഷ നിർമ്മാർജ്ജനം:

അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ആടുകളെ നായ കടിച്ചു എന്ന കാരണവും പറഞ്ഞ് ഡോക്ടറെ സമീപിക്കുന്ന ആളുകൾ ദിനംപ്രതി കൂടി വരികയാണ്. ഇവിടെയാണ് പേവിഷ നിർമ്മാർജ്ജന പദ്ധതിയുടെ പ്രസക്തി. വീട്ടിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും നിർബ്ബന്ധമായും പ്രതി

രോധ കുത്തിവെപ്പ് എടുപ്പിക്കുകയും അവയ്ക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് നിർബന്ധമാക്കുകയും വേണം. അലഞ്ഞു നടക്കുന്ന ബാക്കി എല്ലാ നായ്ക്കളെയും നശിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കണം. എങ്കിൽ മാത്രമേ ഇത്രയും ഭീകരമായ ഒരു രോഗത്തിൽ നിന്നും നമുക്ക് മുക്തി ലഭിക്കൂ.

### കന്നുകാലി ഇൻഷൂറൻസ്:

കന്നുകാലികളുടെ ആകസ്മിക മരണം പലപ്പോഴും കർഷകർക്ക് താങ്ങാവുന്നതിൽ അധികമായ ഒരു അനുഭവമായാണ് കാണുന്നത്. സമഗ്രമായ ഒരു ഇൻഷൂറൻസ് സംവിധാനമില്ലാത്തതിനാൽ നഷ്ടം മുഴുവൻ കർഷകൻ തനിച്ച് താങ്ങേണ്ടി വരുന്നു. ഇൻഷൂറൻസ് പ്രീമിയം ആണെങ്കിൽ കർഷകർക്ക് താങ്ങാവുന്നതിൽ അധികവും. ഈ സാഹചര്യത്തിൽ സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുന്നതിനെ പറ്റി പഞ്ചായത്ത് തലത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ഇതിനെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

### കർഷകർക്ക് അംഗീകാരം:

പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ മേഖലയിൽ ഏറ്റവും നല്ല കർഷകനെ ആദരിക്കുന്ന പതിവ് ഇന്നില്ല. അങ്ങിനെ ഒരു പരിപാടി ആവിഷ്ക്കരിച്ചാൽ അത് കർഷകർക്ക് വലിയൊരു പ്രോത്സാഹനമായിരിക്കും. അത് കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യും. ആയതിനാൽ അവാർഡുകളും, സമ്മാനങ്ങളും പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും ഏർപ്പെടുത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം.

### പൊതു നിർദ്ദേശങ്ങൾ

1. എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു സർക്കാർ മൃഗാശുപത്രി എത്രയും വേഗം നിർമ്മിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.
2. നടപ്പാക്കുന്ന സ്കീമുകളെ കുറിച്ച് അവലോകനം ചെയ്യാൻ പഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഒരു നിശ്ചിത കാലയളവിൽ പദ്ധതികളെ വിലയിരുത്തണം.
3. പാലിന്റെ വിപണനത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പാൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
4. ശാസ്ത്രീയമായ രീതിയിൽ കൂടുതൽ ആടു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം.
5. പന്നിവളർത്തൽ യൂണിറ്റുകളും, മുയൽ വളർത്തൽ യൂണിറ്റുകളും ആരംഭിക്കണം.
6. പോത്തിൻകുട്ടികളെയും, കാളക്കുട്ടികളെയും ശാസ്ത്രീയമായി പരിപാലിക്കാനുള്ള സംവിധാനം നിലവിൽ വരണം.
7. മാടുകളുടെ അറവും മാംസ വിപണനവും കാര്യക്ഷമമാക്കുവാൻ വെറ്ററിനറി സർജന്റെ സാന്നിധ്യത്തോടെയുള്ള ഒരു ശാസ്ത്രീയ അറവുശാല പഞ്ചായത്ത് തലത്തിലോ, ബ്ലോക്കു തലത്തിലോ സ്ഥാപിക്കണം.
8. കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
9. തീറ്റപ്പുൽ കൃഷി കാര്യക്ഷമമായി നടപ്പാക്കേണ്ടതിനായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.
10. കൂടുതൽ ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
11. കൂടുതൽ മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം. കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ ഒന്നിച്ച് ലഭിക്കാൻ ചെറിയ ഹാച്ചറികൾ സ്ഥാപിക്കുക.
12. കാട, താറാവ്, ടർക്കി, ഗിനി എിവയുടേയും ചെറിയ യൂണിറ്റുകൾ ഫലപ്രദമായി ആരംഭിക്കാവുന്നതാണ്.
13. അറവുമാടുകളിൽ നിന്നും ഉപോൽപന്നങ്ങളായി ലഭിക്കുന്ന തുകൽ, എല്ല്, കൊഴുപ്പ്, രക്തം എന്നിവയുടെ സംസ്കരണത്തിനും വിപണനത്തിനും വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
14. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന ചാണകത്തിന്റെ അളവിനനുസരിച്ച് കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ ആരംഭിക്കാവുന്നതാണ്.
15. പഞ്ചായത്ത് തലത്തിൽ കൂടുതൽ കർഷക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.
16. പേവിഷ നിർമ്മാർജ്ജനത്തിനായി എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകുകയും, പഞ്ചായത്തിൽ നിന്നും ലൈസൻസ് ഏർപ്പെടുത്തുകയും, അലഞ്ഞു നടക്കുന്ന എല്ലാ നായ്ക്കളെയും നശിപ്പിക്കുകയും വേണം.
17. കന്നുകാലികളുടെ ആകസ്മിക മരണം മൂലം കർഷകന് സംഭവിക്കുന്ന നഷ്ടം ഒഴിവാക്കുന്നതിനായി സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.
18. പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും നല്ല കർഷകനെ അംഗീകരിക്കുന്നതിനായി അത്തരം കർഷകനെ കണ്ടുപിടിച്ച് സമ്മാനങ്ങളും, അവാർഡുകളും ഏർപ്പെടുത്തേണ്ടതാണ്.

തൃത്താല ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി ഡിപ്പാർട്ട്മെൻറ് 8-ാം പദ്ധതി കാലത്ത് ഈ പഞ്ചായത്തിൽ

നടപ്പാക്കിയ പദ്ധതികളെക്കുറിച്ചും ഇനി നടപ്പാക്കാൻ ബാക്കിയുള്ള പദ്ധതികളെക്കുറിച്ചും എഴുതി തന്ന പദ്ധതി റിപ്പോർട്ടിന്റെ ചുരുക്കം താഴെ കൊടുക്കുന്നു.

ക്ഷീര വികസനം, വിജ്ഞാന വ്യാപനം, കാലിത്തീറ്റക്കുള്ള സബ്സിഡി, തീറ്റപ്പുൽ വികസനത്തിന് വളം സബ്സിഡി, പ്രത്യേകം ഘടക പദ്ധതികളിലുൾപ്പെടുത്തി പശുക്കളെ വാങ്ങുക, കാലിതൊഴുത്തു നിർമ്മാണത്തിന് സബ്സിഡി നൽകുക, മാതൃകാ ഡയറി ഫാം യൂണിറ്റ് നിർമ്മിക്കൽ എന്നീ വിവിധ പദ്ധതികൾക്കായി 1992-93 വർഷത്തിൽ 2,425 രൂപയും, 93-94 വർഷത്തിൽ 78,950 രൂപയും, 94-95 വർഷത്തിൽ 62,650 രൂപയും 95-96 വർഷത്തിൽ 46,700 രൂപയും ചിലവഴിച്ചു. 1996-97 വർഷത്തേക്ക് മാതൃകാ ഡയറി ഫാം യൂണിറ്റ് ഒന്നിന് 7,000 രൂപയും കാലിതൊഴുത്ത് നിർമ്മാണത്തിന് 10 എണ്ണത്തിന് സബ്സിഡി 12,500 രൂപയും കർഷക സമ്പർക്ക പരിപാടിക്ക് 1,800 രൂപയും തീറ്റപ്പുൽ കൃഷി വികസനത്തിന് 6,600 രൂപയും ചിലവഴിക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഉടൻ തന്നെ പ്രവർത്തി ആരംഭിക്കുന്നതാണ്. സർക്കാരിന്റെ 15 ഈ പരിപാടിയിൽ കീഴിൽ സ്പെക്ട്രം ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് നാഗലശ്ശേരി, മുകുളം കലാകായിക വേദി പിലാക്കാട്ടിരി എന്നീ സംഘടനകളുടെ സ്പോൺസർഷിപ്പോട്കൂടി 8 വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 22,500 രൂപ വീതം ധനസഹായം നൽകാൻ നിശ്ചയിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ:

1. ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കാര്യമായി നടന്നിട്ടില്ല.
2. കാലിത്തീറ്റ ചുരുങ്ങിയ വിലക്ക് ലഭിക്കുന്നില്ല.
3. മൃഗങ്ങൾക്ക് കുളമ്പ് ദീനം, കാലി വസന്ത, കുരലടപ്പൻ തുടങ്ങിയ പകർച്ച വ്യാധികൾ, കോഴികൾക്ക് കണ്ടു വരുന്ന കോഴിവസന്ത തുടങ്ങിയ പകർച്ച വ്യാധികൾ എന്നിവ ബാധിച്ച് ഇവകൾ നശിക്കുകയും, അതുവഴി കർഷകർക്ക് വൻ നഷ്ടം നേരിടുകയും ചെയ്യുന്നു.
4. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്. ആശുപത്രിയുമില്ല.
5. ഉൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കുട്ടികളെ കിട്ടാൻ പ്രയാസം നേരിടുന്നു.
6. സങ്കരയിനം ആടുകളെയും കിട്ടാനില്ല.
7. ക്ഷീര വിപണന സൗകര്യവും അപര്യാപ്തമാണ്.
8. ഇറച്ചി, പാൽ എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തതയില്ല.
9. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുന്നത് ഫലപ്രദമാകുന്നില്ല.
10. പശു, ആട്, കോഴി എന്നിവയുടെ വിതരണ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞശേഷം അവയെ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധന നടക്കുന്നില്ല. അതുകൊണ്ട് ദുരുപയോഗം ചെയ്യപ്പെടുന്നു.
11. വൈക്കോൽ ആവശ്യത്തിന് തികയില്ല.
12. പശു പരിപാലനം, കോഴി വളർത്തൽ എന്നിവസ്വയം തൊഴിൽ സംരംഭങ്ങളെന്ന നിലക്ക് ആകർഷിക്കപ്പെട്ടിട്ടില്ല.

### പരിഹാരങ്ങൾ:

1. അനുവദിച്ചിട്ടുള്ള ആശുപത്രിയിൽ ഡോക്ടറെ നിയമിക്കുകയും ആവശ്യമായ സൗകര്യങ്ങളും മരുന്ന് ഉപകരണങ്ങൾ എന്നിവയും സജ്ജീകരിക്കുകയും ചെയ്യുക.
2. ഇന്നുള്ള ബീജസങ്കലന കേന്ദ്രം കൃഷിക്കാരുടെ സൗകര്യാർത്ഥം ആശുപത്രിയുമായി സംയോജിപ്പിക്കുക.
3. സങ്കരയിനം പശു, ആട് എന്നിവയെ ആവശ്യാനുസരണം ലഭ്യമാക്കുക.
4. ക്ഷീരോൽപാദന-വിപണന സഹകരണ സംഘങ്ങൾ രജിസ്ട്രർ ചെയ്തിട്ടുള്ളവയുടെ പ്രവർത്തനം ആരംഭിക്കുക.
5. കോഴി, കാലിതീറ്റകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക. പഞ്ചായത്തിൽ ഒരു ചെറുകിട ഉൽപാദന കേന്ദ്രം സ്ഥാപിക്കുക.
6. ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക.
7. കാലി-കോഴി പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവെയ്പ് ക്യാമ്പുകൾ സംഘടിപ്പിച്ച് ഫലപ്രദമാക്കുക.
8. കോഴി വളർത്തു കേന്ദ്രങ്ങൾ സ്വകാര്യമായും, സഹകരണാടിസ്ഥാനത്തിലും തുടങ്ങുക.
9. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബ്ബന്ധമാക്കുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്ന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും , പരിശോധിക്കുന്നതിനും ജനകീയ സമിതികൾ ഉപയോഗപ്പെടുത്തുക. പേ വിഷബാധക്കെതിരെ എല്ലാ വളർത്തു നായ്ക്കളേയും പ്രതിരോധ കുത്തിവെയ്പിന് നിർബ്ബന്ധമായും വിധേയമാക്കുക.
10. വളർത്തു മൃഗങ്ങളെയും വിതരണം ചെയ്യുന്ന പദ്ധതി വഴി കിട്ടിയ ജീവികളെ ശരിയായി പരിപാലിക്കുന്നുണ്ടെന്നും ദുരുപയോഗം ചെയ്യുന്നില്ലെന്നും ഉറപ്പു

വരുത്തുവാൻ ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും അടങ്ങുന്ന മോണിറ്ററിങ്ങ് സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുക.

11. ആട്, പശു, കോഴി എന്നിവക്ക് പുറമെ എരുമ, മുയൽ, പന്നി, താറാവ് എന്നിവയുടെ പരിപാലനവും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
12. ശാസ്ത്രീയമായ മൃഗപരിപാലനത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും, ശില്പശാലകളും സംഘടിപ്പിക്കുക. അതിന് പഞ്ചായത്ത് മുൻകൈയ്യെടുക്കുക.
13. കൂടുതൽ ഭൂമിയുള്ളവരും, തീറ്റപ്പുൽ കൃഷി ചെയ്യാൻ സാധിക്കുന്നവരുമായ വ്യക്തികൾക്കോ, സംഘങ്ങൾക്കോ ഡയറി യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹനവും, സഹായവും നൽകുക.
14. തീറ്റപ്പുൽ കൃഷി അനുയോജ്യമായ തെങ്ങിൻ തോപ്പുകളിലും, പറമ്പുകളിലും പ്രോത്സാഹിപ്പിക്കുക. അതിന് ആവശ്യമായ വിത്തും, വളങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് കൊടുക്കുക.
15. വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക. പച്ചക്കറിയുടെ കാര്യത്തിൽ അടുക്കളതോട്ടംപോലെ മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ ഇത് ഉപകരിക്കും. സാദ്ധ്യത പരിശോധിച്ച് എഗ്ഗ്ർ നഴ്സറികൾ, ഹാച്ചറുകൾ എന്നിവ തുടങ്ങാവുന്നതാണ്.
16. ഇറച്ചി സംസ്കരണം കൂടുതൽ വൃത്തിയുള്ളതും രോഗാണു വിമുക്തവുമാക്കാൻ പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയമായ രീതിയിൽ ഒരു അറവ്ശാല ആരംഭിക്കുക.

പശു, പക്ഷി പരിപാലന രംഗത്ത് കുടുംബങ്ങൾ വഴിയും സഹകരണ സംഘങ്ങൾ വഴിയും നടപ്പാക്കുന്ന പദ്ധതികൾ ആ രംഗത്ത് ധാരാളം സ്വയം തൊഴിൽ അവസരങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾക്ക് ഉണ്ടാക്കാനും, പഞ്ചായത്തിനെ പാൽ, ഇറച്ചി, മുട്ട എന്നിവയുടെ കാര്യത്തിൽ സമ്പന്നവും സ്വയം പര്യാപ്തവുമാക്കാനും സഹായിക്കും.

## മത്സ്യബന്ധനം

കടൽ സാന്നിദ്ധ്യമോ, കായലോ, പുഴയോ കൊണ്ട് അനുഗ്രഹീതമല്ലാത്ത ഈ പഞ്ചായത്ത് മത്സ്യസമ്പത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. കുളങ്ങളിലാണ് മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ളത്. പൊതു കുളങ്ങളെല്ലാം കുളിക്കാനുപയോഗിക്കുന്നതുകൊണ്ട് മത്സ്യകൃഷിക്കനുയോജ്യമല്ല. എന്നാൽ സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്താൻ ആളുകൾ മുന്നോട്ട് വരുന്ന പക്ഷം അവർക്ക് മത്സ്യ കുഞ്ഞുങ്ങളേയും, തീറ്റയും സൗജന്യ നിരക്കിൽ വിതരണം ചെയ്യാനും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകാനും ഏർപ്പാടുണ്ടാക്കണം. ഈ സംരംഭം പ്രോത്സാഹിപ്പിക്കുന്ന പക്ഷം ആ കുടുംബങ്ങൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണിത്. ■

## ദ്വിതീയ മേഖല



''കയറു പിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ
അതു പറയുമ്പോളെന്നുടെ നാടി-
ന്നഭിമാനിക്കാൻ വകയില്ലേ?''
-വയലാർ

# വ്യവസായം

വ്യവസായ രംഗത്ത് പഞ്ചായത്തിൻെറ ചരിത്രപരമായ സംഭാവനകൾ വിരളമാണ്. എന്നാൽ സമീപപ്രദേശങ്ങളിൽ ഒന്നും ബസ് സർവ്വീസുകൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ചെറുകുളപുറത്ത് മനക്കാർ ഈ രംഗത്ത് കടന്നു വന്നു എന്നത് എടുത്തു പറയാവുന്ന ഒരു കാര്യമാണ്. ഈ സംരംഭം അസ്തമിച്ചിട്ട് വർഷങ്ങളായി. പെരിങ്ങോട് തൊഴുക്കാട് നാഗലശ്ശേരി ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന നാടൻ തറികൾ, നെയ്ത്ത് രംഗത്തെ ചെറിയയൂണിറ്റുകൾ ആയിരുന്നു. ഇവയുടെപ്രവർത്തനവും നിലച്ചുപോയി. കളിമൺ പാത്ര നിർമ്മാണം ഇവിടെ വിപുലമായി നിലനിന്നിരുന്നു. അതിൻെറ ഒരു യൂണിറ്റ് പോലും ഇന്നില്ല. എടുത്തു പറയാവുന്ന മറ്റൊന്നാണ് കൂറ്റനാട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ബീഡി വ്യവസായ യൂണിറ്റുകൾ. അതിലെ തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് കടന്നതോടുകൂടി ഈ വ്യവസായവും അതിൻെറ അന്ത്യം കണ്ടു. വിവിധ ഭാഗങ്ങളിൽ ഉപജീവനമാർഗ്ഗമെന്ന നിലയിൽ വീട്ടിലിരുന്ന് ഈ തൊഴിൽ ചെയ്യുന്നുണ്ട്. കൊട്ട, വട്ടി, പായ നെയ്ത്ത് തുടങ്ങിയ പരമ്പരാഗതമായ മറ്റൊരു വ്യവസായവും ഇവിടെ തഴച്ചു വളർന്നിരുന്നു. എന്നാൽ അവരിൽ കുറച്ചുപേർ മാത്രം ഈ തൊഴിലിൽ ഇന്നും ഏർപ്പെട്ടിരിക്കുന്നു. മറ്റൊന്ന് പനംചക്കര നിർമ്മിക്കുന്ന യൂണിറ്റുകൾ ആയിരുന്നു.

പല കാരണങ്ങളാലും പഴയ യൂണിറ്റുകൾ നശിച്ചുവെന്നു മാത്രമല്ല പുതിയവ ഉണ്ടായതുമില്ല. സ്വകാര്യ പൊതുമേഖലാ സംരംഭങ്ങൾ കേന്ദ്രീകൃത രീതിയിൽ പ്രവർത്തിക്കുന്ന വൻകിട യൂണിറ്റുകളൊന്നും ഈ പഞ്ചായത്തിലില്ലെന്ന ദുരവസ്ഥ തൊഴിലില്ലായ്മയെ രൂക്ഷമാക്കുന്നു.

I ഇന്ന് പഞ്ചായത്തിൽ നിലനിൽക്കുന്ന വ്യവസായങ്ങളിൽ പരമ്പരാഗത കുടിൽ വ്യവസായ രംഗത്ത് താഴെ പറയുന്നവയാണുള്ളത്.

1. മുള ഉപയോഗിച്ചുള്ള കുട്ട, വട്ടി, പനമ്പ് നെയ്ത്ത്.
2. ബൊമ്മ നിർമ്മാണം.
3. ബീഡി തെറുപ്പ്.
4. ചെങ്കല്ലുവെട്ട്. (നിർമ്മാണ രംഗത്തെ മാന്ദ്യം ഈ മേഖലയെയും ബാധിച്ചിട്ടുണ്ട്.)
5. പപ്പട നിർമ്മാണം.
6. ചെരിപ്പ് നിർമ്മാണ യൂണിറ്റുകൾ.
7. ഖാദി ഗ്രാമ വ്യവസായ യൂണിറ്റിൻെറ കീഴിൽ രണ്ട് നൂൽ നൂൽപുകേന്ദ്രവും ഒരു ഖാദി നെയ്ത്ത് ശാലയും

II കുറച്ചു പണം മുതൽ മുടക്കിക്കൊണ്ട് നടത്തപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിൽ ഇന്ന് നിലവിലുള്ളവ:

1. സൈക്കിൾ റിപ്പയറിംഗ് വർക്കുഷോപ്പുകൾ.
2. ഇലക്ട്രിക്കൽ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്ന വർക്ക് ഷോപ്പുകൾ.
3. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്ന വർക്കുഷോപ്പുകൾ.
4. വീഡിയോ ആഡിയോ കാസറ്റുകൾ റിക്കാർഡ് ചെയ്യുകയും വിതരണം നടത്തുകയും ചെയ്യുന്ന യൂണിറ്റുകൾ.

III പരമ്പരാഗതമായി കുലത്തൊഴിൽ എന്ന നിലക്ക് ഒരു പ്രത്യേക വിഭാഗം നടത്തി വരുന്ന കുടിൽ വ്യവസായമാണ് ഓട്ടു പാത്ര നിർമ്മാണം. ഇന്ന് നാലോ അഞ്ചോ കുടുംബങ്ങൾ വീട്ടിലിരുന്ന് വാണിജ്യാടിസ്ഥാനത്തിൽ ഈ തൊഴിൽ നടത്തി വരുന്നു. മുമ്പ് മുതൽക്കേ വിഗ്രഹ നിർമ്മാണ രംഗത്തും മറ്റും പ്രകടമായിരുന്ന ഇവരുടെ കലാ വിരുത് പ്രശംസനീയമാണ്. ഈ പാരമ്പര്യം നിലനിർത്തിക്കൊണ്ട് അതിലെ പുതിയ തലമുറയും പല കൗതുകവസ്തുക്കളും ഷീൽഡുകളും ശിൽപങ്ങളും നിർമ്മിച്ചുവരുന്നു. ലക്ഷക്കണക്കിന് രൂപാ മുതൽ മുടക്കുള്ള തൊഴിൽ സ്ഥാപനങ്ങളിൽ താഴെ പറയുന്നവ പഞ്ചായത്തിൽ നിലനിൽക്കുന്നു.

1. തടിവ്യവസായവും യന്ത്രം ഉപയോഗിച്ച് ഈർച്ച പണിയിലും ഏർപ്പെട്ടിരിക്കുന്ന തടിമില്ലുകൾ.

2. റൈസ് ആൻറ് ഫ്ലവർ മില്ലുകൾ.
3. ഫർണീച്ചർ വ്യവസായ യൂണിറ്റുകൾ.
4. കരിങ്കൽ ക്വാറികൾ.
5. ബോഡി ബിൽഡിംഗ് വർക്കു ഷോപ്പുകൾ.
6. ഗേറ്റ്, ഗ്രിൽ നിർമ്മിക്കുന്ന വെൽഡിംഗ് യൂണിറ്റുകൾ.(ഇവ അഞ്ചെണ്ണം ഉണ്ട്)

IV സ്വയം തൊഴിലായോ ഏതാനും പേർക്ക് തൊഴിൽ നൽകിയോ നടത്തുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. ഹോട്ടലുകൾ - 54 എണ്ണം
2. കച്ചവട സ്ഥാപനങ്ങൾ - 287 എണ്ണം
3. സാധാരണ കടകൾ - 153 എണ്ണം
4. ചില്ലറ വിൽപനശാലകളും പപ്പട നിർമ്മാണം പോലുള്ള യൂണിറ്റുകളും - 71എണ്ണം

ട്രൈസം സ്കീമിൽ 19 പേർക്ക് കൈത്തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്

ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| പരിശീലന വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലു കളിലുള്ളവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|
| ഫോട്ടോഗ്രാഫി | 1 | 1 | 4 | 4 |
| റിപ്പയർ ഹോം അപ്ലയൻസസ് | 1 | - | - | - |
| ഖാദി നൂൽ നൂൽപ്പ് | 5 | 5 | - | - |
| കാർപ്പെൻററി | 2 | 1 | - | - |
| ടി.വി. റിപ്പയർ | 3 | - | - | - |
| ഷീറ്റ് മെറ്റൽ വർക്ക് | 1 | - | - | - |
| ഡ്രൈവിംഗ് | 3 | 3 | - | - |
| ടൈപ്പ് റൈറ്റിംഗ് | 2 | - | - | - |
| പ്രതിമ നിർമ്മാണം | 1 | 1 | - | - |

## പ്രശ്നങ്ങൾ

1. പരസ്യത്തിൻെറ സ്വാധീനം പ്രാദേശിക ചെറുകിട് വ്യവസായ ഉൽപന്നങ്ങളുടെ വിപണന സാധ്യതക്ക് ഭീഷണിയാകുന്നു. ഉദാ: സോപ്പ്, ചെരിപ്പ് നിർമ്മാണം.
2. നിലവിലുള്ള വ്യവസായ യൂണിറ്റുകൾ അനുഭവിക്കുന്ന സാമ്പത്തിക ഞെരുക്കം.
3. വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അപര്യാപ്തത.
4. വ്യവസായ യൂണിറ്റുകൾ നേരിടുന്ന മാനേജ്മെൻറ് പരിശീലനത്തിൻെറ അഭാവം.
5. പരമ്പരാഗത വ്യവസായ കൈത്തൊഴിലുകാർക്ക് പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ.
6. തീപ്പെട്ടി വ്യവസായ രംഗത്തെ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്.
7. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലുള്ള കാലതാമസവും അപര്യാപ്തമായ വോൾട്ടതയും.
8. വ്യവസായ രംഗത്തെ സ്ത്രീ സംരംഭകരുടെ കുറവും പരിശീലനം ഇല്ലായമയും.

## സാധ്യതകൾ

1. സോപ്പ്, ചെരിപ്പ്, മെഴുകുതിരി, മസാലപ്പൊടി നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയാൽ സ്ത്രീകൾക്ക് തൊഴിലവസരം വർദ്ധിക്കും.
2. ടൈലറിംഗ് യൂണിറ്റുകളെ സംയോജിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രം നിർമ്മാണം, പ്രത്യേകിച്ച് യൂണിഫോം വസ്ത്രങ്ങൾ.
3. തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ, ബുക്ക് ബൈൻറിംഗ് യൂണിറ്റുകൾ
4. പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണം, അലൂമിനിയം ഫാബ്രിക്കേഷൻ, ഫർണീച്ചർ വ്യവസായം.
5. കെൽട്രോണിൻെറ സഹായത്തോടെ ഇലക്ട്രോണിക്സ് വ്യവസായ സംരംഭങ്ങൾ പരിശോധിക്കേണ്ടതാണ്. കൂടാതെ പ്രാദേശിക വൈദഗ്ദ്ധ്യം കണക്കിലെടുത്ത്

DWCRA തൊഴിൽ സ്ഥാപനങ്ങളും അവയിൽ പ്രവർത്തിക്കുന്നവരുടെയും എണ്ണം

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | | കൂലിനിരക്ക് | |
|---|---|---|---|---|---|---|---|
| | | | പുരു | സ്ത്രീ | ആകെ | പുരു | സ്ത്രീ |
| 1 | ഫൈബർ ഉൽപന്നങ്ങൾ 1987 ജൂലായിൽ ആരംഭിച്ചു | നിലവിലില്ല | 5 | 10 | 15 | | |
| 2. | പായ് നെയ്ത്ത് 1988 ജൂലായിൽ | | 2 | 11 | 13 | | |
| 3. | ബുക്ക് ബൈൻറിംഗ് (ഏപ്രിൽ 89) | '' | | 10 | 10 | | |
| 4. | മുള വ്യവസായം (മാർച്ച് 95) | | | 8 | 8 | | |
| 5. | ഫൈബർ നിർമ്മാണം (ജൂലായ് 87) | '' | 4 | 5 | 9 | | |

ഇലക്ട്രോണിക്സ് ചോക്ക്, റഗുലേറ്റർ നിർമ്മാണം.

6. തുകൽ ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വ്യവസായ യൂണിറ്റുകൾ.
7. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ.
8. സിമൻറ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം.
9. ചന്ദനത്തിരി, സുഗന്ധദ്രവ്യ വ്യവസായങ്ങൾ.
10. പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചുള്ള ബൊമ്മ നിർമ്മാണം.
11. കരിങ്കൽ ക്വാറികൾ തുടങ്ങുക.
12. അടയ്ക്ക, നാളികേരം, റബ്ബർ സംസ്കരണ യൂണിറ്റുകൾ.
13. വാഴനാരു കൊണ്ടുള്ള ഉൽപന്നങ്ങൾ.
14. പഴം പച്ചക്കറി സംസ്കരണ യൂണിറ്റുകൾ.
15. മിഠായി, ബേക്കറി വ്യവസായങ്ങൾ.
16. ബീഡി, നെയ്ത്ത്, കശുവണ്ടി വ്യവസായങ്ങൾ.
17. ആധുനിക ഗൃഹോപകരണങ്ങളുടെ റിപ്പയറിനും സർവ്വീസിനും സൗകര്യമുള്ളവർക്കു ഷോപ്പുകൾ.
18. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ.
19. റെക്സിൻ ഉപയോഗിച്ചുള്ള സാധനങ്ങളുടെ നിർമ്മാണം.
20. സോഫാ-കം-ബെഡ്, ഫർണീച്ചറുകൾ തുടങ്ങിയവയുടെ നിർമ്മാണം.
21. മരപ്പണി, ഓട്ട് നിർമ്മാണം (ബെൽമെറ്റൽ) സ്വർണ്ണപ്പണി തുടങ്ങിയ പരമ്പരാഗത രംഗത്ത് പ്രവർത്തിക്കുന്നവരെ യന്ത്രങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കി ആധുനികവൽകരിക്കുക. അത്തരം വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ ഏറെയാണ്. മേൽ പറഞ്ഞവയിൽ വനിതാ വ്യവസായ യൂണിറ്റുകൾ ആയാൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കുടുംബത്തിൻെറ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുകയും ചെയ്യാം. ■

# ഗതാഗതം

ഒരു നാടിൻെറ വികസനത്തിൽ റോഡുകൾ വഹിക്കുന്ന നിർണ്ണായകമായ സ്വാധീനം വളരെ വലുതാണ്. നാഗലശ്ശേരി പഞ്ചായത്തിൽ പ്രബലരായിരുന്ന മൂന്നു മനക്കാർ അവരുടെ സ്വകാര്യാവശ്യത്തിനായി നിർമ്മിച്ച റോഡുകൾ പഞ്ചായത്തിനെ നാടിൻെറ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന അനുഗ്രഹമായി മാറി. ഈ റോഡുകൾ (1) വാവന്നൂർ സെൻററിൽ നിന്ന് നാറേരി മനയിലേക്ക് (2) പട്ടാമ്പി റോഡിൽ നിന്നും പൂമുള്ളി മനയിലേക്ക് (3) തൊഴുക്കാട് നിന്നും ചെറുകുളാപ്പുറം മനയിലേക്ക്. കാലാകാലങ്ങളിൽ ആവശ്യമായി വന്ന അറ്റകുറ്റപ്പണികളും ഈ മനക്കാർ തന്നെ നിർവ്വഹിച്ചിരുന്നു. കാളവണ്ടികളായിരുന്നു ഈ റോഡുകളിൽ അന്ന് സഞ്ചരിച്ചിരുന്ന പ്രധാന വാഹനം. എന്നാൽ ഈ റോഡുകൾ കാലാന്തരത്തിൽ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. റോഡുകളുടെ കാര്യത്തിൽ നാഗലശ്ശരി പഞ്ചായത്ത് സമ്പന്നമാണ്. PIREPപദ്ധതിക്കാലത്ത് നിരവധി റോഡുകൾ ഇവിടെ പണിയാൻ കഴിഞ്ഞതാണ് ഈ നില കൈവരിക്കാൻ സഹായിച്ചത്. ഇത്രയും വിപുലമായ റോഡുകളുടെ സമുച്ചയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയെന്നത് പഞ്ചായത്തിനെ സംബന്ധിച്ച് വലിയൊരു ബാദ്ധ്യതയും വെല്ലുവിളിയുമാണ്. റോഡുകൾ കേടുവരാതെ അറ്റകുറ്റപണികൾ നടത്തുന്നതിന് അതതു പ്രദേശത്തെ ഗുണഭോക്താക്കളായ ജനങ്ങൾ തയ്യാറാകുകയേ നിർവ്വാഹമുള്ളൂ. പഞ്ചായത്തിൻെറ വികസനത്തിനും ഗതാഗത സൗകര്യത്തിനും ഉതകുന്ന 4 പ്രധാനപ്പെട്ട റോഡുകളാണ് ഉള്ളത്. ഈ നാലു റോഡുകളും പഞ്ചായത്തിനെ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നു. പഞ്ചായത്തിൻെറ കാർഷിക വാണിജ്യവികസനത്തിനും ഗതാഗതത്തിനും ഈ റോഡുകൾ വഹിക്കുന്ന പങ്ക് വളരെ നിർണ്ണായകമാണ്. ഈ റോഡുകൾ (1) കൂറ്റനാട്-പെരിങ്ങോട്-കോതചിറ-തിപ്പിലിശ്ശേരി റോഡ് (2) കറുകപുത്തൂർ -പെരിങ്ങോട്-ചാലിശ്ശേരി റോഡ് (3) കൂറ്റനാട് നിന്ന് ആമക്കാവ് വഴി പെരിങ്ങോട്-ചാലിശ്ശേരി റോഡിൽ അവസാനിക്കുന്ന റോഡ് (4) പെരിങ്ങോട് ചാലിശ്ശേരി റോഡിൽ നിന്നും തുടങ്ങി കോത ചിറയിലേക്ക് പോകുന്ന റോഡ് (കല്ലുപാലം റോഡ്) പഞ്ചായത്തിലെ 4ഉം 5ഉം വാർഡുകളുടെ വികസനത്തിന് നിദാനമായ 2 റോഡുകൾ ആണ് (1) വാവന്നൂർ നിന്നും വെള്ളടിക്കുന്ന് (ചെറുചാൽപുറം വഴി)യുള്ള റോഡ് (2) വാവന്നൂർ-ചാത്തന്നൂർ റോഡ്.

പഞ്ചായത്തിലാകെ 99 കി.മീ. റേഡുകളാണുള്ളത്; 17.3 കി.മീ. പൊതുമരാമത്ത് റോഡുകളും23.7 കി.മീ. ടാർ റോഡുകളും 4.55 കി.മീ. മെറ്റൽ ചെയ്ത റോഡുകളും 53.45 കി.മീ. മണ്ണ് റോഡുകളും. ജനസംഖ്യാനുപാതികമായി നോക്കിയാൽ 1000 പേർക്ക് 3.8 കി. മീ. റോഡാണുള്ളത്. ഒരു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് 3.8 കിലോമീറ്റർ റോഡെന്നുള്ളത് സംസ്ഥാന ശരാശരിയായ 3.2 കി. മീ. നേക്കാൾ ഉയർന്ന അവസ്ഥയാണ് കാണിക്കുന്നത്.

പഞ്ചായത്തിൽ കൂറ്റനാട് ഒരു ബസ് സ്റ്റാൻഡ് നിർമ്മിച്ചിട്ടുണ്ട്. കൂറ്റനാട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും യാത്രക്കാരുടെ സൗകര്യത്തിനുമായാണ് ഇത് നിർമ്മിച്ചത്. തൃത്താല ബ്ലോക്കിൻെറ തലസ്ഥാനമെന്ന നിലക്ക് അതി വേഗം വികസിച്ചു കൊണ്ടിരിക്കുന്ന പട്ടണമായിരിക്കുന്നു കൂറ്റനാട്. ധാരാളം കച്ചവടസ്ഥാപനങ്ങൾ ഉയർന്നു വരുന്നു. അങ്ങാടി നാലു റോഡുകളിലേക്കും വ്യാപിച്ചു കൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ ബാഹുല്യം കൂറ്റനാട് ജംഗ്ഷനിൽ ഉൾക്കൊള്ളാനാവാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. അതനുസരിച്ച് യാത്രക്കാർക്ക് വാഹനങ്ങളിൽ കയറ്റവും ഇറക്കവും അപകടം കൂടാതെ നിർവ്വഹിക്കുക ക്ലേശകരമായിക്കൊണ്ടിരിക്കുന്നു. ബസ്സ് യാത്രക്കാർക്ക് വഴിയോരങ്ങളിൽ വെയിലും മഴയും സഹിച്ച് കാത്തു നിൽക്കേണ്ടിവരുന്നു. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പ്രത്യേകിച്ചും സ്ത്രീകൾക്ക് ഒരു സൗകര്യവും ഇല്ല ഇതിനൊക്കെ പരിഹാരം എന്ന നിലക്കാണ് കൂറ്റനാടിൻെറ വികസനഗതി മുൻകൂട്ടി കണ്ടുകൊണ്ട് ജംഗ്ഷനിൽ നിന്നും ഏറെയകലെയല്ലാതെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂ

ടിയ സാമാന്യം വിസ്തൃതിയുള്ള ബസ്സ്റ്റാൻഡ് സജ്ജമാക്കിയത്. പക്ഷെ നിർഭാഗ്യവശാൽ ഇതിന്റെ ഉദ്ദേശം ഇനിയും നിറവേറ്റപ്പെട്ടിട്ടില്ല. നിക്ഷിപ്ത താൽപര്യങ്ങൾക്കുപരി കൂറ്റനാടിന്റെ വികസനമെന്ന പൊതു താൽപര്യത്തെ മുൻനിർത്തി കച്ചവടക്കാർ, വാഹന ഉടമകൾ, തൊഴിലാളികൾ, യാത്രക്കാർ തുടങ്ങി എല്ലാവിഭാഗം ജനങ്ങളും സഹകരിച്ചു പരിശ്രമിച്ചാൽ മാത്രമേ ഇതുകൊണ്ടുദ്ദേശിച്ച ലക്ഷ്യം സഫലമാവുകയുള്ളൂ. ധാരാളം ബസ്സുകളും ട്രക്കറുകളും, ജീപ്പുകളും ആട്ടോകളും പഞ്ചായത്തിലൂടെ ഗതാഗതം നടത്തുന്നു. കൂടാതെ നാഷണൽ പെർമിറ്റുള്ള ചരക്കുലോറികളും മണൽ കയറ്റുന്ന ലോറികളും പഞ്ചായത്തിലെ പ്രധാന വീഥികളിൽ കൂടി സഞ്ചരിക്കുന്നു.

### ഇന്നു നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡ് | ദൂരം |
|---|---|---|
| 1. | കൂട്ടുപാത കൂറ്റനാട് റോഡ്, (ആമക്കാവ് റോഡ് വരെ) | 5500 മീറ്റർ |
| 2. | തൃത്താല റോഡ് | 500 മീറ്റർ |
| 3. | തണ്ണീർക്കോട് റോഡ് | 300 മീറ്റർ |
| 4. | കറുക പുത്തൂർ ചാലിശ്ശേരി റോഡ് | 5000 മീറ്റർ |
| 5. | പെരിങ്ങോട് കോതച്ചിറ റോഡ് | 3500 മീറ്റർ |
| 6. | കൂറ്റനാട് ആമക്കാവ് റോഡ് | 2500 മീറ്റർ |

### പഞ്ചായത്ത് റോഡുകൾ (ടാർ ചെയ്തവ)

| ക്രമ നമ്പർ | റോഡ് | ദൂരം | |
|---|---|---|---|
| 1. | ബ്ലോക്കാഫീസ് റോഡ് | 500 | മീറ്റർ. |
| 2. | കല്ലുപാലം കോതച്ചിറ റോഡ് | 3000 | ” |
| 3. | കോതച്ചിറ സൗത്ത് മുതൽ ഒറ്റപ്പിലാവ് വരെ | 2000 | ” |
| 4. | വാവനൂർ ചാത്തനൂർ റോഡ് | 2500 | ” |
| 5. | വാവനൂർ വെള്ളടിക്കുന്ന് റോഡ് | 3000 | ” |
| 6. | ചകിരി പറമ്പ് കോളനി റോഡ് | 750 | ” |
| 7. | പല്ലിരിപടി പിലാക്കാട്ടിരി റോഡ് | 2000 | ” |
| 8. | ചകിരി പറമ്പ് നമ്മിണി പറമ്പ് റോഡ് | 1000 | ” |
| 9. | എളവാതുക്കൽ കോമംഗലം | 2000 | ” |
| 10. | കൂറ്റനാട് പെരിങ്ങോട് റോഡ് | 3000 | ” |
| 11. | മേഴത്തൂർ വട്ടൊള്ളിക്കാവ് റോഡിൽ നാഗലശ്ശേരി പഞ്ചായത്ത് | 2200 | ” |
| 12. | സബ്സ്റ്റേഷൻ വലിയ പറമ്പ് റോഡ് | 1000 | ” |
| 13. | പെരിങ്ങോട് സ്കൂൾ റോഡ് | 250 | ” |

### മെറ്റൽ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡ് | ദൂരം | |
|---|---|---|---|
| 1. | കോതച്ചിറ-കൈതക്കുണ്ട് റോഡ് | 1500 | മീറ്റർ |
| 2. | വടക്കെ വാവനൂർ-തെക്കെ വാവനൂർ റോഡ് | 1500 | ” |
| 3. | എര്യേടത്ത്-കിഴക്കെ പിലാക്കാട്ടിരി | 2000 | ” |
| 4. | കോതച്ചിറ-പുതിയകോട് റോഡ് | 500 | ” |
| 5. | തൃത്താല റോഡ്-താമരക്കുന്ന് | 1000 | ” |
| 6. | പട്ടാമ്പി റോഡ്-നന്തിയംകോട് റോഡ് | 350 | ” |
| 7. | തൊഴുക്കാട്-സാംസ്കാരിക നിലയം റോഡ് | 750 | ” |

### മണ്ണ് റോഡുകൾ

| ക്രമ നമ്പർ | റോഡ് | ദൂരം | |
|---|---|---|---|
| 1. | കോതച്ചിറ വടക്ക്-ആലിക്കര റോഡ് | 1000 | ” |
| 2. | നമ്മിണിക്കരപടി-ആലിക്കര റോഡ് | 500 | ” |
| 3. | വെങ്ങേത്തു വളപ്പ് പീടികയുടെ സമീപത്തുകൂടെ പടിഞ്ഞാട്ടു പോകുന്ന റോഡ് | 500 | ” |
| 4. | കോതച്ചിറ വടക്ക് മൂളി പറമ്പുമായി ബന്ധിപ്പിക്കുന്ന റോഡ് | 1500 | ” |
| 5. | കോതച്ചിറ വടക്ക്-ബാലവാടി റോഡ് | 500 | ” |
| 6. | പനക്കുന്ന് വഴി റോഡ് | 500 | ” |
| 7. | പെരിങ്ങോട് സെന്റർ-എര്യേടം റോഡ് | 1250 | ” |
| 8. | പെരിങ്ങോട് കോളനി റോഡ് | 250 | ” |
| 9. | പെരിങ്ങോട് വെൽ ഫെയർ സെന്റർ റോഡ് | 250 | ” |
| 10. | എ.കെ.ജി. കോളനി റോഡ് | 1000 | ” |
| 11. | പടിഞ്ഞാറെ പിലാക്കാട്ടിരി-ബാലവാടി റോഡ് | 500 | ” |
| 12. | തെക്കേക്കര മതുഫുള്ളി റോഡ് | 750 | ” |
| 13. | മൂളിപറമ്പ് തെക്കേക്കരയുമായി ബന്ധിപ്പിക്കുന്ന റോഡ് | 1500 | ” |
| 14. | ആമക്കാവ്-തെക്കെതൊഴുക്കാട് റോഡ് | 2000 | ” |
| 15. | നമ്മിണി പറമ്പ്-കണ്ണമ്പാറ റോഡ് | 1000 | ” |
| 16. | കാട്ടക്കാം പറമ്പ്-കോളനി റോഡ് | 500 | ” |
| 17. | കാട്ടിലാടം റോഡ് | 500 | ” |
| 18. | അയ്യപ്പൻകാവ് റോഡ് | 1000 | ” |
| 19. | മണ്ണുംകുളം റോഡ് | 500 | ” |
| 20. | തൊഴുക്കാട്-അയ്യപ്പൻകാവ് റോഡ് | 1000 | ” |
| 21. | ആമക്കാവ്-കള്ളിവളപ്പ് റോഡ് | 1000 | ” |
| 22. | വലിയപറമ്പ് റോഡ് | 500 | ” |
| 23. | വാവന്നൂർ സ്കൂൾ-കഴാഞ്ചിറ റോഡ് | 1500 | ” |
| 24. | കട്ടിൽ മാടം ചെറുചാൽപ്രം റോഡ് | 1000 | ” |

| ക്രമ നമ്പർ | റോഡ് | ദൂരം | |
|---|---|---|---|
| 25. | ചാൽപ്രം മദ്രസ്സ-വെള്ളാഞ്ചിറ | 750 | ” |
| 26. | അയ്യൻകോവിൽ റോഡ്-കാലടി കുളം | 750 | ” |
| 27. | തായാട്ടിൽ പടി-കണ്ണംകുളം റോഡ് | 500 | ” |
| 28. | ചെറുചാൽപ്രം നാഗലശ്ശേരി | 300 | ” |
| 29. | വാവന്നൂർ വാരിയത്തുപടി റോഡിൽ നിന്നും ആട്ടാംകുന്ന് റോഡ് | 350 | ” |
| 30. | വാവന്നൂർ ചാത്തന്നൂർ റോഡിൽനിന്നും ചാലാച്ചി ഭാഗത്തേക്കുള്ള റോഡ് | 3000 | ” |
| 31. | യുവശക്തി-വലിയപറമ്പ് | 750 | ” |
| 32. | കൂറ്റനാട്-നന്തിയംകോട് | 500 | ” |
| 33. | തണ്ണീർകോട്റോഡ്-തൃത്താല റോഡ് | 500 | ” |
| 34. | തിരുത്തിപാറ-എളവാതുക്കൽ | 750 | ” |
| 35. | എളവാതുക്കൽ-കോമംഗലം (ആനകുത്തി റോഡ്) | 750 | ” |
| 36. | നന്തിയംകോട്-എളവാതുക്കൽ | 500 | ” |
| 37. | ചന്ദനപ്പടി-വാവന്നൂർ | 500 | ” |
| 38. | മനക്കൽപടി-വാവന്നൂർ | 500 | ” |
| 39. | വാവന്നൂർ-കോയംകാവ് | 300 | ” |
| 40. | വാവന്നൂർ-മണിയാറാംകുന്ന് കോളനി | 500 | ” |
| 41. | കിഴക്കെ പിലാക്കാട്ടിരി-കൂനങ്ങാട് വഴി വട്ടപറമ്പിലേക്ക് | 1250 | ” |
| 42. | തൊഴുക്കാട്,തെരമംഗലം-പിലാക്കാട്ടിരി | 750 | ” |
| 43. | തെക്കെ തൊഴുക്കാട്-പൊട്ടച്ചിറ | 750 | ” |
| 44. | കൂറ്റനാട് KSTA ഓഫീസ് റോഡ് | 200 | ” |
| 45. | പിലാക്കാട്ടിരി ബാലവാടി | 500 | ” |
| 46. | എര്യേടം-മതുപ്പുള്ളി | 1500 | ” |
| 47. | എര്യേടം റോഡിൽ നിന്നും നമ്പ്യാർ മിൽ വരെ | 500 | ” |
| 48. | നമ്പ്യാർമിൽ-വാളയാർകുന്ന് റോഡ് | 100 | ” |
| 49. | വാളയാർകുന്ന്-AKG | 750 | ” |
| 50. | നമ്പ്യാർമിൽ-കറുകപുത്തൂർ | 750 | ” |
| 51. | പെരിങ്ങോട് തിയേറ്റർ മുൻവശത്തു നിന്ന് എര്യേടം വരെ | 750 | ” |
| 52. | ആമക്കാവ് റോഡിൽ നിന്നും ഞൗഞ്ഞിപ്പാറ വരെ | 1000 | ” |
| 53. | AKGകോളനിയിൽ അത്താണി-മതുപുള്ളി | 750 | ” |
| 54. | മതുപ്പുള്ളി-മാണിക്കാം കുന്ന് | 1500 | ” |
| 55. | മൂളിപ്പറമ്പ്-സ്റ്റേഡിയം റോഡ് | 750 | ” |
| 56. | മൂളിപ്പറമ്പ്-തെക്കേക്കര റോഡിലേക്ക് കട്ട് റോഡ് | 750 | ” |
| 57. | പെരിങ്ങോട് സ്റ്റേഡിയം-വല്ലം കുണ്ട് | 500 | ” |
| 58. | എരുമപ്പറമ്പ് വല്ലംകുണ്ട് റോഡ് | 300 | ” |
| 59. | പെരിങ്ങോട് സ്റ്റേഡിയം-കോഴിക്കുളം | 400 | ” |

| ക്രമ നമ്പർ | റോഡ് | ദൂരം | |
|---|---|---|---|
| 60. | പെരിങ്ങോട്-ചാലിശ്ശേരി റോഡിലേക്ക് കട്ട് | 250 | ” |
| 61. | കൈതക്കുണ്ട്-ചാലിശ്ശേരി റോഡ് | 500 | ” |
| 62. | കൈതക്കുണ്ട്-മുക്കിൽ പീടിക | 500 | ” |
| 63. | കോതച്ചിറ ഹെൽത്ത് സെൻറർ-കല്ലുപാലം | 500 | ” |
| 64. | കല്ലുപാലം റോഡ്-കോതക്കുളം പാടം | 500 | ” |
| 65. | കോതച്ചിറ ചിറക്കൽപടി റോഡ് | 750 | ” |
| 66. | ചിറക്കൽ പടി റോഡിൽ നിന്നും ആലിക്കര റോഡ് | 500 | ” |
| 67. | ചാലിശ്ശേരി റോഡ്-കണ്ണമ്പാറ കോളനി | 750 | ” |
| 68. | എര്യേടം റോഡ്-കുണ്ടറ പാടം റോഡ് | 300 | ” |

## പ്രശ്നങ്ങൾ

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ സാമ്പത്തിക പരാധീനതമൂലം കഴിയുന്നില്ല.
2. വാട്ടർ അതോറിറ്റി, ടെലഫോൺ വകുപ്പ് തുടങ്ങിയവ അവരുടെ ആവശ്യങ്ങൾക്കായി റോഡ് വെട്ടിക്കുഴിക്കുമ്പോൾ റോഡ് നശിക്കുന്ന അവസ്ഥയും കാനകൾ തൂർന്നു പോകുന്ന അവസ്ഥയും.
3. സ്വകാര്യ വ്യക്തികൾ മതിലുകൾ പണിയുമ്പോൾ കാനകൾ തൂർന്നു പോകാറുണ്ട്. മാത്രമല്ല സാധനങ്ങളുടെ കയറ്റിറക്കത്തിനായും കാനകൾ തൂർക്കാറുണ്ട്. അതിനുശേഷം അവ നേരെയാക്കാനുള്ള ബാധ്യതയും പഞ്ചായത്തിന് വന്നുചേരുന്നു.
4. സ്വന്തം വീട്ടുമുറ്റത്തേക്ക് റോഡ് നീളുക എന്നുള്ളതാണ് വികസനത്തെക്കുറിച്ച് ജനങ്ങളുടെ വികലമായ കാഴ്ചപ്പാട്. ഗ്രമീണ വികസനത്തെക്കുറിച്ച് ജനങ്ങളുടെ പൊതുവെയുള്ള വിലയിരുത്തൽ നാഗരിക സൗകര്യങ്ങളുടെഅളവുകോലുപയോഗിച്ചാണ്. ഇതനുസരിച്ച് പണം വിനിയോഗിക്കുകയെന്നാൽ സമൂഹത്തിൻെറ മൊത്തം വികസനാവശ്യം നിറവേറ്റാനുള്ള വിഭവം വഴി തിരിച്ചുവിടുകയെന്നുള്ളതും അവർക്ക് അവശ്യം ചെയ്തുകൊടുക്കേണ്ട ആവശ്യങ്ങൾ നിഷേധിക്കുകയെന്നുള്ളതുമാണ്.

## ഗ്രാമ സഭയിലുയർന്നുവന്ന ആവശ്യങ്ങൾ

1. പെരിങ്ങോട് റോഡിൽ നിന്നും കള്ളി വളപ്പ് വഴി ഗുരുവായൂർ റോഡ് വരെ ടാർ ചെയ്യുക.
2. വട്ടനാട് എൽ.പി. സ്കൂൾ മുതൽ ഗുരുവായൂർ റോഡിലേക്കുള്ള വഴി റോഡാക്കുക.
3. തിരുത്തിപ്പാറ ഇളവാതിൽക്കൽ റോഡിൻെറ പണി മുഴുമിക്കുക.
4. ബ്ലോക്ക് ഓഫീസിനുപിൻഭാഗം മുതൽ നന്തിയം കോട്

കുന്ന് വഴി കള്ളി വളപ്പ് വരെ റോഡ് നിർമ്മിക്കുക.

5. കാലടി അമ്പലം റോഡും അയ്യൻകോവിൽ റോഡും നന്നാക്കുക.
6. യുവശക്തി ക്ലബ്ബു മുതൽ റേഷൻകടവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.
7. ആനക്കുത്തി റോഡ് നന്നാക്കി ടാർചെയ്യുക.
8. തൊഴുക്കാട് മദ്രസ്സ മുതൽ ആമക്കാവ് വരെ ടാർ ചെയ്യുക.
9. പെരിങ്ങോട് റോഡിൽ നിന്ന് യുവശക്തി ക്ലബ്ബ് വഴി വലിയ പറമ്പ് വരെ റോഡ് നന്നാക്കി സഞ്ചാര യോഗ്യമാക്കുക.
10. പട്ടാമ്പി റോഡിൽ നിന്ന് യുവശക്തി ക്ലബ്ബ് വരെയുള്ള റോഡ് ടാർ ചെയ്യുക.
11. ബസ് സ്റ്റാൻറിൽ നിന്ന് കുന്നത്തും പാടം വഴി തിരുത്തിപ്പാറ എളവാതിക്കൽ റോഡിലേക്ക് റോഡ് നിർമ്മിക്കുക.
12. തൊഴുക്കാട് മുതൽ ആശാരി ഗോപിയുടെ പടിക്കൽ ക്കൂടി പടിഞ്ഞാറെ പിലാക്കാട്ടിരിയിലേക്ക് റോഡ് നിർമ്മിക്കുക.
13. ചെറുകുളപ്പുറത്തു മനപ്പടിയിൽ നിന്ന് കൂനങ്ങാട് വഴി പെരിങ്ങോട്ടേക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
14. സാംസ്കാരിക നിലത്തിന് മുൻഭാഗം മുതൽ ആനക്കല്ലിങ്ങൽ വഴി ബാലവാടി വരെയുള്ള റോഡും പഞ്ചായത്ത് മിനി സ്റ്റേഡിയം വരെയുള്ള റോഡും ടാർ ചെയ്യുക.
15. വലിയപറമ്പ് പിലാക്കാട്ടിരി റോഡ് നർമ്മിക്കുക. ഈ റോഡിൽ നിന്ന് ആനക്കല്ലിങ്ങൽ വരെ റോഡ് നിർമ്മിക്കുക.
16. പിലാക്കാട്ടിരി റോഡ് (മഹിളാ സമാജം മുതൽ എറിയാടം വഴി പെരിങ്ങോട്) ടാർ ചെയ്യുക.
17. കോമംഗലം വടക്കെ വാവനൂർ റോഡ് നിർമ്മിക്കുക.
18. കോയങ്കാവ് തെക്കെ വാവനൂർ റോഡ് നിർമ്മിക്കുക.
19. കോമംഗലം കോളനി തെക്കെ വാവനൂർ റോഡ് നിർമ്മിക്കുക.
20. വടക്കെ വാവനൂർ തെക്കെ വാവനൂർ റോഡ് ടാർ ചെയ്യണം. ഈ റോഡും ചെറുപോയിലത്തു പടിയ്ക്കൽ നിലം പതിമാറ്റി പാലം വേണം.
21. വാവനൂർ ചാത്തനൂർ റോഡ് റീ ടാറിങ്ങ്.
22. കട്ടിൽ മാടം ചെറുചാൽ പുറം സ്കൂൾ റോഡ് ടാർ ചെയ്യണം.
23. നാഗലശ്ശേരി തെക്കേക്കര ചാലാച്ചി റോഡു നിർമ്മാണം.
24. കഴാംചിറ മൈലാഞ്ചി I H D P റോഡ് ടാറിങ്ങ്
25. വാവനൂർ വെള്ളടിക്കുന്ന് റോഡിൽ നിന്ന് കഴാം ചിറ മൈലാഞ്ചി റോഡുകൾ ബന്ധിപ്പിക്കുക.
26. നാഗലശ്ശേരി സ്കൂൾ പരിസരത്തുനിന്ന് കഴാംചിറ റോഡ്.
27. ചാൽപുറം മദ്രസ്സയുടെ മുന്നിൽകൂടെ വെള്ളാം ചിറക്ക് പോകുന്ന റോഡ് നന്നാക്കുക.
28. ചാൽപ്പുറം ആഞ്ചിറ റോഡ് ഗതാഗത യോഗ്യമാക്കുക.
29. വാവനൂർ വർക്ക് ഷോപ്പിൻെറ വലതു വശത്തായി മുകളിലേക്ക് പോകുന്ന ഇടവഴി ഗതാഗതയോഗ്യമാക്കുക.
30. വാവനൂർ സ്കൂളിൻെറ പടിഞ്ഞാറുള്ള റോഡ് വശങ്ങൾ കെട്ടി ഗതാഗത യോഗ്യമാക്കുക. (വടക്കോട്ടും തെക്കോട്ടും)
31. ലക്ഷം വീടിൻെറ പടിഞ്ഞാറു ഭാഗത്തുനിന്നും കൈപ്പഞ്ചേരി ഭാഗത്തേക്ക് പോകുന്ന റോഡ് നന്നാക്കുക.
32. വാവനൂർ സെൻററിൽ നിന്നും 1 ഫർലോംഗ് കിഴക്കോട്ടു മാറി ഇടതുഭാഗത്തേക്കുള്ള നട വഴി (കരി വീട്ടിൽ ഇടവഴി) ഗതാഗതയോഗ്യമാക്കി ട്രാക്ടർ പോകാൻ സൗകര്യമുണ്ടാക്കുക.
33. കട്ടിൽ മാടം ചെറുചാൽപ്പുറം റോഡിൻെറ അറ്റകുറ്റപ്പണികൾ ജനങ്ങളുടെ സഹായത്തോടെ നടത്തുക.
34. വാവന്നൂർ വെള്ളടിക്കുന്ന് റോഡിൽ നിന്ന് നാറേരിയിലേക്കുള്ള 260 മീറ്റർ കട്ട് റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ നാഗലശ്ശേരിയിലേക്ക് 6 കി.മീ. കുറയും.
35. ചാൽപ്പുറം ഇറക്കത്തിൽ നിന്ന് ഇടത്തോട്ട് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കിയാൽ 30 ഓളം വീടുകൾക്ക് പ്രയോജനം ലഭിക്കും.
36. വാവനൂർ വർക്ക് ഷോപ്പിൻെറ വലതുവശത്തുകൂടെ മുകളിലേക്ക് പോകുന്ന ഇടവഴി ഗതാഗതയോഗ്യമാക്കിയാൽ 25 ഓളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.
37. പെരിങ്ങോട് കൈതകുണ്ട് കോതച്ചിറ റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
38. വാവനൂർ സ്കൂൾ കഴാംചിറ റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
39. ആമക്കാവ് അമ്പലം എരുമപ്പറമ്പ് റോഡ് നിർമ്മിക്കണം. കർഷകർക്കും വിദ്യാർത്ഥികൾക്കുമാണ് നേട്ടം.
40. അകിലാണം റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം. (മൂളിപ്പറമ്പിൽ നിന്ന് തെക്കേക്കരവഴി കിഴക്കോട്ടുള്ള റോഡ്)
41. AKG യിൽ നിന്നും മൂളിപ്പറമ്പ് ഭാഗത്തേക്ക് പോകുന്ന റോഡിൽ പാലമുണ്ടാക്കി വീതികൂട്ടിയാൽ കർഷകർക്ക് സൗകര്യപ്രദമാകും.
42. ചരപ്പറമ്പിൽ റോഡ് അകിലാണം റോഡിൽ മുട്ടിക്കുന്ന റോഡ് ശ്രമദാനത്തിലൂടെ ഗതാഗതയോഗ്യമാക്കുക.
43. പെരിങ്ങോട്, കൈതകുണ്ട്, കോതചിറ റോഡ് ടാർ ചെയ്യുക. ഗുണഭോക്താക്കൾ കൂടുതലും ഹരിജനവിഭാഗക്കാരാണ്.
44. കോതചിറ ആലിക്കര റോഡ് ഗതാഗതയോഗ്യമാക്കുക.
45. കോതചിറ കല്ലുപാലം റോഡ് നന്നാക്കുക.

46. കോതചിറ പുളിയം കോട് കോളനി റോഡ് 7-ാം വാർഡുമായി ബന്ധിപ്പിക്കുക.
47. ബാലവാടി റോഡ് പാടത്തു കൂടെ പുതിയ റോഡ് നിർമ്മിച്ച് 7-ാം വാർഡുമായി ബന്ധിപ്പിക്കുക.
48. കോതച്ചിറ മൂളിപ്പറമ്പ് റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
49. കോതചിറ പറക്കുന്ന് റോഡ് നന്നാക്കുക.
50. പെരിങ്ങോട് സെൻററിൽ നിന്നും എരിയേടം വരെ റോഡ് കാനകെട്ടി ടാർ ചെയ്യുക. പ്രസ്തുത റോഡിൽ വൈദ്യ മഠം റോഡും കൂടി ഉൾപ്പെടുത്തുക.
51. വട്ടപ്പറമ്പ് കൂനങ്ങാട് റോഡ് നന്നാക്കുക.
52. പെരിങ്ങോട് എറിയേടം റോഡിലുള്ള പോക്കറ്റ് റോഡുകൾ ജന പങ്കാളിത്തത്തോടെ വീതികൂട്ടി കാനകൾ നിർമ്മിച്ച് സംരക്ഷിക്കുക.
53. സിനിമാ തിയ്യറ്ററിൻെറ (പെരിങ്ങോട്) അടുത്തു നിന്നും ആരംഭിച്ച് മാധവി മന്ദിരം വഴി പോകുന്ന റോഡ് നന്നാക്കുക.
54. എരിയേടം മതുപ്പുള്ളി റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുക.
55. പെരിങ്ങോട് ഹൈസ്കൂൾ ഗ്രൗണ്ടിൻെറ പടിഞ്ഞാറ് ഭാഗത്തുകൂടി പോകുന്ന റോഡ് നന്നാക്കുക.
56. പെരിങ്ങോട് ഹരിജൻ കോളനിയുടെ നടുവിൽകൂടി പോകുന്ന റോഡ് വീതികൂട്ടി നന്നാക്കുക.
57. AKGകോളനിയ്ക്കുള്ളിലെ റോഡുകൾ നന്നാക്കുക.
58. മാതുപ്പുള്ളി മുതൽ പെരിങ്ങോട് സെൻറർ വരെയുള്ള PWD റോഡിൻെറ കാന നിർമ്മിക്കുക.
59. പെരിങ്ങോട് സ്കൂളിൻെറ മുന്നിലുള്ള റോഡിന് കാന കെട്ടി വെള്ളം തിരിച്ചു വിടുക.
60. നമ്മണിപ്പറമ്പ് കണ്ണംപാറ റോഡ് പാടത്തുകൂടി മുട്ടിക്കുക.
61. കോളഞ്ചേരി ആമക്കാവ് റോഡ് പാടത്തുകൂടി മുട്ടിക്കുക.
62. ആമക്കാവ് തൊഴുക്കാട് മദ്രസ്സ റോഡ് ടാർ ചെയ്യുക.
63. ആമക്കാവ് അമ്പലത്തിൻെറ അടുത്തുനിന്നും പെരിങ്ങോട്ടേക്ക് റോഡ് നിർമ്മിക്കുക.
64. ചാലിശ്ശേരി റോഡിൽ നിന്നും കണ്ണം പാറ കോളനിയിലേക്കുള്ള റോഡ് നന്നാക്കുക.
65. ഒറ്റപിലാവ് കോതചിറ റോഡ് കാനകൾ തീർത്ത് നന്നാക്കി ബസ്സ് ഗതാഗതം പുന:സ്ഥാപിക്കുക.
66. കോതചിറ കടങ്ങോട് റോഡ് കോതച്ചിറ കോടതി പടി റോഡ് എന്നിവ കടവല്ലൂർ പഞ്ചായത്തുകളുമായി യോജിപ്പിക്കുക. നന്നാക്കി ഗതാഗതയോഗ്യമാക്കുക.
67. കോതചിറ ആലിക്കര റോഡ് അഭിവൃദ്ധിപ്പെടുത്തുക.
68. കോതചിറ അറോറ റോഡ്, അയ്യപ്പൻകാവ് റോഡ് ചിറക്കൽ പടി റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുക.
69. കോതചിറ പാറപ്പുറം ഹെൽത്ത് സെൻറർ വഴി വടക്കെ കോതച്ചിറ (ട്രാൻസ്ഫോർമർ റോഡ്) മനയുടെ കിഴക്കുവശം ഒറ്റപ്പിലാവ് റോഡിൽ നിന്ന് കോതചിറ പെരിങ്ങോട് റോഡിലേക്കുള്ള കണക്ഷൻറോഡ് നന്നാക്കുക. ടി. റോഡിൽ നിന്ന് കല്ലുപാലം റോഡിലേക്കുള്ള പുതിയ റോഡ് പഞ്ചായത്തിൻെറ സഹായത്തോടെയും, ജനപങ്കാളിത്തത്തോടും തീർക്കുക.
70. ഒറ്റപിലാവ് കോതച്ചിറ റോഡിൽ ബാലൻ വൈദ്യരുടെ പടിഞ്ഞാറു ഭാഗത്ത് ഇടവഴി അഭിവൃദ്ധിപ്പെടുത്തി ട്രാക്ടർ ഇറക്കാനുള്ള സൗകര്യം ചെയ്യുക.
71. കോതചിറ കല്ലുപാലം റോഡിൽ നിന്ന് ഹെൽത്ത് വഴി പടിഞ്ഞാറോട്ടുള്ള വഴി കോതകുളം വരെ നീട്ടി നന്നാക്കുക.

## മറ്റു റോഡുകൾ:

72. പെട്ടികടക്ക് സമീപത്ത് നിന്ന് കളത്തിപ്പാറ റോഡ് നിർമ്മിച്ചാൽ ട്രാക്ടർ ഇറക്കാനും ചെങ്കല്ല് ക്വാറി നടത്താനും സൗകര്യം ലഭിക്കും.
73. ചെറുചാൽപുറം-കട്ടിൽ മാടം റോഡിൽ നിന്ന് പയ്യഴി നാരായണൻ നായരുടെ വീടിൻെറ സമീപത്തേക്ക് റോഡ് നിർമ്മിച്ചാൽ 20 ഏക്കറോളം സ്ഥലത്ത് ട്രാക്ടർ ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കും. നിലവിൽ പഞ്ചായത്തിനു വിട്ടു തരാൻ തയ്യാറുള്ള കുളം നന്നാക്കുമ്പോൾ അസംസ്കൃത സാധനങ്ങളുടെ കടത്തിനത്തിൽ 50,000 രൂപയോളം മെച്ചമുണ്ടാകും.
74. നാറേരി തെക്കേ റോഡിൽ നിന്നും തെക്കെപുരക്കൽ ബാലകൃഷ്ണൻെറ വീടിനു സമീപത്തു കൂടെ റോഡ് നിർമ്മിച്ചാൽ ട്രാക്ടർ ഇറക്കി. 15 ഏക്കർ സ്ഥലം കൃഷി ചെയ്യാം.
75. വാവനൂർ സ്കൂൾ പരിസരത്തുനിന്ന് വടക്കോട്ട് പോകുന്ന വഴി (തോട്) ഗതാഗതയോഗ്യമാക്കുക മഴക്കാലത്തെ വൈഷമ്യം ഇതുമൂലം ലഘൂകരിക്കപ്പെടും.
76. വാവനൂർ കരുവീട്ടിൽ ഇടവഴി വീതികൂട്ടി കൃഷി സ്ഥലം വരെ എത്തിച്ചാൽ ട്രാക്ടർ ഇറക്കാൻ കഴിയും.
77. AKGയിൽ നിന്ന് പയ്യഴി നാരായണൻ നായരുടെ വീടിന് സമീപം വരെ റോഡ് നിർമ്മിക്കുക.
78. കട്ടിൽ മാടം റോഡിൽ നിന്ന് പയ്യഴി നാരായണൻ നായരുടെ വീടിന് സമീപം വരെ റോഡ് നിർമ്മിക്കുക.
79. പെട്ടിക്കടക്കു സമീപത്ത് നിന്ന് കൽത്തിപാറവരെ റോഡ്.
80. വാവനൂർ വെള്ളടികുന്ന് റോഡിൽ കാട്ടാംകുന്ന് ഹരിജൻ റോഡ് കയറ്റം താഴ്ത്തി ഗതാഗത യോഗ്യമാക്കുക.
81. വാവനൂർ വെള്ളടിക്കുന്ന് റോഡും വാവനൂർ ചാത്തനൂർ.
82. ചെറുചാൽപുറം കട്ടിൽമാടം റോഡിൽ നിന്ന് പാലൊളി പത്മാവതി അമ്മയുടെ വീടിന് സമീപം വരെ റോഡ്.
83. ചൊറ്റയിൽ പായാട്ടിൽ മുതലായ വീടുകളുടെ സമീ

പത്തുകൂടെ റോഡ്.

84. പല്ലീരിപടി മുതൽ എളവാതിക്കൽ അമ്പലം വരെയു ംവ റോഡ് നന്നാക്കുക.

85. പെട്ടികടക്കു സമീപത്തുനിന്ന് കൽത്തിപാറക്കുള്ള 150 മീറ്റർ റോഡ് നിർമ്മിച്ചാൽ കൃഷിക്ക് ട്രാക്ടർ ഉപയോ ഗിക്കാൻ സാധിക്കും.

86. നാറേരി തെക്കേ റോഡിൽ നിന്ന് തെക്കേ പുരക്കൽ ബാലകൃഷ്ണന്റെ വീടിനു സമീപത്തുകൂടി ട്രാക്ടർ കൊണ്ടുപോകാൻ 200 മീറ്റർ റോഡ് നിർമ്മിക്കുക.

87. കട്ടിൽ മാടം സെൻററിൽ ഒരു വെയിറ്റിംഗ് ഷെഡ് നിർ മ്മിക്കുക.

88. ചിലാക്കാട്ടിരി സാംസ്കാരിക നിലയം മുതൽ പിലാ ക്കാട്ടിരി സ്കൂാ വരെ പാടത്തുകൂടി റോഡ് നിർമ്മി ക്കണം.

89. കള്ളിക്കുന്ന് റോഡ് നിർമ്മിക്കുക.

90. പിലാക്കാട്ടിരി പടിഞ്ഞാറെക്കര മഹിളാ സമാജം മുതൽ തെരമംഗലം അമ്പലം വരെ റോഡ്.

91. ചാൽപുറം ഇറക്കത്ത് നിന്ന് വടക്കോട്ട് റോഡ് ഗതാഗത യോഗ്യമാക്കുക.

92. നാഗലശ്ശേരി സ്കൂളിന്റെ അടുത്തുകൂടെ വടക്കോട്ട് പോകുന്ന വഴി ഗതാഗത യോഗ്യമാക്കണം.

93. തെക്കെകരയിൽ നിന്നും മുതുപ്പുള്ളിയിലേക്കുള്ള റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക.

94. നമ്മിണിക്കര റോഡ് ഗതാഗത യോഗ്യമാക്കുക.

95. കൈതകടങ്ങ് റോഡിൽ നിന്നും മാമിത്തോട് വഴി ആമക്കാവുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

96. പറക്കുന്ന് റോഡിൽ തുടങ്ങി ബാലവാടി റോഡിൽ മു ട്ടുന്ന ഒരു പുതിയ റോഡ്.

97. പറക്കുന്ന് റോഡ് കോതകുളം വഴി ബാലവാടിയുമായി ബന്ധിപ്പിക്കുക.

98. പെരിങ്ങോട് ലക്ഷ്മീ സദനം വീടിന്റെ സമീപത്തു കൂടി പാടത്തേക്ക് റോഡിന്റെ വീതി കൂട്ടുക.

99. കുഴിക്കണ്ടത്തിൽ വാപ്പുട്ടിയുടെ വീടിന്റെ കിഴക്കു വശത്തു നിന്ന് ചിറവഴി കോതചിറയിലേക്ക് റോഡ്.

100. കൂററനാട് സെൻറർ കെ.എസ്.ടി.എ. ഓഫീസ് വഴി കള്ളിവളപ്പ് റോഡ്.

101. കണ്ണ് കുളം തായാട്ടു പടി റോഡ് കാലടി റോഡിൽ മുട്ടി ക്കുക.

102. യുവശക്തി ക്ലബ്ബ് മുതൽ ചേങ്ങാട്ടിൽ പടി വഴി പട്ടാമ്പി റോഡിലേക്ക് ഒരു റോഡ്.

103. മേലെപ്പുര റോഡിൽ നിന്ന് ആശാരി ശ്രീധരന്റെ വീട്ടി ലേക്കുള്ള റോഡ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.

104. പല്ലീരി വിജയന്റെ വീടുമുതൽ നെച്ചരി വളപ്പിൽ അയ്യപ്പ ന്റെ വീട് വരെ വീതി കൂട്ടി ഗതാഗത സൗകര്യം ഉണ്ടാ ക്കുക.

105. തൊഴുക്കാട് റേഷൻ കട മുതൽ വലിയ പറമ്പ് റോഡ് വ രെ ഒരു ലിങ്ക് റോഡ്.

ഓരോ റോഡിന്റെയും ഗുണഭോക്താക്കളടങ്ങുന്ന ഓ രോ സംരക്ഷണ സമിതികൾ രൂപീകരിച്ച് കാലാകാ ലങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കാനകൾ തൂരാതെയും മറ്റുവിധ കോട്ടങ്ങൾ വരാതെയും സംരക്ഷിക്കുകയും ചെയ്യണം. റോഡുകൾ കേടുകൂടാ തെ നിലനിർത്തേണ്ടത് തങ്ങളുടെ കൂടി ആവശ്യമാ ണെന്ന ബോധം ജനങ്ങളിൽ ഉളവാക്കാൻ കഴിയണം. അതിന് പഞ്ചായത്ത് മുൻകൈയെടുക്കണം. ■

# ഊർജ്ജം

ഊർജ്ജം എന്നു കേൾക്കുമ്പോൾ മിക്കവാറും എല്ലാ ആൾക്കാരുടെയും മനസ്സിൽ കടന്നുവരുന്നത് വൈദ്യുതിയെക്കുറിച്ചുള്ള ആശയമാണ്. ചൂടും വെളിച്ചവും നൽകുന്ന എന്തിനെയും ഊർജ്ജസ്രോതസ്സായി കണക്കാക്കണം. ഊർജ്ജാസൂത്രണം നടത്തുമ്പോൾ ഇത്തരത്തിലൊരു കാഴ്ചപ്പാടുണ്ടാകണം. വിറക്; ചാണകവരളി; ഉണങ്ങിയ ചപ്പു ചവറുകൾ; മറ്റ് ജൈവദ്രവ്യങ്ങൾ; ജൈവവാതകം; മണ്ണെണ്ണ; പാചകവാതകം; പെട്രോൾ തുടങ്ങിയ പെട്രോളിയം ഉൽപന്നങ്ങൾ; കൽക്കരി, പ്രകൃതി വാതകം, ആണവോർജ്ജം എന്തിനേറെ സൂര്യനിൽ നിന്നും കിട്ടുന്ന ചൂടും നാം ഉർജ്ജ ത്തിൻെറ സ്രോതസ്സുകളായി കണക്കാക്കുന്നു. മണ്ണെണ്ണയിലേക്കും ഗ്യാസിലേക്കും ഉള്ള മാറ്റം ശ്രദ്ധേയമാണെങ്കിലും വ്യാപകമായി നിലനിൽക്കുന്ന വിറകടുപ്പുകളുടെ പ്രസക്തി മറന്നുകൊണ്ടുള്ള ഒരു ഊർജ്ജാസൂത്രണവും സമഗ്രമാകില്ല. വൈദ്യുതി ചെന്നെത്തിയിട്ടില്ലാത്ത ദശലക്ഷക്കണക്കിന് വീടുകളിൽ വെളിച്ചം നൽകുന്നത് മണ്ണെണ്ണ വിളക്കുകളാണ്. ഇങ്ങനെ എല്ലാതരം ഊർജ്ജ ഉപയോഗങ്ങളും കണക്കിലെടുത്ത് അവയുടെ ഉപയോഗം കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും തദ്വാരാ ജീവിത നിലവാരം ഉയർത്താനും ഉതകുന്ന ആസൂത്രണമാണാവശ്യം.

കേന്ദ്രീകൃത ഊർജ്ജാസൂത്രണം വാണിജ്യാധിഷ്ഠിത ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചായിരിക്കും. അതിനുള്ള ഒരു പരാധീനത അത് ലഭ്യതയെ മാത്രം ആശ്രയിക്കുന്നതും കേവലമായ ഉപഭോഗ വർദ്ധനവിൽ ഊന്നുന്നതുമാണ്.

വൈദ്യുതി വിതരണം ഊ പഞ്ചായത്തിലാരംഭിക്കുന്നതിനുമുമ്പ് തന്നെ നാറേരി മനക്കാരും പൂമുള്ളി മനക്കാരും വലിയ ജനറേറ്ററുകൾ ഉപയോഗിച്ച് അവരുടെ ആവശ്യത്തിന് വൈദ്യുതി ഉണ്ടാക്കിയിരുന്നു. ഇപ്പോൾ വാണിജ്യ, വ്യവസായ, കാർഷിക രംഗത്തെ ഉർജ്ജാവശ്യം പ്രധാനമായും നിറവേറ്റുന്നത് വൈദ്യുതിയാണ്.

നാഗലശ്ശേരി പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി വിതരണം നിയന്ത്രിക്കുന്നത് കൂറ്റനാട് സ്ഥാപിച്ചിട്ടുള്ള 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് ഇത് 110 കെ.വി. കപ്പാസിറ്റിയിലേക്ക് ഉയർത്താനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. പഞ്ചായത്തിൻെറ പരിധിക്കുള്ളിലെ വൈദ്യുതി വിതരണം നടത്തുന്നത് ചാലിശ്ശേരി തൃത്താല ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസുകളിൽ നിന്നാണ്. വിവിധ കപ്പാസിറ്റിയുള്ള 32 ട്രാൻസ്ഫോമറുകൾ ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. സബ്സ്റ്റേഷനും മിക്കവാറും എല്ലാ ട്രാൻസ്ഫോമറുകളും ഓവർ ലോഡിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ലോഡ് ഷെഡ്ഡിംഗ് അനിവാര്യമായി തീർന്നിരിക്കുന്നു. പീക്ക് അവറുകളിൽ സബ്സ്റ്റേഷനിൽ എത്തുന്ന വൈദ്യുതി 66000 വോൾട്ടിനു പകരം 53000 വോൾട്ടിന് അടുപ്പിച്ചാണ്. അതിനാൽ വ്യാപകമായ വോൾട്ടതാ പ്രശ്നവും നിലവിലുണ്ട്.

8-ാം പദ്ധതിയിൽ വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതികൾ പൂർത്തീകരിച്ചത്:

1. മണ്ണംകുളം കോതചിറ.
2. ആമക്കാവ് ടെംപിൾ.
3. എരിയേടം.
4. കൃഷ്ണാ വർക്ക്ഷോപ്പ്.
5. വലിയപറമ്പ്.
6. കോതചിറ
7. കോതചിറ മന
8. ചെമ്പിനി

പൂർത്തീകരിക്കേണ്ടവ:

1. നമ്മിണിപറമ്പ്
2. കോതചിറ
3. തൊഴുക്കാട്

പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്ന നിലവിലുള്ള ട്രാൻസ്ഫോമറുകൾ

| ക്രമ നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1. | 100 KVA | വാവന്നൂർ I |
| 2. | 63 " | വാവന്നൂർ II |
| 3. | 100 " | [illegible] പള്ളിരിപടി |
| 4. | 100 " | എളവാതിക്കൽ |
| 5. | 250 " | തൃത്താല റോഡ് കൂറ്റനാട് |
| 6. | 100 " | തണ്ണീർകോട് I |
| 7. | 63 " | ഗുരുവായൂർ റോഡ് മോഡേൺ ഹോസ്പിറ്റൽ |
| 8. | 160 " | PHED-I |
| 9. | 100 " | PHED-II |
| 10. | 100 " | ആമക്കാവ് II |
| 11. | 63 " | ആമക്കാവ് അക്ഷര |
| 12. | 100 " | CK Line |
| 13. | 100 " | തൊഴുക്കാട് |
| 14. | 100 " | കോതച്ചിറ N |
| 15. | 100 " | കോതചിറ S |
| 16. | 50 " | കോതചിറ മന |
| 17. | 160 " | അകിലാണം |
| 18. | 100 " | പെരിങ്ങോട് മന |
| 19. | 160 " | പെരിങ്ങോട് Jn. |
| 20. | 63 " | പിലാക്കാട്ടിരി |
| 21. | 50 " | അകിലാണം എസ്റ്റേറ്റ് |
| 22. | 160 " | വാവന്നൂർ S. |
| 23. | 100 " | ചെറുചാൽ പുറം |
| 24. | 100 " | മൂളിപറമ്പ് |
| 25. | 100 " | കോതചിറ II |
| 26. | 250 " | A.K.G |
| 27. | 250 " | മൈലാഞ്ചി |
| 28. | 160 " | ആമക്കാവ് ടെമ്പിൾ |
| 29. | 100 " | ചെമ്പിനി |
| 30. | 100 " | വലിയപറമ്പ് |
| 31. | 100 " | എരിയേടം |
| 32. | 250 " | കൃഷ്ണാ വർക്ക്ഷോപ്പ് |

പഞ്ചായത്തിലെ വൈദ്യുതിയുടെ ഉപയോഗം പ്രതിവർഷം സുമാർ 2938200 യൂണിറ്റാണ്. 9 വ്യവസായ യൂണിറ്റുകൾ ഏകദേശം 21600 യൂണിറ്റും 730 ഓളം കാർഷിക പമ്പുസെറ്റുകൾ 438000 യൂണിറ്റും 350 ഓളം വ്യാപാര സ്ഥാപനങ്ങൾ 126000 യൂണിറ്റും 3921 ഗാർഹിക ഉപഭോക്താക്കൾ 2352600 യൂണിറ്റും വൈദ്യുതി പ്രതിവർഷം ഉപയോഗിക്കുന്നു.

വൈദ്യുതി എത്താത്ത പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. വയറിംഗ് പൂർത്തിയാക്കിയിട്ടും കണക്ഷൻ ലഭിക്കാത്ത അനേകം ഹരിജൻ കോളനികളും ഉണ്ട്. കൂടാതെ വയറിംഗ് കഴിഞ്ഞിട്ടും സാങ്കേതികവും അല്ലാതെയുമുള്ള കാരണങ്ങളാൽ വൈദ്യുതി ലഭിക്കാത്ത അനേകം വീടുകൾ മറ്റു തരത്തിലുമുണ്ട്. ചുവപ്പുനാട ഒരു അഴിയാക്കുരുക്കായി അനുഭവപ്പെടുന്ന സന്ദർഭങ്ങളും വേണ്ടുവോളമുണ്ട്.

പതിനൊന്നോളം ഹരിജൻ കോളനികളിലായി 233 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ 107 വീടുകളിൽ സൗജന്യ വൈദ്യുതി ഉപയോഗിക്കുന്നു.

8-ാം പദ്ധതിക്കാലത്ത് വോൾട്ടത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 11 ട്രാൻസ്ഫോമറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും 6 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനുണ്ട്.

തെരുവു വുളക്കുകളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 253 ഓർഡിനറി 40 വോൾട്ട് ബൾബുകളും 10 ഫ്ലൂറസൻറ് വിളക്കുകളും 14 സോഡിയം വേപ്പർ വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ ഇനത്തിൽ വൈദ്യുത ചാർജ്ജായി പ്രതിമാസം 5239 രൂപാ പഞ്ചായത്തിന് ചെലവാകുന്നു.

## വിറക്

മുൻകാലങ്ങളിൽ വിറകുതന്നെയായിരുന്നു മുഖ്യമായും പാചകത്തിന് ഉപയോഗിച്ചിരുന്ന ഇന്ധനം. വീട്ടുവളപ്പുകളിലും കാട്ടിലും ധാരാളം മരങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് വിറക് സുലഭമായിരുന്നു. വിറകുവാങ്ങാൻ കഴിയാത്തവരും സ്വന്തം തൊടിയില്ലാത്തവരും ചാണകവരളി ഉണങ്ങിയ ചവറുകൾ എന്നിവയാണ് പാചകത്തിനുപയോഗിച്ചിരുന്നത്. പറമ്പുകളിൽ കിടക്കുന്ന ചാണകം ശേഖരിക്കലും ചവറടിക്കലും അക്കാലത്ത് ഈ വിഭാഗത്തിന്റെ മുഖ്യതൊഴിലായിരുന്നു. സ്ത്രീകൾ ഒരു തൊഴിലെന്ന നിലക്കുതന്നെ കാട്ടിൽ നിന്ന് വിറക് ശേഖരിച്ച് കച്ചവടം നടത്തിയിരുന്നു. സ്ത്രീകൾ തലചുമടായി വിറക് കൊണ്ടുവരുന്നത്. അക്കാലത്ത് ധാരാളം കാണാമായിരുന്നു. കാട് ഇല്ലാതാവുകയും വീട്ടുവളപ്പിലെ മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടുകൊണ്ടിരിക്കയും ചെയ്തതോടെ വിറക് പേട്ടകൾ നിലവിൽ വരാൻ തുടങ്ങി. വിറകിന്റെ ലഭ്യതക്കുറവും അമിതമായി വിലയും സാധാരാണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമാണ്. അതുകൊണ്ടുതന്നെ മുമ്പ് സമ്പന്ന കുടുംബങ്ങൾ മാത്രം ഉപയോഗപ്പെടുത്തിയിരുന്ന പാചകവാതക

(LPG)ത്തെ ഇന്ന് ഇടത്തരം കുടുംബങ്ങൾ കൂടി ആശ്രയി ക്കാൻ തുടങ്ങിയിട്ടുണ്ട്. പാചകത്തിന് മണ്ണെണ്ണ ഉപയോഗത്തിലേക്കും നല്ലൊരു വിഭാഗം ജനങ്ങൾ തിരിഞ്ഞിട്ടുണ്ട്. ഇന്നും ഗാർഹികാവശ്യങ്ങൾക്ക് പാചക ഇന്ധനമായി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വിറകുതന്നെയാണ്. ഇത് വർഷത്തിൽ ഏകദേശം 28180 മെട്രിക് ടൺ വരും. ഇതിൻെറ വിലയോടു താരതമ്യപ്പെടുത്തിയാൽ പാചകഗ്യാസ് ലഭ്യമാക്കിയാൽ അതാണ് ലാഭം. പടു വൃക്ഷങ്ങളും മില്ലിലെ തടി ഈർന്ന വിറകും ഈർച്ചപ്പൊടിയുമാണ് വിറകിൻെറ സ്രോതസ്സുകൾ

## എണ്ണ

മണ്ണെണ്ണയാണ് വിളക്ക് തെളിയിക്കുന്നതിനും പാചകാവശ്യത്തിനും പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നതിനായും ഉപയോഗിക്കുന്ന മറ്റൊരുപ്രധാനപ്പെട്ട ഇന്ധനം. പ്രതിവർഷം 180000 ഓളം ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കപ്പെടുന്നു.

## ഗ്യാസ്

പാചകാവശ്യത്തിനായി 160 ഓളം വീടുകളിൽ പെട്രോളിയം ഗ്യാസ് ഉപയോഗിക്കുന്നു. (എൽ.പി.ജി.) 20 ഓളം ജൈവ വാതക പ്ലാൻറുകൾ (ഗോബർ ഗ്യാസ്) പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. ദക്ഷത കൂടിയ അടുപ്പുകളുടെ എണ്ണം കുറവാണ്.
2. എൽ.പി.ജി ലഭ്യമാക്കുന്നതിന് പഞ്ചായത്തിലുള്ളവർ രണ്ട് ഏജൻസികളെയാണ് ആശ്രയിക്കുന്നത്. അവ 30കിലോമീറ്ററോളം അകലെ പൊന്നാനിയിലും ഷൊറണൂരിലും ആണ്.
3. വോൾട്ടതക്കുറവ് വൈദ്യുതി പ്രകാശത്തിൻെറ കാര്യത്തിലും യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനും അപര്യാപ്തമാകയാൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
4. വർഷങ്ങളായി വയറിംഗും മറ്റും കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്ത വീടുകളും ഹരിജൻ കോളനികളും ഉണ്ട്.
5. വൈദ്യുത കണക്ഷനായി അപേക്ഷ നൽകിയാലും വൈദ്യുത ഓഫീസിൽ നിന്നും അന്വേഷണം നടത്തി കണക്ഷനുവേണ്ട സൗകര്യം ചെയ്തു തരുന്നതിൽ വരുന്ന കാലതാമസവും ചുവപ്പുനാടയിൽ കുരുങ്ങിയ സംവിധാനവും പ്രശ്നമാണ്.
6. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ സ്ഥിരമായി അനുഭവപ്പെടുന്ന ലൈൻ തകരാറ്.
7. വൈദ്യുത ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങളും മറ്റും മുറിച്ചു നീക്കാൻ കാണിക്കുന്ന അനാസ്ഥ വൈദ്യുത തകരാറിനും അപകടങ്ങൾക്കും പ്രസരണ നഷ്ടത്തിനും ഇടയാക്കുന്നു. മാത്രമല്ല കമ്പികൾ കൂട്ടിയിടിച്ച് വൈദ്യുതി നഷ്ടപ്പെടുകയും ചെയ്യുന്നു.
8. താഴ്ന്നു നിൽക്കുന്ന വൈദ്യുത ലൈനുകൾ വലിച്ച് കെട്ടാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങൾ.
9. ദ്രവിച്ച പോസ്റ്റുകളും കമ്പികളും മാറ്റി പുതിയവ സ്ഥാപിക്കാൻ നിരന്തരമായി ആവശ്യപ്പെട്ടാലും അപകടം ഉണ്ടാകുന്നതുവരെ നീട്ടിക്കൊണ്ടു പോകുന്ന അധികൃതരുടെ അനാസ്ഥ.
10. ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ട് റോഡുകളുടെ മധ്യത്തിൽ സ്ഥാനം പിടിച്ചിരിക്കുന്ന പോസ്റ്റുകൾ ഉണ്ടാക്കുന്ന അപകട ഭീഷണി.
11. അനധികൃതമായി സ്ട്രീറ്റ്ലൈറ്റ് കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന അപകടം. കൂടാതെ ഒരു പൊതുലൈൻ സ്ഥാപിച്ച് തെരുവ് വിളക്കുകൾ കത്തിക്കുന്നതിനു പകരം ഓരോ ലൈറ്റിനും ഓരോ ഫ്യൂസ് എന്ന അവസ്ഥ അപൂർവ്വം ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്.
12. വൈദ്യുത ഫ്യൂസുകളും തെരുവുവിളക്കുകളും തകർക്കുന്ന സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനം.
13. ട്രാൻസ്ഫോമറിനോട് ചേർന്നു മാത്രം ഫ്യൂസുകൾ സ്ഥാപിക്കുകയും സെക്ഷൻ ഫ്യൂസുകൾ ഇല്ലാത്തതിനാലും ചെറിയ തകരാറുകൾ ഉണ്ടാകുമ്പോൾ മൊത്തം വൈദ്യുതി നഷ്ടമാകുന്ന അവസ്ഥ. കൂടാതെ ഓപ്പൺ ഫ്യൂസുകൾ ധാരാളമായി സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ.
14. വിറകിൻെറ അമിത വിലയും ദൗർലഭ്യതയും.
15. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ കിട്ടാനുള്ള സാങ്കേതിക തടസ്സങ്ങളും പ്രയാസങ്ങളും.

## സാധ്യതകൾ

1. പഞ്ചായത്തിൽ ധാരാളം തരിശു ഭൂമികളുണ്ട്. വിറകിൻെറ ലഭ്യത ഉറപ്പുവരുത്താൻ പാഴ്മരങ്ങളോ, മാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളോ നട്ടുവളർത്തുക.
2. മണ്ണെണ്ണക്ക് പെർമിറ്റ് ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കം ചെയ്യുക.
3. എൽ.പി.ജി. പാചക ഇന്ധനത്തിന് ബ്ലോക്ക്തലത്തിലെങ്കിലും ഒരു ഏജൻസി പൊതുമേഖലയിൽ തുടങ്ങുക.
4. ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമാക്കുക. ഇത് വീട്ടമ്മമാർ പുകശ്വസിക്കുന്നതിനാലുണ്ടാകുന്ന രോഗങ്ങളെ ഒരു പരിധിവരെ ഇല്ലാതാക്കുകയും വിറികിൻെറ ഉപയോഗത്തിൻെറ അളവ് കുറക്കാൻ സഹായിക്കുകയും ചെയ്യും.
5. സംയോജിതാടിസ്ഥാനത്തിൽ ജൈവവാതക പ്ലാൻറുകൾ സ്ഥാപിച്ച് വലിയ ഒരു പ്രദേശത്തെ ഊർജ്ജാവശ്യം നിറവേറ്റാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുക.
6. മെച്ചപ്പെട്ട ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗവുകൾ വിതരണം ചെയ്യുക.
7. സൗരോർജ്ജ വിളക്കുകൾ വ്യാപിപ്പിക്കുക.
8. അറ്റകുറ്റപണികൾ നടത്തിയിട്ടും കത്താത്ത സോഡിയം വേപ്പർ വിളക്കുകൾക്ക് പകരം ഫ്ലൂറസൻറു ട്യൂബുകൾ സ്ഥാപിക്കുക.

9. കുറഞ്ഞ വോൾട്ടതയിലും കുറഞ്ഞനിരക്ക് വൈദ്യുതി ഉപയോഗിച്ച് ദീർഘകാലം കത്തുന്ന കോംപാക്ട് ഫ്ലൂറസൻറ് ലാമ്പുകൾ പോലുള്ള ക്ഷമത കൂടിയ വിളക്കുകൾ പ്രചരിപ്പിക്കുക.
10. ക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ ഉപയോഗിച്ച് വൈദ്യുത നഷ്ടം ഒഴിവാക്കുക.
11. പഞ്ചായത്ത് തന്നെ വയറിംഗ് നടത്തി മറ്റ് നിയമ പരമായ നടപടികൾ പൂർത്തീകരിച്ചിട്ടും കണക്ഷൻ ലഭിക്കാത്ത ഹരിജൻ കോളനികളിൽപ്പെട്ട കുടുംബങ്ങളും കാലവിളംബം കൂടാതെ വൈദ്യുതീകരിക്കുക.
12. സ്വയം ഭരണ സ്ഥാപനങ്ങളോ ജനകീയ സമിതികളോ വൈദ്യുത ഓഫീസുകളുടെ പ്രവർത്തനത്തെ വിലയിരുത്തുന്ന സംവിധാനം ഉണ്ടാക്കുക. അങ്ങനെ പ്രസ്തുത ഓഫീസുകളെ ചൂഴ്ന്നു നിൽക്കുന്ന ദുരൂഹത നീക്കം ചെയ്യുക.
13. വൈദുതി ഉപഭോഗവും സംരക്ഷണവും സംബന്ധിച്ച കാര്യങ്ങളിൽ ബോധവൽകരണം നടത്തുക.
14. പഞ്ചായത്തിൽ വോൾട്ടത കുറഞ്ഞ പ്രദേശങ്ങളിലെ സിങ്കിൾ ഫേസ് ലൈൻ മാറ്റി ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുകയോ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയോ ചെയ്യുക.
15. ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി, ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
16. വൈദ്യുതി എത്താത്ത കോതചിറ വടക്കേ ഭാഗത്തു നിന്നു തുടങ്ങി പരുത്തിപ്പറ്റ കോളനിയുൾപ്പടെയുള്ള പ്രദേശത്ത് വേദ്യുതി എത്തിക്കുക.
17. 8-ാം വാർഡിൽ ഇനിയും വൈദ്യുതി എത്താത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.
18. കിഴക്കേ തൊഴുക്കാട് തെരമംഗലം ഭാഗം വൈദ്യുതീകരിക്കുക.
19. കിഴക്കേ പിലാക്കാട്ടിരി സ്കൂളിനു പിന്നിലെ വൈദ്യുതീകരിക്കാത്ത ഹരിജൻ വീടുകൾ വൈദ്യുതീകരിക്കുക.
20. കഴാഞ്ചിറ ഹെൽത്ത് സെൻറർ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വൈദുതീകരിക്കുക.
21. ചെറുചാൽപുറം ബാലവാടിക്ക്സമീപവും മൈലാഞ്ചി കോളനിയുടെ പടിഞ്ഞാറു ഭാഗവും വൈദ്യുതി ലൈനുകൾ സംയോജിപ്പിച്ചാൽ ആ പ്രദേശത്തെ വൈദ്യുതി ലഭിക്കും.
22. ചാലാച്ചിയിൽ നിന്നും നാറേരി തെക്കേക്കര റോഡുവരെ റോഡുകൾക്ക് സമീപമുള്ള വീടുകൾ വൈദ്യുതീകരിക്കുക.
23. ഒലിയാനപ്പുറം കോളനിക്ക് വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ സാധനങ്ങൾ (പോസ്റ്റ്, കമ്പി മുതലായവ) അടിയന്തിരമായി എത്തിച്ച് വൈദ്യുതീകരിക്കുക.
24. നന്ദിയംകോട് യുവശക്തി ക്ലബ്ബിന് സമീപമുള്ള വീടുകൾ വൈദ്യുതീകരിക്കുക.
25. മണ്ണാറക്കൽ ഏരിയാ കോമംഗലം വടക്കേ അറ്റം തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
26. തേറുവായിൽ റോഡിൽ വൈദ്യുതി എത്തിക്കുക.
27. 3-ാം വാർഡിൽ എസ്റ്റേറ്റ് പടി അത്താണിപടി ഭാഗം വൈദ്യുതീകരിക്കുക.
28. മാണിക്യാം കുന്ന് കോളനി പ്രദേശത്തെ 20ഓളം വീടുകൾ വൈദ്യുതീകരിക്കുക.
29. കോയം കാവ് റോഡിൻെറ തെക്കുവശത്തുള്ള ഇടവഴി പ്രദേത്തുള്ള വീടുകൾ വൈദ്യുതീകരിക്കുക.
30. വാവന്നൂർ സെൻററിൽ നിന്നും കിഴക്കോട്ട് മാറി ലക്ഷം വീട് പ്രദേശം വൈദ്യുതീകരിക്കുക.
31. നാഗലശ്ശേരി സ്കൂൾ പ്രദേശത്തെ 60ൽ പരം വീടുകൾ വൈദ്യുതീകരിക്കുക.
32. കട്ടൽ മാടത്തിൽ നിന്നും തെക്കോട്ട് മാറി ചാലിപുറം വെള്ളാഞ്ചിറ ഭാഗത്തെ വീടുകൾ വൈദ്യുതീകരിക്കുക.
33. പെരിങ്ങോട് ലക്ഷ്മീ സദനം വീടിൻെറ പടിഞ്ഞാറ് ഭാഗത്ത് വൈദ്യുതി എത്തിക്കുക.
34. പെട്ടിക്കടക്ക് സമീപത്തെ നീന്തൂർ ഹരിജൻ കോളനിയിലെ 25ഓളം വീടുകൾ വൈദ്യുതീകരിക്കുക.
35. നിലവിൽ തെരുവുവിളക്കുകൾ ഇല്ലാത്ത എല്ലാ കവലകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
36. പഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകൾ യഥാസമയം കത്താത്ത അവസ്ഥയുണ്ട്. എന്നാൽ പഞ്ചായത്ത് കൃത്യമായും കറൻറ് ചാർജ്ജ് അടക്കേണ്ടി വരുന്നു. ഇതുമൂലം പഞ്ചായത്തിനുണ്ടാകുന്ന ധന നഷ്ടവും ജനങ്ങൾക്കുണ്ടാകുന്ന അസൗകര്യവും ഒഴിവാക്കാൻ തെരുവുവിളക്കുകൾ സ്ഥാപിച്ച ഓരോ ലൈനിനിനും മീറ്റർ ഘടിപ്പിക്കുക. വൈദ്യുതി ബോർഡ് ബൾബുകൾ പഞ്ചായത്തിനെ ഏൽപിക്കുകയും പഞ്ചായത്തുകൾ അതാതു പ്രദേശത്തെ ലൈൻമാനുമായി സഹകരിച്ച് വിളക്കുകൾ മാറ്റിയിടുകയും ചെയ്യുക. പ്രാദേശിക ജനകീയ സമിതികളെ ഇതിൻെറ മേൽ നോട്ടം ഏൽപിക്കുകയും ചെയ്യുക.
37. തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ വഴിവക്കിലുള്ള വീട്ടുകാർ സേവന സന്നദ്ധതയോടെ താൽപര്യ പൂർവ്വം വഴിയാത്രക്കാർക്കുകൂടി ഉപകരിക്കത്തക്കവിധം വിളക്കുകൾ ഗേറ്റിലോ മറ്റോ സ്ഥാപിക്കുകയും പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കയും ചെയ്യുക.
38. ആഡംബരത്തിനും അലങ്കാരത്തിനും വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതിചാർജ് ഈടാക്കുക.

വൈദ്യുതിയുടെ രംഗത്തും സന്നദ്ധ പ്രവർത്തനം ആകാം. പ്രത്യേകിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിനും ലൈനിൽ തട്ടി നിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടിമാറ്റി ലൈൻ വൃത്തിയാക്കുന്ന കാര്യത്തിലും വൈദ്യുതബോർഡിലെ ഉദ്യോഗസ്ഥന്മാരുമായി സഹകരിച്ചുവേണം ഇത് നിർവ്വഹിക്കേണ്ടത്. ■

# മാർക്കറ്റ്

ഈ പഞ്ചായത്തിൽ പഴയകാലം മുതൽക്ക് തന്നെ ആഴ്ച ചന്തയോ, ദിവസ ചന്തയോ ഉണ്ടായിരുന്നില്ല.

പെരിങ്ങോട് പി.ആർ. നമ്പ്യാർ തുടങ്ങി വെയ്ക്കുകയും പിന്നീട് അദ്ദേഹം മറ്റു രംഗത്തേക്ക് തിരിഞ്ഞപ്പോൾ അനുജൻ മാധവൻ നമ്പ്യാർ നടത്തിവന്നതുമായ നമ്പ്യാരുടെ പീടികയാണ് ആദ്യമായി ഈ പഞ്ചായത്തിൽ തുടങ്ങിയ കച്ചവട സ്ഥാപനം. പൂമുള്ളി മനക്കാരുടെ ആവശ്യാർത്ഥമാണ് ആ സ്ഥാപനം നടന്നിരുന്നതെങ്കിലും നാട്ടുകാർക്ക് അത് വലിയ സൗകര്യമായി. പാലക്കാട് നിന്ന് ബസ്സിൽ സാധനങ്ങൾ കൂറ്റനാട് കൊണ്ടുവന്നിറക്കി അവിടെ നിന്ന് കാളവണ്ടിയിൽ പെരിങ്ങോട് എത്തിക്കുകയായിരുന്നു.

പിന്നീട് കൂറ്റനാട് വിരലിലെണ്ണാവുന്ന ചില കച്ചവട സ്ഥാപനങ്ങൾ ഉയർന്നുവന്നു. നല്ല നിലയിൽ നടത്തിവന്നിരുന്ന ഒരു സ്ഥാപനമായിരുന്നു പല്ലീരി അയ്യപ്പൻെറ പീടിക, അവരുടെ വീടിൻെറ മുമ്പിൽ തന്നെയാണ് അത് നടത്തി വന്നിരുന്നത്. ഉയർന്ന നിലയിൽ നടത്തി വന്നിരുന്ന ഒരു പച്ചടക്ക വിപണന കേന്ദ്രം കൂടിയായിരുന്നു അത്. പച്ചടക്ക വാങ്ങി വെട്ടി, കളി ചേർത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. കൊട്ടടക്ക, രംഗത്തു വന്നതും, ചാലിശ്ശേരിയിലും മറ്റും ഉണ്ടായിരുന്ന മാർക്കറ്റുകളിലേക്ക് കൃഷിക്കാർ നീങ്ങാൻ തുടങ്ങിയതും ഈ അടക്കാകേന്ദ്രം ക്രമേണ അസ്തമിക്കാൻ കാരണമായി.

ഈ കാലത്തു തന്നെ കൂറ്റനാട് പി.സി. ശങ്കുണ്ണി & ബ്രദേഴ്സ്, തട്ടത്താഴത്ത് വാപ്പു, പല്ലീരി കുഞ്ഞികൃഷ്ണൻ എന്നിവരുടെ പീടികകളും പ്രവർത്തിച്ചു വന്നിരുന്നു. പിന്നീട് കെ.ടി. പണിക്കരുടെ പീടികയും ഉയർന്നുവന്നു.

എഴുപതുകളുടെ തുടക്കം മുതൽ ഗൾഫ് പണം വരാൻ തുടങ്ങിയതോടെയാണ് കൂറ്റനാട് ഒരു കച്ചവട കേന്ദ്രമായി ക്രമേണ വളരാൻ തുടങ്ങിയത്. എമ്പതുകൾക്കു ശേഷമാണ് ഇന്നു കാണുന്ന നിലയിലേക്ക് കൂറ്റനാട് വളർന്നു വലുതായത്. തൃത്താല ബ്ലോക്കിൻെറ ആസ്ഥാനം കൂറ്റനാട് വന്നത് കൂറ്റനാടിൻെറ വളർച്ചയുടെ ഒരു പ്രധാന ത്വരകമായി. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചു. പാലക്കാട്, ഗുരുവായൂർ, പൊന്നാനി എന്നീ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ജങ്ഷൻ എന്ന നിലക്ക് കൂറ്റനാടിൻെറ പ്രാധാന്യം വർദ്ധിച്ചു വന്നു. പട്ടാമ്പി പുഴക്ക് പാലം വന്ന തോടുകൂടി ഈ വളർച്ചയ്ക്ക് വേഗം കൂടി. ഇന്ന് കൂറ്റനാടിൻെറ വളർച്ച സൂപ്പർ മാർക്കറ്റിലും ബാറിലും ചെന്നെത്തി നില്ക്കുകയാണ്.

ഒരു കാലത്ത് കശുവണ്ടി, പച്ചടക്ക, ഇഞ്ചി, കുരുമുളക് എന്നീ കാർഷികോല്പന്നങ്ങളുടെ വിപണന കേന്ദ്രമായിരുന്നു കൂറ്റനാട്. അത് പിന്നീട് ക്ഷയിക്കാൻ തുടങ്ങി.

തേങ്ങക്കും, കൊപ്രക്കും ഒരു വിപണന കേന്ദ്രം ഇവിടെയുണ്ടായിരുന്നില്ല. ചില കൊപ്ര കച്ചവടക്കാർ തോട്ടങ്ങളിൽ പോയി തേങ്ങ വാങ്ങി സ്വന്തം വീടുകളിൽവെച്ച് കൊപ്രയാക്കി എടപ്പാളും പൊന്നാനിയിലും പോയി കച്ചവടം നടത്തുകയായിരുന്നു.

കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഒരുപാധിയാണ് വിപണന കേന്ദ്രം. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു മാർക്കറ്റിങ്ങ് സൊസൈറ്റി കൂറ്റനാട് അത്യാവശ്യമാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ വരുന്നതോടുകൂടി അവയുടെ ഉത്പന്നങ്ങൾക്കും വിപണി കണ്ടെത്തേണ്ടി വരും.

പഞ്ചായത്തിൻെറ വക മാർക്കറ്റ് ഇന്ന് പ്രവർത്തിക്കുന്നില്ല. ഒരു സ്വകാര്യ മാർക്കറ്റ് പ്രവർത്തിച്ചു വരുന്നു. എങ്കിലും പച്ചക്കറിയും, മത്സ്യവും വഴിയോരങ്ങളിൽ വെച്ച് വില്ക്കുന്നത് തടയുവാൻ കഴിയുന്നില്ല. ഈ കാര്യത്തിൽ നിയമം കർശനമായി നടപ്പിലാക്കുക തന്നെ വേണം. പഞ്ചായത്ത് സ്വന്തമായി ഒരു മാർക്കറ്റ് തുടങ്ങണം. ■

# വനം

വീട്ടി, തേക്ക്, ഇരുൾ മുതലായ വിലപിടിപ്പുള്ള മരങ്ങൾ നിറഞ്ഞു നിന്നിരുന്ന ഒരു പ്രദേശമായിരുന്നു കോതചിറ കാട്.മാൻ, പന്നി എന്നീ വന്യ മൃഗങ്ങളും മയിലും ധാരാളം ഉണ്ടായിരുന്നു. ഒരു കാലത്ത് നരിയും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. നെല്ലിക്ക, മാങ്ങ, ചക്ക, പച്ച മരുന്നുകൾ മുതലായ വന വിഭവങ്ങൾ ശേഖരിച്ച് കച്ചവടം ചെയ്ത് ഉപജീവനം കഴിച്ചിരുന്ന നിരവധി കുടുംബങ്ങളുണ്ടായിരുന്നു. അതുപോലെ തന്നെ പച്ചില വളവും വിറകും ശേഖരിച്ച് തലച്ചുമടായി കൊണ്ടുവന്ന് സ്ത്രീകൾ വില്പന നടത്തിയിരുന്നു.

ഭൂപരിഷ്കരണ നിയമം പാസ്സായതോടു കൂടി മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഈ കാട്ടിലെ വിലപിടിപ്പുള്ള മരങ്ങളടക്കം മുഴുവൻ മരങ്ങളും ജന്മി വെട്ടിമാറ്റി. നാട്ടുകാരിൽ പലരും അവരുടെ ആവശ്യത്തിന് അത്യാവശ്യം മരങ്ങൾ മുറിച്ചിരുന്നു. പിന്നീട് സ്വകാര്യവനം സർക്കാരിൽ നിക്ഷിപ്തമായി. വനംവകുപ്പ് ഈ പ്രദേശം ഏറ്റെടുത്ത് അക്കേഷ്യ വെച്ചു പിടിപ്പിച്ചു. പളരെ ഫലഭൂയിഷ്ഠമായ ഈ പ്രദേശം ഈ അസുരവിത്ത് നട്ടു പിടിപ്പിക്കാൻ വനംവകുപ്പ് എന്തിന് ഉപയോഗിച്ചു എന്ന് മനസ്സിലാവുന്നില്ല. പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്ന ഈ അക്കേഷ്യാ കാടിനെ പറ്റി ജനങ്ങൾക്കിടയിൽ വളരെ ഏറെ ഭയാശങ്കകളുണ്ട്. രണ്ടു കൊല്ലം മുമ്പ് ഈ കാട് വെട്ടി പാംപ്പു നിർമ്മാണത്തിന് വില്പന നടത്തി. ഇന്ന് ആ പ്രദേശം മുഴുവൻ വിത്ത് മുളച്ച് അതിവേഗം അക്കേഷ്യാകാട് വളർന്ന്കൊണ്ടിരിക്കയാണ്. അത് വളരാൻ അനുവദിക്കാതെ വെട്ടി വെടിപ്പാക്കി ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും വെച്ചു പിടിപ്പിക്കുന്ന പക്ഷം അത് നാടിന്റെ ഒരു വലിയ സമ്പത്തായി മാറും. കൃഷിക്ക് ജൈവവളത്തിന് ക്ഷാമം നേരിടുന്ന ഈ കാലത്ത് പച്ചില വളം ലഭിക്കാൻ സഹായിക്കുകയും ചെയ്യും. അതിന് പഞ്ചായത്ത് മുൻ കയ്യെടുക്കണം.

കോതചിറകാടുപോലെ തന്നെ നിബിഡമല്ലെങ്കിലും മുൻകാലത്ത് ഈ പഞ്ചായത്തിൽ പല കുന്നുകളും പച്ച പിടിച്ചു നിന്നിരുന്നു. അതൊക്കെ വെട്ടിമാറ്റി റബ്ബർ കാടുകളായി മാറി കഴിഞ്ഞു. ചുരുക്കം ചില പ്രദേശങ്ങളിൽ ഇന്നും മരക്കാടുകൾ കാണുന്നുണ്ട്. അതെങ്കിലും നഷ്ടപ്പെടാതെ കണ്ട് നിലനിന്നു കാണണമെന്ന് നമുക്കാശിക്കാം. ■

# കുടിവെള്ളം; ശുചിത്വം; പൊതുജനാരോഗ്യം.



## കുടിവെള്ളം

**പൊ**തുവെ വേനൽകാലത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്താണ് നാഗലശ്ശേരി. പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 4158 വീടുകളുള്ളതിൽ 60 ശതമാനം കുടുംബങ്ങൾ കുടിവെള്ളത്തിനായി സ്വന്തം കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നത്. 15 ശതമാനം കുടുംബങ്ങൾ അയൽ വീടുകളിലെ കിണറിനെ ആശ്രയിക്കുമ്പോൾ പൊതു ജല വിതരണ സംവിധാനങ്ങളെ (പൊതു കിണർ; കഴൽ കിണർ; പൊതുടാപ്പ്) ആശ്രയിക്കുന്നവർ ഏതാണ്ട് 25 ശതമാനം കുടുംബ ങ്ങൾ വരും. വർഷത്തിൽ ജൂൺ മുതൽ 8 മാസക്കാലമേ കിണറുകളിൽ വെള്ളം സുലഭമായി കിട്ടാറുള്ളൂ. ഫെബ്രുവരിയോടു കൂടി കിണറുകൾ ഭൂരിഭാഗവും വറ്റുകയും ജനങ്ങൾ അയൽ കിണറുകളെയും; പൊതു ടാപ്പുകളേയും ആശ്രയിക്കുകയും ചെയ്യുന്നു. കുടിവെള്ള ക്ഷാമം മിക്കവാറും എല്ലാ വാർഡുകളിലും ചില ചില പ്രദേശങ്ങ ളിൽ ഉണ്ട്. വാട്ടർ ടെക്നോളജി മിഷൻ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ പദ്ധതിയനുസരിച്ച് കുഴിച്ചതടക്കം 26 കുഴൽ കിണറുകൾ ജല ലഭ്യതയുള്ളവയാണ്. എന്നാൽ ഇവയിൽ പകുതിയോളം വേനൽക്കാലത്ത് ജലവിതാനം താഴുന്നു. കട്ടിൽമാടം; പെരിങ്ങോട്; ആമക്കാവ് എന്നിവിടങ്ങളിൽ ഭൂഗർഭ ജലവകുപ്പ് സ്ഥാനം നിർണ്ണയിച്ച് കുഴൽ കിണർ കുഴിച്ചു. കട്ടിൽമാടം; പെരിങ്ങോട് എന്നിവിടങ്ങളിൽ പമ്പ് സെറ്റ് വെച്ച് ചെറുകിട ജലവിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കട്ടിൽമാടം പദ്ധതി വാട്ടർ അതോറിറ്റി വകയും; പെരിങ്ങോടിൻേറത് പഞ്ചായത്തു വകയും ആണ്. ആമക്കാവിലെ കുഴൽകിണറിലും മിനി ജല വിതരണ പദ്ധതിക്ക് സാധ്യതയുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ ഉപയോഗപ്പെടുത്താനായിട്ടില്ല.

പട്ടിക I
ജലസ്രോതസ്സുകൾ

| വാർഡ് | ടാപ്പുകൾ | കുഴൽ കിണർ | പൊതു കിണർ |
|---|---|---|---|
| 1 | 18 | 3 | |
| 2 | 11 | 2 | |
| 3 | 10 | 2 | |
| 4 | 13 | 2 | |
| 5 | 6 | 3 | |
| 6 | 7 | 3 | |
| 7 | 7 | 5 | |
| 8 | 7 | 2 | |
| 9 | 21 | 2 | |
| 10 | 7 | 2 | |
| ആകെ | 107 | 26 | 35 |

പട്ടിക II
ജല വിതരണ പദ്ധതികൾ

| ടാപ്പുകൾ | ജലവിതരണ പദ്ധതി |
|---|---|
| 22 | KWA യുനിസെഫ് സഹായത്തോടെ നടപ്പാക്കിയത് |
| 14 | പഞ്ചായത്ത് ഏറ്റെടുത്തത്. കിണർ UNICEF വക |
| 71 | നെതർലൻറ് സഹായത്തോടെ SEU നടപ്പാക്കി വരുന്ന പാവറട്ടി പദ്ധതിയുടെ ഭാഗം |

വേനൽകാലത്ത് സാധാരണ കിണറുകളിലെയും; കുഴൽകിണറുകളിലെയും ജലവിതാനം താഴുന്നു. എന്നാൽ കോമംഗലത്തുള്ള കുഴൽകിണറിൽ വെള്ളം കവിഞ്ഞൊഴുകുന്നുവെന്ന് മാത്രമല്ല കിണർ കുഴിച്ചു കഴിഞ്ഞപ്പോൾ

മുമ്പ് വറ്റിയിരുന്ന പഞ്ചായത്തു കിണറടക്കമുള്ള സമീപ കിണറുകളിൽ വേനൽകാലത്തും വെള്ളം കിട്ടുന്നുവെന്നത് അത്ഭുതകരമായ അനുഭവമാണ്.

ഭാരതപുഴയുടെ നീർമറി പ്രദേശത്താണ് ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തന്നെ ഭാരതപുഴയിലെ ജലവിതാനം മണൽവാരൽകൊണ്ടും; ശക്തമായ പമ്പുപയോഗിച്ച് അടിച്ചു കയറ്റുന്നതുകൊണ്ടും താഴുന്നതിനാൽ നമ്മുടെ ജലാശയങ്ങളിലെയും ജലവിതാനം താഴുകയും; വരൾച്ച രൂക്ഷമാക്കുകയും ചെയ്യുന്നു. ഭാരതപുഴയിൽ കോസ്‌വെ-കം-റഗുലേറ്റർ പണിതോ; തടയണകൾ നിർമ്മിച്ചോ ജലവിതാനം ഉയർത്താതെ നമ്മുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനാവില്ല.

നെതർലാൻറ് സർക്കാറിൻെറ സഹായത്തോടെ സോഷ്യോ ഇക്കോണമിക് യൂണിറ്റ് നടപ്പിലാക്കിയ ശുദ്ധ ജല വിതരണപദ്ധതി (71 ടാപ്പുകൾ) വാട്ടർ അതോറിറ്റി നടപ്പാക്കിയ ചാൽപുറം ശുദ്ധജല വിതരണ പദ്ധതി (22 ടാപ്പുകൾ) പഞ്ചായത്തു നടപ്പാക്കിയ മിനി വാട്ടർ സ്കീം (14 ടാപ്പുകൾ) എന്നീ പദ്ധതികളിലായി 107 ടാപ്പുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. SEU വിൻെറ 2 ടാപ്പുകളും; വാട്ടർ അതോറിട്ടിയുടെ 8 ടാപ്പുകളും ഉപയോഗയോഗ്യമല്ല. പഞ്ചായത്ത് അറ്റകുറ്റപ്പണി നടത്തി സംരക്ഷിച്ചു വരുന്ന 24 കുളങ്ങളും; 35 പഞ്ചായത്തു കിണറുകളും ഉണ്ട്.

## കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ:

- ഒന്നാം വാർഡിൽ ന്യൂബസ്സാർ ആമക്കാവ് റോഡിൽ കാരാത്ത് വീടുകളുടെ സമീപം ടാപ്പ് ഇടണം. വലിയ പറമ്പ് തെക്ക് പടിഞ്ഞാറ് ഭാഗം; മേലെപ്പുര ഹരിജൻ കോളനി; കള്ളിവളപ്പ് - തൊഴുക്കാട് ജംഗ്ഷൻ; കാലടി അമ്പലം റോഡ്; പഞ്ചായത്തിൻെറ 4 സെൻറ് കോളനി; കോമംഗലം ആനകുത്തി റോഡ്; കെ.വി. ചന്ദ്രൻ ചായപീടിക; പെരിങ്ങോട് റോഡ് 100 മീറ്റർ ഇടവിട്ട്; എന്നിവിടങ്ങളിൽ പുതിയ ടാപ്പുകൾ ഇടണം.
- രണ്ടാം വാർഡിൽ ചാലാച്ചി; മനക്കലൊത്ത് പറമ്പ്; പിലാക്കാട്ടിരി സ്കൂളിൻെറ വടക്കുവശം; ആനക്കല്ലിങ്ങൽ പ്രദേശത്ത് പുതിയ ടാപ്പുകൾ.
- മൂന്നാം വാർഡിൽ ചന്ദനപ്പടി പ്രദേശത്ത് തൃത്താല പഞ്ചായത്തിൽ നിന്നും വരുന്ന വെള്ളത്തിന് പകരം മാട്ടായ ഭാഗത്തു നിന്നും പൈപ്പ് ലൈൻ നീട്ടുക (SEU സ്കീമിൽ നിന്നും)
- വാർഡ് 4ൽ കട്ടിൽമാടം-ചാൽപ്രം; എടക്കാട് പെട്ടിക്കട വഴി പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന 2 ചെറിയ റോഡുകൾ; കൂട്ടുപാതക്ക് അടുത്ത് SEU പൈപ്പ് ലൈൻ വീണ്ടും ചാർജ്ജ് ചെയ്ത് ടാപ്പ് ഇടുക. സ്കൂളിന് കിഴക്കു വശം ഇപ്പോഴുള്ള ടാപ്പ് റോഡിന് തെക്കുവശത്തേക്ക് മാറ്റി സ്ഥാപിക്കണം. മണിയാറംകുന്ന്; കണ്ണക്കാം പറമ്പ്; തോപ്പിൽ ഭാഗം; വെള്ളാംചിറ എന്നിവിടങ്ങളിൽ പുതിയ പൈപ്പ് ലൈൻ വലിച്ച് ടാപ്പ് ഇടണം. മദ്രസ്സക്ക് മുമ്പിലുള്ള ടാപ്പ് റോഡിൻെറ തെക്ക് വശത്തേക്ക് മാറ്റി സ്ഥാപിക്കണം.
- വാർഡ് 5 ൽ തെക്കേക്കര- നാരേരി; ഓലഞ്ചേരി ഭാഗം; ചക്കികുന്ന് ഭാഗത്ത് പുതിയ കിണർ കുഴിക്കണം. ചെറുചാൽപ്രം-മൈലാഞ്ചി ഭാഗം ടാപ്പ് ഇടുക.
- വാർഡ് 6 ൽ മാണിക്യം കുന്ന്; മതുപ്പുള്ളി-മാണിക്യം കുന്ന് റോഡ്; തെക്കെക്കര; മൂളിപറമ്പ് എന്നിവിടങ്ങളിൽ ടാപ്പ് ഇടണം.
- മറ്റു വാർഡുകളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ:

1. പഞ്ചായത്തു പൊതുവെ കുടിവെള്ള ക്ഷാമമുള്ള പ്രദേശമാണ്. എല്ലാ വാർഡുകളിലും വിവിധ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാറുണ്ട്.
2. ടാപ്പുകളുടെ എണ്ണം അപര്യാപ്തമാണ്. ഉള്ളതിൽ ചിലത് ഉപയോഗ യോഗ്യമല്ല.
3. കിണറുകളിൽ തന്നെ 70% വും 8 മാസകാലത്തേക്കു മാത്രമേ വെള്ളമുണ്ടാകുന്നുള്ളൂ. ജലവിതാനം താഴുന്നു.
4. പഞ്ചായത്തു കിണറുകൾ വേണ്ട അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നില്ല. കിണറുകളിൽ റിങ്ങ് ഇറക്കിയോ; പടവോ നടത്തി സംരക്ഷിക്കണം.
5. പൈപ്പ് ലൈൻ ചെല്ലാത്ത ചുരുക്കം പ്രദേശങ്ങളുമുണ്ട്.

## പരിഹാരങ്ങൾ:

1. തൃത്താല കോസ്‌വെ-കം-റഗുലേറ്റർ പദ്ധതി നടപ്പാക്കി ഭാരതപ്പുഴയിൽ ജലം സംഭരിക്കുക.
2. കുളങ്ങളിലെ ചളിയെടുത്ത് വൃത്തിയാക്കി സംരക്ഷിക്കുക. ഇതുവഴി കിണറുകളിലെ ജലവിതാനവും ഉയരും.
3. പഞ്ചായത്തു കിണറുകളിൽ ആവശ്യമായ റിങ്ങ് ഇറക്കി; ചളിയെടുത്ത് സംരക്ഷിക്കുക.
4. SEU സ്കീമിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. കേടു വന്ന ടാപ്പുകൾ നേരെയാക്കുക. പൈപ്പ് ലൈൻ ഇല്ലാത്തിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.
5. ആമക്കാവ് ബോർവെല്ലിൽ മോട്ടോർ സ്ഥാപിക്കുകയും നിലവിലുള്ള പെരിങ്ങോട്; ചാൽപ്പുറം സ്കീമുകളെയും കൂടി SEU പദ്ധതിയുമായി സംയോജിപ്പിക്കുക.
6. ചാൽപ്പുറം സ്കീമിൻെറ മോട്ടോർ കപ്പാസിറ്റി കൂട്ടുക. ആ പദ്ധതിയിലെ ടാങ്ക് ഉപയോഗപ്രദമല്ലാത്തതിനാൽ അധികം പമ്പു ചെയ്യുന്ന വെള്ളം ഗുരുവായൂർ ജലവിതരണ പദ്ധതിയിലേക്ക് പോകുന്നത് ഒഴിവാക്കി SEU സ്കീമിലേക്കു ബന്ധിപ്പിക്കുക.
7. ടാപ്പുകൾ കേടു വരുത്താതിരിക്കാനും വെള്ളത്തിൻെറ

ദുരുപയോഗം തടയാനും; ജലസംരക്ഷണത്തിൻെറ പ്രാധാന്യം ബോദ്ധ്യപ്പെടുത്താനും; പ്രചരണം നടത്തുക. ഇവ സാമൂഹ്യദ്രോഹികളിൽ നിന്ന് സംരക്ഷിക്കാൻ ജനങ്ങളുടെ എല്ലാവിധ സഹായ സഹകരണങ്ങളും ഉറപ്പാക്കുക. ടാപ്പുകളുടെ സംരക്ഷണം സന്നദ്ധ പരിപാലകൻമാരെ ഏല്പിക്കുക. ജനകീയ കമ്മിറ്റികൾ പ്രവർത്തനം പരിശോധിക്കുക.

8. മഴവെള്ളം കുത്തിയൊലിച്ചു പോകാതെ തൊടിയിൽ തന്നെ താഴാൻ അനുവദിക്കുക.

## ശുചിത്വം

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 50 ശതമാനത്തോളം (2002) കക്കൂസ് ഇല്ലാത്തവയാണ്. SEU സർവ്വെ പ്രകാരം കക്കൂസ് ഇല്ലാത്തവ കണ്ടെത്തി പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉപഭോക്താക്കളുടെ കൂടി പങ്കാളിത്തത്തോടെ കക്കൂസുകൾ സ്ഥാപിച്ചു കൊടുക്കുന്ന പദ്ധതി നിലവിലുണ്ട്. 379 കക്കൂസുകൾ ആകെ സ്ഥാപിച്ചു കഴിഞ്ഞു. 1, 2, 4, 7, 10 വാർഡുകളിൽ ഇതിൻെറ ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയായി. 6, 8, 9 വാർഡുകളിൽ ഈ പ്രവർത്തനം തുടങ്ങിയിട്ടില്ല. 3, 5 വാർഡുകളിൽ ഭാഗികമായി പൂർത്തിയായിരിക്കുന്നു. കക്കൂസില്ലാത്ത എല്ലാ ഗുണഭോക്താക്കളും 500 രൂപ അടക്കാത്തതിനാൽ ആവശ്യക്കാർക്കു മുഴുവൻ കക്കൂസ് സ്ഥാപിച്ചു കൊടുക്കാൻ ഒന്നാം ഘട്ടത്തിൽ കഴിഞ്ഞിട്ടില്ല. അവ പിന്നീട് രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കേണ്ടി വരും. SEU പദ്ധതിക്കു പുറമേ ബ്ലോക്കു വഴി അനുവദിച്ച കക്കൂസുകളടക്കം ആകെ 502 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. പരിസര ശുചിത്വം പാലിക്കുന്നതിന് വീടും; പരിസരവും; കക്കൂസും ശുചിയായി സംരക്ഷിക്കണമെന്ന ബോധം, സാമൂഹികമായും; സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഭൂരിഭാഗം ജനങ്ങളിലും ഇല്ല. വീടുകളിലെ മലിനജലം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. പലരും അത് അലക്ഷ്യമായി ഒഴുക്കി കളയുകയാണ്. പാത്രം കഴുകാനും; കുളിക്കാനും മറ്റും; ഉപയോഗപ്പെടുത്തിയ ജലം അടുക്കളതോട്ടം നനക്കാനും; മറ്റും ഉപയോഗപ്പെടുത്താവുന്നതാണ്. കുടിവെള്ള ക്ഷാമം ശക്തമായി നേരിടേണ്ടി വരുന്ന ജനങ്ങളെ വെള്ളം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കേണ്ടതാണ്. ഖരമാലിന്യങ്ങൾ ഒരിടത്ത് ഒന്നിച്ചു കൂട്ടി നശിപ്പിക്കുന്നതിനു പകരം പരിസരങ്ങളിൽ തന്നെ വിതറുന്ന പ്രശ്നം പൊതുവെ ഉണ്ട്. വ്യക്തിപരമായ ശുചിത്വം പാലിക്കുന്നതിന് ശ്രദ്ധ പൊതുവെ ഉണ്ടെങ്കിലും കുട്ടികളുടെ ശുചിത്വം സംരക്ഷിക്കുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും വേണ്ടത്ര ശ്രദ്ധയില്ല. ചില വീടുകളിലെങ്കിലും വളർത്തുമൃഗങ്ങളെയും; പക്ഷികളെയും വീടുകളോട് ചേർന്ന് താമസിപ്പിക്കുന്നതു മൂലം മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. നൂറു ശതമാനം ശുചിത്വമുണ്ടെങ്കിലേ അതുകൊണ്ട് പ്രയോജനമുള്ളൂ. ശുചിത്വത്തിലെ ചെറിയൊരു ന്യൂനതപോലും വ്യക്തികളുടേയും കുടുംബത്തിൻേറയും സമൂഹത്തിൻേറയും ആരോഗ്യത്തിന് ഹാനികരമായി ഭവിക്കുന്നു. ഈച്ച; കൊതുക് എന്നിവ മൂലം ഉണ്ടാകുന്ന പകർച്ച വ്യാധികൾ വ്യാപകമായി അനുഭവപ്പെടുന്നില്ലെങ്കിലും ഈ പ്രാണികളുടെ ശല്യം പൊതുവായി അനുഭവപ്പെടുന്നുണ്ട്. പൊതുസ്ഥലങ്ങവിൽ മലമൂത്ര വിസർജ്ജനം നടത്തുക, കുളിക്കാൻ ഉപയോഗിക്കുന്ന കുളത്തിൽ തന്നെ കന്നുകാലികളെ കഴുകുക, കുളത്തിന് പരിസരങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുക എന്നിവ മുഖേന മലിനപ്പെടാൻ സാധ്യതയുള്ള ജലം തന്നെ കുളിക്കാനും, പല്ലുതേക്കാനും ഉപയോഗിക്കുന്നതു മൂലം പകർച്ച വ്യാധികൾ ഉണ്ടാകുന്നതിന് സാധ്യതയുണ്ട്.

കഠിനമായ വരൾച്ച അനുഭവപ്പെടുമ്പോളും, പുതുമഴ പെയ്ത വെള്ളം ഉപയോഗിക്കുമ്പോഴും ജലത്തിലൂടെ പകരുന്ന വയറിളക്കം പോലുള്ള അസുഖങ്ങൾ കണ്ടു വരാറുണ്ട്. ജല ജന്യ രോഗങ്ങൾ 93-94 ൽ 32 ഉം 94-95 ൽ 26 ഉം 95-96 ൽ 21 ഉം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കിണറുകൾ ആൾമറ കെട്ടി 8 അടി ഉൾവശം പ്ലാസ്റ്ററിങ്ങ് നടത്താത്തവ ഏതാണ്ട് ആകെ കിണറിൻെറ പകുതിയിലേറെ വരും. ഹോട്ടലുകളിൽ നിന്നും, പച്ചക്കറികടകളിൽ നിന്നും മറ്റും ഉള്ള മലിന വസ്തുക്കളും, ചപ്പു ചവറുകളും നശിപ്പിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്താതെ കാനകളിൽ നിക്ഷേപിക്കുന്നതുമൂലം കൂറ്റനാട് ടൗണിൽ മലിനജലം കെട്ടിനിന്ന് പരിസര മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. മത്സ്യ മാംസ മാർക്കറ്റിലെ മാലിന്യങ്ങളും സംസ്ക്കരിക്കുവാനുള്ള മാർഗ്ഗങ്ങളും അപര്യാപ്തമാണ്. പൊതുവെ കേരളത്തിൽ കാണുന്ന മലിനീകരണ പ്രശ്നങ്ങൾ ഇവിടെയും ഉണ്ട് എന്നല്ലാതെ പ്രത്യേകം എടുത്തു പറയാവുന്നവയില്ല.

### പ്രശ്നങ്ങൾ

1. കിണറിന് ആൾമറ കെട്ടാതിരിക്കലും; ഉൾവശം പ്ലാസ്റ്ററിങ്ങ് നടത്താതിരിക്കലും.
2. വീടുകളിലും, പൊതു സ്ഥലത്തും ഖരവസ്തുക്കളും, പാഴ് വസ്തുക്കളും കൂട്ടിയിട്ട് പരിസരപ്രശ്നം ഉണ്ടാക്കുന്നു.
3. ഹോട്ടലുകളിൽ നിന്നും, പച്ചക്കറി കടകളിൽ നിന്നും മറ്റുമുള്ള മലിന വസ്തുക്കൾ പുറത്തേക്ക് ഒഴുക്കി വിടുന്നു.
4. ചപ്പു ചവറുകൾ കാനകളിൽ നിക്ഷേപിക്കുന്നതുമൂലം മലിനജലം ഒഴുകിപോകുന്നില്ല.
5. മത്സ്യ-മാംസ മാർക്കറ്റിലെ അവശിഷ്ടങ്ങൾ സംസ്ക്കരിക്കാനുള്ള മാർഗ്ഗം അപര്യാപ്തമാണ്.

6. ചുരുക്കം വീടുകളിൽ വളർത്തു മൃഗങ്ങളേയും, പക്ഷികളേയും വീട്ടിനുള്ളിൽ താമസിപ്പിക്കുന്നതു മൂലം അവയുടെ മലമൂത്ര വിസർജ്ജനത്തിലൂടെയും മറ്റും പരിസര മലിനീകരണമുണ്ടാകുന്നു.
7. പൊതു ടാപ്പുകൾക്ക് സമീപം കുളിക്കുന്നതും, വസ്ത്രങ്ങൾ അലക്കുന്നതും ഒഴിവാക്കണം.
8. പഞ്ചായത്തു വകയായി മാർക്കറ്റ് ഉപയോഗിക്കാതെ കൂറ്റനാട് ടൗണിൽ വെച്ചുള്ള മത്സ്യ വില്പന പരിസരമലിനീകരണം വളരെയധികം ഉണ്ടാക്കുന്നുണ്ട്.

## പരിഹാരങ്ങൾ

1. അംഗനവാടികളെയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഉപയോഗപ്പെടുത്തി വീടും, പരിസരവും, ജലാശയങ്ങളും, ശുചിയായി സൂക്ഷിക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകൾ നടത്തുക.
2. പൊതുജല വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
3. ബ്ലീച്ചിംഗ് പൗഡറും മറ്റ് ശുചീകരണ വസ്തുക്കളും ഉപയോഗിച്ച് മാർക്കറ്റും പരിസരങ്ങളും ചിട്ടയായി ശുചീകരിക്കുക.
4. ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറ കെട്ടി 8 അടി സിമൻറ് തേച്ച് സംരക്ഷിക്കാൻ വീട്ടുടമകളെ പ്രേരിപ്പിക്കുകയും; ബാങ്കുകളുമായി സഹകരിച്ച് ഇതിനാവശ്യമായ സാമ്പത്തിക സഹായം വേണ്ടവർക്ക് നൽകാൻ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
5. വീടുകളിൽ കമ്പോസ്റ്റു കുഴി നിർമ്മിക്കാനും, അഴുകി പോകുന്ന ഖരമാലിന്യങ്ങൾ അതിൽ നിക്ഷേപിക്കാനും, അഴുകി പോകാത്തവ കത്തിച്ചു കളയാനും പ്രേരിപ്പിക്കുക.
6. കൂറ്റനാട് ടൗണിൽ റോഡിനു വശത്തുള്ള അഴുക്കുവെള്ള ചാൽ വൃത്തിയാക്കി തൃത്താല റോഡിലുള്ള പാടത്ത് എത്തിക്കുക. ഖരമാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സൗകര്യം ഉപയോഗപ്പെടുത്തണമെന്ന് കടയുടമകളെ നിർബന്ധിപ്പിക്കുക. അത് ലംഘിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്ന കാര്യം പരിഗണിക്കുക.
7. മത്സ്യ-മാംസ മാർക്കറ്റിലെ അവശിഷ്ടങ്ങൾ സാംസ്ക്കരിക്കുവാനുള്ള മാർഗ്ഗം ഫലപ്രദമാക്കുക.
8. പഞ്ചായത്തിൽ പൊതു ശ്മശാനം പ്രാവർത്തികമാക്കുക.
9. ഈച്ച-കൊതുക് നിവാരണ പരിപാടികൾ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യുക. പരിസര ശുചീകരണ കേമ്പയിൻ 6 മാസത്തിലൊരിക്കൽ നടത്തുക.

## ആരോഗ്യം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 25,846 ആണ്. 13,113 സ്ത്രീകളും, 12,733 പുരുഷൻമാരുമാണ്. 1991 - ലെ ജനസംഖ്യ 11,135 പുരുഷൻമാരും, 12,153 സ്ത്രീകളും ഉൾപ്പെടെ 23,288 ആയിരുന്നു. പഞ്ചായത്തിലെ ജനന നിരക്ക് ആയിരത്തിന്, പതിനാറ് ആണ്. കേരളത്തിൻെറ ജനന നിരക്കുമായി (1,000 ന് 17) തട്ടിച്ചു നോക്കുമ്പോൾ പഞ്ചായത്തിൻെറ നില മെച്ചപ്പെട്ടതാണ്. പഞ്ചായത്തിലെ പൊതു മരണ നിരക്ക് ആയിരത്തിന് 6.2 ഉം, കേരളത്തിലേത് 1,000 ന് 5.9 ഉം ആണ്. ആരോഗ്യ രംഗത്ത് നാം കുറച്ചു കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. മാതൃമരണം, ശിശു മരണം എന്നിവ താരതമ്യേന കുറവാണ്. 1996 ൽ 6 വയസ്സിനു താഴെയുള്ളവരുടെ എണ്ണം 2209 ആണ്.

| വൈകല്യ നിരക്ക് | | | | | |
|---|---|---|---|---|---|
| | 6 വയസ്സിനു മുകളിൽ | | 3-6 വയസ്സിനിടയിൽ | | |
| | പുരുഷൻ | സ്ത്രീ | ആൺ | പെൺ | |
| അംഗവൈകല്യമുള്ളവർ | 61 | 29 | 0 | 0 | അവലംബം |
| മന്ദബുദ്ധികൾ | 19 | 11 | 1 | 0 | ICDS Report |
| ബധിരമൂകർ | 17 | 22 | 1 | 1 | |
| അന്ധർ | 19 | 11 | | | |

മദ്യം, മയക്കു മരുന്ന് എന്നിവക്ക് അടിമപ്പെട്ടവർ, ാനസിക രോഗികൾ, ആത്മഹത്യ ചെയ്തവർ എന്നിവരുട കണക്കുകൾ ശേഖരിച്ച് സാമൂഹിക ആരോഗ്യത്തെ ുറിച്ച് ഗൗരവ്വമായ വിലയിരുത്തൽ നടത്തണം. ഇവയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. കുഷ്ഠം, ക്ഷയം എന്നിവ വ്യാപകമായി കാണുന്നില്ല. എന്നാൽ തിമിരം, രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം എന്നിവ പ്രത്യേകിച്ചും പ്രായമായവരിൽ കാണപ്പെടുന്നു.

| കുട്ടികളുടെ പോഷണ നിലവാരം | |
|---|---|
| ലഘുവായ പോഷണ കുറവുള്ള കുട്ടികൾ | 627 |
| മിതമായ പോഷണ കുറവുള്ള കുട്ടികൾ | 198 |
| ഗുരുതരമായ പോഷണകുറവുള്ള കുട്ടികൾ | 04 |

പഞ്ചായത്തിൽ നടക്കുന്ന പോഷകാഹാര പരിപാടികൾ അംഗൻവാടികളിലെയും, വിദ്യാലയങ്ങളിലെയും ഉച്ച ഭക്ഷണ പരിപാടികളാണ്. ഒരു വയസ്സിനും 3 വയസ്സിനും ഇടക്കുള്ള കുട്ടികളിൽ 90 ശതമാനവും പ്രതിരോധ കുത്തിവെപ്പിന് വിധേയരാണ്. സമഗ്ര പോളിയോ നിർമ്മാർജ്ജന പരിപാടി പഞ്ചായത്തിൽ നടത്തുകയുണ്ടായി. പരിസര ജന്യവും, ദാരിദ്ര്യജന്യവും, തൊഴിൽ ജന്യവുമായ രോഗാതുരത എടുത്തു പറയത്തക്കതായി ഇല്ല.

കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് അവലംബം ICDS Report

| | ബി.സിജി. | സി.വി.റ്റി. | | | | പോളിയോ | | | | സി.റ്റി. | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിനും 3 വയസ്സിനും പരിധിയിലുള്ള കുട്ടികൾ | 745 | 678 | 668 | 590 | 459 | 689 | 634 | 554 | 507 | 140 | 65 | - | - | 519 |

അലോപ്പതി മേഖലയിൽ കൂറ്റനാട് ഒരു സ്വകാര്യ ആശുപത്രിയും, ആയുർവ്വേദ മേഖലയിൽ കോതച്ചിറയിലും, നന്ദിയംകോടും രണ്ട് സ്വകാര്യ ആശുപത്രികളും, സർക്കാർ മേഖലയിൽ കോതചിറയിൽ ആയുർവ്വേദ ഡിസ്പൻസറിയും, സ്വകാര്യ മേഖലയിൽ നന്ദിയംകോടും, കോതചിറയിലും 2 ആയുർവ്വേദ ഡിസ്പൻസറികളും ഉണ്ട്. വാവന്നൂർ, കോതചിറ എന്നിവിടങ്ങളിൽ 2 IPP സബ്ബ് സെൻററും, കൂറ്റനാട്, പെരിങ്ങോട് എന്നിവിടങ്ങളിൽ 2 ഫാമിലി വെൽഫേർ സെൻററുകളും ഉണ്ട്. ചാലിശ്ശേരിയിലെ പ്രഥമികാരോഗ്യ കേന്ദ്രവും, തൃത്താല, പട്ടാമ്പി സർക്കാർ ആശുപത്രികളും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്നവയാണെങ്കിലും അവിടുത്തെ ചികിത്സാ സൗകര്യത്തിന്റെ ശോചനീയാവസ്ഥ അതിന് ഉതകുന്നില്ല. പ്രാഥമിക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുമുണ്ട്. വിദഗ്ദ ചികിത്സക്ക് സൗകര്യങ്ങൾ ഇല്ല. സർക്കാർ ആശുപത്രികളായ ചാലിശ്ശേരിയിലും, തൃത്താലയിലും, പട്ടാമ്പിയിലും ആവശ്യമായ കട്ടിലുകൾ, മരുന്ന്, വെള്ളം, വെളിച്ചം, പരിസര ശുചിത്വം എന്നിവ ഇല്ല. ഡോക്ടർമാരും, ജീവനക്കാരും, കെട്ടിടവും ഉണ്ടെങ്കിലും പ്രയോജന രഹിതമാണ്.

ആയുർവ്വേദ, അലോപ്പതി ചികിത്സകൾക്കു പുറമെ നാടൻ ചികിത്സാ രീതിയിൽപ്പെട്ട ഉഴിച്ചിൽ മുതലായവ നടത്തുന്നതിനുള്ള സൗകര്യം പെരിങ്ങോട് കളരിയുമായി ബന്ധപ്പെട്ട് ലഭ്യമാണ്. കൂറ്റനാട് ഒരു ഹോമിയോ ക്ലീനിക്കുണ്ട്. മറ്റു ചികിത്സാ പദ്ധതികളൊന്നും ഈ പഞ്ചായത്തിൽ ലഭ്യമല്ല.

ആരോഗ്യ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രത്യേകം സന്നദ്ധ സംഘടനകൾ ഇല്ലെങ്കിലും പുരോഗമന യുവജന സംഘടന (DYFI) യുടെ നേതൃത്വത്തിൽ രക്തദാന സേനയും, നേത്രദാന സേനയും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ കൂറ്റനാട് പ്രണവം കലാസമിതിയും പെരിങ്ങോട്, പിലാക്കാട്ടിരി തുടങ്ങിയ പ്രദേശങ്ങളിലും രക്തദാന സേന ഉണ്ട്. ജൂനിയർ ചേമ്പർ, വ്യാപാരി വ്യവസായി സംഘടന, ഈവനിങ്ങ് സ്പോർട്സ് ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ സൗജന്യ കണ്ണു പരിശോധന കേമ്പും, വൈദ്യ പരിശോധന കേമ്പും നടത്തിയിട്ടുണ്ട്.

ചാലിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ അവലോകന റിപ്പോർട്ട്.

പഞ്ചായത്തിൽ PHCക്കു കീഴിൽ 2 ഫാമിലി വെൽഫെയർ സെൻറർ, 2 ഐ.പി.പി. സബ്ബ് സെൻറർ എന്നിവ പ്രവർത്തിക്കുന്നു. അവയിൽ ഓരോ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ പ്രവർത്തിക്കുന്നു. പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ ക്ലിനിക്കുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയാണ് പ്രവർത്തനം. ഇവ സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ - കൂറ്റനാട്, സബ്ബ് സെൻററിൽ വേനൽ കാലത്ത് കിണർ വറ്റുന്നു. വെള്ള ക്ഷാമം നേരിടുന്നു. കിണർ പുതുക്കി പണിയണം. പൊതു ടാപ്പ് സബ്ബ് സെൻററിലേക്ക് നീട്ടണം. കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തണം. വയറിങ്ങ് തകരാറുകൾ തീർക്കണം. മേശ; കസേര ആവശ്യത്തിന് ഇല്ല. കോതചിറ FWC യിൽ കെട്ടിടം അറ്റകുറ്റപ്പണി, കക്കൂസ് നേരെയാക്കൽ, ചുറ്റുമതിൽ, മുറികൾക്ക് സീലിങ്ങ്, ഫർണിച്ചറുകൾ എന്നിവ വേണം. ചെറുചാൽപ്രം IPP സെൻററിൽ കുഴൽകിണർ ജലം ഉപയുക്തമല്ല. ശുദ്ധജല സൗകര്യം അത്യാവശ്യം, കെട്ടിടം അറ്റകുറ്റപ്പണി, വൈദ്യുതി കണക്ഷൻ, ഫർണീച്ചർ എന്നിവ വേണം. കോതചിറ IPP സെൻററിൽ വൈദ്യുതി കണക്ഷൻ, ഫർണിച്ചർ, അറ്റകുറ്റപ്പണി എന്നിവ നടത്തണം.

പഞ്ചായത്തതിർത്തിയിൽപ്പെട്ട സ്ഥലങ്ങളിൽ ചപ്പുചവറുകൾ തുടങ്ങിയവ നിക്ഷേപിക്കാൻ വെയിസ്റ്റുപിറ്റുകൾ സ്ഥാപിക്കുക. ഡ്രയിനേജ് സംവിധാനം ഫലപ്രദ

മാക്കുക. ചപ്പുചവറുകൾ ശേഖരിച്ച് സംസ്ക്കരിക്കാൻ സംവിധാനമുണ്ടാക്കുക. മലേറിയ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക. ആരോഗ്യ രംഗത്തെ പ്രവർത്തനം ഫലപ്രദമാക്കാൻ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ആരോഗ്യ പ്രവർത്തകരെ നിയമിക്കാൻ വേണ്ടുന്ന നടപടികളെടുക്കുക.

## പ്രശ്നങ്ങൾ

1. സർക്കാർ ആശുപത്രികളിൽ (ചാലിശ്ശേരി, തൃത്താല) മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. മരുന്ന്, കെട്ടിടം, വെളിച്ചം തുടങ്ങിയ സൗകര്യങ്ങൾ ഇല്ല.
2. ആരോഗ്യ ബോധവൽക്കരണ പരിപാടികളില്ല.
3. ഐ.പി.പി., ഫാമിലി വെൽഫെയർ, സബ്ബ് സെൻററുകളിൽ ഫർണിച്ചർ, വെള്ളം, വെളിച്ചം എന്നിവ ഇല്ല. കെട്ടിടം അറ്റകുറ്റപ്പണി നടന്നിട്ടില്ല. ആരോഗ്യ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.
4. കോതചിറ ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല.

## പരിഹാരങ്ങൾ-സാധ്യതകൾ

1. ചാലിശ്ശേരി, തൃത്താല ആശുപത്രികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്, വികസന പ്രശ്നങ്ങളിൽ ശ്രദ്ധിക്കാനും, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജീവനക്കാരുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ആശുപത്രി വികസന സമിതികൾ രൂപീകരിക്കുക.
2. മേൽ പറഞ്ഞ സർക്കാർ ആശുപത്രികളിൽ ആവശ്യമായ കിടക്കകൾ, വെള്ളം, വെളിച്ചം, മരുന്ന്, ജീവനക്കാർ എന്നിവയുണ്ടെന്ന് ഉറപ്പു വരുത്തുക.
3. ആരോഗ്യ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവരുൾപ്പെടുന്ന വാർഡുതല സമിതികൾ രൂപീകരിച്ച് ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുക.
4. IPP, FWC സബ്സെൻററുകളുടെ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ നടത്തുക. ആവശ്യമായ വെള്ളം, വെളിച്ചം, മരുന്ന്, ഫർണീച്ചറുകൾ എന്നീ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി ജീവനക്കാരുടെ സേവനം കിട്ടുമെന്ന് ഉറപ്പാക്കുക. സബ്ബ് സെൻററുകളിൽ ക്വാർട്ടേഴ്സ് സൗകര്യം ഉണ്ടാക്കുക.
5. അയ്യായിരം ജനസംഖ്യക്ക് ഒന്ന് എന്ന നിലയിൽ ഒരു സബ്ബ് സെൻററിനു കൂടി സാധ്യതയുണ്ട്. പഞ്ചായത്തിലെ രണ്ട്, മൂന്ന്, വാർഡുകളിലാണ് സബ്ബ് സെൻറർ സൗകര്യമില്ലാത്തത്. ഭൂമിശാസ്ത്രപരമായി ഈ വാർഡുകളുടെ കിടപ്പ് പരിഗണിക്കുമ്പോൾ രണ്ട് ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യമാണ്. അതിനാൽ ഒരു മിനി PHCയും, ഒരു സബ്ബ് സെൻററും അനുവദിക്കാവുന്നതാണ്.
6. സബ്ബ് സെൻററുകളിൽ ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരിക്കലെങ്കിലും നിശ്ചിത ദിവസം, നിശ്ചിത സമയത്ത് ലഭ്യമാക്കുക.
7. കോതചിറ ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടമുണ്ടാക്കുക.
8. സാങ്കേതിക കാരണങ്ങളാൽ പലപ്പോഴും മടങ്ങുന്ന ഇമ്മ്യൂണൈസേഷൻ സ്കീം പഞ്ചായത്തിൻെറ സഹായത്താൽ നടത്തുക.
9. സർക്കാർ ആശുപത്രികളുടെ സേവനത്തിൽ ജനങ്ങൾക്ക് വേണ്ടത്ര വിശ്വസമുണ്ടാകാൻ ജീവനക്കാരും; ജനപ്രതിനിധികളും ചേർന്ന് ശ്രമിക്കുക.
10. വ്യക്തിയുടേയും, കുടുംബത്തിൻേറയും ആരോഗ്യം നശിപ്പിക്കുന്ന മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുക.
11. വിദ്യാലയങ്ങളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം സജീവമാക്കുക.
12. നേത്രദാന, രക്തദാന സേനകൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക. ഇതിനുവേണ്ടി സന്നദ്ധ സംഘടനകളെ പരമാവധി ഉപയോഗിക്കുക. ■



# വിദ്യാഭ്യാസം

"പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കയ്യിലെടുത്തോളൂ
പുത്തനൊരായുധമാണ് നിനക്കതു
പുസ്തകം കയ്യിലെടുത്തോളൂ."

ബെർതോൾഡ് ബ്രഹ്ത്

## ആമുഖം

ജാതി-ജന്മി-നാടുവാഴിത്ത ബന്ധങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യ ജീവിതം നിലനിന്നിരുന്ന ഈ ഉൾനാടൻ ഗ്രാമത്തിൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ ആദ്യത്തെ സ്കൂൾ പ്രവർത്തനം ആരംഭിച്ചുവെങ്കിലും സമൂഹത്തിൻെറ മേലെക്കിടയിലുള്ള കുറച്ചുപേർ മാത്രമാണ് സ്കൂളിൽ പോയിരുന്നത്. നാട്ടാചാര പ്രകാരമുള്ള നിലത്തെഴുത്താശ്ശാന്മാരുടെ അടുത്തുപോയി എഴുതാനും വായിക്കാനും കണക്കു കൂട്ടാനും പഠിക്കുക മാത്രമായിരുന്നു ബഹു ഭൂരിപക്ഷത്തിൻെറയും ഔപചാരിക വിദ്യാഭ്യാസം. രാമായണം വായിക്കാറാവുക എന്നായിരുന്നു ഏകലക്ഷ്യം. മുസ്ലിം വിഭാഗത്തിൽപ്പെട്ടവർ മതപണ്ഡിതന്മാരെ സമീപിച്ച് ഖുറാനും പഠിച്ചിരുന്നു. ഓരോ സമുദായക്കാരും അവരവരുടെ പാരമ്പര്യതൊഴിൽ അഭ്യസിക്കുന്നതിലാണ് ശ്രദ്ധിച്ചിരുന്നത്. അതിനു മാത്രമേ അവർക്ക് സൗകര്യമുണ്ടായിരുന്നുള്ളൂ. ആധുനിക വിദ്യാഭ്യാസത്തെ കുറിച്ച് ധാരണ ഇല്ലായിരുന്നു. ബ്രാഹ്മണരാകട്ടെ വേദാധ്യയനത്തിലും ബ്രഹ്മചര്യത്തിലുമാണ് മുഴുകിയിരുന്നത്. എന്നാൽ ജന്മി ഗൃഹങ്ങളിലും മറ്റു സമ്പന്ന കുടുംബങ്ങളിലും സ്വകാര്യ അധ്യാപകന്മാരെ ഗൃഹങ്ങളിൽ വരുത്തി ആധുനിക വിദ്യാഭ്യാസത്തിൻെറ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുകയും പിന്നീട് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനും ഉപരി വിദ്യാഭ്യാസത്തിനും തൃശൂർ-കോഴിക്കോട്-മദിരാശി പട്ടണങ്ങളെ ആശ്രയിക്കുകയുമാണ് ചെയ്തിരുന്നത്.

1912 ജൂൺ 6 ന് പെരിങ്ങോട് പൂമുള്ളി മന വക മാനേജ്മെൻറിൽ ഒരു എലിമെൻററി വിദ്യാലയം ആരംഭിച്ചതോടെയാണ് ആധുനിക പൊതു വിദ്യാഭ്യാസത്തിൻെറ കവാടം ഈ പഞ്ചായത്തിലെ പൗരന്മാർക്ക് തുറന്നു കിട്ടിയത്. തുടക്കത്തിൽ വളരെ കുറച്ചു പേർ മാത്രമാണ് പ്രവേശനം നേടിയിരുന്നത്. പെൺകുട്ടികളാകട്ടെ 3 വർഷത്തിനു ശേഷം ഒരാളും അടുത്ത വർഷത്തിൽ രണ്ടുപേരും.

പിന്നീട് ഈ വിദ്യാലയം ഹയർ എലിമെൻററി സ്കൂളായും, ഹൈസ്കൂളായും ഉയർത്തപ്പെട്ടു. അതിനു മുമ്പ് ചാത്തന്നൂർ ഗവൺമെൻറ് ഹൈസ്കൂളിലേക്കാണ് വിദ്യാർത്ഥികൾ പോയിരുന്നത്. 1927 ൽ പിലാക്കാട്ടിരിയിൽ സർക്കാർ മേഖലയിൽ ഇന്നുള്ള പ്രാഥമിക വിദ്യാലയം ആരംഭിച്ചു. അതിനെ തുടർന്ന് മറ്റു വിദ്യാലയങ്ങളും നിലവിൽ വന്നു. വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമാക്കിയ ശേഷമാണ് എല്ലാവരും സ്കൂളിൽ പോകാൻ തുടങ്ങിയത്. ഇന്ന്, സ്ക്കൂൾ പ്രവേശനത്തിന് പ്രായമായ എല്ലാവരും സ്കൂളിൽ പ്രവേശിക്കപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 4 എൽ.പി. സ്കൂളുകളിൽ രണ്ടെണ്ണം. (ജി.എൽ.പി.എസ്സ്. പിലാക്കാട്ടിരി, കോതചിറ നോർത്ത്) സർക്കാർ മേഖലയിലും രണ്ടെണ്ണം (എ.എൽ.പി.എസ്സ്. പെരിങ്ങോട്, ചെറുചാൽപ്രം) എയിഡഡ് മേഖലയിലും പ്രർത്തിക്കുന്നു. 2 യു.പി. സ്കൂളുകൾ (ജി.യു.പി. എസ്സ് കോതചിറ തെക്ക്, നാഗലശ്ശേരി എന്നിവയാണ്.) ആകെയുള്ള ഒരേ ഒരു ഹൈസ്കൂൾ എയിഡഡ് മേഖലയിലാണ്. ഈ ഹൈസ്കൂളിനോടനുബന്ധിച്ച് യു.പി.യും പ്രവർത്തിക്കുന്നുണ്ട്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ അൺ എയിഡഡ്, അൺ റെക്കഗ്നൈസ്ഡ് മേഖലകളിൽ 2 എൽ.പി.സ്കൂളുകളും ഉണ്ട്. (അക്ഷര, പ്രിയദർശിനി ഇംഗ്ലീഷ് മീഡിയം) തൃത്താല, പട്ടാമ്പി, പടിഞ്ഞാറങ്ങാടി, പെരുമ്പിലാവ്, കുന്നംകുളം എന്നിവിടങ്ങളിലെ അൺ എയിഡഡ് സ്കൂളുകളിലേക്ക് 100 ഓളം കുട്ടികൾ പോകുന്നുണ്ട്. പട്ടിത്തറ പഞ്ചാത്തതിർത്തിയിലുള്ള വട്ടേനാട് ജി.വി.എച്ച്.എസ്സിനെ കുറെ കുട്ടികൾ ആശ്രയിക്കുന്നുണ്ട്. പെരിങ്ങോട് ഹൈസ്കൂളിലേക്ക് തിപ്പിലിശ്ശേരി ഭാഗത്തു നിന്ന് ചുരുക്കം കുട്ടികൾ എത്തുന്നുണ്ട്. അൺ എക്കണോമിക് സ്കൂളുകൾ ഇല്ല. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ICDS വക അംഗൺ വാടികൾക്കു പുറമെ അൺ എയിഡഡ് മേഖലയിൽ രണ്ട് നഴ്സറി സ്ക്കൂളുകളും ഉണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളിലായി സർക്കാർ എയിഡഡ് മേഖലയിൽ സ്കൂളുകളുടെ എണ്ണത്തിൽ മാറ്റമില്ല. ഹൈസ്കൂൾ വിഭാഗത്തിൽ 1042 ഉം (550 വിദ്യാർത്ഥികൾ, 492 വിദ്യാർത്ഥിനികൾ) യു.പി. വിഭാഗത്തിൽ 2067 ഉം (1075 + 992) എൽ.പി. വിഭാഗങ്ങളിൽ 2138 ഉം (1081 + 1057) അൺ എയിഡഡ് വിഭാഗത്തിൽ 140ഉം വിദ്യാർത്ഥികൾ

ഉണ്ട്. സമൂഹത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെങ്കിലും വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. ഈ വ്യത്യാസം ഹൈസ്കൂൾ തലത്തിൽ എത്തുമ്പോൾ ഗണ്യവുമാണ്.

ഹൈസ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടി വരുന്നുണ്ടെങ്കിലും പ്രൈമറിയിൽ നാമമാത്രമായാണെങ്കിലും കുറഞ്ഞു വരുന്നു.

| കുട്ടികളുടെ എണ്ണം | | | | | |
|---|---|---|---|---|---|
| സ്കൂളിൻെറ പേര് | 1992-93 | 93-94 | 94-95 | 95-96 | 96-97 |
| GUPS നാഗലശ്ശേരി | 801 | 736 | 728 | 741 | 702 |
| ALPS ചെറുചാൽപ്രം | 217 | 202 | 199 | 214 | 200 |

മേൽ പറഞ്ഞ വിദ്യാലയങ്ങളിലായി 88 സ്ത്രീകളും 37 പുരുഷന്മാരുമായി 125 അദ്ധ്യാപകരാണ് ഉള്ളത്.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിൻെറ പേര് | മേഖല | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | വിദ്യാർത്ഥി | വിദ്യാർത്ഥിനി | ആകെ |
| H.S. പെരിങ്ങോട് | Aided | 17 | 32 | 49 | 1149 | 992 | 2141 |
| ALPS പെരിങ്ങോട് | Aided | 08 | 12 | 20 | 440 | 416 | 856 |
| ALPS ചെറുചാൽപ്രം | Aided | 01 | 06 | 07 | 103 | 097 | 200 |
| GUPS നാഗലശ്ശേരി | Govt. | 02 | 22 | 24 | 365 | 337 | 702 |
| GUPS കോതചിറ | Govt. | 06 | 06 | 12 | 298 | 317 | 615 |
| GLPS പിലാക്കാട്ടിരി | Govt. | 01 | 03 | 04 | 076 | 069 | 145 |
| GLPS കോതചിറ | Govt. | 02 | 07 | 09 | 103 | 120 | 223 |
| അക്ഷര | Un Aided | | | 11 | | | 105 |
| പ്രിയദർശിനി | Un Aided | | | 03 | | | 035 |

## വിദ്യാർത്ഥികളെ ക്ലാസ്സ് തിരിച്ച്

| സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|
| ALPS പെരിങ്ങോട് | 440 | 416 | 856 |
| GLPS കോതചിറ | 103 | 120 | 223 |
| GLPS നാഗലശ്ശേരി | 187 | 162 | 349 |
| GLPS കോതചിറ | 175 | 195 | 370 |
| GLPS പിലാക്കാട്ടിരി | 076 | 069 | 145 |
| ALPS ചെറുചാൽപ്രം | 100 | 095 | 195 |
| ആകെ | 1081 | 1057 | 2138 |
| GUPS നാഗലശ്ശേരി | 178 | 175 | 353 |
| GUPS കോതചിറ | 298 | 317 | 615 |
| HS പെരിങ്ങോട് | 599 | 500 | 1099 |
| ആകെ | 1075 | 992 | 2067 |
| പെരിങ്ങോട് HS | 550 | 492 | 1042 |

## ഭൗതിക സാഹചര്യങ്ങൾ

യു.പി., എൽ.പി. സ്കൂളുകളിൽ കെട്ടിട സൗകര്യം ഉണ്ട്. (പിലാക്കാട്ടിരി സ്കൂൾ വാടക കെട്ടിടത്തിലാണ്.) എന്നാൽ ക്ലാസ്സ് വിഭജനം നടത്താത്തതിനാൽ അസൗകര്യങ്ങൾ ഉണ്ട്. കോതചിറ ഗവൺമെൻറ് എൽ.പി. സ്കൂളിന് ചുറ്റുമതിൽ ഇല്ല. മറ്റു വിദ്യാലയങ്ങളിൽ ഭാഗികമായി മാത്രമേ ചുറ്റുമതിൽ ഉള്ളൂ. കുടിവെള്ള സൗകര്യത്തിന് പെരിങ്ങോട് സ്കൂളിൽ പഞ്ചായത്തു വക ചെറുകിട ജലവിതരണ പദ്ധതിയിൽ നിന്ന് ടാപ്പ് അനുവദിച്ചു കൊടുത്തിട്ടുണ്ട്. പിലാക്കാട്ടിരി സർക്കാർ എൽ.പി. സ്കൂളിൽ കോമ്പൗണ്ടിനകത്ത് കിണറോ, ടാപ്പോ ഇല്ല. എന്നാൽ ഗെയിറ്റിനു പുറത്ത് SEU വക ടാപ്പുണ്ട്. നാഗലശേരി യു.പി. സ്കൂളിൽ ചാൽപ്രം മിനി വാട്ടർ സപ്ലൈ സ്കീമിൻെറ ടാപ്പിനു പുറമെ PTA നിർമ്മിച്ച കിണറും, പമ്പുസെറ്റും, ടാങ്കും ഉണ്ട്.

കോതചിറ എൽ.പി., യു.പി., സ്കൂളുകളിലും കുടിവെള്ള സൗകര്യമുണ്ട്. ചെറുചാൽപ്രം എൽ.പി. സ്കൂളിൽ കുടിവെള്ള സൗകര്യമില്ല. എൽ.പി., യു.പി. സ്കൂളുകളിൽ അനുയോജ്യമായ കളിസ്ഥലത്തിൻെറ അഭാവം ഉണ്ട്.

മൂത്രപ്പുര, കക്കൂസ് എന്നിവ നാഗലശ്ശേരി യു.പി.യിലും, കോതചിറ എൽ.പി.യിലും മാത്രമേ ഉള്ളൂ. ഈ വിദ്യാലയങ്ങളിൽ ഫർണീച്ചറുകൾ അത്യാവശ്യത്തിന് ഉണ്ട്. കേടുവന്നവ നേരെയാക്കുകയും കെട്ടിടം അറ്റകുറ്റ പണി നടത്തുകയും ചെയ്യാറുണ്ട്. എന്നാൽ കോതചിറ എൽ.പി.യിൽ ഇവ രണ്ടും നടന്നിട്ടില്ല.

പെരിങ്ങോട് ഹൈസ്കൂളിൽ ഒരു ക്ലാസ്സിൽ ശരാശരി 80 വിദ്യാർത്ഥികൾ ഉണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്സ് റൂമുകൾ ഇല്ല. കൂടുതൽ ക്ലാസ്സു മുറികൾ പണിതാൽ കൂടുതൽ തൊഴിൽ സാധ്യതയും ഉണ്ട്. കുടിവെള്ളത്തിനും, പ്രാഥമികാവശ്യങ്ങൾക്കും സൗകര്യമുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് നോക്കുമ്പോൾ അപര്യാപ്തമാണ്. വൃത്തിയുള്ള മൂത്രപ്പുരയുടെ സൗകര്യമില്ല. അതിൻെറ പ്രയാസം ഏറെ അനുഭവിക്കുന്നത് വിദ്യാർത്ഥിനികളാണ്. എയിഡഡ് സ്കൂളായതുകൊണ്ട് വിദ്യാലയത്തിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ PTA നേതൃത്വത്തിൽ ജനകീയ സംരംഭത്തിന് സാധ്യതയില്ല. മാനേജ്മെൻറിനാണെങ്കിൽ അശ്രദ്ധയുണ്ടുതാനും.

ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ പെരിങ്ങോട് ഹൈസ്ക്കൂളിലും, നാഗലശ്ശേരി യു.പി. യിലും മാത്രമേ ഉള്ളൂ. മറ്റു സ്കൂളുകളിൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ പുസ്തകങ്ങളും, പഠനോപകരണങ്ങളും പരിമിതമായി ലഭിച്ചിട്ടുണ്ട്. പൊതുവെ വിദ്യാലയങ്ങളിൽ പഠനോപകരണങ്ങൾ വേണ്ടത്രയില്ല. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഒരു വിദ്യാലയത്തിലും ഇല്ല. അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, മാതൃസംഗമങ്ങൾ എന്നിവ എല്ലാ വിദ്യാലയത്തിലും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ജനറൽ ബോഡികളിലെ പങ്കാളിത്തം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. വിദ്യാലയങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിലും, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും പി.ടി.എ. ഭാരവാഹികൾ ബന്ധപ്പെടുന്നുണ്ടെങ്കിലും വിദ്യാലയത്തിൻെറ മൊത്തം ഉൽക്കർഷത്തിന് ഇനിയുമേറെ സംഭാവനകൾ ചെയ്യാൻ പി.ടി.എ.കൾക്കു കഴിയും. അതുപോലെ തന്നെ മാതൃസംഗമങ്ങളും പങ്കാളിത്തംകൊണ്ട് മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആകെ പഠിക്കുന്ന കുട്ടികളിൽ SC/ST വിദ്യാർത്ഥികൾ 24% മാണ്. തോറ്റു പഠിക്കുന്നവരിൽ 39% SC/ST വിദ്യാർത്ഥികളും 61% മറ്റുള്ളവരുമാണ്. തോറ്റു പഠിക്കുന്ന SC/ST വിദ്യാർത്ഥികളിൽ 26% ആൺകുട്ടികളും, 13% പെൺകുട്ടികളുമാണ്. പഠനം നിറുത്തിയവരിൽ 24% SC/ST വിദ്യാർത്ഥികളും 76% മറ്റുള്ളവരുമാണ്. പഠനം നിർത്തുന്നവരിൽ കൂടുതലും ആൺകുട്ടികളാണ്. ഹൈസ്കൂളിൽ എസ്.എസ്. എൽ.സി. വിജയ ശതമാനം കുറഞ്ഞുവരുന്നുണ്ട്.1991-92ൽ 36 ശതമാനവും, 95-96 ൽ 26 ശതമാനവുമാണ്.

## പൊതു പഠന നിലവാരം

30 ശതമാനത്തിൽ താഴെ മാർക്കു വാങ്ങുന്നവർ മൊത്തം കുട്ടികളുടെ 27 ശതമാനവും, 30 മുതൽ 50 ശതമാനം മാർക്കു വാങ്ങുന്നവർ 38 ശതമാനവും അതിനു മേൽ 35 ശതമാനവുമാണ്.

പട്ടിക - 4

| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ 1 | | | SC/ST കുട്ടികൾ 2 | | | തോറ്റു പഠിക്കുന്നവർ SC/ST 3 | | | മറ്റുള്ളവർ 4 | | | പഠനം നിറുത്തിയവർ 5 | | | മറ്റുള്ളവർ 6 | | | ആകെ 5+6 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| HS പെരിങ്ങോട് | 1149 | 992 | 2141 | 220 | 237 | 457 | 032 | 017 | 049 | 122 | 042 | 164 | 012 | 03 | 15 | 31 | 06 | 37 | 52 |
| GUPS നാഗലശ്ശേരി | 365 | 337 | 702 | 73 | 69 | 142 | 08 | 04 | 12 | 27 | 07 | 34 | 0 | 01 | 01 | 03 | 0 | 03 | 04 |
| GLPS പിലാക്കാട്ടിരി | 76 | 69 | 145 | 16 | 15 | 31 | 03 | 01 | 04 | 01 | 0 | 01 | 0 | 0 | 0 | 0 | 0 | 0 | 0 |
| GLPS കോതചിറ | 103 | 120 | 223 | 26 | 27 | 53 | 04 | 02 | 06 | 03 | 03 | 06 | 04 | 04 | 04 | 04 | 04 | 08 | 08 |
| ALPS ചെറുചാൽപ്രം | 100 | 95 | 195 | 36 | 23 | 59 | 04 | 02 | 06 | 04 | 03 | 07 | 0 | 0 | 0 | 0 | 0 | 0 | 0 |
| | 1693 | 1613 | 3706 | 371 | 371 | 742 | 051 | 026 | 077 | 157 | 55 | 212 | 12 | 04 | 16 | 38 | 10 | 48 | 64 |

## വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടാത്തതിന്റെ പൊതുവായ കാരണങ്ങൾ

1. കുട്ടികളിൽ അഭിരുചിയുണർത്തുന്നതിനുതകുന്ന നവീന അദ്ധ്യാപന രീതികൾ അവലംബിക്കുന്നില്ല. അദ്ധ്യാപകർക്ക് അതിനുള്ള പരിശീലനങ്ങൾ അപര്യാപ്തമാണ്.
2. അതി ബൃഹത്തായ പാഠ്യപദ്ധതികളും, പാഠങ്ങളും.
3. വിദ്യാലയത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ വീട്ടിൽവെച്ച് പഠിച്ചുറപ്പിക്കുന്നതിന് അനുകൂലമായ ഗൃഹാന്തരീക്ഷം രക്ഷിതാക്കൾ ഉണ്ടാക്കുന്നില്ല.
4. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ പഠനം രസകരമാക്കികൊണ്ട് കുട്ടികളുടെ ഭിന്നങ്ങളായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നില്ല.
5. അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ യഥാസമയം പരിശോധിക്കപ്പെടുന്നില്ല.

അടുത്ത കാലത്തായി വിദ്യാലയത്തിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ കാര്യമായ ചർച്ചകളും, ആലോചനകളും, പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സന്നദ്ധ സംഘടനകളും, KSTA പോലുള്ള അദ്ധ്യാപക സംഘടനകളും ജില്ലാ തലത്തിലുള്ള വിദ്യാഭ്യാസ പരിശീലന കേന്ദ്രം (DIET) വഴി സർക്കാരും ഇത്തരം സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി MLL (അവശ്യപഠന നിലവാര ബോധനം) സ്കീം ഇവിടെ നടപ്പാക്കപ്പെട്ടിരുന്നു. DPEP എന്ന പേരിൽ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുന്നു. അതുപോലെ തന്നെ പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പഞ്ചായത്തുതല കോംപ്ലക്സ് പെരിങ്ങോട് ഹൈസ്കൂളിനെ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. പ്രൈമറി ക്ലാസ്സുകളിൽ സാക്ഷരതാ നിലവാരം പരിശോധിച്ച് നിരക്ഷരായവരെ കണ്ടെത്തി പ്രത്യേകം കോച്ചിങ്ങ് ക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ട്. മാതൃ സംഗമങ്ങളും പഠന നിലവാരം മെച്ചപ്പെടുത്താനുള്ള പരിശ്രമത്തിന്റെ ഭാഗമാണ്.

## പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ/ പാഠ്യേതര പ്രവർത്തനങ്ങൾ

പ്രവൃത്തി പരിചയമേള, കലാകായിക മേളകൾ, അക്കാഡമിക്‌തല ക്ലാസ്സുകൾ, യുറീക്കാ വിജ്ഞാനോത്സവം, സ്കൗട്ട് ആൻറ് ഗൈഡ്സ്, പഠന യാത്രകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഭാഗികമാണ്. കലാരംഗത്ത് വിശേഷിച്ചും സാമ്പത്തിക പ്രശ്നമാണിതിന് വിഘാതമാകുന്നത്. സാമ്പത്തിക ചെലവില്ലാത്ത മത്സരങ്ങളിൽ തന്നെ കുട്ടികളെ പരിശീലിപ്പിച്ച് പങ്കെടുപ്പിക്കുന്നതിൽ അദ്ധ്യാപകർ വേണ്ടത്ര താല്പര്യമെടുക്കുന്നില്ല. പഞ്ചവാദ്യം, പെയിൻറിംഗ്, കഥകളി സംഗീതം എന്നിവയിൽ പെരിങ്ങോട് ഹൈസ്കൂളിലെ ആൺകുട്ടികൾ ജില്ലാ-സംസ്ഥാന അവാർഡുകൾ നേടിയിട്ടുണ്ട്. 93-94 വർഷത്തിൽ നാഗലശ്ശേരി യു.പി.ക്ക് പച്ചക്കറി കൃഷി തോട്ട പരിപാലനത്തിന് പാലക്കാട് ജില്ലയിൽ രണ്ടാം സമ്മാനം ലഭിക്കുകയുണ്ടായി.

## സമാന്തര വിദ്യാലയങ്ങൾ

പാരലൽ/ട്യൂട്ടോറിയൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ മൊത്തം 8 എണ്ണം പ്രവർത്തിക്കുന്നു. മൊത്തം കുട്ടികളിൽ 25 ശതമാനം മാത്രമേ ട്യൂട്ടോറിയലുകളെ ആശ്രയിക്കുന്നുള്ളൂ. കോളേജ് വിദ്യാഭ്യാസത്തിന് 200 ൽ താഴെയല്ലാത്ത കുട്ടികൾ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് പട്ടാമ്പി, ഒറ്റപ്പാലം, കുന്നംകുളം, തൃശൂർ, ഗുരുവായൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

## സാങ്കേതിക വിദ്യാലയങ്ങൾ

ഒരു തുന്നൽ പരിശീലന കേന്ദ്രവും(പെരിങ്ങോട്), 5 ടൈപ്പ് റൈറ്റിങ്ങ് സ്ഥാപനങ്ങളും, 2 കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്. 350 കുട്ടികൾക്കുള്ള പഠന സൗകര്യം മാത്രമേ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ട് സാധ്യമാകുന്നുള്ളൂ.

| വിദ്യാഭ്യാസ നില | |
|---|---|
| S.S.L.C. | 1403 |
| Graduate | 406 |
| Post Graduate | 76 |
| Doctor | 35 |
| Engineer | 21 |
| Advocates | 5 |
| Diploma | 46 |

## അനൗപചാരിക വിദ്യാഭ്യാസം

പഞ്ചായത്തിലാകമാനം 9 വായന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. 2,8 വാർഡുകളിലെ ഗ്രന്ഥശാലകൾക്ക് സ്വന്തം കെട്ടിടങ്ങളില്ല. 10, 2 വാർഡുകളിലെ ഗ്രന്ഥശാലകൾ പഞ്ചായത്തു വകയാണ്. മറ്റുള്ളവർക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. ആനുകാലികങ്ങൾ സമയാസമയങ്ങളിൽ വരുത്താനും, പുതിയ ഗ്രന്ഥങ്ങൾ വാങ്ങാനും, സാമ്പത്തിക പ്രശ്നം തടസ്സമായി നില്ക്കുന്നു. വായിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.

സാക്ഷരതാ യജ്ഞവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടനകളും, യുവജനങ്ങളും കാര്യക്ഷമമായി

നടത്തിയിരുന്നുവെങ്കിൽപ്പോലും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുകയാണ്. നവ സാക്ഷരർ നിരക്ഷരരായികൊണ്ടിരിക്കുന്നു. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ ഭാഗമാക്കാവുന്ന അംഗൻവാടികൾ 26 എണ്ണം ഈ പഞ്ചായത്തിലുണ്ട്. പഴയ ബാലവാടി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവക്കല്ലാതെ പുതിയ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ആവശ്യമായ കളിക്കോപ്പുകളുമില്ല. ചാലാച്ചി, മണിയാറംകുന്ന്, മൈലാഞ്ചി, മൂളിപറമ്പ്, കോതചിറ, ആമക്കാവ് എന്നിവിടങ്ങളിലെ അംഗനവാടികൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. അംഗനവാടികളുടെ കെട്ടിടംപണി അവസാനഘട്ടം പുരോഗമിച്ചു വരുന്നു. മൈലാഞ്ചി അംഗൻവാടി കെട്ടിടം പണി ഒന്നാംഘട്ടത്തിൽ ആണ്. മറ്റെല്ലാ അംഗൻവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവക്ക് സ്വന്തമായി സ്ഥലം കണ്ടെത്താനും, കെട്ടിടം പണിയുന്നതിനും ജനകീയ സഹകരണത്തോടെ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. അംഗൻവാടികളുടെ പ്രവർത്തനം ആകർഷകമാക്കിയാൽ പ്രീ-പ്രൈമറി വിദ്യാഭ്യാസാവശ്യം നിറവേറ്റാനാകുമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. അൺ എയിഡഡിനെ ആശ്രയിക്കേണ്ടി വരില്ല.

### പ്രശ്നങ്ങൾ:

1. മെച്ചപ്പെട്ട അദ്ധ്യാപന രീതിയില്ലായ്കയും അന്യത്വം നില്ക്കുന്ന പാഠ്യപദ്ധതിയും, കുടുംബത്തിൽ മാതാപിതാക്കളുടെ ശ്രദ്ധക്കുറവും.
2. കുട്ടികളുടെ അഭിരുചി കണ്ടെത്തി അതിനെ പ്രോത്സാഹിപ്പിക്കാൻ പറ്റിയ സംവിധാനമില്ല. കലാകായിക രംഗങ്ങളിലുള്ള അവസ്ഥയും മറ്റൊന്നല്ല.
3. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു എൽ.പി. സ്കൂൾ ഉണ്ട്.
4. ഇംഗ്ലീഷ് മീഡിയത്തിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നു.
5. ആധുനികാവശ്യങ്ങൾ നിറവേറ്റുന്ന സാങ്കേതിക സ്ഥാപനങ്ങൾ ഇല്ല.
6. കലാകായിക പരിശീലനങ്ങൾക്ക് സൗകര്യമില്ല.
7. പെരിങ്ങോട് ഹൈസ്കൂളിൽ വിജയശതമാനം കുറവ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
8. കോതചിറ തെക്ക്, ചെറുചാൽപ്രം, പിലാക്കാട്ടിരി എന്നീ സ്കൂളുകളിൽ വൈദ്യുതി കണക്ഷനുകൾ ഇല്ല.
9. അംഗനവാടികൾക്ക് ഭൗതികസൗകര്യങ്ങളായ കെട്ടിടം, കളിക്കോപ്പ് എന്നിവയില്ല.
10. അനൗപചാരിക വിദ്യാഭ്യാസത്തിനുതകുന്ന പുതിയ പരിപാടികൾ ഒന്നും തന്നെ നടക്കുന്നില്ല.

### പരിഹാരങ്ങൾ, ആവശ്യങ്ങൾ

1. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
2. രക്ഷാ കർതൃ സമിതി-മാതൃസംഗമ പ്രവർത്തനം ഊർജ്ജിതമാക്കുക. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ദൈനംദിനം ശ്രദ്ധിക്കേണ്ടതു സംബന്ധിച്ച് രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുക.
3. ബ്ലോക്കു തലത്തിൽ ഒരു കോളേജും സാങ്കേതിക പഠന കേന്ദ്രവും സ്ഥാപിക്കുക.
4. ഒഴിവു വരുന്ന തസ്തിക നികത്താൻ പ്രാദേശിക ഭരണ സമിതിക്ക് അധികാരം നല്കുക. സമഗ്ര വിദ്യാഭ്യാസ വികസന സമിതി പഞ്ചായത്തു തലത്തിലും സ്കൂളുകൾ കേന്ദ്രീകരിച്ചു വിദ്യാലയ വികസന സമിതിയും രൂപീകരിക്കുക.
5. പെരിങ്ങോട് ഹൈസ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ മാനേജ്മെൻറിനെ പ്രേരിപ്പിക്കാൻ പഞ്ചായത്തു ശ്രദ്ധിക്കുക.
6. വട്ടേനാട് സ്കൂളിലെ സെഷനൽ സമ്പ്രദായം അവസാനിപ്പിക്കുക.
7. നാഗലശ്ശേരി, കോതചിറ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുക.
8. എൽ.പി. സ്കൂളുകളിൽ അഡീഷണൽ അദ്ധ്യാപക തസ്തിക ഒരെണ്ണം അനുവദിക്കുക.
9. പിലാക്കാട്ടിരി സ്കൂളിലെ വാടക കെട്ടിടം മാറ്റി സ്വന്തം കെട്ടിടമാക്കുക.
10. കോംപ്ലക്സ് പ്രവർത്തനം സജീവമാക്കാൻ ഒരു പ്രവർത്തന പരിപാടിയും, ടൈംടേബിളും തയ്യാറാക്കുക.
11. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക. ആവശ്യമായ പഠനോപകരണങ്ങളും, കളിപ്പാട്ടങ്ങളും സജ്ജീകരിക്കുക.
12. അംഗൻവാടികളെ പ്രീ-പ്രൈമറി വിദ്യാഭ്യാസ ലക്ഷ്യം നേടാൻ പ്രാപ്തമാക്കണം.
13. അംഗൻവാടികൾ നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്താനായി പഞ്ചായത്തു തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുക.
14. വായനശാലകൾ, ഗ്രന്ഥശാലകൾ എല്ലാ വാർഡിലും ഉണ്ടാക്കുക. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുക.
15. വായനാശീലം വളർത്താൻ ബോധവൽക്കരണം നടത്തുക.

■



കരിനില മുഴുമാക്കർഷകരോടും
വർഷം മുഴുവൻ വഴി നന്നാക്കാൻ
പെരിയ കരിങ്കൽപ്പാറ നുറുക്കി
നുറുക്കിയൊരുക്കും പണിയാളരോടും
എരി വെയിലത്തും പെരു മഴയത്തും
ചേർന്നമരുന്നൂ ദൈവം മണ്ണാർ
ന്നിരു കൈകളിലും : കൂടെ ച്ചളിയി
ലിറങ്ങൂ. കളയൂ ശുഭ്രം വസ്ത്രം.

'ഗീതാഞ്ജലി'

# സംസ്ക്കാരം

പഞ്ചായത്തിന് സമ്പന്നമായൊരു സാംസ്ക്കാരികപൈതൃകമുണ്ടെന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ജാതി-ജന്മി-നാടുവാഴിത്ത കാലഘട്ടത്തിന്റെ സാംസ്ക്കാരിക സമ്പത്തായിരുന്ന കഥകളി, സംഗീതം തുടങ്ങിയ ക്ലാസിക് കലകൾ ഇവിടെയും തഴച്ചു വളർന്നു. ഇന്നത് ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് അതിന്റെ സ്ഥാനത്ത് പുത്തൻ സംസ്ക്കാരത്തിന്റെ കടന്നു കയറ്റം സംഭവിച്ചിരിക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രാജ്യത്തുടനീളം ഉയർന്നു വന്ന വായന ശാലകളും, ഗ്രന്ഥ ശാലകളും, കലാസമിതികളും സാംസ്കാരിക കേന്ദ്രങ്ങൾ എന്ന നില വിട്ട് പഴയ കാല സ്മാരകങ്ങളായിക്കൊണ്ടിരിക്കുന്നു. നിശാ പാഠശാലകളും, വയോജന വിദ്യാഭ്യാസ പ്രവർത്തനവും അന്നത്തെ പുരോഗമന ചിന്താഗതിക്കാരുടെ ആവേശമായിരുന്നു.

പഞ്ചായത്തിലെ പ്രധാന മതവിഭാഗങ്ങൾ ഹിന്ദു-മുസ്ലീം- ക്രിസ്ത്യൻ എന്നിവയാണ്. പതിനെട്ടോളം ക്ഷേത്രങ്ങളും, അത്രതന്നെ നമസ്ക്കാര പള്ളികളും മദ്രസ്സകളും ഉണ്ട്. തൊഴുക്കാട് പ്രദേശത്ത് ക്രിസ്ത്യാനികളുടെ ഒരു പ്രാർ ത്ഥനാ ലയവും ഉണ്ട്.

ആമക്കാവ്, എളവാതുക്കൽ, നാറേരി അയ്യപ്പൻകാവ്, കോതചിറ അയ്യപ്പൻകാവ്, എരീയേടം, അകിലാണം എന്നീ ക്ഷേത്രങ്ങളിൽ വേലകളും, പൂരങ്ങളും, ആഘോഷപൂർവ്വം നടന്നു വരുന്നു. ഒരു കാലത്ത് വളരെ ഗംഭീരമായി നടന്നു വന്നിരുന്ന പെരിങ്ങോട് ശ്രീരാമ ക്ഷേത്രത്തിലെ ഉത്സവം ഒരു ചെറു ചടങ്ങു മാത്രമായി ഇന്ന് നടന്നു വരുന്നുണ്ട്. കൂറ്റനാട് നേർച്ച, പള്ളി കേന്ദ്രീകരിച്ചുകൊണ്ടുള്ള ചടങ്ങാണെങ്കിലും ജനങ്ങളുടെയാകെ ആഘോഷമാണ്. ഇത്തരത്തിൽ നടത്തുന്ന ഉത്സവങ്ങൾക്കും, നേർച്ചക്കും വേണ്ടി ലക്ഷകണക്കിനു പണം ചെലവഴിക്കുന്നുണ്ട്. എല്ലാ ജാതി മത വിഭാഗങ്ങളും ഉൾപ്പെട്ട ഒന്നിലധികം ദേശകമ്മിറ്റികൾ ഉണ്ട്. അവ പരസ്പരം മത്സരിച്ച് ഒരേ പൂരത്തിന് വേണ്ടി നടത്തുന്ന എഴുന്നെള്ളിപ്പുകളും, കരിമരുന്നു പ്രയോഗങ്ങളും ആവേശകരമാണ്. പക്ഷെ അതിന്റെ പേരിൽ നടത്തിവരുന്ന സമുദായ കുറി എന്ന പേരിലുള്ള ഫണ്ട് നടത്തിപ്പ് ഒരു സാമൂഹ്യ വിനയായി മാറിയിട്ടുണ്ട്. നിരവധി കുടുംബങ്ങളെ സാമ്പത്തിക കടക്കെണിയിൽ വീഴ്ത്തുകയും ചെയ്യുന്നു.

ഓരോ ജാതി മത വിഭാഗങ്ങൾക്കും പ്രത്യേകം, പ്രത്യേകം പള്ളികളും, ക്ഷേത്രങ്ങളും ഉണ്ടെങ്കിലും ഇന്നതിന്റെ അതിർ വരമ്പുകൾ തേഞ്ഞുമാഞ്ഞു വരികയാണെന്നതിന്റെ തെളിവുകളാണ് നേർച്ചകളിലും, ഉത്സവങ്ങളിലും ജാതി-മത ഭേദമെന്യേ കാണുന്ന ജന പങ്കാളിത്തം. ഈ സൗഹൃദാന്തരീക്ഷം അലങ്കോലപ്പെടുത്താതെ നിലനിർത്താൻ ബന്ധപ്പെട്ടവരെല്ലാം പരിശ്രമിക്കേണ്ടതുണ്ട്.

ജാതിപരമായ അകൽച്ചയില്ലാതെ വിവാഹാദി കാര്യങ്ങളിൽ ജനങ്ങൾ സാർവത്രികമായി പങ്കെടുക്കുന്നുണ്ട്. വിവാഹം, മരണാനന്തര ക്രിയകൾ എന്നിവകളിൽ പരമ്പരാഗതമായി ആചരിച്ചു പോരുന്ന അനുഷ്ഠാനങ്ങൾ അതാതു വിഭാഗങ്ങൾ ഇന്നും നിലനിർത്തുന്നു. പ്രകടമായ അനാചാരങ്ങൾ എടുത്തു പറയാവുന്നവയായി ഇല്ലെങ്കിലും ജോതിഷം, മന്ത്രവാദം എന്നിവയിൽ വിദ്യാസമ്പന്നർക്കു പോലും വിശ്വാസം വർദ്ധിച്ചു വരുന്നതായി കാണുന്നു.

പഞ്ചായത്തിൽ ആകെ 9 ഗ്രന്ഥശാലകൾ ഉണ്ട്. രണ്ടെണ്ണം പഞ്ചായത്തു വകയായി സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. അതാതു സ്ഥലങ്ങളിലെ സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തകരുടെ നേതൃത്വത്തിലുള്ള 4 വായനശാലകൾക്കും സ്വന്തം കെട്ടിടങ്ങൾ ഉണ്ട്. 3 വായനശാലകൾക്ക് സ്വന്തമായി കെട്ടിടമില്ല. കൂടാതെ നിരവധി കലാസമിതികളും നിലവിലുണ്ട്. എന്നാൽ ഈ കലാസമിതികളുടെ പ്രവർത്തനം കേവലം വാർഷികാഘോഷങ്ങളിൽ ഒതുങ്ങുന്നു. വായനശാലകൾ ഉന്നതമായ സാംസ്ക്കാരികബോധം ഉണ്ടാക്കുന്നു. കലാ-കായിക സമിതികളാവട്ടെ ജനങ്ങളുടെ മാനസികവും, ശാരീരികവുമായ ഐക്യവും, ആരോഗ്യവും വളർത്തുവാൻ സഹായിക്കുന്നു. എന്നാൽ ഗൗരവപൂർവ്വമായ വായന കുറഞ്ഞു വരുന്നതും കലാകായിക സമിതികളുടെ ചിട്ടയായ പ്രവർത്തനത്തിന്റെ അഭാവവും ഈ സമിതികൾകൊണ്ട് ഉദ്ദേശിച്ച ധർമ്മം അവ നിറവേറ്റുന്നുണ്ടോ എന്ന സംശയത്തിന് ബലം നൽകുന്നു.

| നമ്പർ വർഷം | പേര് എണ്ണം | സ്ഥാപിച്ച ഉണ്ടോ | അംഗങ്ങളുടെ കെട്ടിടം ഉണ്ടോ | അഫിലിയേഷൻ ഉണ്ടോ | സ്വന്തമായി | റേഡിയോ/ടി.വി. |
|---|---|---|---|---|---|---|
| 1 | അരുണോദയം, കോതചിറ | 1970 | | ഗ്രന്ഥശാലാ സംഘം | ഉണ്ട് | റേഡിയോ |
| 2 | ജനകീയ വായനശാല, കൂറ്റനാട് | 1970 | | ഗ്രന്ഥശാലാ സംഘം | ഉണ്ട് | റേഡിയോ |
| 3 | ഗ്രാമീണ വായനശാല, വാവന്നൂർ തെക്ക് | 1957 | | ഗ്രന്ഥശാലാസംഘം | ഉണ്ട് | ഇല്ല |
| 4 | യൂത്ത് ലൈബ്രറി, പെരിങ്ങോട് | 1952 | 108 | ഗ്രന്ഥശാലാ സംഘം | ഉണ്ട് | റേഡിയോ |
| 5 | സാംസ്ക്കാരിക നിലയം, പിലാക്കാട്ടിരി | 1994 | | ഇല്ല | ഉണ്ട് | ടി.വി. |
| 6 | അംബേദ്കർ കോളനി ലൈബ്രറി മാത്തൂർ | 1995 | | ഇല്ല | ഉണ്ട് | ടി.വി. |
| 7 | കിഴക്ക് പിലാക്കാട്ടിരി വായനശാല - ഗ്രന്ഥശാല | 1992 | | ഇല്ല | ഇല്ല | റേഡിയോ |
| 8. | ഗ്രാമീണ വായനശാല ഗന്ഥശാല-കോതചിറ | 1992 | | | | |
| 9. | യുവധാര-വായനശാല വാവന്നൂർ വടക്ക് | 1992 | | | ഉണ്ട്. | |

ഈ വായനശാലകളിലേക്ക് പഞ്ചായത്തു വകയായി ദേശാഭിമാനി, മാതൃഭൂമി, മനോരമ തുടങ്ങിയ പത്രങ്ങൾ കൊടുക്കുന്നുണ്ട്.

ഗ്രന്ഥാലയങ്ങളിലെ പുസ്തകങ്ങളുടെ വായനക്കാരുടെ എണ്ണവും തൃപ്തികരമല്ല. ഗ്രന്ഥാലയങ്ങളെല്ലാം തന്നെ സാമ്പത്തികമായ പ്രതിസന്ധിയിലുമാണ്. ഗ്രാൻറ് കിട്ടുന്ന 4 ഗ്രന്ഥശാലകൾ ഉണ്ട്. കിട്ടുന്ന തുക അപര്യാപ്തവുമാണ്. വായനാശീലം പൊതുവെ കുറഞ്ഞു വരുന്നു; പ്രത്യേകിച്ചും വനിതകളിൽ. വായിക്കുന്നതു തന്നെ സാഹിത്യമൂല്യം കുറഞ്ഞ ആനുകാലികങ്ങളാണ്. പഞ്ചായത്തിൽ ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ തുടങ്ങിയവയാണ് പ്രധാന വാർത്താ പ്രചരണ മാധ്യമങ്ങൾ.

| പ്രസിദ്ധീകരണങ്ങളുടെ പേര് | ദിന പത്രം | വാരിക | മാസിക |
|---|---|---|---|
| ദേശാഭിമാനി | 173 | 30 | |
| മാതൃഭൂമി | 807 | 100 | |
| മലയാള മനോരമ | 250 | 1000 | |
| എക്സ്പ്രസ്സ് മലയാളം | 25 | 200 | |
| മംഗളം | 15 | 1000 | |
| ചന്ദ്രിക | 10 | | |
| ഇന്ത്യൻ എക്സ്പ്രസ്സ് | 50 | | |
| ഹിന്ദു ഇംഗ്ലീഷ് | 40 | | |
| കലാകൗമുദി | | 100 | |
| കേരളശബ്ദം | | 150 | |
| സിനിമാ മാസിക | | | 200 |

കൂറ്റനാട് ഏജൻസിയിൽ നിന്ന് മാതൃഭൂമി പട്ടിത്തറ പഞ്ചായത്തിലും വിതരണമുണ്ട്. ചാത്തന്നൂർ, ചാലിശ്ശേരി ഏജൻസികൾ കോതചിറ, പെരിങ്ങോട് ഭാഗത്തും വിതരണം ചെയ്യുന്നുണ്ട്. എങ്കിലും ഏതാണ്ട് 1500 ഓളം പത്രങ്ങളും 3000 ത്തിലധികം വാരികകളും പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്.

കോതചിറ അരുണോദയം വായനശാല ബഹുജന സഹകരണത്തോടെ സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും, ജൂബിലി ആഘോഷ വേളയിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുകയും ചെയ്തു. കലാസമിതികളുമായി ബന്ധപ്പെട്ട് ധാരാളം കലാകാരന്മാർ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന കേന്ദ്ര സംവിധാനമില്ല. നാടകവുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും സ്ത്രീ പങ്കാളിത്തം കാഴ്ചക്കാർ എന്നതിൽ നിന്നും ഇനിയും ഉയർന്നിട്ടില്ല.

കേരളീയ ആയോധന കലയുടെ ഭാഗമായഒരു കളരിയും, കഥകളി, പഞ്ചവാദ്യം എന്നിവയുടെ അഭ്യസനവും പെരിങ്ങോട് നടക്കുന്നുണ്ട്. കലാപരിശീലനം നടത്തുന്ന രണ്ട് പ്രൊഫഷണൽ സമിതികൾ (സരിഗമ, നാദം) കൂറ്റനാട് പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട രീതിയിൽ കരാട്ടെ പരിശീലനവും നടക്കുന്നുണ്ട്.

തിറ, പൂതൻ, തുയിലുണർത്തുപാട്ട്, കളമെഴുത്ത്, പുള്ളുവൻ പാട്ട് തുടങ്ങിയ കലകൾ ക്ഷയോന്മുഖമായി വരുന്നു. ഈ രംഗത്തെ നമ്മുടെ പഞ്ചായത്തിലെ ഒരു പ്രവർത്തകനാണ് വി. ബാലൻ. ഇദ്ദേഹത്തിൻെറ നേതൃത്വത്തിൽ നാടൻ കലാ ട്രൂപ്പ് ന്യൂഡൽഹിയിൽ റിപ്പബ്ലിക്ക് ദിനാഘോ

ഷത്തിൽ പങ്കെടുത്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പ്രവർത്തനത്തിനുള്ള അംഗീകാരമായി കേന്ദ്ര സർക്കാരിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

പ്രോത്സാഹമില്ലായ്മ, സാമ്പത്തിക പരാധീനത എന്നിവ മൂലം പാരമ്പര്യമായി ഇവ അനുഷ്ഠിച്ചു പോന്നവരുടെ മനോഭാവത്തിൽ മാറ്റങ്ങൾ വരികയും മേൽ പറഞ്ഞ കലകൾ നാശോന്മുഖമായി വരികയും ചെയ്തു.

പന്ത്രണ്ട് ശതമാനത്തോളം വീടുകളിൽ ടെലിവിഷൻ സെറ്റുകളും, എൺപതു ശതമാനത്തോളം വീടുകളിൽ റേഡിയോ സെറ്റുകളും ഉണ്ട്. 30 ശതമാനത്തിലധികം ആളുകൾ ടെലിവിഷൻ പരിപാടികൾ ദർശിക്കുന്നു. ഇവരിൽ സ്ത്രീകളാണ് മുൻപന്തിയിൽ. സീരിയലുകൾ, സിനിമകൾ എന്നിവയാണ് കൂടുതൽ പേരും കാണുന്നത്. കൂറ്റനാട് കേന്ദ്രീകരിച്ച് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിക്കുന്നു. കൂടാതെ ഡിഷ് ആൻറിന സ്ഥാപിച്ചിട്ടുള്ള ചുരുക്കം ചില വീടുകളുമുണ്ട്. രണ്ട് സിനിമാശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ടി.വി.യും നിലവാരം കുറഞ്ഞ വാരികകളും ചെലുത്തുന്ന ദുഃസ്വാധീനം ശക്തമാണ്.

നമ്മുടെ മഹത്തായ നാടൻ-ക്ലാസിക്ക് കലാ പാരമ്പര്യങ്ങളെ ഉപയോഗപ്പെടുത്തി സാംസ്ക്കാരിക മൂല്യം ഉയർത്തുന്നതിനു പകരം ലോക വ്യാപകമായി പ്രക്ഷേപിക്കപ്പെടുന്ന ചാനലുകളിലൂടെ അതി ലൈംഗികതയുടെയും, അക്രമത്തിന്റേയും ദൃശ്യങ്ങൾ നിറച്ച് നമ്മുടെ രക്തത്തിലലിഞ്ഞ് കിടക്കുന്ന താളബോധങ്ങളെ മാറ്റി ജീർണ്ണിച്ച സാമ്രാജ്യത്വ കമ്പോള സംസ്ക്കാരത്തേയും ജീവിതാവബോധത്തേയും പകരം വെക്കാൻ ശ്രമിക്കുന്നു. മനുഷ്യൻ നൂറ്റാണ്ടുകളായി കൂട്ടായ്മയിലൂടെ ആർജ്ജിച്ച സാമൂഹ്യാവബോധത്തെ തല്ലിക്കെടുത്തി അവനെ തന്നിലേക്കു മാത്രമായി ഒതുക്കി നിർത്തുകയും കൂട്ടായ്മയും പ്രതികരണശേഷിയും നശിപ്പിക്കുകയും പുതിയൊരു കമ്പോള സംസ്ക്കാരത്തിന് പാകപ്പെടുത്തുകയുമാണ് ഇവരുടെ ഉദ്ദേശ്യം. ഇതിന്റെ ആപത്ത് നാം കാണാതിരുന്നുകൂടാ.

പെരിങ്ങോട് ഹൈസ്കൂളിന് ഒരു മിനി സ്റ്റേഡിയവും പഞ്ചായത്തു വക വേറൊരു കളിസ്ഥലവും ഉണ്ട്. പഞ്ചായത്തു വക കളിസ്ഥലം ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ പെരിങ്ങോട് കേന്ദ്രീകരിച്ച് വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കളികൾ നടത്താറുണ്ട്. ഈ രംഗത്തെ പ്രവർത്തനം അടുത്ത കാലത്തായി തീരെ ആശാവഹമല്ല.

പഞ്ചായത്തിൽ നടക്കാറുള്ള കേരളോത്സവം പോലുള്ള കലാ കായിക മത്സരങ്ങളിൽ പങ്കാളിത്തം കുറഞ്ഞു വരുന്നു. കൊല്ലം തോറും പെരിങ്ങോട് പീതാംബരൻ മെമ്മോറിയൽ ഫുട്ബോൾ മത്സരത്തിലും കോതചിറയിൽ സുബ്രഹ്മണ്യൻ മാസ്റ്റർ - കലാമണ്ഡലം രവീന്ദ്രൻ സ്മാരക വോളിബോൾ ടൂർണ്ണമെൻറിലും ജനങ്ങൾ ആവേശപൂർവ്വം പങ്കെടുത്തു വരുന്നു. എടുത്തു പറയാവുന്ന മറ്റു നാടൻ കായിക വിനോദങ്ങളൊന്നുമില്ല.

## പ്രശ്നങ്ങൾ

1. ഗ്രന്ഥ ശാലകളിൽ പുതിയ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ കുറവ്, പുതിയവ ശേഖരിക്കാനുള്ള സാമ്പത്തിക പരാധീനത, ഗ്രാൻറുകളുടെ അപര്യാപ്തത, ഭദ്രമായ കെട്ടിടമില്ലായ്മ.
2. സാക്ഷരത നിലവാരം ഉയർന്നു നിൽക്കുമ്പോഴും മെച്ചമായ വായനാശീലം ഉയരുന്നില്ല എന്നു മാത്രമല്ല നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ വായന വർദ്ധിച്ചുവരുന്നു.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ചു വരുന്നു. കൂടാതെ പത്ര മാധ്യമങ്ങളെ ശരിയായി വിലയിരുത്തുവാനുള്ള കഴിവില്ലായ്മ നിലനിൽക്കുന്നു.
4. വിവാഹാദി കർമ്മങ്ങളിൽ ആർഭാടം ഏറി വരുന്നു. സ്ത്രീധന സമ്പ്രദായം എല്ലാ വിഭാഗങ്ങൾക്കിടയിലും വർദ്ധിച്ച തോതിൽ വളർന്നു വരുന്നു. സാമൂഹ്യ സമ്മർദ്ദങ്ങളും, സമ്പന്നരുമായി മത്സരിക്കാനുള്ള വ്യഗ്രതയും ദരിദ്ര ജന വിഭാഗങ്ങളെപ്പോലും കടക്കെണിയിൽപ്പെടുത്തി.
5. കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങളില്ല.
6. കലാ സമിതികളുടെ പ്രവർത്തനങ്ങളെ ക്രിയാത്മകമാക്കുന്ന കാഴ്ചപ്പാടിന്റെ അഭാവം.
7. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നതിനെ അവമതിയോടും, അസഹിഷ്ണുതയോടും കാണുന്ന സാമൂഹ്യബോധ നിലവാരം.

## സാധ്യതകൾ

1. ഗ്രന്ഥശാലകളുടെയും, വായനശാലകളുടേയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പഞ്ചായത്തുകളോ മറ്റു ഏജൻസികളോ തയ്യാറാകണം.
2. വായനക്കാരിലേക്ക് വീടു-വീടാന്തരം പുസ്തകം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. കുട്ടികളുടെ വായനാശീലം വളർത്താൻ വിദ്യാലയങ്ങളിൽ നിന്നും പ്രോത്സാഹനം ഉണ്ടാകണം. മുതിർന്നവരുടെ വായനാശീലം വളർത്താൻ പ്രചരണം സംഘടിപ്പിക്കുക.
4. തുടർ സാക്ഷരതാ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
5. ജനങ്ങൾക്കിടയിൽ ഗുണപരമായ ആസ്വാദനാശീലം വളർത്താൻ നല്ല സിനിമ, നാടകം, മറ്റു കലാരൂപങ്ങൾ എന്നിവ പ്രചരിപ്പിക്കാൻ പ്രവർത്തിക്കുന്ന സമിതികൾക്ക് രൂപം നല്കുക.

6. നശിച്ചുകൊണ്ടിരിക്കുന്ന നാടൻ പാട്ടുകൾ, കലാരൂപങ്ങൾ എന്നിവ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കുക.
7. ക്ഷേത്ര കലകളും, നാടൻ കലകളും പുനരുജ്ജീവിപ്പിച്ച് നിലനിർത്താൻ പഞ്ചായത്തടിസ്ഥാനത്തിൽ കലാമേളകൾ സംഘടിപ്പിക്കുക.
8. പഞ്ചായത്തിലെ കലാ കായിക സമിതികളെ രജിസ്റ്റർ ചെയ്യുക. വായനശാലകൾ, ഗ്രന്ഥശാലകൾ, കലാ കായിക സമിതികൾ എന്നിവയെ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ച് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശവും നേതൃത്വവും നൽകാൻ പര്യാപ്തമായ വിധത്തിൽ പഞ്ചായത്തു സാംസ്ക്കാരിക നിലയത്തെ പഞ്ചായത്തിൻെറ സാംസ്ക്കാരിക കേന്ദ്രമാക്കി ഉയർത്തുക. ഇതിനു സഹായകമായി സാംസ്ക്കാരിക നിലയത്തിൻെറ ഉപദേശക സമിതികൾ രൂപീകരിക്കുക. കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ തയ്യാറാക്കുക.
9. വായന ശാലകൾ, കലാ സമിതികൾ എന്നിവ ഇല്ലാത്ത സ്ഥലങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ രൂപീകരിക്കുക. അരുണോദയം വായനശാലയുടെ നഷ്ടപ്പെട്ട കളിസ്ഥലം-കാട്ടിലാടം-വനം വകുപ്പിൽ നിന്ന് വീണ്ടെടുക്കുക.
10. ഉപഭോഗ സംസ്ക്കാരത്തിനും ജീർണ്ണിച്ച പാശ്ചാത്യ സംസ്ക്കാരത്തിനുമെതിരെ ബോധപൂർവ്വമായ പ്രചരണം സംഘടിപ്പിക്കുക. സ്ത്രീയെ കേവലം ഉപഭോഗവസ്തുവാക്കി ചിത്രീകരിക്കുന്ന പരസ്യ മാധ്യമ പ്രചരണങ്ങൾക്കെതിരെ പോരാട്ടം സംഘടിപ്പിച്ച് അവരുടെ വ്യക്തിത്വം അംഗീകരിച്ചുകൊണ്ട് സാമൂഹ്യരംഗത്ത് പുരുഷനോടൊപ്പം നിൽക്കുന്ന ഒരു പുതിയ സംസ്ക്കാരത്തിനു വേണ്ടി ബോധപൂർവ്വമായ പ്രവർത്തനം സന്നദ്ധ സംഘടനകൾ വഴി ഏറ്റെടുക്കുക.
11. വാർഡു തലത്തിൽ ഗ്രാമസഭകളുടെ മുൻകൈയ്യോടെ കലാ കായിക മത്സരങ്ങൾ നടത്തി പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുക.
12. മദ്യപാനം സാംസ്ക്കാരിക നിലവാരത്തെ തകർക്കുന്ന ഒരു പ്രവണതയാണ്. നിയമ വിരുദ്ധമായി മദ്യമുണ്ടാക്കി വിതരണം ചെയ്യുന്നവരെ കർക്കശമായി നേരിടുന്നതോടൊപ്പം മദ്യപന്മാരെ ബോധവല്ക്കരിച്ചും ചികിത്സ നൽകിയും പിന്തിരിപ്പിക്കുക. മദ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് സ്ത്രീകളടക്കമുള്ള ജനകീയ സമിതികൾ നേതൃത്വം കൊടുക്കണം.

നാടുവാഴിത്ത കാലഘട്ടത്തിൽ സമൂഹം കല്പിച്ചു നല്കിയ തൊഴിലിനെ ഭക്തിയോടെയും പീഢനങ്ങൾ സഹിച്ചും അനുഷ്ഠിച്ചു പോരുകയും ജീവിത ക്ലേശങ്ങളെ വിധിയായി കരുതുകയുമാണ് തൊഴിലാളി ചെയ്തിരുന്നത്. സ്വാതന്ത്ര്യ ബോധവും അവകാശബോധവും വളർന്നു വന്നതോടുകൂടി ആ പഴയ ചങ്ങല കെട്ടിൽ നിന്നവൻ മോചിതനായി. താൻ തൊഴിലെടുക്കുന്നത് തൻെറ കുടുംബത്തിനുവേണ്ടി മാത്രമല്ല സമൂഹത്തിൻെറ നിലനില്പിനു കൂടി ആവശ്യമാണെന്ന വീക്ഷണം ഉണ്ടാകുന്നതിനു പകരം പണത്തിനു മാത്രം മൂല്യം കല്പിക്കുന്ന മുതലാളിത്ത സംസ്ക്കാരം പ്രബലമാവുകയും സമൂഹത്തെ മുഴുവൻ സ്വാധീനിക്കുകയും ചെയ്തു. സ്വന്തം കടമ മറന്ന് പരസ്പരം പഴിചാരി കഴിയുകയാണ് ഇന്ന് നാം. സാമൂഹ്യ ബോധത്തിൽ അടിയുറച്ച ഒരു പുതിയ തൊഴിൽ സംസ്ക്കാരം വളർത്തിയെടുത്തുകൊണ്ടേ ഈ അവസ്ഥയെ അതിജീവിക്കാനാകൂ. അവകാശബോധത്തോടൊപ്പം സാമൂഹ്യ ഉത്തരവാദിത്വവും നിറവേറ്റപ്പെടുന്ന ഒരു തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കാൻ എല്ലാവരും, (വിശേഷിച്ച് തൊഴിൽ സംഘടനകൾ, മുൻകൈ എടുക്കണം.) ■

# വനിതാ ക്ഷേമം

ഏതൊരു സമൂഹത്തിൻെറയും സ്ഥായിയായ വികസനത്തിൻെറയും സാമൂഹ്യാരോഗത്തിൻേറയും സൂചകമായി നിൽകുന്നത് ആ സമൂഹത്തിലെ സ്ത്രീകളുടെ പദവിയാണ്. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യജീവിതത്തിലെ വിവിധ മേഖലകൾ ഇവയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും സുരക്ഷിതമായി നിലനിർത്തുകയും ചെയ്യാതെ ഒരു സമൂഹത്തിന് മുന്നേറാനാവില്ല. അതുകൊണ്ടുതന്നെ വികസനത്തെക്കുറിച്ചുള്ള അവലോകനങ്ങളിൽ വനിതാക്ഷേമത്തിന് സുപ്രധാന സ്ഥാനമുണ്ട്.

1991 ലെ ലൈസൻസ് പ്രകാരം നാഗലശ്ശേരി പഞ്ചായത്തിൽ മൊത്തം 4158 കുടുംബങ്ങളിലായി 23288 ജനങ്ങളുണ്ട്. അതിൽ സ്ത്രീജനസംഖ്യ 12153. അതായത് മൊത്തം ജനസംഖ്യയുടെ 50.5% ആയിരം പുരുഷന്മാർക്ക് 1091 സ്ത്രീകൾ വരും. ഇത് സംസ്ഥാന ശരാശരിയേക്കാൾ (1000 ത്തിന് 1036) കൂടുതലാണ്. ഏറ്റവും ഒടുവിലായി 1996 മാർച്ചിൽ ഐ.സി.ഡി.എസ് ശേഖരിച്ച കണക്കു പ്രകാരം ഇത് ആയിരത്തിന്1029 ആണ്.

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ ഗ്രാമങ്ങളിലെ സ്ത്രീകൾ ഇതൊന്നുമറിയാതെ ഒതുങ്ങിക്കൂടുന്നു. നാഗലശ്ശേരിയിലും ഈ പ്രവണത സജീവമായി നിലനിൽക്കുന്നു.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടത്തിൽ വിദ്യാഭ്യാസ സൗകര്യവും പെൺകുട്ടികൾക്ക് അന്യമായിരുന്നു. ഉയർന്ന സമുദായങ്ങളിലെ പെൺകുട്ടികൾക്ക് വീട്ടിൽ വെച്ച് അക്ഷരാഭ്യാസം നേടാൻ മാത്രം സൗകര്യം കിട്ടിയിരുന്നെങ്കിലും താഴ്ന്ന സമുദായങ്ങളിലെ സ്ത്രീകൾക്ക് അതുപോലുമുണ്ടായിരുന്നില്ല. 1920 കളോടെ പ്രാഥമിക വിദ്യാഭ്യാസത്തിന് അത്യാവശ്യ സൗകര്യങ്ങൾ ഉണ്ടായി തുടങ്ങിയെങ്കിലും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ വളരെ കുറവായിരുന്നു. 1912ൽ പെരിങ്ങോട് സ്കൂൾ തുടങ്ങിയെങ്കിലും ആദ്യമായി ഒരു പെൺകുട്ടി സ്കൂളിൽ ചേർന്നത് 1915 ജൂൺ 11നാണ്. അത്രശ്ശേരി വാരിയത്ത്ലക്ഷ്മിക്കുട്ടി വാരസ്യാർ. വേറെ വിദ്യാർത്ഥിനികൾ ആ വർഷം ഉണ്ടായിരുന്നില്ല.അടുത്ത വർഷം രണ്ടു പേർ കൂടി വിദ്യാർത്ഥിനികളായി. പെൺകുട്ടികളെ സ്കൂളിലയക്കാനുള്ള സാമൂഹ്യാന്തരീക്ഷം ഇല്ലാതിരുന്നതിനാൽ സ്ത്രീകളുടെ ജോലി അടുക്കളയിൽ മാത്രം ഒതുങ്ങി.

ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി നാട്ടിലാകെ ഉയർന്നു വന്ന നവോത്ഥാന ചിന്ത സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ബോധം ഉയർത്തുകയും ക്രമേണ പരിമിതമായ തോതിലാണെങ്കിലും കാർഷികേതര തൊഴിൽ മേഖലകളിൽ സ്ത്രീകൾ എത്തിപ്പെടാൻ കാരണമാവുകയും ചെയ്തു. ഉയർന്ന വിദ്യാഭ്യാസത്തിനും ഉയർന്ന ജോലികളിലും സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ. എന്നാൽ തൊഴിൽ മേഖല ആകെയെടുത്താൽ സ്ത്രീ പങ്കാളിത്തം കുറവു തന്നെയാണ്.

പട്ടിക

| തൊഴിൽ നില | | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| ആകെ തൊഴിലാളികൾ | 4861 | 1733 | 6594 |
| നാമമാത്രതൊഴിൽ | 370 | 294 | 664 |
| കൃഷിക്കാർ | 679 | 89 | 768 |
| കർഷകത്തൊഴിലാളികൾ | 1437 | 1103 | 2540 |
| കുടിൽ വ്യവസായം | 119 | 55 | 174 |
| മറ്റ് വ്യവസായം | 550 | 145 | 695 |
| നിർമ്മാണതൊഴിൽ | 177 | 7 | 184 |
| കച്ചവടം | 757 | 44 | 801 |
| മറ്റ് മേഖലകൾ | 546 | 250 | 796 |
| | 4635 | 1987 | 6622 |
| (1991 സെൻസസ്) | | | |

| തൊഴിൽ നിരക്ക് | |
|---|---|
| പുരുഷന്മാർ | 46.98 |
| സ്ത്രീകൾ | 16.98 |
| ആകെ | 31.17% |

(അവലംബം 1991 സെൻസസ്)

സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിലോമ ശക്തികളെ തോൽപിക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴൽ സംരംഭങ്ങൾ (കോഴിവളർത്തൽ, അടുക്കളതോട്ടം മുതലായവ) എന്നീ മേഖലകളിലേക്ക് സ്ത്രീകളെ കൊണ്ടുവരാനുള്ള തീവ്ര ശ്രമം നടത്തേണ്ടതാവശ്യമാണ്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ സമരരംഗത്തും സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. പൊതു രംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻ പോലുള്ള ആധുനിക മഹിളാ പ്രസ്ഥാനങ്ങളും ഇവിടെ വേണ്ടത്ര സജീവമല്ല. 1960-65 കാലത്ത് നാഗലശ്ശേരിയിൽ ശ്രീമതിമാർ കെ.ബി. ശ്രീദേവിയുടേയും. എം.ടി ദേവയാനിയമ്മയുടേയും നേതൃത്വത്തിൽ ആരംഭിച്ച മഹിളാ സമാജമാണ് ആദ്യത്തെ വനിതാ സംരംഭം. വനിതകളുടെതു മാത്രമായി നാല് തൊഴിൽ സ്ഥാപനങ്ങളും അഞ്ച് ഡി. ഡബ്ലിയു.സി.ആർ.എ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

ഭരണത്തിന്റെ ഉത്തരവാദിത്തം ഫലപ്രദമായി നിർവ്വഹിക്കുന്നതിൽ സ്ത്രീകൾ പ്രാപ്തരാണ് എന്നതിന് ദൃഷ്ടാന്തമാണിത്.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഈ പഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും പുരുഷനു തുല്യമായ പരിഗണന സ്ത്രീകൾക്ക് നൽകാത്ത പുരുഷമേധാവിത്വ സംസ്കാരം മറ്റെങ്ങുമെന്നപോലെ ഇവിടേയും നിലനിൽക്കുന്നുണ്ട്. സ്ത്രീകളുടെ സാമൂഹ്യരംഗത്തെ പിന്നോക്കാവസ്ഥക്ക് മുഖ്യകാരണവും ഇതു തന്നെയാണ് സാക്ഷരതാ പ്രസ്ഥാനകാലത്ത് കൂടുതലും പഠിതാക്കൾ സ്ത്രീകളായിരുന്നു സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിന് 1990 ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായിച്ചിട്ടുണ്ട്. അതിന്റെ തുടർ പ്രവർത്തനം മുമ്പോട്ടുകൊണ്ടു പോകാൻ കഴിയാത്തതിനാൽ അതുകൊണ്ട് ഉദ്ദേശിച്ച മുഴുവൻ ഫലവും സിദ്ധിച്ചില്ല.

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള അന്തരം നിലനിൽക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 60-70 | 100-110 |
| നിർമ്മാണതൊഴിലാളി | 80-90 | 120-130 |

പട്ടിക

| വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 9 | ഫൈബർ പ്രൊഡക്ട്സ് | ജൂലായ് 87 | 15 | പ്രവർത്തിക്കുന്നില്ല |
| 2 | പായ്നെയ്ത്ത് | ജൂലായ് 88 | 13 | പ്രവർത്തിക്കുന്നുണ്ട് |
| 9 | ബുക്ക് ബൈൻറിംഗ് | ഏപ്രിൽ 89 | 10 | പ്രവർത്തിക്കുന്നില്ല |
| 9 | മുളകൊണ്ടുള്ള പണികൾ | മാർച്ച്95 | 8 | പ്രവർത്തനക്ഷമം |
| 7 | ഫൈബർ മേക്കിംഗ് | ജൂലായ്87 | 9 | പ്രവർത്തിക്കുന്നില്ല |

നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ 2 നെയ്ത്തു കേന്ദ്രം 1 വനിതാ സോമിൽ1 മൊത്തം 4

10%വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. കുടുംബനാഥന്മാർ വിദേശത്തായതിനാലോ അനാരോഗ്യം ബാധിച്ചവരോ മരണപ്പെട്ടവരോ ആയതുകൊണ്ടോ വന്ന അവസ്ഥയാണിത്. പുരുഷന്മാർ കുടുംബനാഥന്മാരായി ഉള്ള വീടുകളിൽ തന്നെ 10% കുടുംബങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം, വീട്ടിലേക്കാവശ്യമായ വസ്തുക്കൾ കടകളിൽ നിന്ന് വാങ്ങുക എന്നിവയുൾപ്പെടെ കുടുംബ ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നത് സ്ത്രീകളാണ്. അബലകൾ എന്ന് പറയപ്പെടുന്നവരെങ്കിലും കുടുബ

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലിനിരക്ക് വളരെ കുറവാണ്.ഉദാഹരണമായി നൂൽ നൂൽപ് മേഖല. പ്രതിമാസം ഒരു തൊഴിലാളിക്ക് ശരാശരി ലഭിക്കുന്നത് 400 രൂപയ്ക്കു താഴെയാണ്.

അംഗനവാടികളിൽ പൂർണ്ണമായും, സ്വകാര്യ ആശുപത്രിയിൽ 90%വും സ്ത്രീകൾ തന്നെയാണ് തൊഴിലാളികൾ. കർഷ തൊഴിലാളികൾ, അദ്ധ്യാപകർ, ഖാദി നെയ്ത്ത് എന്നീ മേഖലകളിലും സ്ത്രീകൾ തന്നെയാണ് മുമ്പിൽ.

സാമൂഹ്യരംഗത്ത് സ്ത്രീകളെ മുൻപന്തിയിലെത്തിക്കു

ന്നതിന് ബോധ പൂർവ്വമായ ഇടപെടൽ ഉണ്ടാകണം. അനുയോജ്യമായ തൊഴിൽ മേഖലകളിൽ അവരെ ഏർപെടുത്തുകയെന്നതാണ്. അതിൻെറ മുൻ ഉപാധി അങ്ങിനെ മാത്രമേ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ അവരെ പ്രാപ്തരാക്കാൻ കഴിയൂ. ഉത്തരവാദിത്തം അവരെ ഏൽപിക്കാനും സ്ത്രീകളിൽ ആത്മവിശ്വാസം വളർത്താനും പുരുഷന്മാർ തയ്യാറാകണം. പുരുഷന്മാരോടൊപ്പം സമൂഹത്തിൽ അധികാരാവകാശങ്ങൾ കയ്യാളാൻ തങ്ങൾക്കും കഴിയുമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. തങ്ങളുടെ കഴിവും ബുദ്ധിയും പ്രകടിപ്പിക്കാൻ സാധ്യമാകുന്ന എല്ലാ മേഖലകളിലും കടന്നുവരാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അതിനവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വേണം. തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള നിരന്തരമായ സമരത്തിൽ സ്ത്രീകൾ ഏർപെടണം. സ്ത്രീക്ക് സ്വന്തമായ ഒരു വ്യക്തിത്വമുണ്ടെന്ന് അംഗീകരിച്ച് പ്രവർത്തിക്കുവാൻ സമൂഹത്തിലെ ഇതര വിഭാഗവും തയ്യാറാകണം. കേവലം വിവാഹം മാത്രമാണ് സ്ത്രീയുടെ ജീവിത ലക്ഷ്യം എന്ന അവസ്ഥ മാറണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളിൽ മൂന്നിലൊന്ന് പ്രാതിനിധ്യം സ്ത്രീകൾക്കുവേണ്ടി നീക്കിവെച്ചത് സ്ത്രീകളെസാമൂഹ്യരംഗത്തേക്ക് കൊണ്ടുവരുന്നതിൽ വരുത്തിയ ഒരു പുതിയ കാൽവെപ്പാണ്. അവരിൽ ആത്മവിശ്വാസം വളർത്തുവാനും നേതൃത്വപരമായ പങ്കു നിറവേറ്റുവാൻ പ്രാപ്തരാക്കാനും ഈ നടപടി സഹായിക്കും. അസംബ്ലി പർലമെൻറുകളിലേക്കും ഈ സംവരണം നടപ്പാക്കുന്നത് സ്ത്രീ വിമോചന രംഗത്ത് ഒരു വലിയ. പരിവർത്തനത്തിന് ഇടവരുത്തും.

## പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്ത കുറവ്.
2. ചില തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കാത്ത അവസ്ഥ. ഉദാ: ബസ് കണ്ടക്ടർ
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾക്ക് സംഘടിതമായ ആസൂത്രണമില്ല.
4. തൊഴിൽ സംരഭകരായി പ്രവർത്തിക്കുവാൻ ആവശ്യമായ പ്രാപ്തിയും പരിശീലനവും ഇല്ല. അതുകൊണ്ടു തന്നെ സ്ത്രീകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങളും പരാജയപ്പെടുന്നു ഉദാ: ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകൾ.
5. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ വേണ്ടത്ര പ്രാതിനിധ്യം നൽകണമെന്ന കാഴ്ചപ്പാട് രാഷട്രീയ പാർട്ടികൾക്കു തന്നെയില്ല.
6. സ്ത്രീകളുടെ നേതൃത്വ ഗുണം വളർത്തിയെടുക്കാനുള്ള പരിപാടികൾ ഇല്ല.
7. അടുക്കള ജോലി, വരുമാനത്തിനുള്ള മറ്റു തൊഴിലുകൾ ചെയ്യൽ; കുടുംബ ഭരണം തുടങ്ങി വർദ്ധിച്ച ഭാരം സാമൂഹ്യ രംഗത്തേക്ക് കടന്നുവരാൻ അവസരം കുറക്കുന്നു.
8. താങ്ങാനാവാത്ത വിധം വർദ്ധിച്ചുവരുന്ന സ്ത്രീധനം പാവപ്പെട്ട പെൺകുട്ടികളുടെ ജീവിത ഭദ്രതയെ ബാധിക്കുന്നു.
9. സർക്കാർ സഹായ പദ്ധതികളെകുറിച്ചുള്ള അജ്ഞത.
10. അംഗൻവാടി അദ്ധ്യാപികമാർക്ക് കുറഞ്ഞവേതനമെ കിട്ടുന്നുള്ളൂ. അംഗൻ വാടികൾക്ക് പ്രവർത്തിക്കാൻ അനുഗുണമായ സ്ഥലവും സൗകര്യങ്ങളും ഇല്ല.
11. സാമ്പത്തിക ചെലവ് ഏറിവരുന്ന കലാ കായിക മത്സരങ്ങളിൽ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള പെൺകുട്ടികൾ കഴിവും, പ്രതിഭയും ഉണ്ടായിട്ടും പിൻ തള്ളപ്പെടുന്നു.
12. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്ത് ഇറങ്ങാനുള്ള ആതമവിശ്വാസവും ധൈര്യവും സ്ത്രീകളിൽ കുറവാണ്.

## സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കാം. വാർഡുതലത്തിൽ മഹിളാ സമാജങ്ങൾ സംഘടിപ്പിക്കുകയും അവക്ക് പഞ്ചായത്ത് തലത്തിൽ ഒരു ഏകോപിത രൂപവും നൽകാം. അതിൻെറ കീഴിൽ വിവധ തൊഴിൽ സംരംഭങ്ങൾ ഏർപെടുത്താവുന്നതാണ്. സാമൂഹ്യരംഗത്ത് സ്ത്രീകൾ കടന്നു വരുന്നത്. മോശമാണെന്ന ധാരണ ബലപ്പെടുത്തും വിധം സംഘടിതവും അസംഘടിതവുമായ നീക്കം ആശയരംഗത്തുണ്ടെങ്കിലും അതിനെ അതിജീവിക്കേണ്ടതുണ്ട്എന്ന ധാരണയിൽ കഴിയുന്നത്ര സ്ത്രീകളെ നേതൃത്വ നിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ബോധപൂർവ്വമായ ശ്രമം നടത്തണം. മാതൃസംഗമങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ കഴിയും അതുവഴി. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്ന് അവരുടെ സംഭാവന നേടാം. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിരിക്കുന്നു. അതിനുള്ള സാദ്ധ്യത പഞ്ചായത്തിനുണ്ട്. തയ്യൽ സഹകരണസംഘം, ആട്, കോഴി, പശു എന്നിവയുടെ പരിപാലനം, ക്ഷീരവ്യവസായ സഹകരണ സംഘം, ബീഡിതെറുപ്പ്, നെയ്ത്ത്, അച്ചാർ, സോപ്പ്, പപ്പട നിർമാണം അടുക്കള ത്തോട്ടം, തേനീച്ച വളർത്തൽ എന്നിവ പ്രാവർത്തികമാക്കുന്ന പദ്ധതികൾതുടങ്ങുകയും ആവശ്യമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യാം. വാണിജ്യാടി

സ്ഥാനത്തിൽ പുഷ്പകൃഷി, കുറ്റിമുല്ല തുടങ്ങിയവ പരിഗണിക്കാവുന്നതാണ്. തുടർ സാക്ഷരതാ പ്രവർത്തനത്തിന് സ്ത്രീകളെ ഉപയോഗപ്പെടുത്താം ബിസിനസ്സ് മാനേജ്മെൻറ് പരിശീലനം നൽകുകയും വായ്പാ സൗകര്യങ്ങൾ ഉണ്ടാകുകകയും ചെയ്തു കച്ചവടരംഗത്തും സ്ത്രീകളെ കൊണ്ടുവരാം. ഈരംഗത്ത് അവർ ഇന്ന് തീരേ ഇല്ല.

നമ്മുടെ പഞ്ചായത്തിൽ ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റുകൾ താരതമ്യേന കുറവാണ് ഉള്ളവതന്നെ പ്രവർത്തന ക്ഷമമല്ല. അവർക്ക് പ്രത്യേകമായ നേതൃത്വം കൊടുക്കുവാൻ പരിശീലനം കൊടുക്കുകയും അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മാർക്കറ്റിങ്ങ് സൗകര്യം ഉണ്ടാക്കുകയും വേണം. വനിതകളുടെ ക്ഷേമത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താഴേ പറയുന്ന കാര്യങ്ങൾ പൊതുവായി ശ്രദ്ധിക്കേണ്ടതാണ്.

1. ഉൽപാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ മുൻകൈ എടുക്കുക.
2. വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെകുറിച്ച് വിവരങ്ങൾ നൽകുക.
4. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന്ന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
5. വിധവാ പെൻഷൻ അഗതി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
6. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ജീവനക്കാരുടെ പ്രതിഫലം ഉയർത്തുക. കെട്ടിടം കളിപ്പാട്ടങ്ങൾ ഫരിണീച്ചറുകൾ എന്നിങ്ങനെ കുട്ടികളുടെ പഠനത്തിനും ഉല്ലാസത്തിനും ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് അനുഗുണമായ സംവിധാനങ്ങൾ ഉണ്ടാക്കുക.
7. മദ്യപാന ശീലം കൊണ്ട് കുടുംബ ഭദ്രതക്ക് കോട്ടം തട്ടുന്നു. അതിനെതിരെ സമ്പൂർണ്ണ മദ്യവർജ്ജന ബോധവൽകരണ പ്രചാരണം നടത്തുക. ആഭരണഭ്രമം, വർദ്ധിച്ചു വരുന്ന സ്ത്രീധന പ്രശ്നങ്ങൾ എന്നിവക്കെതിരെ സ്ത്രീ പങ്കാളിത്തത്തോടെ ബോധ വൽക്കരണം നടത്തുക, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.
8. സാമൂഹ്യ സുരക്ഷിതത്വത്തിൻെറയും കുടുംബപരമായ സാമ്പത്തിക ഭദ്രതയുടെയും പ്രതികൂലാവസ്ഥയിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഫാമിലി കൗണിസിലിങ്ങ് കേന്ദ്രം ആരംഭിക്കുക.
9. ചില വിഭാഗങ്ങളിലെങ്കിലും ഇന്നും നിലനിൽക്കുന്ന പ്രായ പൂർത്തിയാകുന്നതിനു മുമ്പുള്ള (18 വയസ്സ്) വിവാഹം നിരുത്സാഹപ്പെടുത്തുന്നതിന്ന് പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.
10. സ്ത്രീ സൗന്ദര്യത്തെ പരസ്യ വിപണിയിലെ ഒരു വിൽപനചരക്കാക്കുന്നതിനെതിരെ നിയമ നിർമ്മാണമടക്കമുള്ള നടപടികൾ എടുക്കുക. ■

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അടിച്ചമർത്തപ്പെട്ട അവസ്ഥയിലായിരുന്നു. ജന്മി വർഗ്ഗത്തിൻെറ രൂക്ഷമായ ചൂഷണത്തിനും, പീഢനത്തിനും ഇവർ വിധേയരായിരുന്നു. എന്നാൽ 1957 - ൽ നിലവിൽ വന്ന സർക്കാർ കൊണ്ടുവന്ന ഒഴിപ്പിക്കലിനെതിരെയുള്ള നിയമവും വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ വിപ്ലവകരമായ പരിവർത്തനങ്ങളും സമഗ്ര കർഷക കർഷക തൊഴിലാളി പരിഷ്ക്കരണ നിയമങ്ങളും ഈ വിഭാഗങ്ങളുടെ നിരന്തര അവ കാശ പോരാട്ടങ്ങളും അടിമച്ചങ്ങല പൊട്ടിച്ച് സാമൂഹ്യ രംഗത്ത് മുന്നേറാൻ അവരെ സഹായിച്ചു. ഇതിൻെറ ഭാഗമായി ഈ പഞ്ചായത്തിൽ തന്നെ നിരന്തരമായി നടന്ന മിച്ച ഭൂമി സമരത്തിൽ നിരവധി കർഷകത്തൊഴിലാളികൾ ജയിൽ വാസം തുടങ്ങിയ പീഢനങ്ങൾ സഹിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഭൂമി പിടിച്ചെടുക്കൽ സമരത്തിൽ നിർണ്ണായകമായ പങ്കാണ് പട്ടികജാതി പട്ടിക വർഗ്ഗത്തൊഴിലാളികൾ വഹിച്ചത്. ഇതിൻെറ ഫലമായി നിരവധി കുടുംബ ങ്ങൾക്ക് ഭൂമിയുടെ ഉടമകളാകാൻ സാധിച്ചിട്ടുണ്ട്. പതത്തിനും കൂലി വർധനയ്ക്കും വേണ്ടി നിരവധി സമരങ്ങൾ ഈ പഞ്ചായത്തിൽ അരങ്ങേറിയിട്ടുണ്ട്.

മേൽ പറഞ്ഞ സർക്കാർ നിയമങ്ങളും അവകാശ പോരാട്ടങ്ങളും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗത്ത് പല നേട്ടങ്ങളും കൈവരിക്കാൻ ഈ വിഭാഗത്തെ സഹായിച്ചിട്ടുണ്ട്. എന്നാൽ ഇവർക്കിടയിൽ പാരമ്പര്യമായി നിലനില്ക്കുന്ന അന്ധ വിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സ്വാധീനം പൂർണമായും വിട്ടുപോയിട്ടില്ല. നൂറ്റാണ്ടുകളായി അക്ഷരത്തിൻെറ ലോകത്തു നിന്നും അകറ്റി നിർത്തപ്പെട്ടിരുന്ന ഈ വിഭാഗം ജനങ്ങൾക്ക് പല ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടും പ്രതീക്ഷക്കൊത്ത് വിദ്യാഭ്യാസ രംഗത്തും മറ്റ് സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗത്തും മുന്നേറാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസ രംഗത്തുള്ള നേട്ടം വളരെ പരിമിതമാണ്. എസ്.എസ്.എൽ.സി. പാസാകുന്ന കുട്ടികളുടെ എണ്ണം തന്നെ തുലോം വിരളമാണ്. അതിനുശേഷമുള്ള ഉപരിപഠനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നില്ല. വിദ്യാഭ്യാസത്തിൻെറ നേട്ടങ്ങൾ ബോധ്യപ്പെടുത്തുന്നതിന് നിരന്തരമായ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. സ്കൂളുകളിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്കും ശ്രദ്ധിക്കപ്പെടേണ്ടതാണ്. നിരക്ഷരരുടെ എണ്ണവും ഈ വിഭാഗത്തിലാണ് കൂടുതൽ.

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും പരമ്പരാഗതമായി കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ്. എങ്കിലും അടുത്ത കാലത്തായി കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യവും, ഗൾഫ് പണത്തിൻെറ സ്വാധീന ഫലമായി കെട്ടിട നിർമ്മാണ രംഗത്തെ ആകർഷണീയതയും തൊഴിലാളികളിൽ ഭൂരിപക്ഷം പേരേയും കൺസ്ട്രക്ഷൻ രംഗത്തേക്ക് ആകർഷിച്ചിരിക്കയാണ്. കാർഷിക രംഗത്ത് നിലവിലുള്ള കൂലി നിരക്ക് സ്ത്രീകൾക്ക് 50 രൂപ മുതൽ 70 രൂപ വരെയും പുരുഷന്മാർക്ക് 90-100 രൂപ വരെയും ആണെങ്കിൽ നിർമ്മാണ പ്രവർത്തന രംഗത്ത് ഇത് യഥാക്രമം 70 മുതൽ 90 രൂപ വരെയും, 100 മുതൽ 120 രൂപ വരെയുമാണ്. കെട്ടിട നിർമ്മാണ രംഗത്തെ ആകർഷകമായ കൂലി നിരക്ക് പുതിയ തലമുറയെ കാർഷിക മേഖലയിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്നുവെന്ന ദുരവസ്ഥയുമുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാനുള്ള പ്രയാസംകൊണ്ട് 'നടീൽ'. 'കൊയ്ത്ത്' തുടങ്ങിയ പണികൾ വൈകി പോകുന്ന അവസ്ഥയും നിലവിലുണ്ട്. പഞ്ചായത്തിൽ തന്നെ പാടങ്ങൾ തരിശായി കിടക്കുന്ന അവസ്ഥക്ക് ഒരു കാരണം യഥാസമയം തൊഴിലാളികളെ കിട്ടാത്തതു കൂടിയാകും.

കാർഷിക മേഖലയിൽ സീസനുകളിലാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷക തൊഴിലാളികളുടെയും ഒഴിവുകാല വരുമാന മാർഗ്ഗമായിരുന്ന കൈത്തൊഴിലുകളായ കുട്ട, വട്ടി, പായ് ഇവയുടെ നെയ്ത്ത് അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്കൊണ്ട് തടസ്സപ്പെട്ടിരിക്കുന്നു. മാത്രമല്ല യു.എ.ഇ.യിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ കുടിയേറ്റ നിയമത്തിൻെറ ഫലമായി ഗൾഫ് വരുമാനത്തിൽ ഉണ്ടായിരിക്കുന്ന തിരിച്ചടിയും നിർമ്മാണ പ്രവർത്തന രംഗത്തും മാന്ദ്യം ഉളവാക്കിയിരിക്കുന്നു. ചെങ്കല്ല്, കരിങ്കല്ല് ക്വാറികളിൽപോലും പണിക്കുള്ള സാധ്യത കുറയുകയാണ്. കൂലിവേല ചെയ്ത് മാത്രം ഉപജീവനം കഴിച്ചുപോരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

ഐ.സി.ഡി.എസ്. ൽ നിന്നും ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം പഞ്ചായത്തിൽ പട്ടിക ജാതിയിൽ പെട്ട 5,331 ആളുകളാണുള്ളത്. ഇത് ആകെ ജനസംഖ്യയുടെ ഇരുപത്തൊന്ന് ശതമാനത്തോളം വരും. സംസ്ഥാന ശരാശരിയായ 9.6% ത്തേക്കാൾ വളരെ കൂടുതൽ. 5,331 പേരിൽ 25 ഓളം ആളുകൾക്ക് മാത്രമാണ് സർക്കാർ ജോലി ഉപജീവന മാർഗ്ഗമായിട്ടുള്ളത്. കേവലം 0.46%. ഈ 25 പേരിൽ ഒരാൾ എഞ്ചിനീയറും മറ്റു ചിലർ അധ്യാപകരുമാണ്. വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിലുള്ള പ്രത്യേകാനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന സത്യം ഈ വിഭാഗക്കാരെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. അതോടൊപ്പം ഇവർക്ക് ഈ ആനുകൂല്യങ്ങൾ ഇനിയും തുടരേണ്ടതില്ലെ ന്ന ചിന്ത വെച്ചു പുലർത്തുന്നവരുടെ അസഹിഷ്ണുത മാറ്റാൻ ഈ സത്യം ഉപകരിക്കും.

## പാർപ്പിടം

### പട്ടിക

| ക്രമ നമ്പർ | വാർഡ് | കോളനികൾ |
|---|---|---|
| 1 | I | 1. ഒലിയാനപ്പുറം - മേലെപ്പുര. 2. കള്ളിവളപ്പ്. 3. കിളിവാലൻ കുന്ന് വടക്ക് പടിഞ്ഞാറ് ഭാഗം. 4. കൂറ്റനാട് സെൻററിൻെറ തെക്ക്, വടക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ |
| 2 | II | 1. വലിയപറമ്പ് - കള്ളിക്കുന്ന്. 2. കിഴക്കൻ പിലാക്കാട്ടിരി (പറക്കുണ്ടിൽ സ്കൂൾ പരിസരം) 3. ചെറുകുളപുറം - തെരമംഗലം, തൊഴുക്കാട് |
| 3 | III | 1. കോമംഗലം. 2. ചന്ദനപ്പടി. |
| 4 | IV | 1. മണിയാറംകുന്ന് ഹരിജൻ കോളനി. 2.തോപ്പിൽ. 3. തറയിൽ. 4. വെള്ളാഞ്ചിറ - പെട്ടിക്കട. |
| 5 | V | 1. മൈലാഞ്ചി ഐ.എച്ച്.ഡി.പി. 2. ചെറുചാൽപുറം. 3. നാഗലശ്ശേരി. 4. പടിഞ്ഞാക്കര. |
| 6. | VI | 1. മൂളിപ്പറമ്പ്. 2. മാണിക്യാംകുന്ന്. 3. തെക്കേക്കര. |
| 7. | VII | 1. കാട്ടേക്കൻപറമ്പ്. 2. കാട്ടിലാടം. 3. മാത്തുപറമ്പ്. |
| 8. | VIII | 1. ഓണപ്പറമ്പ്. 2. കൂരിപ്പറമ്പ്. 3. പടിഞ്ഞാറെ കോളനി. 4. പുളിയങ്കോട് പഞ്ചായത്ത് കോളനി. 5. കൈതക്കുണ്ട്. |
| 9. | IX | 1. പടിഞ്ഞാറെ അംഗൻവാടി ഹരിജൻ വെൽഫയർ കോളനി. 2. പെരിങ്ങോട് എ.കെ.ജി. കോളനി. |
| 10. | X | 1. അംബേദ്ക്കർ കോളനി. 2. എരുമപ്പറമ്പ്. 3. ഞൗളിപ്പാറ. 4. കണ്ണമ്പാറ. |

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്. ഇതിന് സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും സൗകര്യപ്രദമായ ജീവിത സാഹചര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇനിയും ഏറെദൂരം പോകേണ്ടതായിട്ടുണ്ട്. വിരലിലെണ്ണാവുന്ന ചെറ്റക്കുടിലുകളെ നിലവിലുള്ളൂ. അവയാകട്ടെ ഒറ്റപ്പെട്ടവയുമാണ്. കുടിവെള്ളത്തിന്റെ ലഭ്യത ഒരു പരിധി വരെ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും വേനൽക്കാല വരൾച്ച ജനജീവിതത്തെ വേട്ടയാടുന്നുണ്ട്. ഏതാനും കോളനികളിലും കുടുംബങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 34 കോളനികളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. അതിൽ 4 എണ്ണം മാത്രമാണ് അംഗീകൃത കോളനികൾ. സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കക്കൂസ് നൽകുന്ന കാര്യത്തിലും ചില പരാധീനതകൾ നിലവിലുണ്ട്.

അയിത്താചരണം സമൂഹത്തിൽ പ്രകടമായിട്ടില്ലെങ്കിലും അതിൽ വിശ്വസിക്കുന്ന ഏതാനും പേർ ഉണ്ട്. എന്നാൽ പൊതുവെ പട്ടികജാതി വിഭാഗക്കാരുടെ വിവാഹാദി കർമ്മങ്ങളിൽ മറ്റ് സമുദായങ്ങളിലെ ആളുകൾ പങ്കുകൊള്ളുകയും സദ്യകളിൽ ഭാഗഭാക്കുകളാകുകയും ചെയ്യാറുണ്ട്. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും അഭിപ്രായ ഭിന്നതകൾ മറന്നുകൊണ്ടുള്ള സാഹോദര്യ മനോഭാവം നിലനില്ക്കുന്നുണ്ട്. ഇതിന് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ ഒരു ഭാഗത്തു നിന്നും ഉണ്ടാകരുത്.

## പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യമായ വെള്ളവും വെളിച്ചവും അപര്യാപ്തമാണ്.
2. ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്ര്യാവസ്ഥയുള്ളവരാണ്.
3. 5,331 ആൾക്കാർ ഈ വിഭാഗത്തിൽ ഉള്ളതിൽ കേവലം 25 ഓളം പേർക്കു മാത്രമേ സർക്കാർ ജോലി ഉള്ളൂ വെന്നതിൽ നിന്നും അവരുടെ വിദ്യാഭ്യാസപരവും തൊഴിൽ പരവുമായ പിന്നോക്കാവസ്ഥ വ്യക്തമാണ്.
4. നിയമാനുസൃതം ലഭിക്കേണ്ട കർഷകത്തൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ മുതലായവ സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് നിഷേധിക്കപ്പെടുന്നു.

## സാധ്യതകൾ

1. വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള ബോധവല്ക്കരണം.
2. എല്ലാ കോളനികളെയും അംഗീകൃത കോളനികളായി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകുക.
3. എല്ലാ ഹരിജൻ കോളനികളിലും വീടുകളിലും കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പു വരുത്തണം.
4. ഹരിജന ക്ഷേമത്തിനായി ഹരിജൻ സൊസൈറ്റികൾ സ്ഥാപിക്കുക.
5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വർദ്ധിച്ച നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. ഹരിജനങ്ങൾക്കിടയിലെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.
7. വീട്, കക്കൂസ് എന്നീ സൗകര്യങ്ങൾ ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുക.

# പാർപ്പിടം



മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളിൽ അടിസ്ഥാനപരമായവയാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ. സമൂഹത്തിലെ സമ്പന്ന വിഭാഗം പാർപ്പിടത്തെ കാണുന്നത് മോടി പിടിപ്പിക്കപ്പെട്ട മണിമന്ദിരങ്ങൾ എന്ന നിലയ്ക്കാണ്. എന്നാൽ, സാധാരണക്കാരും, പാവപ്പെട്ടവരുമായവരെ സംബന്ധിച്ചിടത്തോളം വീട് ഒരു സുരക്ഷാ സങ്കേതമാണ്.

മുൻ കാലങ്ങളിലും ഭവനങ്ങളുടെ സങ്കല്പത്തിലും രൂപകല്പനയിലും ഈ അന്തരം നിലനിന്നിരുന്നു. കേരള വാസ്തു ശില്പ കലയുടെ പ്രതീകമായി തലയുയർത്തി നിൽക്കുന്ന നാലുകെട്ടും, നടുമുററവും പടിപ്പുരയും കേരളത്തിലെ മറ്റേതൊരു ഗ്രാമ പഞ്ചായത്തിലുമെന്നപോലെ ഇവിടെയുമുണ്ട്. ഇത്തരം ഭവനങ്ങൾ പൊളിച്ചു മാറ്റപ്പെടുകയോ, വില്ക്കപ്പെടുകയോ ചെയ്യുകയും അതിൻെറ സ്ഥാനത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു വരികയും ചെയ്യുന്ന അവസ്ഥയാണിന്ന്. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട വിഭാഗം ജനങ്ങൾ ഓലക്കുടിലുകളിലാണ് മുമ്പ് താമസിച്ചിരുന്നത്. വീടുകളുടെ സ്വഭാവവും, വീട്ടുടമസ്ഥരുടെ സാമൂഹ്യാവസ്ഥയും സൂചിപ്പിച്ചുകൊണ്ട്, മന, കാപ്പാട്, ചാള തുടങ്ങി നിരവധി പദങ്ങൾ തന്നെ പ്രയോഗത്തിലിരുന്നു.

വീടില്ലാത്തവർക്ക് മുഴുവൻ ആ അടിസ്ഥാന സൗകര്യം ലഭ്യമാക്കുക എന്നത് സമൂഹത്തിൻെറ കടമയാണ്. അതുകൊണ്ടാണ് സർക്കാർ ഭവന നിർമ്മാണം പ്രത്യേക വകുപ്പായി അംഗീകരിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ രംഗത്ത് സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യക്കാരുടെ എണ്ണം വെച്ചു നോക്കുമ്പോൾ അവ വളരെ അപര്യാപ്തമാണ്. ആവശ്യക്കാർ ഇനിയുമേറെയുണ്ട്.

പഞ്ചായത്തിൽ 6,439 കെട്ടിടങ്ങളുണ്ട്. അവയിൽ ഒന്നിൽ കൂടുതൽ നിലകളുള്ളവ 795 ഉം കോൺക്രീറ്റ് നിർമ്മിതം 1,269 ഉം ഓട് മേഞ്ഞവ 3,495 ഉം ബാക്കി ഓല മേഞ്ഞവയുമാണ്. ഇവക്കു പുറമെ ലക്ഷം വീട് 50 ഉം വിവിധ പദ്ധതികളിലായി അനുവദിച്ച 270 വീടുകളുമുണ്ട്. 4,640 കെട്ടിടങ്ങൾ നികുതി ഉള്ളവയും 1,799 വീടുകൾ നികുതി ഇളവ് ഉള്ളവയുമാണ്. ചേരി നിവാസികളോ, പുറംമ്പോക്കിൽ താമസിക്കുന്നവരോ ഇല്ല. സുമാർ 500 പേർ പാർപ്പിടത്തിൻെറ ആവശ്യക്കാരായുണ്ട്.

മുൻ കാലങ്ങളിൽ NREP, RLEGP എന്നീ പദ്ധതികൾ വഴിയാണ് ഭവന നിർമ്മാണ പരിപാടി നടപ്പാക്കിയിരുന്നത്. ഇപ്പോൾ JRY, IAY (ഇന്ദിര ആവാസ് യോജന) മില്ല്യൻ വെൽ സ്കീം എന്നീ പദ്ധതികളിലൂടെ വീടുകൾ അനുവദിക്കുന്നു. പ്രധാനമായും പട്ടിക ജാതി വിഭാഗത്തിനാണ് ഈ പദ്ധതികളുടെ സഹായം ലക്ഷ്യമിട്ടിരുന്നത്. അടുത്ത കാലത്തായി ചെറിയൊരു ശതമാനം ഹരിജനേതര വിഭാഗത്തിനും ഭവന നിർമ്മാണ സഹായം അനുവദിക്കാൻ കഴിയുന്നുണ്ട്. ഇവയ്ക്കു പുറമെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്ന് ആ വിഭാഗക്കാർക്ക് വീടുവെക്കാൻ സഹായധനം കിട്ടുന്നുണ്ട്. ഇതെല്ലാമായിട്ടും ആകെയുള്ള ആവശ്യക്കാരുടെ പകുതിയെപോലും തൃപ്തിപ്പെടുത്താൻ കഴിയുന്നില്ലെന്നതാണ് സത്യം. വിവിധ പദ്ധതികളിലൂടെ ആകെ അനുവദിച്ച വീടുകൾ 320.

നാഗലശ്ശേരി പഞ്ചായത്തിൽ വിവിധ പദ്ധതികളിലൂടെ തൃത്താല ബ്ലോക്ക് വഴി നടപ്പിലാക്കിയവയുടെ കണക്ക്

| Scheme | Year | No. of Houses Alloted |
|---|---|---|
| IAY | 89 - 90 | 9 |
| IAY | 90 - 91 | 9 |
| IAY | 91 - 92 | 6 |
| IAY | 92 - 93 | 2 |
| IAY | 93 - 94 | NIL |
| IAY | 94 - 95 | 7 |
| IAY | 95 - 96 | 32 |
| IAY | 96 - 97 | 23 |
| 20% Share | 91 - 92 | 3 |
| | 92 - 93 | 2 |
| | 93 - 94 | NIL |
| | 94 - 95 | 5 |
| | 95 - 96 | 5 |
| | 96 - 97 | 2 |
| MWS | 90 - 91 | 20 |
| | 91 - 92 | 4 |
| | 92 - 93 | 12 |
| | 93 - 94 | 9 |
| | 94 - 95 | 11 |
| | 95 - 96 | 5 |
| NREP | 85 - 86 | 13 |
| NREP | 86 - 87 | 10 |
| RLEGP | 86 - 87 | 5 |
| RLEGP | 87 - 88 | 15 |
| NREP | 87 - 88 | 10 |
| NREP | 88 - 89 | 15 |
| RLEGP | 88 - 89 | 12 |
| | | 246 |

JRY സ്കീമിൽ പഞ്ചായത്ത് നേരിട്ട് അനുവദിച്ച വീടുകളുടെ എണ്ണം 24 ആണ്.

| | | | |
|---|---|---|---|
| ആകെ | 246 + 24 | = | 270 |
| ലക്ഷം വീട് | | = | 50 |
| ആകെ | | = | 320 |

പട്ടികജാതി വിഭാഗത്തിനാണ് മുഖ്യമായും ഭവന നിർമ്മാണ പദ്ധതികൾ വഴി സഹായം നീക്കി വെച്ചിരുന്നത്.

എന്നാൽ ഹരിജനേതര ദുർബല വിഭാഗം നല്ലൊരു ശതമാനം വീടില്ലാത്തവരും സ്വന്തമായി വീടു വെക്കാൻ കഴിയാത്തവരുമായി പഞ്ചായത്തിലുണ്ട്. ഈ വിഭാഗത്തിനും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ അവശേഷിക്കുന്നവർക്കും വീടു നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതിയും തുകയും കണ്ടെത്തേണ്ടിയിരിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്തെ വർധിച്ച ചെലവു മൂലം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീട് ഒരു സ്വപ്നം മാത്രമായിത്തീരുന്നു. ഭവന രഹിതരുടെ എണ്ണം കൂട്ടാനേ ഇത് സഹായിക്കൂ. സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായധനമാകട്ടെ അപര്യാപ്തവുമാണ്.ഈ അവസരത്തിൽ ചെലവു ചുരുങ്ങിയ വീട് നിർമ്മാണത്തെക്കുറിച്ച് നാം ചിന്തിക്കുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തിച്ചു വരുന്ന ഒരർദ്ധ സർക്കാർ സംഘടന യാണ് നിർമ്മിതി കേന്ദ്രം. സ്വന്തമായി രൂപ കല്പന ചെയ്ത വാസ്തുശില്പ മാതൃകകളും നിർമ്മാണ രീതികളും അവർ പ്രവർത്തി പഥത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ തന്നെ ഈ രംഗത്ത് ഗവേഷണ ബുദ്ധ്യാ പ്രവർത്തിക്കുന്ന ഒരു കേന്ദ്രമാണ് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മുണ്ടൂരിലുള്ള IRTC. ഇവയുടെ സഹായം ചെലവു ചുരുങ്ങിയ കെട്ടിട നിർമ്മാണ രംഗത്ത് നമുക്ക് ഉപയോഗിക്കാവുന്നതാണ്.

വരുന്ന 9-ാം പഞ്ചവത്സര പദ്ധതി കാലത്ത് വീടില്ലാത്ത മുഴുവൻ പേർക്കും വീടുവെച്ചു കൊടുക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഗുണഭോക്താക്കളുടെ സന്നദ്ധ സേവനവും ഇക്കാര്യത്തിലുപയോഗപ്പെടുത്താം. ഇതിനു വേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ശ്രമം നടത്തണം. ഓരോ വാർഡിലും ഓരോ ഭവന നിർമ്മാണ സമിതികളുണ്ടാക്കി പ്രവർത്തനം ഏറ്റെടുക്കണം. സർക്കാർ ഫണ്ടും സന്നദ്ധ പ്രവർത്തനവും ഗുണഭോക്താക്കളുടെ സംഭാവനയും ഒന്നിച്ചു സ്വരൂപിക്കണം.

മരത്തിന്റെ വർദ്ധിച്ചു വരുന്ന വില കണക്കിലെടുക്കുമ്പോൾ കോൺക്രീറ്റിൽ തീർത്ത ജനാല ഫ്രെയിമുകൾ, വാതിൽ കട്ടിലകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. റബ്ബർ തടി സംസ്ക്കരിച്ച് നിർമ്മിക്കുന്ന വാതിലുകളും ഉപയോഗിച്ചു നോക്കാവുന്നതാണ്.

## പ്രശ്നങ്ങൾ സാധ്യതകൾ

1. കെട്ടിട നിർമ്മാണ രംഗത്ത് വർദ്ധിച്ചു വരുന്ന ആഢംബര ഭ്രമവും, ധൂർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്. വീടിനെക്കുറിച്ചുള്ള സങ്കല്പത്തിൽ തന്നെ വികലമായ ഒരു ധാരണ പൊതുവെ ജനങ്ങളിൽ രൂപപ്പെട്ടു വരുന്ന അവസ്ഥയാണിന്ന്.
2. ഭവന നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വില, ഉയർന്ന കൂലി നിരക്ക് എന്നിവ മൂലം ചെലവു താങ്ങാനാവാത്ത അവസ്ഥ.

3. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതിയെ കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും അബദ്ധ ധാരണകളും നിലനിൽക്കുന്നു.

4. ചെലവു കുറഞ്ഞ ഭവനങ്ങൾ നിർമ്മിക്കുന്നതിന് സാങ്കേതിക ജ്ഞാനമുള്ളവരുടെയും വിദഗ്ധ തൊഴിലാളികളുടെയും ദൗർലഭ്യവും പ്രശ്നമാണ്.

5. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ വഴി വീടില്ലാത്തവരുടെ എണ്ണം പരിഗണിക്കുമ്പോൾ അനുവദിക്കുന്ന വീടുകളുടെ എണ്ണവും തുകയും അപര്യാപ്തമാണ്.

6. നിലവിലുള്ള പദ്ധതികളിൽ ഹരജനേതര ദുർബല വിഭാഗങ്ങൾക്ക് ആനുകൂല്യം നൽകാൻ സാധ്യത കുറവാണ്.

7. കെട്ടിട നിർമ്മാണ രംഗത്ത് വർദ്ധിച്ചു വരുന്ന ആഢംബര ഭ്രമവും, ധൂർത്തും ഒഴിവാക്കാൻ ശക്തമായ ബോധവൽക്കരണം - ഒപ്പം ഒരു നിശ്ചിത വലുപ്പത്തിലും നിർമ്മാണ ചെലവ് ഒരു നിശ്ചിത സംഖ്യയിലും കൂടുമ്പോൾ ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തി ഈ ദുർവ്യയം നിരുത്സാഹപ്പെടുത്തണം.

8. ചിലവു കുറഞ്ഞ നിർമ്മാണ രീതിയെക്കുറിച്ച് പ്രചാരണം.

9. നിർമ്മിതി കേന്ദ്രത്തിൻെറയും, ശാസ്ത്ര സാഹിത്യ പരിഷത്തു പോലുള്ള സന്നദ്ധ സംഘടനകളുടെയും സേവനം ഉപയോഗപ്പെടുത്തണം.

10. ഹരിജനേതര ദുർബല വിഭാഗക്കാർക്കു കൂടി ഗുണം ലഭിക്കും വിധം ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുക.

11. ഇടത്തരം ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

12. നാഗലശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഭൂരഹിത കർഷക തൊഴിലാളികൾക്ക് വീടുവെക്കുന്നതിനു വേണ്ടി അക്വയർ ചെയ്ത 4 സെൻറ് പുരയിടങ്ങളിൽ വീടുവെച്ചു കൊടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചാൽ വെള്ളം വെളിച്ചമടക്കം സൗകര്യങ്ങളോടെ ഹൗസിങ്ങ് കോളനിയാക്കി ഭവനരഹിതമായ നിരവധി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണവും, സഹായവും ഇക്കാര്യത്തിലുണ്ടാക്കണം.

13. വീടു വെക്കാൻ ഭൂമിയില്ലാത്തവർക്കു ഭൂമി നൽകാൻ പദ്ധതി വേണം.

14. ചിലവു കുറഞ്ഞ നിർമ്മാണ രീതികളിൽ പരിശീലനം കൊടുത്ത് വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കണം.

15. വീടിൻെറ വർദ്ധിച്ച ചെലവ് കണക്കിലെടുത്ത് സർക്കാർ അനുവദിക്കുന്ന സംഖ്യ കാലോചിതമായി പരിഷ്ക്കരിക്കണം. ■

# സാമൂഹ്യക്ഷേമം

ഇന്ത്യയിൽ വെച്ച് ഏറ്റവും വിപുലമായ സാമൂഹ്യ സുരക്ഷിതത്വ ശൃംഖല കേരളത്തിൻെറതാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി അസംഘടിതമേഖലയെ കൂടി സുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിൻെറ നേട്ടം. 60 വയസ്സിനു മുകളിലുള്ള ജനസംഖ്യയുടെ ഏതാണ്ട് 30% വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്.

ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളും വിവിധ ക്ഷേമ പദ്ധതികളും സംസ്ഥാനത്ത് നിലവിലുണ്ട്. ക്ഷേമ പദ്ധതികളിൽ സർക്കാർ നേരിട്ടു നടത്തുന്നവയും തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പങ്കാളിത്തത്തോടെ വിവിധ ബോർഡുകൾക്കു കീഴിൽ നടപ്പാക്കുന്നവയുമുണ്ട്. സാമൂഹ്യക്ഷേമം, റവന്യൂ, തൊഴിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകൾ വഴിയാണ് സർക്കാർ പദ്ധതികൾ നടപ്പാക്കുന്നത്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും, ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 2216 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളത്. ഇവരിൽ സാമ്പത്തിക സഹായം ലഭിച്ചവർ 151 ആണ്. അതിൽ പട്ടിക ജാതിക്കാർ 75. സഹായങ്ങൾ ലഭിച്ചതിൻെറ ഫലമായി ദാരിദ്ര്യരേഖക്കുമകളിലെത്തിയവർ കേവലം 12 പേരാണ്. ദാരിദ്ര്യ നിർമാർജ്ജന പദ്ധതിക്ക് കീഴിൽ അർഹരായവരുടെ എണ്ണം വെച്ചു നോക്കുമ്പോൾ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം തുലോം കുറവാണ്. ആനുകൂല്യം ലഭിച്ചവരിൽ തന്നെ ദാരിദ്ര്യരേഖക്കുമുകളിലെത്തിക്കാൻ കഴിഞ്ഞത് 12 പേരെയും. അർഹരായവരിൽ വളരെ ചെറിയ ശതമാനം പേർക്കാണ് സഹായം നൽകി പദ്ധതി ലക്ഷ്യത്തിലേക്കെത്തിക്കാൻ കഴിയുന്നത്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം 104. RAP പദ്ധതിപ്രകാരം പണിയായുധങ്ങൾ നൽകുന്ന സഹായം ലഭിച്ചവർ 19. ഇനിയും 85 പേർ ഈ പദ്ധതിക്കർഹരായിട്ടുണ്ട്.

വിവിധ പെൻഷൻ പദ്ധതികളും അവയുടെ ഗുണഭോക്താക്കളെയും സംബന്ധിച്ച കണക്കുകൾ താഴെക്കൊടുക്കുന്നു.

| പെൻഷനുകൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| വാർധക്യകാല പെൻഷൻ | 119 |
| വികലാംഗ പെൻഷൻ | 73 |
| വിധവാ പെൻഷൻ | 188 |
| തൊഴിലില്ലായ്മാ വേതനം | 388 |
| കർഷകതൊഴിലാളി പെൻഷൻ | 813 |
| അവശ കലാകാര പെൻഷൻ | 1 |
| ക്ഷയരോഗി പെൻഷൻ | 1 |
| കുഷ്ഠരോഗി പെൻഷൻ | 9 |

നിർമ്മാണത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ എന്നിവർക്കുള്ള ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അവരെ സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടില്ല.

ദാരിദ്ര്യനിർമാർജ്ജന പദ്ധതികൾ, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയുടെ വിപുലമായൊരു ശൃംഖല നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും ഏറെ പേരും അവയെക്കുറിച്ച് അജ്ഞരാണ്. അർഹതയുള്ള പലരും അതുകൊണ്ടു തന്നെ അപേക്ഷിക്കുന്നില്ല. അപേക്ഷ അയച്ചവർക്ക് തന്നെ പലവിധ കാരണങ്ങളാൽ നിഷേധിക്കപ്പെടുന്നു. അപേക്ഷക്ക് മറുപടിപോലും കിട്ടുന്നില്ലെന്നും ഉദ്യോഗസ്ഥരുടെ അനാസ്ഥ ഇക്കാര്യത്തിലുണ്ടന്നും ഗ്രാമസഭയിൽ ഉയർന്നു

വന്നിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങാ അനുവദിച്ചുകിട്ടിയവർക്കു തന്നെ സാമ്പത്തിക സഹായം യഥാസമയം കിട്ടുന്നില്ല. ഇക്കാര്യത്തിൽ കാല വിളംബം ഒരു സ്ഥിരം പ്രതിഭാസമാണ്.

സാമൂഹ്യ ക്ഷേമ രംഗത്ത് മറ്റൊരു പ്രവർത്തന മേഖലയാണ് കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യനിലമെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് ഐ.സി.ഡി.എസ്-ന് കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികാ. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ഗർഭിണികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുകയും പ്രതിരോധ കുത്തിവെപ്പുകാ നടപ്പാക്കുകയും ആണ് മുഖ്യ പരിപാടി. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രവർത്തനവും അംഗൻവാടികാ നിറവേറ്റുന്നുണ്ട്.

നാഗലശ്ശേരി പഞ്ചായത്തിൽ 26 അംഗൻവാടികാ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ഗുണഭോക്താക്കളായി 150 ഗർഭിണികളും 152 മുലയൂട്ടുന്ന അമ്മമാരും, 618, മൂന്ന് വയസ്സിനു താഴെയുള്ള കുട്ടികളും, 680, 3-6 വയസ്സ് പരിധിയിലുള്ള കുട്ടികളുമുണ്ട്.(ഐ.സി.ഡി.എസ്. റിപ്പോർട്ട്)

അംഗനവാടികളിൽ ഭൂരിപക്ഷത്തിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. വാടക കെട്ടിടത്തിലാണ് ഇവ പ്രവർത്തിക്കുന്നത് ചാലാച്ചി, മണിയാറംകുന്ന്, മുളിപ്പറമ്പ് (തെക്കേക്കര), ആമക്കാവ് എന്നിവിടങ്ങളിലെ കെട്ടിടങ്ങളുടെ പണി അവസാനഘട്ടത്തിലെത്തി. മൈലാഞ്ചിയിലെ അംഗനവാടിയുടെ കെട്ടിടം പണി ഒന്നാം ഘട്ടത്തിലാണ്. സൗജന്യസ്ഥലം കിട്ടാത്തതും സാമ്പത്തിക ബുദ്ധിമുട്ടും കൊണ്ടാണ് കെട്ടിടം പണി മന്ദഗതിയിലാകുന്നത്.

കുട്ടികളുടെ മാനസികോല്ലാസത്തിനുതകുന്ന കളിപ്പാട്ടങ്ങളും മറ്റു പശ്ചാത്തലസൗകര്യങ്ങളും ആവശ്യമായ ഫർണീച്ചറുകളും സൗകര്യങ്ങളും അംഗനവാടികളിലില്ല. 26 അംഗനവാടികളിലായി 52 ജീവനക്കാരുണ്ട്. അവരുടെ സേവനവുമായി താരതമ്യപ്പെടുത്തുമ്പോാ പ്രതിഫലം വളരെ തുച്ഛമമാണ്.

അംഗനവാടികളുടെ ഇന്നത്തെ ദു:സ്ഥിതി പരിഹരിച്ചാൽ പ്രീ-പൈമറി വിദ്യാഭ്യാസത്തിൻെറ കാര്യക്ഷമമായ ഒരു മേഖലയാക്കാൻ സാധിക്കും.

## പ്രശ്നങ്ങാ

1. ദാരിദ്ര്യ നിർമാർജ്ജന പദ്ധതികാ അർഹതപ്പെട്ട മുഴുവൻ ആളുകാക്കും നൽകുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനം പര്യപ്തമല്ല. ഗുണഭോക്താക്കളെ പദ്ധതി ലക്ഷ്യത്തിലേക്കെത്തിക്കാനും കഴിയുന്നില്ല.
2. പെൻഷൻ പദ്ധതികാ നിലവിലുള്ള മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നില്ല. കാലതാമസം നേരിടുന്നുണ്ട്. അർഹതപ്പെട്ട പലരേയും പെൻഷൻ പദ്ധതികളിൽ ഉാപ്പെടുത്തിയിട്ടില്ല.
3. അംഗനവാടികാക്ക് സ്ഥലം, കെട്ടിടം, കളിക്കോപ്പ്, ഫർണീച്ചറുകാ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങാ ഇല്ല.
4. അംഗനവാടികളിലേക്ക് എത്തേണ്ട മുഴുവൻ കുട്ടികളേയും പതിവായി എത്തിക്കുന്നില്ല.
5. ഐ.സി.ഡി.എസ് ക്ഷേമ പരിപാടിയിൽ ജനപങ്കാളിത്തം വളരെ കുറവാണ്.
6. ഐ.ആർ.ഡി.പി സർവ്വെ ലിസ്റ്റ് അപാകതകളുള്ളതാണ്.

## പരിഹാരങ്ങാ

1. നിലവിലുള്ള ക്ഷേമ പദ്ധതികാ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.
2. ദാരിദ്ര്യനിർമാർജ്ജന പദ്ധതികളുടെ തുക വർദ്ധിപ്പിക്കുക.
3. അർഹരായവരെ കണ്ടെത്തുന്നതിനും ആനുകുല്യം ലഭിച്ചവർ അത് ഗുണപരമായി ഉപയോഗിക്കുന്നെന്നും ഉറപ്പു വരുത്താൻ പഞ്ചായത്ത് സമിതികളെയും ഗ്രാമ സഭാ സമിതികളെയും ചുമതലപ്പെടുത്തുക.
4. പ്രാദേശിക ജനപങ്കാളിത്തത്തോടെ അംഗനവാടികാക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകുക.
5. അംഗനവാടികളിലേക്ക് ആവശ്യമായ കളിക്കോപ്പുകാ ഫർണീച്ചറുകാ മറ്റ് ആവശ്യമായ സൗകര്യങ്ങാ എത്തിക്കുന്നതിന് നടപടിയെടുക്കുക.
6. അംഗനവാടികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിൻെറ ആവശ്യകതയെക്കുറിച്ചും ഇവക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ ആവശ്യകത നിർവ്വഹിക്കാനുള്ള സാധ്യതയെക്കുറിച്ചും ജനങ്ങളെ ബോധന്മാരാക്കുക. 3-5 പ്രായ പരിധിയിലുള്ള മുഴുവൻ കുട്ടികളെയും അംഗനവാടിയിലെത്തിക്കുക.
7. ഐ.സി.ഡി.എസ്. ക്ഷേമ പദ്ധതികളിലും ആരോഗ്യ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ അംഗൻ വാടി പ്രവർത്തകരും ഡിപ്പാർട്ട്മെൻറും ശ്രമിക്കുക. ഇക്കാര്യത്തിൽ പഞ്ചായത്ത് സാഹായം ചെയ്യുക.
8. അംഗനവാടികാ നേരിടുന്ന പ്രശ്നങ്ങാ ശ്രദ്ധിക്കുന്നതിനും പരിഹരിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുക. അംഗൻവാടി വെൽഫെയർ കമ്മറ്റികളുടെ പ്രവർത്തനം സജീവമാക്കാൻ നേതൃത്വം കൊടുക്കുക.
9. നിലവിലുള്ള ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ വളരെയധികം അപാകതകളുണ്ട്. എത്രയും വേഗം കാലോചിതമായി ലിസ്റ്റ് പരിഷ്കരിക്കണം. ■

# സഹകരണം

**1904** - ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിലാണ് സഹകരണസംഘങ്ങൾ ഭാരതത്തിൽ പ്രവർത്തനം ആരംഭിച്ചത്. നാഗലശ്ശേരി പഞ്ചായത്തിൽ പ്രാഥമിക സംഘമായ നാഗലശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് 1964-ൽ ജൂലായ് 3ന് പ്രവർത്തനമാരംഭിച്ചു. വായ്പാ മേഖലയിലെ ഒരു പ്രധാന സ്ഥാപനമെന്ന നിലയിലാണ് ഈ സ്ഥാപനത്തിന് തുടക്കം കുറിച്ചത്. കാർഷികരംഗത്തെ കടകെണിയിൽ നിന്നും കർഷകരെ രക്ഷിക്കാനും സ്വകാര്യ പണമിടപാടുകാരുടെ കൈയിൽ നിന്നും മോചിപ്പിക്കാനുമാണ് സംഘം ലക്ഷ്യമിട്ടത്. വാവന്നൂരിൽ ശ്രീ. കെ. മാധവൻ നായരുടെ കെട്ടിടത്തിലാണ് സംഘത്തിൻെറ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ആദ്യ ഭരണസമിതി ശ്രീ. പി. ശ്രീധരൻ മൂസതിൻെറ നേതൃത്വത്തിലായിരുന്നു. കെ. മാധവൻ നായർ ഓണററി സെക്രട്ടറിയുമായിരുന്നു. അതിനുശേഷം സർവ്വശ്രീ കെ.വി. പരീക്കുട്ടി. എൻ. എം. ഗോപാലൻ നായർ, പി. വാസുദേവൻ, എം. ഗോവിന്ദൻ കുട്ടി, വി.പി.ആലിക്കുട്ടി, വി.പി.ഐദ്രു, കെ.എം. മാധവ വാര്യർ എന്നിവർ സംഘത്തിൻെറ നേതൃത്വത്തിൽ വന്നു. ഇപ്പോഴത്തെ സെക്രട്ടറി ടി.കെ. നാരായണനാണ്.

വാവന്നൂർ ഒരു സ്വകാര്യകെട്ടിടത്തിലാണ് സംഘത്തിൻെറ പ്രവർത്തനം ആരംഭിച്ചതെങ്കിലും പിന്നീട് കുറ്റനാട് മറ്റൊരു സ്വകാര്യ കെട്ടിടത്തിലേക്കും അവിടെനിന്ന് ഇന്നത്തെ സ്വന്തം കെട്ടിടത്തിലേക്ക് 1995 ആഗസ്റ്റ് 15 നു പ്രവർത്തനം തുടങ്ങി.

കാർഷികാവശ്യത്തിനായി സ്ഥാപിച്ചതാണെങ്കിലും ആ രംഗത്തെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റാൻ സംഘത്തിന് സാധിക്കുന്നില്ല. നബാഡ് അംഗീകരിക്കുന്ന വായ്പാ വിതരണ മാനദണ്ഡം എല്ലാ കർഷകരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ തടസ്സമായി നിൽക്കുന്നു. മാത്രമല്ല കർഷകരുടെ കാലാകാലങ്ങളിലെ ആവശ്യം നിറവേറ്റത്തക്കവിധത്തിൽ ആവശ്യമായിവരുന്ന സമയത്തുതന്നെ വായ്പാ വിതരണം നടക്കുന്നുമില്ല. അതിനാൽ കർഷകർക്ക് മറ്റു പോംവഴികൾ തേടേണ്ടിവരുന്നു. മാത്രമല്ല കടം വാങ്ങിയ തുക സമയാ സമയങ്ങളിൽ തിരിച്ചടപ്പു നടക്കുന്നില്ല. ജനകീയ ഇടപെടലിലൂടെ മാത്രമേ ഈ ദുരവസ്ഥ മുറിച്ചു കടക്കാൻ സാധിക്കുകയുള്ളൂ. ബാങ്കിൻെറ പ്രവർത്തനം വിപുലീകരിക്കാനും കാര്യക്ഷമമാക്കാനുമായി സ്വർണ്ണ പണയ വായ്പാ പദ്ധതി 12-10-83ൽ തുടങ്ങി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഈ പദ്ധതി ഉദ്ഘാടനം ചെയ്തു.

സഹകരണബാങ്കുകളുടെ പ്രവർത്തനം കേരളത്തിൽ വ്യാപിപ്പിക്കേണ്ടത് നാട്ടിലെ വായ്പാ ആവശ്യം നിറവേറ്റാൻ അത്യാവശ്യമാണ്. കാരണം മറ്റു വാണിജ്യബാങ്കുകൾ ഇൻഡ്യയിൽ തന്നെ ഏറ്റവും കൂടുതൽ സാമ്പത്തിക സമാഹരണം നടത്തുന്നത് കേരളത്തലെന്നിരിക്കെ അതിൻെറ 40% പോലും കേരളത്തിൽ വായ്പയായി നൽകുന്നില്ല. ബാക്കി തുക പുറം സംസ്ഥാനങ്ങളിലേക്കോ വൻകിട മുതലാളിമാരിലേക്കോ എത്തിച്ചേരുന്നു. എന്നാൽ സഹകരണ ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നു തുകയുടെ 85%ത്തിലധികം അതാതു പ്രദേശത്തെ തന്നെ വായ്പാ സൗകര്യം നിറവേറ്റുന്നുവെന്നതിനാൽ സഹകരണ സംഘങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

വായ്പേതര മേഖലയിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി കുമരനെല്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കാർഷികോൽപന്നങ്ങളുടെ വിപണന സൗകര്യത്തിനായിട്ടാണ് ഇത് സ്ഥാപിച്ചത്. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തന പരിധിക്കുള്ളിലാണ് നാഗലശ്ശേരി പഞ്ചായത്തും. എന്നാൽ ആ സൊസൈറ്റിയുടെ പ്രവർത്തനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. വെയർ ഹൗസിംഗ് സൗകര്യമുൾപ്പെടെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു വിപണന സഹകരണ സംഘം ഈ പഞ്ചായത്തിൽ ആവശ്യമാണ്. കർഷകർക്ക് അവരുടെ ഉൽപന്നങ്ങളിന്മേൽ വായ്പ ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണം.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു

സഹകരണ സ്ഥാപനമാണ് ജില്ലാ സഹകരണ ബാങ്ക് ശാഖ. 1978 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു.

ഭവന നിർമ്മാണ വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സംഘമാണ് ആലൂരിൽ ആസ്ഥാനമുള്ള തൃത്താല ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം.

തൃത്താല ബ്ലോക്ക് കേന്ദ്രീകരിച്ച് ഹരിജനങ്ങൾക്കായി ഒരു ഹരിജൻ സഹകരണ സംഘവും ആലൂരിൽ പ്രവർത്തിക്കുന്നു. ഇതന്റെ പ്രവർത്തനം വളരെ മന്ദീഭവിച്ചമട്ടിലാണ്.

നാഗലശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൂറ്റനാട് ആസ്ഥാനമായുള്ള നാഗലശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ ഇന്നത്തെ ഭരണ സമിതി ശ്രീ. കെ. എം. മാധവ വാര്യരുടെ നേതൃത്വത്തിൽ താഴെ പറയുന്നവരാണ്.

1. കെ.എം. മാധവവാര്യർ (പ്രസിഡണ്ട്)
2. എ.വി. തങ്കപ്പൻ മാസ്റ്റർ
3. ഒ. വിശ്വനാഥൻ
4. മണിയാറത്ത് സുഹറ മരയ്ക്കാർ
5. എം. പ്രദീപ്
6. എം. സുബ്രഹ്മണ്യൻ നായർ
7. സി.എം. വേണുഗോപാലൻ
8. എ.എം. രാജൻ
9. കെ.കൃഷ്ണൻ നമ്പ്യാർ
10. ടി.കെ. നാരായണൻ (സെക്രട്ടറി )

ബാങ്കിന്റെ ഇന്നത്തെ നില 95-96

| സ്ഥാപനത്തിന്റെ പേര് | നാഗലശ്ശേരിസർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| അംഗങ്ങളുടെ എണ്ണം | 2960 |
| ഒരു ഓഹരിയുടെ വില | 10 രൂപാ |
| അഗീകൃത ഓഹരി മൂലധനം | 10 ലക്ഷം രൂപ |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 769203 രൂപ |
| സർക്കാർ ഓഹരിമൂലധനം | 100000 രൂപാ |
| പരമാവധി കടം എടുക്കാവുന്ന തുക | 3 കോടി 84.6 ലക്ഷം രൂപ |
| സ്ഥിര നിക്ഷേപം | 131 ലക്ഷം രൂപ |
| ഹ്രസ്വകാല നിക്ഷേപം | 30.93 ലക്ഷം രൂപ |
| വായ്പകൾ | |
| ഹ്രസ്വകാല കാർഷിക വായ്പകൾ | 1226177 രൂപ |
| മാധ്യകാലകാർഷിക വായ്പകൾ | 204413 രൂപ |
| ദീർഘകാല കാർഷിക വായ്പകൾ | 27736 രൂപ |
| കാർഷികേതരം | 2256876 രൂപ |
| നിക്ഷേപ ലോൺ | 986898 രൂപ |
| പണ്ടം പണയം | 12409967 രൂപ |
| ഐ.ആർ.ഡിപി. | 165774 രൂപ |

സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക(രൂപ) |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | കാർഷികം | 1305777.00 |
| ജില്ലാ സഹകരണ ബാങ്ക് | സ്വർണലോൺ | 1539002.00 |
| ഐ.സി.ഡി.പി. | കെട്ടിട ലോൺ | 120000.00 |
| ആകെ | | 2964777 |

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാത്തവ

| സ്വഭാവം | തുക (രൂപ) |
|---|---|
| ഹ്രസ്വകാല കാർഷിക വായ്പ | 151840.00 |
| മധ്യകാല കാർഷിക വായ്പ | 116097.00 |
| കാർഷികേതരം | 407592.00 |
| സ്വർണ വായ്പ | 1020560.00 |
| ആകെ | 1696089.00 |

മറ്റു ചെലവുകൾ:
എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്: 330131.00
കണ്ടിജൻസീസ്: 317032.00
മറ്റുള്ള പ്രവർത്തനങ്ങൾ:
വളം കീടനാശിനി വിൽപന, ഓണച്ചന്ത
ജീവനക്കാർ: 9
നഷ്ടം:

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് നൽകിയ വയ്പകളുടെ വിവരം:

| എത്ര പേർക്ക് | ഇനം | നൽകിയ തുക (രൂപ) |
|---|---|---|
| 33 | ഭവനനിർമ്മാണ വയ്പ | 1384500.00 |
| 12 | സാധാരണ വായ്പ | 2,20,925.00 |
| 4 | കാർഷികേതര വായ്പ | 248000.00 |
| 49 | വദ്ധതി വായ്പ | 877903.00 |
| ആകെ 98 | | 2731328.00 |

ഹൗസിംഗ് സഹകരണ സംഘം ഈ പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

| എത്ര പേർക്ക് | ഇനം | നൽകിയ തുക (രൂപ) |
|---|---|---|
| 4 | ഭവന നിർമ്മാണം | 1834000.00 |
| 16 | ഭവന നിർമ്മാണം താഴ്ന്ന വരുമാനം | 268500.00 |
| ആകെ 20 | | 2102500.00 |

മേൽ പറഞ്ഞ ബാങ്കുകൾ കൂടാതെ ക്ഷീര വികസന രംഗത്ത് തൊഴുക്കാട്, പെരിങ്ങോട്, കോതചിറ എന്നീ സ്ഥലങ്ങൾ ക്രന്ദീകരിച്ച് 3 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കാനിരിക്കുന്നു . ഏതാനും പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കർഷകർക്ക് ആവശ്യമായ സമയത്ത് മുഴുവൻ തുകയും വായ്പയായി നൽകാൻ സാധിക്കുന്നില്ല.
2. നിക്ഷേപ സമാഹരണം വാണിജ്യ ബാങ്കുകളുടേത് പോലെ നടക്കുന്നില്ല.
3. നബാഡ് മാനദണ്ഡം അനുസരിച്ച് വായ്പാ വിതരണം നടത്തുമ്പോഴുള്ള പ്രയാസങ്ങൾ.
4. കാർഷികേതര വായ്പകൾക്ക് അസൗകര്യം അനുഭവപ്പെടുന്നു.
5. കൊള്ളപ്പലിശക്കാരായ സ്വകാര്യ പണമിടപാടുകാരെ കൂടുതൽ ജനങ്ങൾക്കആശ്രയിക്കേണ്ടിവരുന്നു. ബാങ്കുകളുടെ സേവനം ജനങ്ങൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല എന്നതിൻെറ തെളിവാണ് ബ്ലേഡുകൾ എന്ന പേരിൽ അറിയപ്പെടുന്ന സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ- അടുത്തകാലത്ത് വളരെയേറെ പെരുകിയിട്ടുണ്ട്. അതിനു പുറമെ കടം കൊടുക്കുന്നത് പിരിക്കാൻ വരുന്ന തമിഴന്മാർ ഗ്രാമ പ്രദേശങ്ങളിലെ നിത്യ സന്ദർശകരാണ്.

## സാധ്യതകൾ

1. കാർഷികേതര ആവശ്യങ്ങൾക്ക് കൂടുതൽ വായ്പകൾ ലഭ്യമാക്കണം.
2. പഞ്ചായത്തിൻെറ കേന്ദ്രവും ഭൂരിപക്ഷം ഇടപാടുകാർക്ക് സൗകര്യപ്രദവുമായ പെരിങ്ങോട്, നാഗലശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ശാഖ തുറന്ന് കൃഷിക്കാർക്കും മറ്റ് പണമിടപാടുകാർക്കും വായ്പാ സൗകര്യം ഏർപ്പെടുത്തി ഇന്നത്തെ അസൗകര്യങ്ങൾ ഒഴിവാക്കുക.
3. വെയർ ഹൗസിംഗ് സൗകര്യം ഉൾപ്പെടെ എല്ലാ സൗകര്യങ്ങളുമുള്ള കാർഷിക ഉൽപന്ന വിപണന സഹകരണ സംഘം സ്ഥാപിക്കുക
4. സഹകരണ ബാങ്കുകൾ വഴി കാർഷിക, വ്യാവസായിക മേഖലകൾക്ക് കൂടുതൽ ധനസഹായം.
5. വ്യവസായിക രംഗത്ത് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
6. നാടിൻെറ ആവശ്യത്തിനായി അതാതു സ്ഥലത്തെ സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ സൂക്ഷിക്കാൻ അതാതു പ്രദേശത്തെ ജനങ്ങൾ മുന്നോട്ടു വന്നാൽ നാടിൻെറ വികസനവും മെച്ചപ്പെട്ട സേവനവും സാധ്യമാകും.
7. കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, തുടങ്ങിയ അടിയന്തിരവും അനിവാര്യവുമായി വരുന്ന ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം ഉടൻ നൽകുന്നതിന് വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അതനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.
8. കാർഷിക വായ്പ കൃഷിക്കാരന് ആവശ്യമുള്ള സമയത്തും അളവിലും കിട്ടുവാൻ നിലവിലുള്ള സംവിധാനം ഉപകരിക്കുന്നില്ല. ജില്ലാ ബാങ്കും നബാഡും നിബന്ധനകളിൽ അതിനുവേണ്ട ഇളവുകൾ വരുത്തണം.

# വിഭവ സമാഹരണം

ഈ പഞ്ചായത്ത് ഫസ്റ്റ് ഗ്രേഡ് പഞ്ചായത്താണെങ്കിലും വരുമാനത്തിൻെറ കാര്യത്തിൽ വളരെ പിറകിലാണ്. പഞ്ചായത്തിൻെറ തനതായ വരുമാനം ജീവനക്കാരുടെ ശമ്പളം കൊടുക്കൽ, (എസ്റ്റാബ്ലിഷ്മെൻറ്) തെരുവ് വിളക്ക് കത്തിക്കുന്നതിനും കുടിവെള്ള വിതരണത്തിനും കൊടുക്കുന്ന ചാർജ്ജ്, വായനശാലകൾക്ക് പത്രങ്ങൾ വരുത്തു ന്നതിന് വേണ്ടി വരുന്ന ചിലവ് ഇങ്ങനെ സ്ഥിരമായി വേണ്ട ചിലവുകൾക്ക് തന്നെ തികയാതെ വരുന്നു.

അതുകൊണ്ടാണ് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് അനുവദിച്ചു വരുന്നത്.

പുഴ ഈ പഞ്ചായത്തിനെ അനുഗ്രഹിച്ചിട്ടില്ലാത്തതിനാൽ സമീപ പഞ്ചായത്തുകളെപോലെ മണൽ ലേലത്തിൽ നിന്നുള്ള വരുമാനമില്ല. വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെയില്ല. പഞ്ചായത്തിൻെറ ഗ്രേഡ് ഉയർത്തിയതുകൊണ്ട് എസ്റ്റാബ്ലിഷ്മെൻറ് ചിലവ് കൂടുക മാത്രമാണ് ഫലമുണ്ടായത്.

പഞ്ചായത്തിൻെറ തനതായ വരുമാനവും ചിലവും താഴെ കൊടുക്കുന്നു.

കെട്ടിട നികുതി

തൊഴിൽ നികുതി

ലൈസൻസ് ഫീസ്

സിനിമയിൽ നിന്ന് ലഭിക്കുന്ന

വിനോദ നികുതി

ചിലവുകൾ

എസ്റ്റ്ബ്വിഷ്മെൻറ്

വൈദ്യുതചാർജ്ജ്

കുടിവെള്ള ചാർജ്ജ്

പത്രങ്ങളുടെ ചിലവ്

പഞ്ചായത്തിൻെറ വരവുചിലവ് കണക്കുകൾ പരിശോധിക്കുന്ന പക്ഷം വികസനത്തിന് നീക്കിവെക്കാൻ കാര്യമായി മിച്ചം കാണില്ലെന്നത് വ്യക്തമാണ്. അടിസ്ഥാന നികുതിയിനത്തിലും വസ്തു കൈമാറ്റങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാൻറാണ് മറ്റൊരു വരുമാനം. ഇത് കൃത്യമായി പലപ്പോഴും ലഭിക്കാറില്ല. വളരെ അധികം കുടിശ്ശികയുമാണ്.

## സർക്കാരിൽ നിന്ന് അനുവദിക്കുന്ന ഗ്രാൻറുകൾ

1. ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിന്

(VRM Grant - Village road Maintanance Grant)

പഞ്ചായത്ത് മണ്ണു റോഡുകളുടെ ദൈർഘ്യത്തിൻെറ അനുപാതത്തിൽ സർക്കാർ അനുവദിക്കുന്ന ഗ്രാൻറ്.

2. VTC Grant (Vehicle Tax compensation Grant)

വാഹനങ്ങളിൽ നിന്ന് പിരിക്കുന്ന നികുതിയിനത്തിൽ പഞ്ചായത്ത് മെറ്റൽ റോഡുകളുടേയും ടാർ റോഡുകളുടേയും ദൈർഘ്യത്തിൻെറ അനുപാതത്തിൽ സർക്കാർ അനുവദിക്കുന്ന ഗ്രാൻറ്.

ഈ ഇനങ്ങളിലും തുക കൃത്യമായി ലഭിക്കാറില്ല. അത് അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ വളരെ ഏറെ വിവേചനം കാണിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഒറ്റപ്പെട്ട ചില പഞ്ചായത്തുകൾക്ക് 40 ഉം 50 ഉം ലക്ഷം രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ നമ്മുടെ പഞ്ചായത്തിന് ലഭിച്ചത് തുച്ഛമായ സംഖ്യയാണ്. ഭരണ കക്ഷി നേതാക്കൾ സർക്കാരിൽ ചെലുത്തുന്ന സമ്മർദ്ദവും ദുഃസ്വാധീനവുമാണ് വിവേചനത്തിനടയാക്കുന്നത്.

3. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്

പഞ്ചായത്തിൻെറ തനതായ വരവിൻെറ 40% വരുന്ന സംഖ്യയേക്കാൾ ചിലവ് കൂടുതൽ ആണെങ്കിൽ കൂടുതൽ വരുന്ന സംഖ്യയുടെ 75% സർക്കാർ പഞ്ചായത്തിൻെറ ചിലവ് നടത്തുന്നതിന് വേണ്ടി ഗ്രാൻറ് ആയി അനുവദിക്കുന്നു. സാമ്പത്തിക സ്ഥിതി മോശമായ പഞ്ചായത്തുകൾക്കാണ് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് അനുവദിക്കുന്നത്. നമ്മുടെ പഞ്ചായത്തിന് സ്ഥിരമായി അനുവദിച്ചു വരുന്നു.

ഭൂമി കൈമാറ്റ നികുതിയിനത്തിൽ (സ്റ്റാമ്പ് ഡ്യൂട്ടി) ആകെ പഞ്ചായത്തുകൾക്ക് നീക്കിവെക്കുന്ന സംഖ്യയുടെ 75% പഞ്ചായത്തുകളുടെ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്നു. ബാക്കി 25% സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്തിനെ സംരക്ഷിക്കാനും

പഞ്ചായത്തുകൾക്ക് ചില പ്രത്യേക വികസന പദ്ധതികൾക്കുവേണ്ടി അനുവദിക്കാനുമായി നീക്കിവെക്കുന്നതാണ്. ഈ രംഗത്തും വളരെ വിവേചനമാണ് ഇവിടെ നടന്നു വരുന്നത്. കഴിഞ്ഞ പത്തു കൊല്ലത്തിനിടയ്ക്ക് 75% പ്രകാരം നമ്മുടെ പഞ്ചായത്തിൽ അനുവദിച്ചു കിട്ടിയത് 2,36,088 രൂപ. 25% ൽ ആകെ കിട്ടിയത് 50,000 രൂപ മാത്രം.

പട്ടിക

പഞ്ചായത്തിലെ വരവ് സംബന്ധിച്ച ഒരു താരതമ്യ പഠനം

| ഇനം | 1970 - 71 | 80 - 81 | 90 - 91 | 95 - 96 |
|---|---|---|---|---|
| പ്രാരംഭ നികുതി 17046.02 | 40122.98 | 184723.69 | - - - | |
| കെട്ടിട നികുതി 9291.32 (19.9%) | 26713.83 (10.5%) | 132545.37 (17.8%) | 262072.50 (18%) | |
| തൊഴിൽ നികുതി | 2044.00 (4.4%) | 8880.00 (3.5%) | 60430.00 (8.1%) | 115160.00 (8%) |
| വാഹന നികുതി ~~391.50~~ | ~~144.00~~ 391.50 | - - - 144-00 | - - - | |
| കാഴ്ച നികുതി | 429.00 | 742.00 | 2207.00 | 2278.00 |
| വസ്തു കൈമാറ്റ നികുതി (~~7.5%~~ 75%) | 1971.39 (4.2%) | 21735.00 (8.6%) | 104411.00 (14%) | 131677 (12.5%) |
| (25%) | - - - | - - - | - - - | 50000.00 |
| കന്നുകാലി പൗണ്ട് | 257.27 | 490.00 | - - - | - - - |
| പി.എഫ്. അക്കൗണ്ട് | 80.00 | 320.00 | 632.00 | |
| വിനോദ നികുതി | 2035.74 | 9004.64 | 52873.83 | 53242.69 |
| ലൈസൻസ് | 701.27 | 1744.50 | 4236.50 | 12110.00 |
| പി.പി.ആർ. | 600.00 | - - - | - - - | |
| സിനിമ റഗുലേഷൻ ആക്ട് | 195.00 | 379.17 | 1092.00 | - - - |
| അടിസ്ഥാന നികുതി | 5000.00 (10.9%) | - - - | 24378.00 (3.3%) | |
| എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് | 562.37 | 6998.00 | 56336.00 | - - - |
| വി.ടി.സി. ഗ്രാൻറ് | 1035.00 | 15252.29 | 40987.00 | - - - |
| വി.ആർ.എം. ഗ്രാൻറ് | 1045.28 | 10443.10 | 11170.00 | - - - |
| സ്പെഷൽ ഗ്രാൻറ് | 7500.00 | 35000.00 | - - - | - - - |
| എം.ഐ. ഗ്രാൻറ് | 2672.50 | 3609.00 | 12930.00 | - - - |
| ബ്ലോക്ക് ഗ്രാൻറ് ~~1359.35~~ | ~~5000.00~~ 1359-35 | - - - 5000- | - - - | |
| ഡപ്പോസിറ്റ് | 2266.29 | 3032.80 | 5840.00 | 134948.00 |
| സംഭാവന | - - - | - - - | - - - | 200.00 |
| ലോൺ മടക്കി കൊടുത്തത് | - - - | - - - | 3296.00 | - - - |
| അധിക വിനോദ നികുതി | 1800.10 | 5489.81 | 31889.32 | 32054.11 |
| കാഴ്ച നികുതി സർ ചാർജ് | 132.25 | 185.00 | 551.75 | 563.50 |
| തൊഴിൽ നികുതി സർ ചാർജ് | 41.15 | - - - | - - - | - - - |
| ലൈബ്രറി സെസ്സ് | 228.96 | 768.03 | 3919.26 | 12991.50 |
| മുൻകൂർ വസൂൽ | 456.00 | - - - | 9900.00 | - - - |
| പലവക | 4524.29 | 2447.56 | 5736.95 | 14439.36 |
| ഉപാധിരഹിത ഫണ്ട് | - - - | - - - | 170000.00 | 624944.75 |
| അഡ്വാൻസ് റിക്കവറി | - - - | 2410.00 | - - - | - - - |
| ഓഡിറ്റ് റിക്കവറി-- - | 221.70 | 2548.00 | - - - | |
| ജനന മരണം | | 70.00 | 1112.00 | - - - |
| ഏഴിന പരിപാടി - - - | 92500.00 | - - - | - - - | |
| വരൾച്ച ദുരിതാശ്വാസം | - - - | - - - | 3000.00 | - - - |
| ആകെ | 63636.05 | 293703.41 | 926746.54 | 1446681.41 |

അതാതു വർഷത്തെ ആകെ വരുമാനത്തിൻെറ എത്ര ശതമാനമെന്നാണ് ചില ഇനങ്ങളിൽ കാണിച്ചിരിക്കുന്നത്.



ഒന്ന്, രണ്ട് എന്നീ കോളങ്ങളിൽ കാണുന്ന സംഖ്യകൾ യഥാക്രമം 1970-71, 80-81 90-91 എന്നീ വർഷങ്ങളിലേത് മാറി വായിക്കണം.

പട്ടിക

പഞ്ചായത്തിലെ ചെലവു സംബന്ധിച്ച താരതമ്യ പഠനം

| ഇനം | 1970 - 71 | 80 - 81 | 90 - 91 | 95 - 96 |
|---|---|---|---|---|
| സിറ്റിംഗ് ഫീസ്. ടി.എ. | 1980.00 | 7086.08 | 21856.00 | (ഭരണം) |
| എക്സി. ഓഫീസറുടെ ശമ്പളം അലവൻസുകാം, പെൻഷൻ ഉൾപ്പെടെ | 3586.30 (39%) | 17067.58 (52%) | 33150.00 (43%) | 533253.00 (36%) |
| ജീവനക്കാരുടെ ശമ്പളം അലവൻസുകാം | 8361.27 | 37923.25 | 246597.30 | - - - |
| ലൈബ്രറിക്ക് സംഭാവന/ പത്രം | 393.35 | - - - | 3296.70 | - - - |
| റേഡിയോ, ടി.വി. | 344.08 | - - - | 13699.00 | - - - |
| ആരോഗ്യം | 281.90 | - - - | - - - | - - - |
| ശുചീകരണം | 540.00 | - - - | 2792.00 | - - - |
| സ്ട്രീറ്റ് ലൈറ്റ് / വൈദ്യുതി | 824.67 | 8625.48 (7%) | 23798.70 (3.3%) | 149390.00 (10%) |
| സാമൂഹ്യക്ഷേമം | 316.00 | - - - | - - - | - - - |
| പഞ്ചായത്ത് ഓഫീസ് കെട്ടിടം | 12255.92 (39%) | - - - | - - - | - - - |
| റോഡ് നിർമ്മാണം/ റിപ്പയർ | 944.00 | 4515.00<br>10423.00 (12.5%) | 4256.00<br>7432.00 (6%) | 584840.00 (39%) |
| ഡെപ്പോസിറ്റ് തിരികെ കൊടുക്കൽ | 3826.00 | 3508.65 | 4291.35 | - - - |
| വിനോദ നികുതി | 877.78 | - - - | - - - | - - - |
| തൊഴിൽ നികുതി | 117.89 | - - - | - - - | - - - |
| കാഴ്ച നികുതി സർ ചാർജ് | 41.94 | - - - | - - - | - - - |
| ലൈബ്രറി സെസ്സ് | 186.42 | 1422.14 | - - - | - - - |
| മുൻകൂർ വസൂലാക്കൽ | 332.00 | 1320.00 | 9500.00 | - - - |
| പലവക | 42.00 | 1729.72 | 3525.00 | 162442.35 |
| കലുങ്ക് റിപ്പയർ | - - - | 9250.00 | - - - | - - - |
| എം.ഐ. വർക്സ് | - - - | 3850.00 | 8295.00 | - - - |
| കിണർ റിപ്പയർ | - - - | 5424.00 | 6768.00 | - - - |
| സ്വീപ്പിംഗ് ചാർജ് | - - - | 4670.00 | - - - | - - - |
| നായപിടുത്തം | - - - | 1316.00 | 2916.00 | - - - |
| ലോൺ മക്കി അടച്ചത് /പലിശ | - - - | 570.39 | 44206.00 | - - - |
| പലിശ | - - - | 168.95 | - - - | - - - |
| ഉച്ചഭക്ഷണം | - - - | - - - | 9470.00 | - - - |
| പ്രൈസ് | - - - | - - - | 9476.00 | - - - |
| കുടുംബക്ഷേമം/ ആരോഗ്യം | - - - | - - - | 2260.00 | 104192.00 |
| യുജനമേള | - - - | - - - | 5560.70 | - - - |
| സാക്ഷരത / വിദ്യാഭ്യാസം | - - - | - - - | 9592.00 | 28381.00 |
| സന്നദ്ധസേന | - - - | - - - | 260.00 | - - - |
| മതസൗഹാർദ്ദം | - - - | - - - | 905.00 | - - - |
| ഉപാധി രഹിത ഫണ്ട് | - - - | - - - | 170000.00 | - - - |
| പതിനൊന്നിന പരിപാടി | - - - | - - - | 34445.00 | - - - |
| അവസാന ബാക്കി | 28079.48 | 174833.27 | 226374.79 | - - - |
| ആകെ | 63636.05 | 293703.41 | 926746.54 | 1462498.35 |

അതാതു വർഷത്തെ ആകെ ചെലവിന്റെ എത്ര ശതമാനമെന്നാണ് ചില പ്രധാന ഇനങ്ങളിൽ കാണിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ വരുമാനത്തിൽ കവിഞ്ഞ ബാധ്യത നിലനില്ക്കുമ്പോൾ അത്തരം പഞ്ചായത്തുകളുടെ ഫണ്ടുകൾ മരവിപ്പിക്കുകയും മേലുദ്യോഗസ്ഥന്മാരുടെ പ്രത്യേക അനുമതിയില്ലാതെ സ്ഥിരം ചെലവുകൾക്കല്ലാതെ ഒരു രൂപപോലും ചെലവാക്കാൻ പഞ്ചായത്തിന് കഴിയാത്ത സ്ഥിതിയും നേരിടുന്നു. അത്തരം പഞ്ചായത്തുകളെ മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്നവയെന്ന് വിളിക്കാറുണ്ട്. 1993 വർഷം മുതൽ നാഗലശ്ശേരി പഞ്ചായത്ത് ഈ പട്ടികയിൽപെടുന്നു.

1988-89 ൽ ഗ്രാമ വികസനത്തിനുവേണ്ടിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ നിർദ്ദേശാനുസരണം കേന്ദ്ര സർക്കാർ പ്രത്യേകമായി ആവിഷ്ക്കരിച്ച പദ്ധതിയാണ് JRY അഥവാ ജവഹർ റോസ്ഗാർ യോജന കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടാണ് ജെ.ആർ. വൈക്കു രൂപം കൊടുത്തത്. പദ്ധതികൾ സ്വയം തിരഞ്ഞെടുക്കാനും, നടപ്പിലാക്കാനും പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്നതും ഇതിനുവേണ്ടി വരുന്ന തുക പഞ്ചായത്തിനെ ഏല്പിച്ചുവെന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത. ആകെ തുകയുടെ 22.5% (മുമ്പ് 15%) പട്ടികജാതിയിൽപെട്ടവരുടെ വ്യക്തിഗത ക്ഷേമ പ്രവർത്തനങ്ങൾക്കായിരുന്നു നീക്കിവെക്കേണ്ടിയിരുന്നത്.

| JRY പട്ടിക | |
|---|---|
| വർഷം | തുക |
| 89 - 90 | 610815.00,<br>72543.00 (ധാന്യം) |
| 90 - 91 | 655700.00 |
| 91 - 92 | 625900.00 |
| 92 - 93 | 612802.00 |
| 93 - 94 | 708600.00 |
| 94 - 95 | 524100.00 |
| 95 - 96 | 481000.00 |
| ആകെ | 4291460.00 |

1990 - 91 കേരള സർക്കാർ പഞ്ചായത്തുകൾക്ക് പ്രത്യേക നിബന്ധനകളില്ലാതെ സ്വതന്ത്രമായി ചെലവു ചെയ്യാൻ പദ്ധതി ഫണ്ടിന്റെ ഒരു ചെറിയ ശതമാനം തുക അനുവദിച്ചു വന്നിരുന്നതാണ് അൺടൈഡ് ഫണ്ട്. ഈ ഫണ്ട് അനുവദിക്കുന്ന അവസരത്തിൽ ഈ പഞ്ചായത്തുകൾ ഇത് ദുരുപയോഗപ്പെടുത്തുമെന്നും ദുർവ്യയം ചെയ്യുമെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വിമർശനം ഉയർന്നു വന്നപ്പോൾ അന്നത്തെ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഐ.എസ്. ഗുലാത്തി പറഞ്ഞത് അല്പസ്വല്പം ദുരുപയോഗം നടന്നേക്കാമെങ്കിലും പഞ്ചായത്തുകൾക്ക് സ്വതന്ത്ര പ്രവർത്തന പരിചയം ഇതുകൊണ്ടുണ്ടാക്കുക എന്നത് പരമപ്രധാനമാണെന്നാണ്. അദ്ദേഹത്തിന്റെ ദീർഘ ദൃഷ്ടി എത്രമാത്രം ശരിയായിരുന്നുവെന്നാണ് പല പഞ്ചായത്തുകളിലും സ്വതന്ത്രമായി നടത്തിയ പദ്ധതികളുടെ വിജയം കാണിക്കുന്നത്. മുമ്പ് കേവലം തെരുവു വിളക്കു കത്തിക്കുന്നതിലും റോഡിൽ മണ്ണിടുന്നതിലും പഞ്ചായത്ത് കിണർ കുഴിക്കുന്നതിലും മാത്രം ഒതുങ്ങി നിന്നിരുന്ന ഗ്രാമീണ വികസനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞത് JRY അൺടൈഡ് പദ്ധതികൾ വന്നതിനു ശേഷമാണ്.

| ഉപാധിരഹിത ഫണ്ട് | | | |
|---|---|---|---|
| വർഷം | ജനറൽ | SCP | ആകെ |
| 90 - 91 | 120000.00 | 50000.00 | 170000.00 |
| 91 - 92 | 127000.00 | 57400.00 | 184400.00 |
| 92 - 93 | 132000.00 | 57000.00 | 189000.00 |
| 93 - 94 | 123000.00 | 71000.00 | 194000.00 |
| 94 - 95 | 200000.00 | 83000.00 | 283000.00 |
| 95 - 96 | 180000.00 | 116000.00 | 296000.00 |
| ആകെ | 882000.00 | 434400.00 | 1316400.00 |

മേൽ പറഞ്ഞ പട്ടികയിൽ നിന്ന് സർക്കാരുകളുടെ ബഡ്ജറ്റ് തുകകൾ പ്രതിവർഷം ഉയരുമ്പോഴും പഞ്ചായത്തിന് കിട്ടുന്ന സംഖ്യയിൽ അതിന്റെ പ്രതിഫലനമുണ്ടായില്ല എന്ന് മനസ്സിലാക്കാം.

അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കി ഭരണഘടനാ ഭേദഗതിയും അതിന്റെയടിസ്ഥാനത്തിൽ വന്ന പഞ്ചായത്ത് രാജ് നിയമവും മേല്പറഞ്ഞ അവസ്ഥക്ക് മാറ്റം വരുത്താനുള്ള തുടക്കമായി താഴെ തലങ്ങളിലേക്ക് അധികാരം കൈമാറുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിലും പദ്ധതി തുക അനുവദിക്കുന്നതിലും കാലവിളംബം നേരിടുന്നു. അധികാരം താഴേക്ക് വിട്ടുകൊടുക്കാനും, പഞ്ചായത്തുകളെ പ്രാദേശിക സർക്കാരുകളായി കാണാനും ഭരണത്തിന്റേയും ഉദ്യോസ്ഥ വൃന്ദത്തിന്റേയും മേൽത്തട്ടുകളിൽ വേരുറച്ച വൈമനസ്യമാണ് ഇതിന് കാരണം.

നിയമത്തിലനുശാസിക്കുന്ന അധികാര വികേന്ദ്രീകരണം ജനകീയ ശക്തികൊണ്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ച് ഇന്നത്തെ സർക്കാർ ആവിഷ്കരിച്ച ജനകീയാസൂത്രണ പരിപാടിയും അതിനാവശ്യമായി നിയമത്തിൽ മാറ്റം വരുത്താനം, ചട്ടങ്ങളുണ്ടാക്കാനും നിയമിച്ച സെൻ കമ്മറ്റിയുടെ റിപ്പോർട്ടും ഇക്കാര്യത്തിൽ മാറ്റം വരുത്താനുതകുമെന്ന് പ്രത്യാശിക്കാം.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന ആവശ്യങ്ങളുടെ നീണ്ട പട്ടിക പൂർണ്ണമായി നടപ്പിലാക്കണമെങ്കിൽ സർക്കാർ വിഹിതം എത്രതന്നെ ലഭിച്ചാലും തികയില്ല. പ്രാദേശികമായി തന്നെ വിഭവങ്ങൾ കണ്ടെത്തേണ്ടി വരും. അതിന് നമ്മുടെ മുന്നിൽ പ്രധാനമായും മൂന്ന് മാർഗ്ഗങ്ങളാണുള്ളത്.

1. പഞ്ചായത്തിന്റെ തനതായ വരുമാനത്തിൽപെട്ട നികുതിയിനങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് വിപുലമാക്കാം.

2. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ മിച്ച നിക്ഷേപം വികസന പ്രവർത്തനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുക.

3. വികസന പ്രവർത്തനങ്ങളിൽ ജനകീയ താല്പര്യം ഉണർത്തിവിട്ടാൽ പാഴായിപോകുന്ന അദ്ധ്വാനശക്തി ക്രിയാത്മകമായി ഉപയോഗപ്പെടുത്താം. അതുപോലെ തന്നെ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്ന് ഒരു പങ്ക് പദ്ധതി നടത്തിപ്പിനുവേണ്ടി സംഭാവനയായി സ്വീകരിക്കാം.

പഞ്ചായത്തിൻെറ തനതായ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് പറയുമ്പോൾ പഞ്ചായത്ത് പിരിച്ചെടുക്കുന്ന നികുതികൾ ജനങ്ങൾക്ക് ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും ഇടത്തട്ടുകാരേയും കരാറുകാരേയും ഒഴിവാക്കി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുമെന്നും പദ്ധതി നടത്തിപ്പിൻെറ സുതാര്യതയും അവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ നികുതി കൊടുക്കുന്നതിൽ ഇന്നു കാണുന്ന വൈമുഖ്യം ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## I. 1. കെട്ടിട നികുതി:

ഭീമമായ സംഖ്യ ഉപയോഗിച്ച് മണിമന്ദിരങ്ങൾ തീർക്കാൻ മടിക്കാത്ത കെട്ടിടമുടമകൾ നികുതി കൊടുക്കേണ്ട കാര്യം വരുമ്പോൾ പ്രയാസം കാണിക്കുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. നികുതി കണക്കാക്കുന്നതിൽ കെട്ടിടത്തിൻെറ വിസ്താരവും അതിൻെറ മേൻമയും കണക്കിലെടുത്ത് നികുതി ഘടനയിൽ മാറ്റം വരുത്തി നടപ്പാക്കുന്ന പക്ഷം കെട്ടിട നിർമ്മാണ രംഗത്തെ ധൂർത്ത് കുറയ്ക്കുവാനും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. കെട്ടിട നികുതി ചുമത്തുന്നത് വാർഷിക വാടക തുക കണക്കാക്കി അതിൻെറ 6% മുതൽ 10% വരെയാകാമെന്നാണ് നിയമം അനുശാസിക്കുന്നത്. പല പഞ്ചായത്തുകളിലും 7 ഉം 8 ഉം ശതമാനം വരെ നികുതി ചുമത്തുമ്പോൾ നമ്മുടെ പഞ്ചായത്തിൽ 6% ആണ് ചുമത്തുന്നത്. പഞ്ചായത്തിൻെറ ബാധ്യതകൾ വർദ്ധിച്ചു വരുന്ന ഈ മാറിയ പരിതസ്ഥിതിയിൽ : 6% എന്നത് കുറച്ചുകൂടി വർദ്ധിപ്പിക്കാവുന്നതാണ്. കെട്ടിട നികുതിയിൽ നിന്ന് ഒരു വലിയ വിഭാഗത്തെ (2071 വീടുകൾ) ഒഴിവാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്ന് സൗജന്യമായി കൊടുത്ത വീടുകളും കേവലം കുടിലുകൾ എന്ന നിർവ്വചനത്തിൽപ്പെടുത്താവുന്ന പാവപ്പെട്ടവരുടെ വീടുകളും ഒഴിച്ചാൽ ബാക്കി വീടുകൾക്ക് ചെറിയ തുക നികുതി ചുമത്താവുന്നതാണ്.

**കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളവ | മേൽപുരയുടെ സ്വഭാവം: കോൺക്രീറ്റ് | ഒറ്റനില: ഓട് | ഒറ്റനില: ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 1374 | 179 | 641 | 533 | 180 | – – – |
| 2 | 527 | 68 | 58 | 248 | 221 | – – – |
| 3 | 470 | 49 | 22 | 295 | 153 | – – – |
| 4 | 600 | 44 | 95 | 322 | 183 | – – – |
| 5 | 413 | 40 | 12 | 259 | 142 | – – – |
| 6 | 497 | 30 | 67 | 238 | 186 | 6 |
| 7 | 635 | 70 | 76 | 402 | 150 | 7 |
| 8 | 505 | 45 | 26 | 257 | 229 | – – – |
| 9 | 803 | 150 | 138 | 561 | 104 | – – – |
| 10 | 615 | 120 | 84 | 360 | 171 | – – – |
| ആകെ | 6439 | 795 | 1219 | 3475 | 1712 | 13 |

മറ്റ് പദ്ധതികളിലൂടെ നിർമ്മിച്ചവ IAY 105, MWS 61, ലക്ഷം വീട് 50, JRY 24, NREP - RLEGP 80.

## 2. തൊഴിൽ നികുതി

പ്രധാനമായും നിശ്ചിത ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥൻമാർ മാത്രമാണ് തൊഴിൽ നികുതി കൊടുത്തു വരുന്നത്. നികുതിയുടെ പരിധിയിൽ വരുന്ന കൃഷിക്കാർ, തൊഴിലാളികൾ, കച്ചവട സ്ഥാപനങ്ങളുടെ ഉടമകൾ, തൊഴിലാളികൾ എന്നിവരിൽ ഒരു ചെറിയ ശതമാനം ഒഴിച്ച് മറ്റുള്ളവരെല്ലാം ഇന്ന് തൊഴിൽ നികുതിക്കു പുറത്താണ്. 1988-89 മുതൽ തൊഴിൽ നികുതി ചുമത്തുന്നതിനുള്ള പരമാവധി പരിധി അർദ്ധ വർഷ ത്തിന് 1250 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥൻമാരൊഴിച്ചുള്ള

വിഭാഗത്തിന് ഇത് ബാധകമാക്കിയിട്ടില്ല. പുതുക്കിയ നിരക്കുകൾ മുഴുവൻ വിഭാഗത്തിനും ബാധകമാക്കി നികുതി ചുമത്തുന്ന പക്ഷം ഈയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3. ലൈസൻസ് ഫീസ്

പഞ്ചായത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല.ലൈസൻസ് ഫീസ് കാലോചിതമായി പുതുക്കി നിശ്ചയിക്കുകയും മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കണമെന്നത് നിർബ്ബന്ധമാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാവുന്നതാണ്.

## വിനോദനികുതി

വിനോദ നികുതിയിൽ സിനിമാ ടാക്കീസ് ഉടമകൾ പിരിച്ചെടുക്കുന്ന നികുതി കൃത്യമായി പഞ്ചായത്തിൽ അടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

II. 1. വാണിജ്യ ബാങ്കുകൾ

അഖിലേന്ത്യാ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിലെ വാണിജ്യ ബാങ്കുകളിലെ നിക്ഷേപം വർദ്ധിച്ച തോതിലാണ്. എന്നാൽ നിക്ഷേപ വായ്പാ അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാളും സമീപസ്ഥ സംസ്ഥാനങ്ങളിലേക്കാളും വളരെ കുറവാണ് നമ്മുടെ സംസ്ഥാനത്ത്. തമിഴ് നാട്ടിൽ 100 രൂപ നിക്ഷേപത്തിന് 90 രൂപയിൽ അധികം വായ്പ ആ സംസ്ഥാനത്തു തന്നെ കൊടുക്കുമ്പോൾ 100 രൂപക്ക് 40 രൂപയിൽ താഴെയാണ് കേരളത്തിൽ വായ്പ കൊടുക്കുന്നത്. അതിനർത്ഥം കേരളത്തിൽ നിന്ന് പിരിച്ചെടുക്കുന്ന തുകയിൽ ഒരു വലിയ പങ്കും മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിപോകുന്നു എന്നതാണ്. റിസർവ് ബാങ്കും കേരള സർക്കാരും ചില കർശനമായ നിയന്ത്രണങ്ങൾ ചെലുത്തുന്ന പക്ഷം അതിൽ ഒരു ഭാഗം വികസന പ്രവർത്തനങ്ങൾക്കു വേണ്ടി തിരിച്ചു വിടാൻ കഴിയുന്നതാണ്. പഞ്ചായത്തിന് ബാങ്കുകളിൽ നിന്ന് വികസന ആവശ്യങ്ങൾക്കുവേണ്ടി നേരിട്ട് കടമെടുക്കുവാൻ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

a. സഹകരണ ബാങ്കുകൾ:

ഒരു ജനകീയ സ്ഥാപനം എന്ന നിലക്ക് സഹകരണ ബാങ്കുകൾക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ ഒരു പങ്ക് നിർവ്വഹിക്കാനുണ്ട്. പല സഹകരണ ബാങ്കുകളും അവരുടെ മിച്ചം വരുന്ന നിക്ഷേപ സംഖ്യ ചുരുങ്ങിയ പലിശക്ക് അപെക്സ് ബാങ്കുകളിൽ നിക്ഷേപിക്കാൻ നിർബ്ബന്ധിതരായി തീരുന്നു. ഇതെന്തുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൂടാ. നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരവസ്ഥ ഇനിയും സംജാതമായിട്ടില്ലെങ്കിലും ബാങ്കുകളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് കാര്യമായ ശ്രമം നടത്താവുന്നതും അങ്ങനെയുണ്ടാകുന്ന തുക പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാവുന്നതുമാണ്. അതിനുവേണ്ടി പഞ്ചായത്ത് നിയമത്തിലും, സഹകരണ നിയമത്തിലും മാറ്റം വരുത്തുകയും വേണം.

ഈ പഞ്ചായത്തിൽ നിന്ന് 777 പേർ വിദേശത്തു പോയി ജോലി ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനത്തിന് പുറത്ത് വിവിധ തൊഴിൽ മേഖലകളിലായി 639 പേരും ജോലി ചെയ്യുന്നു. ഇവരിൽ നിന്ന് പഞ്ചായത്തിലേക്ക് പ്രതിമാസം ഗണ്യമായ സംഖ്യ വരുന്നുണ്ട്. സാമ്പത്തികമായി വളരെ ഉയർന്ന കുടുംബങ്ങൾ വിരളമാണെങ്കിലും വിദേശത്തുള്ളവരുടെ പണം NRE എക്കൗണ്ടുകളിലായി വാണിജ്യ ബാങ്കുകളിലാണ് നിക്ഷേ പിക്കപ്പെടുന്നത്. സഹകരണ ബാങ്കുകൾക്ക് എൻ.ആർ.ഇ. എക്കൗണ്ടുകൾ തുറക്കാനും നിക്ഷേപം സ്വീകരിക്കുവാനും അനുവാദം ലഭിക്കുന്ന പക്ഷം സഹകരണ ബാങ്കുകളിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയും. തന്മൂലം വികസനത്തിനുവേണ്ട വിഭവം ഒരു പരിധിവരെ പ്രാദേശികമായി തന്നെ സമാഹരിക്കാനും കഴിയും.

പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനു പുറമെ വരുമാനം വർദ്ധിപ്പിക്കാനും വികസനത്തിന് വിഭവം സമാഹരിക്കാനും കഴിയണമെങ്കിൽ കാർഷിക മേഖലയും വ്യാവസായിക മേഖലയും ശക്തിപ്പെടണം.

കാർഷിക രംഗം ഇന്ന് മുരടിച്ചു നിൽക്കുകയാണ്. കാർഷികോല്പാദനം വർധിപ്പിക്കുവാനായി വിവിധ പദ്ധതികളെപ്പറ്റി പ്രഥമ മേഖലയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഒറ്റയ്ക്കും കൂട്ടായും ഈ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ പ്രധാന തടസ്സം വിഭവ ദാരിദ്ര്യമാണ്.

വ്യാവസായിക രംഗത്ത് ചെറുകിട വ്യവസായങ്ങളാണ് ജനങ്ങൾക്ക് ഏറ്റെടുത്തു നടത്താൻ കഴിയുക. അനുയോജ്യവും പ്രായോഗികവുമായ പദ്ധതികളെ തിരഞ്ഞെടുക്കൽ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ വേണ്ട സാങ്കേതിക ഉപദേശം, സർക്കാർ സംവിധാനത്തിന്റെ പ്രോത്സാഹന പരമായ സമീപനം, വിദ്യുച്ഛക്തി, സ്ഥലം, ജലം മുതലായ പശ്ചാത്തല സൗകര്യങ്ങൾ എന്നീ ഘടകങ്ങളെപോലെ തന്നെ പ്രാധാന്യമുള്ളതാണല്ലൊ മുതൽ മുടക്കും. പല സംരംഭകരും വളരെ ദൂരം മുന്നോട്ടു പോയി ലക്ഷ്യ പ്രാപ്തിക്കു മുമ്പായി സംരംഭം ഉപേക്ഷിക്കാൻ ഇട വരുന്നത് തക്ക സമയത്ത് ഫണ്ടിന്റെ അഭാവം മൂലമാണ്. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കണമെങ്കിൽ പഞ്ചായത്തിന് വിഭവം കണ്ടെത്തേണ്ടിവരും.

മേൽ പറഞ്ഞ രണ്ട് ഉല്പാദന മേഖലകളും ശക്തിപ്പെടുന്നതോടു കൂടി ജനങ്ങളുടെ വരുമാനം വർദ്ധിക്കും.

ആ വരുമാനത്തിൻെറ ഒരു ഭാഗം നികുതിയായി പഞ്ചാ യത്തിന് സമാഹരിക്കാൻ കഴിയും.

വികസന പ്രവർത്തനങ്ങൾക്കു വേണ്ടി സർക്കാരിൽ നിന്ന് നേരിട്ടോ ഗ്രാമ വികസന ബാങ്കിൽ നിന്നോ പണം കടം വാങ്ങാൻ കഴിയണം. 1989 ൽ ബസ്സ്റ്റാൻെറിന് സ്ഥലം വാങ്ങുവാൻ നമ്മുടെ പഞ്ചായത്ത് സർക്കാരിൽ നിന്ന് 3 ലക്ഷം രൂപ കടം വാങ്ങി. 10 കൊല്ലം കൊണ്ട് 6% പലിശ കൂട്ടി തിരിച്ചടക്കും. ഈ സംഖ്യ ഉപയോഗിച്ച് 70 സെൻററ് സ്ഥലം 8.5 ലക്ഷം രൂപക്ക് വാങ്ങി. കടം തിരിച്ചടച്ചുകൊണ്ടി രിക്കയാണ്. തിരിച്ചടക്കാനുള്ള സംഖ്യ ബസ്സ്റ്റാൻഡ് ലേലത്തിൽ നിന്ന് ലഭിക്കുന്നുണ്ട്. ഇക്കൊല്ലം വാഹനങ്ങ ളിൽ നിന്ന് കരം പിരിക്കാനുള്ള അവകാശം 70000 രൂപയ്ക്കാ ണ് ലേലം നിശ്ചയിച്ചത്. ബസ് സ്റ്റാൻഡിൻെറ വകയിൽ പഞ്ചായത്തിനുള്ള ആസ്തി ഇന്നത്തെ മാർക്കറ്റ് വിലക്ക് കണക്കാക്കിയാൽ 50 ലക്ഷത്തിലധികം വരും. റൂറൽ ഡവലപ്പ്മെൻറ് ബാങ്കിൽ നിന്നും പണം കടമെടുത്ത് പദ്ധതികൾ നേരിട്ട് നടത്താൻ കഴിയണം. RDB പദ്ധതികൾ പഞ്ചായത്തിനുവേണ്ടി നേരിട്ട് നടത്തുന്നതു കൊണ്ട് പദ്ധതിച്ചെലവ് വളരെ വർദ്ധിക്കുന്നതായാണ് നമ്മുടെ അനുഭവം. പഞ്ചായത്തു കൾ കടക്കെണിയിൽ പെടുകയും ചെയ്യും.

പഞ്ചായത്തിൽ നൂറു ശതമാനവും നികുതി പിരിക്കുന്നുണ്ട്.

പഞ്ചായത്തിൻെറ സ്ഥാവര സ്വത്തു വിവരം

| ഇനം | | മതിപ്പുവില രൂപ |
|---|---|---|
| പഞ്ചായത്ത് ഓഫീസ് | 30 സെൻററ് | 7.5 ലക്ഷം |
| ബസ്സ്റ്റാൻഡ് | 72 സെൻററ് | 35 ലക്ഷം |
| സാംസ്കാരിക നിലയം | 10 സെൻററ് | 3 ലക്ഷം |
| ശിശുവിഹാർ | 35 സെൻററ് | 5 ലക്ഷം |
| കമ്മ്യൂണിറ്റി ഹാൾ | 5 സെൻററ് | 1 ലക്ഷം |
| കളിസ്ഥലം | 100 സെൻററ് | 10 ലക്ഷം |
| മാർക്കറ്റ് സ്ഥലം | 32 സെൻററ് | 10 ലക്ഷം |
| ശ്മശാനം | 100 സെൻററ് | 1 ലക്ഷം |
| വെയിറ്റിംഗ് ഷെഡ് | 1 സെൻററ് | 3/4 ലക്ഷം |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ നിലവിലുള്ള വരുമാന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തിയിട്ടില്ല.
2. ഭരണച്ചെലവു വർധിക്കുന്നതിനനുസരിച്ച് വരുമാനം വർധിക്കുന്നില്ല.
3. മരാമത്ത് പണികൾ കരാറുകാർ മുഖാന്തിരം നടത്തു ന്നതുകൊണ്ട് ചെലവു കൂടുന്നു. ഗുണമേൻമ കുറയു കയും ചെയ്യുന്നു.
4. പ്രവൃത്തികളുടെ മേൽനോട്ടം നടത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ല.
5. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിയുന്നതിൽ പരാജയം നേരിടുന്നു.
6. വായ്പയായും നികുതി പിരിച്ചും നേടുന്ന വിലപിടിച്ച വിഭവം അത്യാവശ്യ കാര്യങ്ങൾക്കു തന്നെയാണോ ചെലവഴിക്കുന്നതെന്ന് ഉറപ്പു വരുത്താനാകുന്നില്ല.
7. ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന അഴിമതി കാണു മ്പോൾ ജനങ്ങൾക്ക് മടുപ്പു വരുന്നതിനും ഒരു കാര്യ വും നേരെ ചൊവ്വെ നടക്കുകയില്ലെന്ന് ജനങ്ങൾ മുൻ വിധിയിലെത്തുന്നതിനും ഇട വരുത്തുന്നു.
8. മരാമത്തു പ്രവൃത്തികൾ നടത്തുന്നതിൽ സുതാര്യത ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

## സാധ്യതകൾ

1. തങ്ങൾ കൊടുക്കുന്ന നികുതി പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കു തന്നെ കാര്യക്ഷമമായി ചെലവാക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴി ഞ്ഞാൽ നികുതി കൊടുക്കാൻ ജനങ്ങൾക്ക് വിഷമ മുണ്ടാവില്ല.
2. കെട്ടിട നികുതി ചുമത്തുന്നതിനുള്ള നിരക്ക് പരിഷ്കരി ക്കണം. വാർഷിക വാടക തുകയുടെ 6% എന്നത് ഒന്നോ രണ്ടോ ശതമാനം ഉയർത്താം.
3. കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട വിഭാഗത്തിൽ വളരെ പാവപ്പെട്ട വരെ ഒഴിച്ച് ബാക്കിയുള്ളവരെ കൂടി നികുതി പരിധിയിൽ കൊണ്ടുവരണം. പഞ്ചായത്തിൻെറ പ്രവർത്തനത്തിൽ തങ്ങളുടെ കൂടി സംഭാവന വേണ മെന്ന ബോധം ജനങ്ങളിലുണ്ടാക്കാനിത് ആവശ്യമാണ്.
4. ഒരു നിശ്ചിത വിസ്തൃതിയിൽ കൂടുതലുള്ളതും ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ ചെലവു വന്നതുമായ വീടുകൾക്ക് ഉയർന്ന നിരക്കിൽ നികുതി ചുമത്തണം. എങ്കിൽ ആ രംഗത്തെ ദുർവ്യയവും ധൂർത്തും നിരു ത്സാഹപ്പെടുത്താൻ കഴിയും.
5. പാവപ്പെട്ടവരെ മാറ്റി നിർത്തി ബാക്കി കർഷകരെയും തൊഴിലാളികളെയും കച്ചവട സ്ഥാപനങ്ങളുടെ ഉടമക ളെയും സ്വകാര്യമായി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർ മാർ, എൻജിനീയർമാർ എന്നിവരെയും തൊഴിൽ നികു തിയുടെ പരിധിയിൽ കൊണ്ടുവരികയും അർഹതക്കനു സരിച്ച് നികുതി ചുമത്തുകയും വേണം. കുറച്ചു പേരെങ്കി ലും പരമാവധി നികുതി കൊടുക്കാൻ കഴിയുന്നവരുണ്ട്.
6. പഞ്ചായത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസിൻെറ പരിധിയിൽ കൊണ്ടുവരണം. ലൈസൻസ് ഫീ നിരക്ക് കാലോചിതമായി പുതുക്കണം.
7. നികുതി ചോർച്ചക്ക് ഇടവരുത്താതെ വിനോദ നികുതി പിരിച്ചെടുക്കണം.

8. ഭൂമി കൈമാറ്റ പ്രതിഫല സംഖ്യയുടെ 5% തുക റജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറ് പഞ്ചായത്ത് വകുപ്പിന് കൈമാറുകയും അതിൽ 75% ജനസംഖ്യയുടെ അനുപാതത്തിൽ എല്ലാ പഞ്ചായത്തിനും വീതിക്കുകയും ചെയ്യുന്നു. ബാക്കി 25% വിവേചനാധികാരം ഉപയോഗിച്ച് പഞ്ചായത്തുകൾക്ക് വീതിക്കുന്നു.

   a. 5% എന്നത് വർധിപ്പിക്കാൻ സർക്കാർ നടപടിയെടുക്കണം.

   b. 25% വിഹിതം വിവേചന രഹിതമായി നീതിപൂർവ്വം വിതരണം ചെയ്യണം.

   c. ഗ്രാൻറ് പഞ്ചായത്തിനനുവദിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതൊഴിവാക്കാൻ മൂന്നു മാസം കൂടുമ്പോൾ കൃത്യമായി പഞ്ചായത്തുകൾക്ക് ഈ സംഖ്യ ലഭിക്കാൻ വേണ്ട സംവിധാനം വേണം.

9. ഓരോ പഞ്ചായത്തിൽ പിരിക്കുന്ന അടിസ്ഥാന നികുതിയിൽ (Land Revenue) ഒരു നിശ്ചിത ശതമാനം പിരിവിൻെറ ചെലവിനുവേണ്ടി നീക്കിവെച്ച് ബാക്കിയുടെ 75% പഞ്ചായത്തുകൾക്ക് വീതിച്ചു കൊടുക്കുന്നു. ബാക്കി 25% വിവേചനാധികാരം ഉപയോഗിച്ച് അനുവദിക്കുകയാണ് പതിവ്.

   a. ഈ വിവേചനം അവസാനിപ്പിച്ച് നീതിപൂർവ്വകമായി വിതരണം ചെയ്യണം.

   b. ഈ ഗ്രാൻറ് പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന കാലതാമസം ഒഴിവാക്കാനായി വില്ലേജിൽ പിരിഞ്ഞു കിട്ടുന്ന തുക ചെലവിനുള്ള നിശ്ചിത ശതമാനം കഴിച്ച് ബാക്കി അതാത് സമയത്ത് പഞ്ചായത്തിൻെറ പേരിൽ ട്രഷറിയിലടക്കാൻ ഏർപ്പാടുണ്ടാക്കണം.

10. കുടിവെള്ള വിതരണത്തിനും തെരുവു വിളക്കു കത്തിക്കുന്നതിനും ഭീമമായ സംഖ്യ പഞ്ചായത്തിൽനിന്ന് ഈടാക്കുന്നു. ചാർജ് കൊടുക്കുന്നതല്ലാതെ ഇവരുടെ സേവനം കാര്യക്ഷമമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇവയുടെ ചുമതല പഞ്ചായത്തിനെ ഏല്പിക്കണം. പഞ്ചായത്ത് നേരിട്ട് നടത്തുമ്പോൾ ചെലവിലേക്കായി ഒരു നിശ്ചിത സംഖ്യ സെസ്സായി കെട്ടിട നികുതിക്കൊപ്പം പിരിച്ചെടുക്കാവുന്നതാണ്.

11. തൊഴിലില്ലാത്തവരുടെ റജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കണം. പഞ്ചായത്തിൽ നിന്ന് നേരിട്ടു നടത്തുന്ന പണികൾക്ക് അവരുടെ അധ്വാനശക്തി ഉപയോഗപ്പെടുത്തുകയും അധ്വാനശക്തിയിലൊരു പങ്ക് സംഭാവനയായി സ്വരൂപിക്കുകയും വേണം. പണിയായുധങ്ങൾ പഞ്ചായത്തിൽ സജ്ജീകരിക്കണം. സന്നദ്ധ പവൃത്തികൾ നടത്തുമ്പോൾ അവർക്കു ഭക്ഷണം കൊടുക്കാൻ ഭക്ഷണ സാധനങ്ങൾ സംഭാവനയായി പിരിച്ചെടുക്കണം.

12. പ്രാഥമിക വിദ്യാലയങ്ങൾ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിലാക്കിയ സാഹചര്യത്തിൽ കെട്ടിടം അറ്റകുറ്റപ്പണികൾ, വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള പ്രവർത്ത നങ്ങൾ എന്നിവ പഞ്ചായത്ത് ഏറ്റെടുക്കേണ്ടി വരും. ഇതിന് വരുന്ന സാമ്പത്തിക ബാധ്യതയിലേക്ക് ഒരു ഭാഗം വിദ്യാഭ്യാസ സെൻസ്സ് ഏർപ്പെടുത്തി ശേഖരിക്കാവുന്നതാണ്. ■

# ഉപസംഹാരം

പഴകിയ ചാലുകൾ മാറ്റുക; ശബളിത-
വർണ്ണ മരീചികകളാലേ
കഴുകപ്പെടുമീക്കലയുടെ പൂക്കൾ
കൊരുക്കുക പുതിയൊരു മട്ടിൽ

- ഇടശ്ശേരി

നാഗലശ്ശേരി പഞ്ചായത്തിൽ വിവിധ മേഖലകളിൽ നാം ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഇതിനകം നിങ്ങൾ വായിച്ചു കഴിഞ്ഞല്ലോ. ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ, ദ്വിതീയ സ്ഥിതിവിവരശേഖരണം, കാരണവന്മാരുമായുള്ള ചർച്ചകൾ, പഠനപര്യടനം, ഔദ്യോഗിക അവലോകന റിപ്പോർട്ടുകൾ, വാർഡുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ എന്നിവ ഈ നിർദ്ദേശങ്ങൾക്കു രൂപം കൊടുക്കാൻ ഉപയോഗിച്ചിട്ടുണ്ട്. ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും പരിശീലനം ലഭിച്ചവരുടെ വലിയൊരു സംഘം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയും അതത് മേഖലകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് തയ്യാറാക്കുകയും വികസന റിപ്പോർട്ടിന്റെ പൊതു സമീപനം സംബന്ധിച്ച് ധാരണയുണ്ടാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. ഇത് സമഗ്രമാണെന്ന് അവകാശപ്പെടുന്നില്ല. വികസന സെമിനാറിലെ ചർച്ചകൾ ഇതിന് സമഗ്രത നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് അതത് മേഖലകളിൽ ഇന്നുള്ള സ്ഥിതി വിവരങ്ങൾ, പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാരനിർദ്ദേശങ്ങൾ എന്ന ക്രമത്തിൽ പൂർണ്ണമായും കിട്ടിയിരുന്നില്ല. പ്രത്യേക ഗ്രാമസഭകളിൽ എങ്ങനെ ചർച്ചയും നിഗമനങ്ങളും ഉണ്ടാകണമെന്ന് പരിചയമില്ലാത്തതിന്റെ പോരായ്മ നിഴലിച്ചിരുന്നു. കുറേ ആവശ്യങ്ങൾ ആണ് മുഖ്യമായും ഉയർന്നുവന്നത്.

ദ്വിതീയ സ്ഥിതി വിവര കണക്കുകൾ വ്യത്യസ്ഥ ഓഫീസുകളിൽ നിന്ന് ശേഖരിക്കാൻ പ്രത്യേകം ചുമതലകൾ വിഭജിച്ചിരുന്നു. അങ്ങിനെ അവ ഒത്തുനോക്കുന്ന അവസരങ്ങളിൽ നിരവധി പൊരുത്തക്കേടുകൾ ദൃശ്യമായിരുന്നു. പൂർണമായും ആ കണക്കുകളെ ആശ്രയിക്കാനാവാത്ത സ്ഥിതി അനുഭവപ്പെടുകയുണ്ടായി.

പഞ്ചായത്തിനെ മൂന്നു മേഖലകളായി തിരിച്ച് പഠന പര്യടനത്തിന് മൂന്ന് സംഘത്തെ നിയോഗിച്ചു. അവർ നടത്തിയ നിരീക്ഷണറിപ്പോർട്ടുകൾ, ഭൂപ്രകൃതി ജലപ്രകൃതി സംബന്ധിച്ച വിവരണത്തിന് സഹായകമായിട്ടുണ്ട്. പക്ഷെ Transand line പടം തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനു പുറമെ വാർഡ് മെമ്പർമാരുടെയും നിരവധി സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ വാർഡുതലത്തിൽ, വിദ്യാഭ്യാസ നില, ഉദ്യോഗസ്ഥരുടെ എണ്ണം, തൊഴിലാളികൾ, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങി വളരെയേറെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി എങ്കിലും കണക്കുകളുടെ കൃത്യത തൃപ്തികരമല്ല. 8-ാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച് വിവിധ ഉദ്യോഗസ്ഥരിൽ നിന്ന് കിട്ടിയ അവലോകനറിപ്പോർട്ടുകളും ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കാൻ ഉപകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാമൂഹ്യ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് മനസ്സിലാക്കാൻ കാരണവന്മാരുമായുള്ള ചർച്ചകളാണ് ഏക ആശ്രയമായത്. കാരണവന്മാരുമായി നടത്തിയ ചർച്ചകൾ ഒരു കാര്യം വ്യക്തമാക്കി. നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുമായും കുടുംബങ്ങളുമായും ബന്ധപ്പെട്ട നിരവധി, രസകരവും വിജ്ഞാനപ്രദവുമായ ചരിത്രസംഭവങ്ങൾ ഇനിയും ധാരാളം കണ്ടെത്തപ്പെടാനുണ്ടാകും. അതിന് കാര്യമായ പരിശ്രമം നാം നടത്തണം. ചരിത്ര പഠനത്തിൽ തൽപരരായ വ്യക്തികളും വായനശാലാ-കലാസമിതി പ്രവർത്തകരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ആ ചരിത്രം എഴുതി പുസ്തക രൂപത്തിൽ സൂക്ഷിക്കുന്നത് വിലയേറിയ ഒരു രേഖയാകും. ദ്വിതീയ സ്ഥിതി വിവരങ്ങളും പ്രാദേശിക പ്രവർത്തകരിലൂടെ ശേഖരിച്ച കണക്കുകകളും റിപ്പോർട്ടെഴുതാൻ ഏറെ സഹായിച്ചിട്ടുണ്ടെങ്കിലും അവയിൽ നിന്ന് ഒരേകദേശ ധാരണയുണ്ടാകാകനേ കഴിഞ്ഞുള്ളൂ. പലപ്പോഴും കണക്കുകൾ യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കാൻ പോലും കഴിയാത്ത സ്ഥിതിയും അനുഭവപ്പെട്ടു. ഇത് ഒരു കാര്യം വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ ഉൽപ്പാദന വികസന മേഖലകളെ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം, വിഭവ ഭൂപട നിർമ്മാണമടക്കം നടത്തണം. ഇക്കാര്യത്തിൽ ഒട്ടും കാലവിളംബം ആയിക്കൂടാ. വികസനരംഗത്ത് പഞ്ചായത്തിന്റെ പരിമിതികളെയും സാധ്യതകളെയും കുറിച്ച് കൃത്യമായ അവബോധം ഉണ്ടാക്കാൻ ഇത് അവശ്യം ആവശ്യമാണ്.

ജനകീയാസൂത്രണ പ്രസ്ഥാനം ലക്ഷ്യമിട്ട വിധം 9-ാം പദ്ധതി ഉൽപാദകമേഖലയുടെ പുനരുദ്ധാരണത്തിലൂന്നിക്കൊണ്ടാകണമെന്നുതന്നെയാണ് ഈ റിപ്പോർട്ടും വിവക്ഷിക്കുന്നത്.

വികസനത്തെക്കുറിച്ച് നിലവിലുള്ള ധാരണ അശാസ്

ത്രീയവും ജനക്ഷേമത്തിന് അനുഗുണമല്ലാത്തതുമാണ്. റോഡ് പാലം, തെരുവുവിളക്ക് കുടിവെള്ളം എന്നിവയുണ്ടായാൽ വികസനമായി എന്ന ധാരണ പ്രബലമാണ്. എന്നാൽ മേൽപറഞ്ഞവയുൾപ്പെടുന്ന സേവന മേഖലകൾ കാര്യക്ഷമമായി വിപുലപ്പെടുത്താനും സംരക്ഷിക്കാനും സമ്പത്ത് ആവശ്യമാണെന്നും അതിന് ഉൽപാദന പ്രക്രിയയിൽ ഊന്നിയുള്ള വികസനമാണ് വേണ്ടതെന്നുമുള്ള പുതിയൊരു വികസന വീക്ഷണം നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കൃഷി, മൃഗസംരക്ഷണം ചെറുകിട വ്യവസായം എന്നീ മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന വികസന തന്ത്രമാണ് നമുക്കിന്നാവശ്യം.

ജീവിതത്തിൻെറ ഇതരമേഖലകളെപോലെ വികസന രംഗവും അഴിമതിയുടെ കാണാച്ചരടുകളാൽ ബന്ധിക്കപ്പെടുകയാണ്. എഴുതിവെക്കപ്പെട്ടതോ, കീഴ്വഴക്കങ്ങളിലൂടെ അംഗീകരിക്കപ്പെട്ടതോ ആയ നിയമങ്ങളും ചട്ടങ്ങളും എല്ലാവരും സ്വമേധയാ പാലിക്കുന്നു എന്നതാണ് ജനാധിപത്യത്തിൻെറ അന്തസ്സത്ത. പക്ഷെ ഇവിടെ ആ നിയമങ്ങളും ചട്ടങ്ങളും എങ്ങിനെ മറികടന്ന് സ്വന്തം നിക്ഷിപ്ത താൽപര്യങ്ങൾ നേടാമെന്ന് ജനങ്ങളും ഉദ്യോഗസ്ഥരും ഭരണാധികാരികളും ചിന്തിക്കുന്നു. അഴിമതിയുടെ ഉറവിടം അതാണ്. അഴിമതിക്കെതിരായ പോരാട്ടം വ്യക്തി പരമായും സാമൂഹ്യമായും നാം ഏറ്റെടുക്കണം. വികസനപ്രവർത്തനങ്ങളെ കേവലം ഡിപ്പാർട്ടുമെൻറുകളുടെയും ഉദ്യോഗസ്ഥരുടെയും താൽപര്യങ്ങൾക്ക് വിട്ടുകൊടുക്കാതെ ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസനപ്രക്രിയ ഉർജസ്വലമാക്കണം. അതുവഴി ഇന്ന് സാർവ്വത്രികമായി കാണുന്ന അഴിമതിയിൽ നിന്ന് വികസനരംഗം മോചിപ്പിക്കപ്പെടണം. പ്രവർത്തനങ്ങൾ Social auditing ന് വിധേയമാക്കണം.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല. പഞ്ചായത്തിൻെറ ഇന്നുള്ള വരുമാന മാർഗ്ഗങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും, കാര്യക്ഷമമായി പിരിച്ചെടുക്കുകയും വേണം 35-40% പദ്ധതി വിഹിതം സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നു കിട്ടുന്നതിൻെറ അഞ്ചിരട്ടിയെങ്കിലും വരുമിത്. സർക്കാരിൻെറ സാമ്പത്തിക സഹായം വർദ്ധിച്ച അളവിൽ യഥാസമയം കിട്ടണം. ഇതു രണ്ടും ഉണ്ടായാൽപോലും നമ്മുടെ വികസനാവശ്യങ്ങൾക്കുള്ള പണം മതിയാവുകയില്ല. മനുഷ്യാദ്ധ്വാനവും തുകയും സംഭാവനയായി സ്വീകരിക്കണം. പദ്ധതികൾക്ക് സർക്കാരിതര ഏജൻസികളിൽ നിന്നും കടമായും സഹായമായും ധനം ലഭ്യമാക്കണം.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ഠ സമീപനം പ്രായോഗികമാക്കണം. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കണം. അതിനുള്ള പ്രതിബദ്ധത പഞ്ചായത്ത് പ്രകടിപ്പിക്കണം. സങ്കുചിത താൽപര്യങ്ങൾ, വിഭാഗീയതകൾ എന്നിവയകറ്റി ജനങ്ങളിൽ ഐക്യബോധം വളരാൻ ഇത് സഹായിക്കും. വികസന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിനത് ഉതകുമെന്ന് ഉറപ്പാണല്ലോ.

വികസനപ്രക്രിയകൾ ഊർജ്ജസ്വലവും വ്യാപകവും ജനപങ്കാളിത്തപൂർണ്ണവും കാര്യക്ഷമവുമാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം. ജനപ്രതിനിധികളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഗ്രാമവികസനസമിതി രൂപീകരിക്കേണ്ടതാണ്. വാർഡുതലത്തിലും വികസനസമിതികൾ രൂപീകരിക്കണം. കാർഷികരംഗത്തെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്ത്തല കാർഷികവികസനസമിതി, കലാ-സാംസ്കാരിക-കായികരംഗങ്ങളെ ഊർജ്ജസ്വലമാക്കാൻ കായിക സമിതി, സാംസ്കാരികസമിതി, എന്നിവ, വിദ്യാഭ്യാസ മേഖല കാര്യക്ഷമമാക്കാൻ സഹായിക്കും വിധം വിദ്യാലയ വികസന സമിതികളും പഞ്ചായത്ത്തലത്തിൽ വിദ്യാഭ്യാസവികസന സമിതിയും അംഗൻവാടികളുടെ പ്രവർത്തന ങ്ങളും വനിതാക്ഷേമ നടപടികളും ഫലപ്രദമാക്കാൻ വനിതാക്ഷേമസമിതി, തുടങ്ങി വിവിധ സമിതികൾ രൂപീകരിക്കാവുന്നതാണ്. ഈ സമിതികൾ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അനൗദ്യോഗിക പ്രതിനിധികളും വിദഗ്ദരും അടങ്ങുന്നതായിരിക്കണം. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന കേവലമൊരു ചടങ്ങല്ല, മറിച്ച ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

ഭരണാധികാരികളും ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിൽ ജനാധിപത്യപരവും ആരോഗ്യപൂർണ്ണവുമായ പുതിയൊരു ജനകീയ ബന്ധം രൂപപ്പെടുത്താനും നാടിൻെറ വികസന കാര്യങ്ങളിൽ ഇന്ന് ജനങ്ങളിലുള്ള അന്യത്വം അകറ്റാനും ഇത് അടിത്തറ പാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. മഹത്തായ ജനപ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെനമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ വികസന റിപ്പോർട്ട്, നാഗലശ്ശേരി പഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ, വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനുമായി സമർപ്പിക്കുന്നു. ■



7
6
8
9
10
5
2
1
4
B.O.
P
V.O.
BUS STAND
കുന്നുകൾ
നെൽപാടങ്ങൾ
P പഞ്ചായത്താഫീസ്
V.O. വില്ലേജ് ഓഫീസ്
B.O. ബ്ലോക്കോഫീസ്
പോസ്റ്റോഫീസ്
M.H. മോഡേൺ ഹോസ്പിറ്റൽ
സ്കൂൾ

# പാലക്കാട് ജില്ല



# അധികാരം ജനങ്ങളിലേക്ക്

## ജനകീയാസൂത്രണം

## വികസനം ജനങ്ങൾക്കുവേണ്ടി